# കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

19-6

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

# കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്
# വികസനരേഖ
# 1996



ഭാരതത്തിന്റെ ആത്മാവ് ഗ്രാമീണരിൽ ജീവിക്കുന്നു

*- ഗാന്ധിജി -*



000001

# പഞ്ചായത്ത് കമ്മിറ്റി

| | |
|---|---|
| I | ആനി ജോർജ്ജ് |
| II | കോടിയാട്ട് ഗോപിനാഥൻ |
| III | മേരിക്കുട്ടി ജേക്കബ്ബ് |
| IV | പൊടിയൻ വർഗ്ഗീസ് |
| V | ബി. ഹരികുമാർ |
| VI | വി. നൂർജിഹാൻ |
| VII | വി. ഫിലിപ്പ് |
| VII | സി ശോഭന |
| IV | ചിറ്റയം ഗോപകുമാർ *(പ്രസിഡന്റ്)* |
| X | ആർ. ബാലകൃഷ്ണപിള്ള |
| XI | കെ. മുരളീധരൻ നായർ |
| XII | വി. ഷംസുദീൻ |

# ജില്ലാ പഞ്ചായത്ത് മെമ്പർ

സി.കെ. ജോർജ്ജ്

# ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

1. ഡി. രാമകൃഷ്ണപിള്ള
2. എസ്.ആർ. രമേശ്



000002 000000

# ..മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ വൈസ് പ്രസിഡന്റുമാർ

| ..ഞ്ചായത്ത് പ്രസിഡന്റ് | വൈസ് പ്രസിഡന്റ് |
|---|---|
| ..ജി. ജനാർദ്ദനൻ നായർ വക്കീൽ | ഡി.എസ്. ഇസ്ഹാക്ക് |
| ..ി.കെ. ജോർജ് | കെ.പി. ഗോപാലൻ നായർ (മലയാളി ഗോപി പിള്ള) |
| ..ഗീരഥി അമ്മ | കെ.പി. ഗോപാലൻ നായർ |
| ..ി.കെ. ജോർജ് | അബ്ദുൾ മജീദ് |
| | ബി. രാഘവൻ |
| ..ആർ. ബാലകൃഷ്ണപിള്ള | നീലേശ്വരം വാസുദേവൻ |

# ആദ്യത്തെ പഞ്ചായത്ത് കമ്മിറ്റി

ടി.ആർ. ജനാർദ്ദനൻ നായർ വക്കീൽ (പ്രസിഡന്റ്)
ഡി.എസ്. ഇസ്ഹാക്ക് (വൈസ്. പ്രസിഡന്റ്)
ടി.കെ. കുരികേശു B.A.B.L.
കെ.ജി. രാഘവൻ പിള്ള B.A.B.L.
എൻ. രാമൻകുട്ടിനായർ
ഷാഹുൽ ഹമീദ്
എൻ. നീലകണ്ഠൻ(റിസർവേഷൻ മെമ്പർ)



000003



**ചിറ്റയം ഗോപകുമാർ**
*(പ്രസിഡന്റ്)*



**ആനി ജോർജ്ജ്**
*( വൈ. പ്രസിഡന്റ്)*



**സി. ശോഭന**
*(ചെയർ പേഴ്സൺ*
*സ്റ്റാന്റിംഗ് കമ്മിറ്റി)*



00000

II



കോടിയാട്ട് ഗോപിനാഥൻ
മെമ്പർ

III



മേരിക്കുട്ടി ജേക്കബ്ബ്
മെമ്പർ

IV



പൊടിയൻ വർഗ്ഗീസ്
മെമ്പർ



ബി. ഹരികുമാർ
മെമ്പർ

VI



നൂർജിഹാൻ
മെമ്പർ

VII



വി. ഫിലിപ്പ്
മെമ്പർ

X



ആർ. ബാലകൃഷ്ണപിള്ള
മെമ്പർ

XI



കെ. മുരളീധരൻ നായർ
മെമ്പർ

XII



വി. ഷംസുദീൻ
മെമ്പർ



സി.കെ. ജോർജ്
മെമ്പർ
ജില്ലാപഞ്ചായത്ത്



എസ്.ആർ. രമേശ്
മെമ്പർ



ഡി. രാമകൃഷ്ണപിള്ള
മെമ്പർ

ബ്ലോക്ക് പഞ്ചായത്ത്



000005

# ജനകീയാസൂത്രണ പരിപാടി

## ജില്ലാതല പരിശീലനം ലഭിച്ചവർ

1. വല്ലം രാമചന്ദ്രൻ പിള്ള
2. നീലേശ്വരം സദാശിവൻ
3. മുഹമ്മദ് കിഫിൽ (കൺവീനർ)
4. ജോൺ മാത്യു
5. മേരിക്കുട്ടി ജേക്കബ്ബ്
6. എസ്. രാജലേഖ
7. സി.കെ. പ്രദീപ് കുമാർ
8. എൻ. കാർത്തികേയൻ
9. ശ്യാമുവൽ ജോൺ
10. ഡി. രാമകൃഷ്ണപിള്ള
11. എസ്.ആർ. രമേശ്

## സംസ്ഥാന പരിശീലനം ലഭിച്ചവർ

1. സി.കെ. ജോർജ്
2. കെ.ആർ. ചന്ദ്രമോഹനൻ



000006

## എഡിറ്റോറിയൽ ബോർഡ്

1. ചിറ്റയം ഗോപകുമാർ
2. എസ്.ആർ. രമേശ്
3. സി.കെ. പ്രദീപ്
4. ഡി. രാമകൃഷ്ണപിള്ള
5. വല്ലം രാമചന്ദ്രൻ പിള്ള
6. ബാലകൃഷ്ണൻ ആചാരി
7. എൻ. കാർത്തികേയൻ
8. ആർ. കൃഷ്ണൻ

## ശാസ്ത്രീയ സഹായം

ജി. സുബ്രഹ്മണ്യം (സയന്റിസ്റ്റ് – സെസ്സ്)

## ഗ്രാമപഞ്ചായത്ത് ജീവനക്കാർ

1. സെക്രട്ടറി (സ്പെഷ്യൽ ഗ്രേഡ്)
   കെ. ശശിധരൻ
2. ജൂനിയർ സൂപ്രണ്ട്
   എം. അസനാരുകുഞ്ഞ്
3. ഹെഡ് ക്ലാർക്ക്
   കെ. ചന്ദ്രശേഖരൻ പിള്ള
4. യു.ഡി. ക്ലാർക്ക്
   ബി. ബാബുരാജൻ
   എൻ. രഘുനാഥൻ പിള്ള
   പി. ബാലമ്മ
   എ. ഖദീജാബീവി
   എ.കെ. അമീർഹംസ
5. എൽ.ഡി. ക്ലാർക്ക്
   കെ. അയ്യൻ
   സി.എസ്. സുജാതകുമാരി
   എം. ലക്ഷ്മിക്കുട്ടി
   ബി. ബാലകൃഷ്ണപിള്ള
6. പ്യൂൺ
   സി. ബാലൻ
   എസ്. ഓമന
7. ജീപ്പ് ഡ്രൈവർ
   ആർ സോമരാജൻ
8. ഫസ്റ്റ് ഗ്രേഡ് ഓവർസിയർ
   ജി. ശശികുമാർ
9. ഫുൾ ടൈം സ്വീപ്പേഴ്സ്
   വൈ. പൗലോസ്
   എൻ. മാധവൻകുട്ടി
   കെ. ബാലൻ
   ജി. മോഹനൻപിള്ള
   എ. ടെല്ലസ ഫ്ളോറ
10. ഫുൾ ടൈം സ്കാവഞ്ചേഴ്സ്
    പി. അബ്ദുൾ റഹ്മാൻ
    കെ. സുധാകരൻ
11. ട്രാക്ടർ ഡ്രൈവർ
    എസ്. അയ്യപ്പൻ

## പഞ്ചായത്തുതല കോർ ഗ്രൂപ്പ്

കൺവീനർമാർ

1. കൃഷി–ജലസേചനം
   പി.വി. ബാലകൃഷ്ണൻ
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   എം. ഹബീബുള്ള
3. വിദ്യാഭ്യാസം
   കെ.ജി. അലക്സ്
4. കുടിവെള്ളം – പൊതുജനാരോഗ്യം
   എൻ. ബാലചന്ദ്രൻ
5. വ്യവസായം
   എൻ. കാർത്തികേയൻ
6. ഗതാഗതം – ഊർജ്ജം – മാർക്കറ്റ്
   വി. രവീന്ദ്രൻ നായർ
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
   അഡ്വ: ജെ. മധു
8. സംസ്കാരം
   അഡ്വ: ആർ. ജയപ്രകാശ്
9. വനിത
   എസ്. ഓമനകുമാരി
10. സഹകരണ മേഖല
    വല്ലം. രാമചന്ദ്രൻ പിള്ള
11. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം
    അച്ചുതൻ
12. വിഭവസമാഹരണം
    അബ്ദുൾ അസീസ്

## പഞ്ചായത്ത്തല കോർ ഗ്രൂപ്പ് കൺവീനർ

വല്ലം രാമചന്ദ്രൻ പിള്ള



000007










അവലംബം: വിഭവഭൂപടം സെസ്സ്



000008




Source : PRM Programme, CESS




● കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത്

# ഉള്ളടക്കം


I ആമുഖം

II പഞ്ചായത്ത് പൊതുവിവരണം

III സാമൂഹ്യ-സാംസ്കാരിക ചരിത്രം

IV ഭൂപ്രകൃതി-ജലപ്രകൃതി-ജനപ്രകൃതി

V വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളവും പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി-പട്ടികവർഗ്ഗ വികസനം
12. വിഭവസമാഹരണം




00001100

000012

1

# ആമുഖം

സ്വതന്ത്ര ഭാരതം 40 വർഷം പിന്നിടുകയാണ്. മാത്രവുമല്ല 21-ാം നൂറ്റാണ്ടിന്റെ പടിവാതുക്കൽ നാം എത്തി നില്ക്കുകയുമാണല്ലോ? നാം എന്തു നേടി? നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും വിലയിരുത്തൽ ഇനിയൊരിക്കലാകാം. പുതിയ ഒരു ചുവടുവയ്പിന് സമയമായി.

നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി സ്വപ്നം കണ്ട "ഗ്രാമസ്വരാജും" രാഷ്ട്ര ശില്പി പണ്ഡിറ്റ് ജവഹർലാ നെഹറു വിഭാവനം ചെയ്ത "പഞ്ചായത്തി രാജും" ലക്ഷ്യം കാണുവാൻ നീണ്ട നാല് സംവത്സരം കാത്തിരിക്കേണ്ടിവന്നു. 1994 ഏപ്രൽ 23-ന് പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നു. ഇന്ത്യൻ ഗ്രാമാന്തരീക്ഷത്തിൽ ഒരു പുതിയ ഉണർവ് സംജാതമായി. അങ്ങനെ 73-ാം ഭരണഘടനാ ഭേദഗതി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുകയും 74-ാം ഭരണഘടന ഭേദഗതിയും നഗരപാലിക നിയമവും അംഗീകരിക്കപ്പെടുകയും ചെയ്തു.

കഴിഞ്ഞുപോയ എട്ടു പഞ്ചവത്സര പദ്ധതികൾ മുകൾതട്ടിലുള്ള സാമ്പത്തികാഭിവൃദ്ധിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി ഗ്രാമസങ്കല്പം പൂവണിഞ്ഞില്ല അധികാര കേന്ദ്രീകരണത്തിന്റെ എല്ലാ ദൂഷ്യവശങ്ങളും പദ്ധതിപ്രവൃത്തനങ്ങളിൽ നിഴലിച്ചുകണ്ടു. ഗ്രാമീണ ജനതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഒരു പരിധി വരെ മാത്രമേ വിജയിക്കുവാൻ കഴിഞ്ഞിട്ടുള്ളു. അടിസ്ഥാന ഉല്പാദന മേഖലകളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

സാമൂഹ്യ മാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പലപ്പോഴും ഇന്ത്യയ്ക്കാകെ മാതൃകയായിട്ടുള്ള കേരളം വീണ്ടും നമ്മുടെ രാജ്യത്തന്റെ ശ്രദ്ധാ കേന്ദ്രമാകുകയാണ്. അധികാര വികേന്ദ്രീകരണം നടപ്പിലായതോടെ നമ്മുടെ സർക്കാരും ആസൂത്രണത്തിൽ സമ്പൂർണ്ണ ജനപങ്കാളിത്തം ഉറപ്പാക്കുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ "സുതാര്യവും" സമഗ്രവും ആയ വികസനം പൂർണ്ണതയിലെത്തുന്നതിന് കേരളം പരീക്ഷണ വേദിയാകുകയാണ്.

കേരള സംസ്ഥാനം രൂപീകൃതമായിട്ട് നാൽപത് വർഷം പിന്നിട്ടു. കേരളക്കരയിൽ ചിന്നിചിതറി കിടന്ന മലയാളികളുടെ ദീർഘകാല അഭിലാക്ഷമായിരുന്നു കേരള സംസ്ഥാന രൂപീകരണം. എന്നാൽ ഐക്യ കേരളത്തിന് വേണ്ടി ആശിക്കുകയും, വാദിക്കുകയും, പ്രക്ഷോഭം നടത്തുകയും ചെയ്ത മലയാളികളുടെ അഭിലാഷങ്ങൾ നാലു പതിറ്റാണ്ടിനുശേഷവും പൂർത്തീകരിക്കാനായി എന്നു പറയാനാവില്ല. കേരള സംസ്ഥാന രൂപീകരണം ഈ പ്രദേശത്തെ സാംസ്കാരിക-സാമൂഹ്യ വളർച്ചയ്ക്കു മാത്രമല്ല, സാമ്പത്തികാടിത്തറ ഭദ്രമാക്കാനും സഹായിക്കുമെന്ന് നാം കരുതി. എന്നാൽ നമ്മുടെ കാർഷിക വ്യവസായ മേഖലകൾ മുരടിപ്പിലാണ്. ജാതിയുടെയും, മതത്തിന്റെയും, പ്രദേശത്തിന്റെയും പേരിൽ മലയാളികൾ കലഹിക്കുന്നു.

ഈയൊരവസ്ഥയിൽനിന്ന് കേരളം കരകയറണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവരാണ് നാം ഓരോരുത്തരും. ആശയപരവും രാഷ്ട്രീയവുമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിർത്തവേ തന്നെ കേരളത്തിന്റെ വളർച്ചയ്ക്കായി ഒത്തൊരിമിക്കേണ്ടതിന്റെ ആവശ്യകത നാം ഓരോരുത്തരും അംഗീകരിക്കുന്നു. അതുകൊണ്ട് തന്നെയാണ് കേരളസംസ്ഥാനത്തിന്റെ നാൽപതാം വർഷത്തിൽ ആസൂത്രണത്തെയും, വികസനത്തെയും അടിസ്ഥാനമാക്കിയുള്ള കൂട്ടായ്മയിൽ അംഗങ്ങളാകാൻ നാം ഓരോരുത്തരും തയ്യാറായിരിക്കുന്നത്.

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്തനമാണ് ജനങ്ങൾ ഉത്തരവാദിത്വത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. രാജ്യവാസികളുടെയും വകുപ്പുകളുടെയും ജടയിൽ പടുത്തയർത്തിയിട്ടുള്ള ബ്യൂറോക്രസിയുടെ ജീർണിച്ചകോട്ടകൾ തകരണം. അധികാരികളോട് യാചനചെയ്യുന്ന രീതി മാറ്റണം. താൻ കൂടിയാണ് 'സർക്കാർ' എന്ന വിശ്വാസം ഓരോ പൗരനും ഉണ്ടാകണം. ജനപങ്കാളിത്തം ചോദിച്ചുവാങ്ങാൽ മാത്രം ആകരുത്. എന്റെ രാജ്യം ഞാനും കൂടിയായ ജനകീയം എന്ന ബോധത്തോടെ പ്രവർത്തിക്കുവാൻ നമമുക്ക് ഒരോരുത്തർക്കും കഴിയണം.



000013

കഥകളിയുടെ കേളികൊട്ട് ഉയർന്ന കൊട്ടാരക്കര, കടയ്ക്കൽ വിപ്ലവത്തിനും അഡ്വ:അബ്ദുൽ മജീദിന്റെ രക്തസാക്ഷിത്വത്തിനും കോട്ടാത്തല സുരേന്ദ്രന്റെ രക്തസാക്ഷിത്വത്തിനും, തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സമരത്തിനും സാക്ഷ്യംവഹിച്ച കൊട്ടാരക്കര താലൂക്കിന്റെ ആസ്ഥാനം ശ്രീ മഹാഗണപതി ക്ഷേത്രത്തിന്റെയും, കഥകളിയുടെയും ഖ്യാതിപരത്തികൊണ്ട് നമ്മുടെ പഞ്ചായത്തിൽ തലയെടുത്തു നില്ക്കുന്നു.

നിരവധി മേഖലകളിൽ വികസനത്തിന് കാത്തോർത്തുനില്ക്കുന്ന നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലേക്ക് നീങ്ങുന്നു. പഞ്ചായത്ത് ശില്പശാലയ്ക്കുശേഷം 12 വാർഡുകളിലായി ഗ്രാമസഭകളിൽ തോളോടുതോൾ ചേർന്ന് പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹാരങ്ങൾ നിർദ്ദേശിച്ചു കഴിഞ്ഞു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ പഠനപര്യടനം ഈ പഞ്ചായത്ത് കമ്മിറ്റി അധികാരം ഏറ്റെടുത്തനാൾതന്നെ 'സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്' (സെസ്) ന്റെ സഹായത്തോടെ നടത്തി ഭൂപ്രകൃതി, ജലപ്രകകൃതി സംബന്ധിച്ച ഭൂപടം തയ്യാറാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഗ്രാമസഭകളിൽ വിവിധ വിഷയങ്ങളിന്മേൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ ക്രോഡീകരിച്ചും, വിവിധ വകുപ്പുകളിൽനിന്നും മറ്റും ലഭിച്ച പൊതുവിവരങ്ങളുടെ അടിസ്ഥാനത്തിലും, നമ്മുടെ പഞ്ചായത്തിലെ എണ്ണപ്പെട്ട കാരണവന്മാരുമായി നടത്തിയ ചർച്ചയിലൂടെയും ചരിത്രം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

പഞ്ചായത്തിന്റെ വികസനരേഖ അവതരിപ്പിച്ച് കൂട്ടായ ചർച്ചയിലൂടെ സമ്പുഷ്ടമാക്കുന്നതിന് വേണ്ട ചരിത്ര മുഹൂർത്തമാണ് വികസന സെമിനാർ.

അംഗീകരിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിന്മേൽ കർമ്മസമിതികൾ രൂപീകരിച്ച് മുൻഗണനാക്രമത്തിൽ സ്കീമുകൾക്ക് രൂപം നല്കും. കൂട്ടായ പ്രയത്നത്തിലൂടെ നമുക്ക് സമഗ്രവികസനത്തിന് തുടക്കം കുറിക്കാം.

നമ്മുടെ പ്രശ്നങ്ങൾ നിരവധിയാണ്. എല്ലാം ഒറ്റയടിക്ക് നിവൃത്തി വരുത്തുക സാദ്ധ്യമല്ലല്ലോ? പരിപാടിയെകുറിച്ച് നമുക്ക് മതിപ്പും ആവേശവുംമുണ്ടായിട്ടുണ്ട്. പ്രതീക്ഷകളെല്ലാം അറ്റസ്ഥാനത്ത് പുതിയ പ്രതീക്ഷകൾ നാമ്പെടുത്തിരിക്കുന്നു. ഇതെന്തുകൊണ്ടും നല്ലതുതന്നെ.

എന്നാൽ ഒന്നും നടക്കുകയില്ല എന്ന രൂഢമൂലമായ ചിന്താഗതിക്കു പകരം എല്ലാം നടക്കും എന്ന വ്യാമോഹവും പാടില്ല. എല്ലാം ഇപ്പോൾതന്നെ നടത്താനാവുമെങ്കിൽ ആസൂത്രണത്തിന് പ്രസക്തിയില്ലല്ലോ? അവയങ്ങ് ചെയ്താൽ മതി. എല്ലാം ഒറ്റയടിക്ക് ചെയ്യാനാവില്ല എന്നത്കൊണ്ടാണ് മുൻഗണനാടിസ്ഥാനത്തിൽ വിഭവപരിമിതികൾ മനസ്സിലാക്കി ഉടൻ ചെയ്യേണ്ടവയെ തെരെഞ്ഞെടുക്കേണ്ടിവരുന്നത്. ഈ കൂട്ടായ തെരെഞ്ഞെടുപ്പാണ് ആസൂത്രണത്തിന്റെ കാതൽ.

സന്നദ്ധപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ നടത്തുവാൻ കഴിയണം. ഏതായാലും ജനകീയാസൂത്രണപ്രസ്ഥാനം സർക്കാരിന്റെയോ, ആസൂത്രണ ബോർഡിന്റെയോ പരിപാടി എന്നതിലുപരി നമ്മുടെ പ്രദേശത്തിന്റെ വികസന പരിപാടിയുണ്ടാക്കുവാനുള്ള നമ്മുടെ തന്നെ സ്വന്തം പരിപാടിയായി കാണുവാൻ കഴിയണം.

റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർ, സെസിലെ ശാസ്ത്രജ്ഞൻ ജി. സുബ്രമണ്യം, പ്രതിഫലം ഇച്ഛിക്കാത്ത സ്വയം സന്നദ്ധരായ പരിശീലകർ, ചരിത്രപഠനത്തിന് വളരേയേറെ സഹായം നൽകിയ ശ്രീ. കുഴിതടത്തിൽ ഗോപാലകൃഷ്ണൻനായർ എന്നിവരുടെ സേവനം എടുത്തു പറയട്ടെ.

ഇദംപ്രഥമമായിട്ടാണ് ജനപങ്കാളിത്തത്തോടെ ആസൂത്രണം യാഥാർത്ഥ്യമായിത്തീരാൻ പോകുന്നത്. അനുകരിക്കാൻ മാതൃകകളൊന്നുമില്ല. നമ്മുടെ പാത നാംതന്നെ തെളിക്കേണ്ടിയിരിക്കുന്നു. താഴെതട്ടിൽനിന്നുള്ള ആസൂത്രണ പ്രക്രിയ വിജയകരമായി പൂർത്തീകരിക്കാനാവും എന്ന ആത്മവിശ്വാസം നമ്മുക്കുണ്ട്. ഈ ആത്മവിശ്വാസത്തോടെ നമ്മുക്ക് മുന്നോട്ട് നീങ്ങാം.



000014

# II പഞ്ചായത്ത്: പൊതുവിവരണം

പ്രാചീന ഭാരതത്തിലെ ഗ്രാമ പഞ്ചായത്തുകൾക്ക് പുരാണങ്ങളോളം പഴക്കമുണ്ട്. ഐശ്വര്യപൂർണ്ണമായ ഗ്രാമ ജീവിതത്തിന് പുരാതനകാലത്തെ പഞ്ചായത്തുകൾ വളരെയധികം ഉപകരിച്ചിരുന്നതായി ചരിത്രരേഖകളിൽ കാണപ്പെടുന്നു. ആദ്യമായി പഞ്ചായത്ത് എന്ന ആശയത്തിന് ഉപോത്ബലകമായി സൃഷ്ടിക്കപ്പെട്ട ഒരാളെ 'ഗ്രാമിണി' അഥവാ ഗ്രാമത്തലവൻ എന്ന് ഋഗ്വേദത്തിൽ സൂചിപ്പിക്കുന്നു. മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലും മനുസ്മൃതിയിലും ഗ്രാമസംഘങ്ങളെപ്പറ്റി വ്യക്തമായി പരാമർശിക്കുന്നു. ഗ്രാമസംഘങ്ങളുടെ തന്നെ മറ്റൊരു പേരായ ജനപഥങ്ങളെപ്പറ്റി വാത്മീകി രാമായണത്തിലും പരാമർശമുണ്ട്. 7-ാം നൂറ്റാണ്ടിലെ പഞ്ചായത്തുകളിൽ നിലനിന്നിരുന്ന ക്ഷേമ ജീവിതത്തെപ്പറ്റി ശുക്രാചാര്യർ തന്റെ നീതിസാരത്തിലും പ്രതിപാദിപ്പിക്കുന്നുണ്ട്. പഞ്ചായത്ത് എന്ന സ്ഥാപനം ആദ്യമായി ഏർപ്പെടുത്തിയത് ഗംഗയ്ക്കും യമുനയ്ക്കും ഇടയിൽ പൃഥിരാജ് എന്ന രാജാവാണെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തുന്നു. സമ്പൽസമൃദ്ധങ്ങളായ നമ്മുടെ പഴയകാല ഗ്രാമങ്ങളെപ്പറ്റി ചീനയാത്രക്കാരായ ഫാഹിയാനും ഹുയാൻസാങ്ങും തങ്ങളുടെ രേഖകളിൽ പരാമർശിക്കുന്നുണ്ട്. പഞ്ചായത്ത് എന്ന വാക്കിന്റെ അർത്ഥം 'അഞ്ചു പേരടങ്ങുന്ന ഒരു ഗ്രാമ സ്വയംഭരണ സമിതി' എന്നാണ്. സമിതിയുടെ അംഗസംഖ്യ കാലാന്തരത്തിൽ പല കാരണങ്ങളെക്കൊണ്ടും വർദ്ധിച്ചു എങ്കിലും ഇപ്പോഴത്തെ ഗ്രാമസമിതികൾ പോലും അഭിമാനപൂർവ്വം ഇന്നും ആ പഴയ പേർ തന്നെ ഉപയോഗിച്ചു വരുന്നു. ആദ്യകാലങ്ങളിൽ പഞ്ചായത്ത് പൗരമുഖ്യന്മാരുടെ തീരുമാനങ്ങൾ ദൈവവിധികൾ പോലെയാണ് ജനങ്ങൾ കരുതിയിരുന്നത്. ജനങ്ങളോടുള്ള ഗ്രാമത്തലവന്മാരുടെ പെരുമാറ്റവും താൻ ജനങ്ങൾക്കുവേണ്ടി എന്ന് മാത്രമുള്ളതും തുല്യപരിഗണനയോടു കൂടിയതുമായിരുന്നു.

കാറൽ മാർക്സ് തന്റെ ദാസ്ക്യാപിറ്റൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു "ചെറുതും പ്രാചീനവുമായ ഇന്ത്യൻ സമൂഹങ്ങൾ സ്വയം പര്യാപ്തമായിരുന്നു. അതുപോലെ തന്നെ ഭൂമി സമൂഹ ഉടമസ്ഥതയിലുമായിരുന്നു. കൃഷിസ്ഥലം ജനങ്ങൾ പൊതുവായി കൃഷിചെയ്യുകയും ഉൽപന്നങ്ങളെ സമൂഹത്തിലെ അംഗങ്ങൾ വീതിച്ചെടുക്കുകയും ചെയ്യുന്നു." അതായത് യഥാർത്ഥ സ്ഥിതി സമത്വത്തിന്റെ അടിസ്ഥാനം അദ്ദേഹം ഇന്ത്യൻ ഗ്രാമങ്ങളിൽ കാണുന്നു. "രാഷ്ട്രീയ കാലാവസ്ഥയിലെ കൊടുങ്കാറ്റുകൾ ബാധിക്കാതെ സമൂഹത്തിന്റെ സാമ്പത്തിക ഘടന നിലനിന്നു പോരുന്നു" എന്നാണ് അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ എടുത്തു പറഞ്ഞിരിക്കുന്നത്. ഡോക്ടർ അൽടേക്കർ പറയുന്നു "അതിപുരാതനകാലം മുതൽക്കുതന്നെ ഇന്ത്യയിലെ ഗ്രാമങ്ങൾ ഭരണ സംവിധാനത്തിന്റെ അച്ചുതണ്ട് ആയിരുന്നു. അങ്ങനെ ചരിത്രത്തിന്റെ താളുകൾ പരിശോധിച്ചാൽ ഇന്ത്യയിലെ ഓരോ ഗ്രാമസമൂഹവും സ്വയം പര്യാപ്തമായ ഓരോ സ്റ്റേറ്റു പോലെ ആയിരുന്നുവെന്ന് കാണാം.

നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ഗ്രാമങ്ങളുടെ സാമൂഹ്യ ജീവിത സമ്പ്രദായം ശിഥിലീകരിക്കപ്പെട്ടത് ബ്രിട്ടീഷ് മേധാവിത്വത്തിന്റെ ആവിർഭാവത്തോടെയാണ്. ഗ്രാമീണ സ്ഥാപനങ്ങൾ ഏറെത്താമസിയാതെ പ്രവർത്തന രഹിതമായിത്തീർന്നു. ബ്രിട്ടീഷ് ഭരണം സമൂഹത്തിന്റെ അഭിവൃദ്ധിയേക്കാൾ വ്യക്തിക്ഷേമത്തിനാണ് പ്രാധാന്യം കൽപ്പിച്ചത്. ഗ്രാമസ്വയംഭരണത്തെ തുടച്ചുമാറ്റുകയായിരുന്നു അവരുടെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന്. എന്നാൽ പ്രബുദ്ധരായ ജനങ്ങളുടെ പ്രക്ഷോഭണത്താൽ 1896-ൽ പ്രാദേശിക സ്വയംഭരണ തത്വം ബ്രിട്ടീഷ് ഭരണം അംഗീകരിച്ചുവെങ്കിലും ഗ്രാമങ്ങളെ അതിൽ നിന്നും ഒഴിവാക്കിയിരുന്നു. വികേന്ദ്രീകരണത്തിന്റെ ആദ്യപടിയായി ചൂണ്ടിക്കാട്ടാവുന്നത് സർ എഡ്വേർഡ് ഏഴാമൻ നിയോഗിച്ച 1907ലെ റോയൽ കമ്മീഷനാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1915-ൽ കേന്ദ്ര ഗവൺമെന്റ് സ്വയംഭരണം സംബന്ധിച്ച അർദ്ധമനസ്സോടെയുള്ള ഒരു ബിൽ അവതരിപ്പിച്ചു. റോയൽ കമ്മീഷൻ ശുപാർശകൾ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ പരീക്ഷണമെന്നോണം സംഘടിപ്പിക്കുവാൻ ശ്രമിക്കുക എന്നതിൽ കവിഞ്ഞ് വലിയ ഫലമൊന്നും സ്വയംഭരണ പ്രമേയം കൊണ്ടുണ്ടായില്ല. ഈ അവസരത്തിലാണ് മഹാത്മജിയെപ്പോലുള്ള സ്വാതന്ത്ര്യ സമര നേതാക്കൾ ഇന്ത്യൻ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്ത് സംവിധാനം ക്രിയാത്മകമായി പുനരുദ്ധരിക്കണമെന്ന് ആവശ്യപ്പെട്ട് രംഗത്തു വന്നത്. "പ്രാതിനിധ്യമില്ലെങ്കിൽ നികുതിയുമില്ല" എന്ന മുദ്രാവാക്യം ഇന്ത്യൻ സ്വാതന്ത്ര്യസമരാന്തരീക്ഷത്തെ ശക്തമാക്കി. ഇതിന്റെയെല്ലാം ഫലമായാണ് ഏറെ മാറ്റങ്ങൾക്ക് നാന്ദികുറിച്ച് 1919ലെ മൊൺടേഗു ചെംസ് ഫോർഡ് ഭരണ പരിഷ്ക്കാരങ്ങൾ നടപ്പിലായത്. എന്നാൽ ഈ പഞ്ചായത്തുകളും വെറും ഡർബാർ പഞ്ചായത്തുകളായിരുന്നു. ഇവയെ ബഹിഷ്ക്കരിക്കുവാൻ സ്വാതന്ത്ര്യസമരനേതാക്കൾ ആഹ്വാനം ചെയ്തു.

സ്വയം സമ്പൂർണ്ണമായ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാക്കൂ എന്ന ഗാന്ധി



000015

യൻ തത്വസംഹിതയുടെ അർത്ഥവ്യാപ്തി ഉൾക്കൊണ്ടു കൊണ്ട് സ്വാതന്ത്ര്യപ്രാപ്തിയ്ക്കു ശേഷം ഭരണഘടന യുടെ 4–ാം ഭാഗം നിർദ്ദേശകതത്ത്വങ്ങൾ 40–ാം വകുപ്പിൽ പഞ്ചായത്ത്‌രാജ് രൂപീകരണത്തെപ്പറ്റി വളരെ വ്യക്തമാ യി സൂചിപ്പിക്കുന്നു. "ഭരണകൂടം ഗ്രാമപഞ്ചായത്തു കൾ സംഘടിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളു കയും സ്വയംഭരണ യൂണിറ്റുകളായി പ്രവർത്തിക്കുവാൻ അവയെ പര്യാപ്തമാക്കുന്ന അധികാരങ്ങൾ നല്കുക യും വേണം." ഈ വകുപ്പ് ഗവൺമെൻറിലർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനു വേണ്ടിയാണ് സാമ്പ ത്തിക സൂത്രണത്തിൽ പഞ്ചായത്ത് രാജിനും സാമൂഹ്യ വികസനത്തിനും പ്രാധാന്യം കൽപ്പിച്ചിട്ടുള്ളത്. അതു പൊലെ തന്നെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയുടെ അടിത്തട്ടിൽ നിന്നുള്ള വികസന പ്രവർത്തനങ്ങളെ വിജയിപ്പിക്കാൻ പഞ്ചായത്ത് സ്ഥാപനങ്ങൾ അത്യന്താ പേക്ഷിതങ്ങളാണെന്ന് കണ്ടറിയുകയും ചെയ്തു. തുട ർന്ന് ബൽവന്തറായ് മേത്ത കമ്മറ്റി ഇതിലേക്കായി ധാരാളം ശുപാർശകൾ നിർദ്ദേശിച്ചു. അതിൻെറ അടി സ്ഥാനത്തിൽ 1958–ൽ കൂടിയ ദേശീയ വികസന കൗൺ സിൽ അംഗീകാരം കൊടുത്തതോടുകൂടി സ്വാതന്ത്ര ഭാരതത്തിലെ പഞ്ചായത്തുകൾ ഔദ്യോഗികമായി രൂപം കൊണ്ടു. അങ്ങനെ 1959–ൽ വിവിധ സംസ്ഥാനങ്ങളിൽ നിയമം മൂലം പഞ്ചായത്തുകൾ രൂപികരിച്ചു തുടങ്ങി.

## കേരളത്തിലെ പഞ്ചായത്തുകളും ഭരണ സംവിധാനവും :

ഐക്യകേരളം രൂപീകൃതമാകുന്നതിനു മുൻപ് തിരു വിതാംകൂർ – കൊച്ചി, മലബാർ പ്രദേശങ്ങളിൽ വ്യത്യ സ്ത രൂപത്തിലുള്ള ഭരണവ്യവസ്ഥകളാണ് നിലവിലിരു ന്നത്. ഗ്രാമപ്രദേശങ്ങളിൽ സ്വയംഭരണാധികാരമുള്ള പഞ്ചായത്തുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാരു കൾ നടപടി സ്വീകരിക്കണമെന്ന് ഭരണഘടനയിലെ 40–ാം വകുപ്പിൽ അനുശാസിച്ചതിലനുസൃതമായി 1950–ൽ തിരു–കൊച്ചി പഞ്ചായത്ത് ആക്ടും മലബാർ പ്രദേശത്ത് മദിരാശി വില്ലേജ് പഞ്ചായത്ത് ആക്ടും നിലവിൽ വന്നിരുന്നു. തിരുവിതാംകൂർ – കൊച്ചി പ്രദേ ശത്ത് മുഴുവൻ പ്രദേശങ്ങളും 548 പഞ്ചായത്തുകളിലായി പഞ്ചായത്ത് ആക്ടിൻെറ പരിധിയിൽ വന്നുവെങ്കിലും മലബാർ പ്രദേശത്ത് രൂപീകൃതമായിരുന്ന 150 പഞ്ചാ യത്ത് പ്രദേശങ്ങൾ മാത്രമേ മദിരാശി വില്ലേജ് ആക്ടി ൻെറ പരിധിയിൽ ഉൾപ്പെട്ടിരുന്നുള്ളൂ. ബാക്കി പ്രദേശ ങ്ങൾ മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ ഭരണ ചുമ തലയിലായിരുന്നു.

## കേരള പഞ്ചായത്ത് ആക്ട് 1960

സാമൂഹ്യ വികസന രംഗത്ത് കൂടുതൽ ജനപങ്കാളി ത്തം ഉറപ്പുവരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലത്തിൽ രൂപപ്പെടുത്തുന്നതിനും അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും സഹായ കമാകും വിധം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തു കൾക്ക് കൂടുതൽ അധികാരം നൽകണമെന്ന ബൽവന്ത റായ് മേത്ത കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാന ത്തിൽ ഐക്യകേരളത്തിന് ആകമാനം ബാധകമാക്കി ക്കൊണ്ട് നിർമ്മിച്ച 1960–ലെ കേരള പഞ്ചായത്ത് ആക്ട് 1.1.62 മുതൽ പ്രാബല്യത്തിൽ വന്നു. ഈ നിയമമനു സരിച്ച് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളേയും ഉൾപ്പെടുത്തി 922 പഞ്ചായത്തുകൾ രൂപീകൃതമായി. ഈ പഞ്ചായത്തുകളിൽ 1-1-64 –ന് തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ അധികാരമേൽക്കുകയും ചെയ്തു. കാലാ ന്തരത്തിൽ ചില പഞ്ചായത്തുകൾ മുനിസിപ്പാലിറ്റിക ളാവുകയും കുറെ വലിയ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുകയുമുണ്ടായി. അങ്ങനെ ഇപ്പോൾ കേരള സംസ്ഥാനത്തൊട്ടാകെ 991 പഞ്ചായത്തുകൾ നിലവിലുണ്ട്.

ഭരണ ഘടനയുടെ 40–ാം വകുപ്പിൽ അനുശാസിച്ച തിനനുസൃതമായി 1950–ൽ തിരു–കൊച്ചി സംസ്ഥാന ത്ത് നടപ്പിലാക്കിയ തിരുവിതാംകൂർ–കൊച്ചി പഞ്ചായ ത്ത് ആക്ട് പ്രകാരം നിലവിൽ വന്ന 548 പഞ്ചായത്തുക ളിൽ ഒന്നായി കൊട്ടാരക്കര കേന്ദ്രമാക്കി കൊട്ടാരക്കര പഞ്ചായത്ത് നിലവിൽ വന്നു. താലൂക്ക് കച്ചേരിയുടെ തെക്കുവശത്ത് സ്ഥിതിചെയ്യുന്ന വസന്തവിഹാർ എന്ന വാടകക്കെട്ടിടത്തിലാണ് ആദ്യത്തെ ഓഫീസ് സ്ഥാപി ച്ചത്. തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ കമ്മറ്റി 15–8–53 –ൽ നിലവിൽ വരുകയും അതിൻെറ ആദ്യത്തെ പ്രസിഡ ണ്ടായി തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറിൻെറ ജില്ലാ കോടതി വക്കീലായിരുന്ന ശ്രീമാൻ ടി. ആർ. ജനാർ ദ്ദനൻ നായരെ തിരഞ്ഞെടുത്തു വൈസ് പ്രസിഡൻറാ യി ശ്രീമാൻ ഡി.എസ്. ഇസഹാക്കിനെയും ആയിരു ന്നു. മറ്റു കമ്മറ്റി അംഗങ്ങളായി ശ്രീമാൻമാർ ടി.കെ. കുരികേശു ബി.എ., ബി.എൽ, കെ.ജി.രാഘവൻപിള്ള ബി.എ. ബി.എൽ, എൻ. രാമൻകുട്ടി നായർ, ഷാഹുദ് ഹമീദ് എന്നിവരെയും റിസർവേഷൻ മെമ്പറായി ശ്രീമാൻ എൻ. നീലകണ്ഠനേയും തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ കോൺഗ്രസ് കമ്മറ്റി അംഗമായി അവണൂർ വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഷാഹുൽ ഹമീദ് ആദ്യത്തെ കമ്മറ്റിയ്ക്ക് മുൻപേ മരിച്ചു പോയി. റിസർ വേഷൻ മെമ്പർ ശ്രീമാൻ നിലകണ്ഠൻെറ പ്രാർത്ഥനയോ ടു കൂടി ആരംഭിച്ച യോഗം പഞ്ചായത്തിൻെറ വികസന ത്തിലേക്കായി പൊതു ജനങ്ങളിൽ നിന്നും സംഭാവന പിരിക്കണമെന്ന് തീരുമാനിച്ചു.

പഞ്ചായത്ത് ഓഫീസ് കെട്ടിടം കച്ചേരിയുടെ തെക്കു വശത്തുനിന്നും ആശുപത്രി മുക്കിലുള്ള അസീസ് ലോഡ്ജിൻെറ പടിഞ്ഞാറേ അറ്റത്തെ മുറിയിലേയ്ക്ക് രണ്ടാമതായി മാറ്റി സ്ഥാപിക്കുകയും മൂന്നാമത്തെ ഓഫീസ് അവിടെ നിന്നും ഗണപതി അമ്പലത്തിലെ കുളത്തിൻെറ വടക്കുവശത്തുള്ള വാര്യരുടെ കെട്ടിടത്തി ലേയ്ക്കും, നാലാമത് 1960–ൽ സ്വന്തം കെട്ടിടമായ മാർക്കറ്റിന് സമീപത്തേയ്ക്കും മാറ്റി സ്ഥാപിച്ചു. അവിടെ തുടർന്ന പഞ്ചായത്ത് ഓഫീസ് 1988–ൽ പുലമൺ ജംഗ്ഷനിലുള്ള ഇപ്പോഴത്തെ കെട്ടിടത്തിലേ യ്ക്ക് മാറ്റി സ്ഥാപിച്ചു. ഒരു കാലത്ത് കൊട്ടാരക്കര നിവാസികളുടെ നാഡീസ്പന്ദനമായി. മാർക്കറ്റ് കെട്ടിട



000016

ത്തിൽ 1963–ൽ സ്ഥാപിച്ച സൈറൺ 1988–ലാണ് പ്രവർത്തന രഹിതമാകുന്നത്. എന്നാൽ അതിനുശേഷം മറ്റൊരു സംവിധാനം ഏർപ്പെടുത്തുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

കൊട്ടാരക്കര പഞ്ചായത്തിൻെറ ആദ്യത്തെ പ്രസിഡൻറായി ശ്രീമാൻ റ്റി. ജെ. ജനാർദ്ദനൻ നായർ വക്കീലും വൈസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ട ഡി. എസ്. ഇസ്ഹാക്കിനു ശേഷം അടുത്ത പ്രസിഡൻറായി ശ്രീ. സി. കെ. ജോർജ്ജും വൈസ് പ്രസിഡൻറായി ശ്രീമാൻ കെ. പി. ഗോപാലൻനായരും തിരഞ്ഞെടുക്കപ്പെട്ടു. അതിനു ശേഷം ഒരു കൊല്ലക്കാലത്തേക്ക് പ്രൊഫ. ഭഗീരഥി അമ്മയെ പ്രസിഡൻറായി തിരഞ്ഞെടുത്തു. നാലാമത് പ്രസിഡൻറായി ശ്രീമാൻ സി. കെ. ജോർജ്ജിനെ വീണ്ടും തിരഞ്ഞെടുക്കപ്പെടുകയും ആ ടേമിലെ വൈസ് പ്രസിഡൻറായി ശ്രീമാൻ അബ്ദുൾ മജീദ് ഒന്നര വർഷത്തോളം തുടരുകയും അദ്ദേഹത്തിൻെറ രക്തസാക്ഷിത്വത്ത തുടർന്ന് ശ്രീമാൻ ബി. രാഘവനെ വൈസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അഞ്ചാമത്തെ പ്രസിഡൻറായി അന്നത്തെ മന്ത്രിയും ഇപ്പോഴത്തെ കൊട്ടാരക്കര M.L.A യുമായ ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ളയും വൈസ് പ്രസിഡൻറായി ശ്രീമാൻ നീലേശ്വരം വാസുദേവനും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീമാൻ വാസുദേവൻ വൈസ് പ്രസിഡൻറായിരിക്കെ തന്നെ മരണമടഞ്ഞു. അതിനു ശേഷമാണ് ആറാമത്തേതും ഇപ്പോഴത്തെ പ്രസിഡൻറുമായ ശ്രീമാൻ ചിറ്റയം ഗോപകുമാറും വൈസ് പ്രസിഡൻറായി ശ്രീമതി ആനി ജോർജ്ജും 4.10.1995–ൽ തിരഞ്ഞെടുക്കപ്പെട്ടത്. 1953 മുതൽ 1996 വരെയുള്ള കൊട്ടാരക്കയുടെ ചരിത്രം ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ കൊട്ടാരക്കര പഞ്ചായത്തിൻെറ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഒരു പക്ഷേ ഒരു സംസ്ഥാനത്തിലെ മന്ത്രി തന്നെ അദ്ദേഹത്തിൻെറ നിയോജക മണ്ഡലത്തിലെ തന്നെ ഒരു പഞ്ചായത്തിൻെറ പ്രസിഡൻറ് പദവി വഹിച്ചിരുന്നതും ഇവിടെ മാത്രമാകാം.

ചരിത്രത്തിൻെറ മുഹൂർത്തങ്ങളിലേയ്ക്ക് ഒട്ടനവധി അവിസ്മരണിയങ്ങളായ നേട്ടങ്ങളും സാമൂഹ്യ സംസ്ക്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വൈവിദ്ധ്യമാർന്ന പരീക്ഷണങ്ങളും നടന്നപ്പോഴെല്ലാം കേരളത്തിലെ പഞ്ചായത്തുകൾ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അതിന് ചൂരും ചൂടും പകർന്നു കൊണ്ടേയിരുന്നു. അങ്ങനെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തു കൊണ്ട് ഗ്രാമങ്ങൾ ഇന്ത്യയുടെ ആത്മാവാണെന്ന് ഗാന്ധിയൻ സ്വത്വത്തിന് പൂർണ്ണമായും അർത്ഥവ്യാപ്തി നൽകിക്കൊണ്ട് അധികാരം ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരളാ പഞ്ചായത്ത് രാജ് നിയമം 1994–ൽ നിലവിൽ വന്നു. ആസൂത്രിത വികസനത്തിനും തദ്ദേശ ഭരണ കാര്യത്തിൽ വിർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതും ഉദ്ദേശിച്ചു കൊണ്ട് ഇന്ത്യൻ ഭരണ ഘടനയുടെ 73–ാം ഭേദഗതി നിയമത്തിനനുസൃതമായി ഒരു ത്രിതലപഞ്ചായത്ത് ഭരണത്തിന് വ്യവസ്ഥ ചെയ്തു കൊണ്ട് കേരളാ പഞ്ചായത്ത് രാജ് നിയമം 1994 ഗവർണറുടെ അനുമതി ലഭിച്ചതിനെ തുടർന്ന് 23.4.1994 മുതൽ പ്രാബല്യത്തിൽ വന്നു. ഈ നിയമമനുസരിച്ച് ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയാണ് പുതുതായി രൂപം കൊണ്ട ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം. ഇവ കൂടാതെ ഗ്രാമ പഞ്ചായത്തുകളിൽ ഓരോ വാർഡിലും അവിടുത്തെ എല്ലാ വോട്ടർമാരേയും അംഗങ്ങളാക്കിക്കൊണ്ടുള്ള ഗ്രാമസഭകൾ നിലവിൽ വന്നു. വികസന പ്രവർത്തനങ്ങളിൽ എല്ലാ ജനങ്ങൾക്കും പങ്കാളികളാകാൻ അവസരം നൽകുകയും പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയുമാണ് ഗ്രാമസഭയുടെ ലക്ഷ്യം. ഓരോ തലത്തിലുമുള്ള പഞ്ചായത്തുകളിലും അംഗസംഖ്യയുടെ മൂന്നിലൊന്ന് വനിതകൾക്കായി സംവരണം ചെയ്യുകയും ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വെവ്വേറെ സീറ്റുകൾ സംവരണം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുകയും ത്രിതല പഞ്ചായത്തുകളുടെ അദ്ധ്യക്ഷ സ്ഥാനത്തേക്കും മേൽ പറഞ്ഞ അനുപാതത്തിലുള്ള സംവരണ വ്യവസ്ഥ പാലിക്കുന്നതുമാണ് ഈ നിയമത്തിൻെറ മറ്റു സവിശേഷതകൾ. പഞ്ചായത്തുകളിൽ യഥാസമയം തിരഞ്ഞെടുപ്പ് നടത്തുന്നതിന് സ്വതന്ത്ര ചുമതലയോടു കൂടിയ ഒരു തെരഞ്ഞെടുപ്പ് കമ്മീഷനും പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി റിവ്യൂ ചെയ്യുന്നതിന് ആവശ്യമായ വിഭവലഭ്യത ഉറപ്പു വരുത്തുന്നതിലേക്കായി ഒരു ധനകാര്യ കമ്മീഷനെ നിയമിച്ചതും ഈ നിയമത്തിൻെറ പ്രസക്തി എടുത്തു കാട്ടുന്നു. ഈ നിയമ പ്രകാരം പഞ്ചായത്തു പ്രസിഡൻറുമാർ നിർവ്വഹണാധികാരികളാണ്. പഞ്ചായത്തുകൾക്ക് സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിന് ഭരണ ഘടനയുടെ 11–ാം പട്ടികയിൽ ചേർത്തിട്ടുള്ള വിഷയങ്ങളിൽ ഗ്രാമ വികസനത്തിനും സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിയ്ക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും ലഭിച്ചിട്ടുണ്ട്. ഈ നിയമമനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 10734 ഗ്രാമസഭയും 991 ഗ്രാമപഞ്ചായത്തും 152 ബ്ലോക്കു പഞ്ചായത്തും 14 ജില്ലാ പഞ്ചായത്തുകളും നിലവിൽ വന്നു. കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിൻെറ സമഗ്രമായ വികസനം ലക്ഷ്യമാക്കി 1995 ഡിസംബർ മാസത്തിൽ ജനകീയ പങ്കാളിത്തത്തോടെ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡിസിൻെറ നേതൃത്വത്തിൽ വിഭവ ഭൂപട നിർമ്മാണ് നിശ്ചിത സമയത്തിനുള്ളിൽ വളരെ വിജയ പ്രദമായ രീതിയിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞത് ഈ ഭരണ സമിതിയുടെ നേട്ടങ്ങളിലൊന്നാണ്.

## പഞ്ചായത്തിൻെറ ഭരണ സംവിധാനം :

പഞ്ചായത്തുകൾക്ക് ഭരണപരമായ നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്നത് പഞ്ചായത്ത് വകുപ്പാണ്. പഞ്ചായത്ത് ഡയറക്ടറാണ് വകുപ്പിൻെറ അദ്ധ്യക്ഷൻ. പഞ്ചായത്ത് ഡയറക്ടർ കേരളത്തിലെ ജനന മരണ ചീഫ് രജിസ്ട്രാർ കൂടിയാണ്. പഞ്ചായത്ത് ഡയറക്ട്രേറ്റിനു



00001

പുറമേ കൊല്ലം, എറണാകുളം, മലപ്പുഴം, കോഴിക്കോട് എന്നിവിടങ്ങളിലായി 4 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുമുണ്ട്. ഇവ കൂടാതെ 14 അസിസ്റ്റൻറ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും 991 ഗ്രാമ പഞ്ചായത്ത് ഓഫീസുകളും ഉൾപ്പെട്ടതാണ് പഞ്ചായത്ത് വകുപ്പിൻെറ ഭരണ സംവിധാനം. Q.S. റോഡിൻെറയും M.C. റോഡിൻെറയും സഹായസ്ഥാന സംഗമ സ്ഥാനമായ കൊട്ടാരക്കരയിൽ നിന്നും സംസ്ഥാനത്തിൻെറ നാനാ ഭാഗങ്ങളിലേക്കും വാഹനസൗകര്യമുണ്ടെന്നുള്ളത് എടുത്തു പറയേണ്ടതാണ്. 103 വില്ലേജുകളും 73 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന കൊല്ലം ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന കൊട്ടാരക്കര വില്ലേജ് പൂർണ്ണമായും ഉൾക്കൊള്ളുന്ന കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് അതേ പേരിൽ തന്നെയുള്ള കൊട്ടാരക്കര താലൂക്കിൻെറ ഏകദേശം വടക്കു കിഴക്കായി സ്ഥിതിചെയ്യുന്നു. 17.4 ച.കി.മി. വിസ്തീർണ്ണമുള്ള ഈ ഗ്രാമ പഞ്ചായത്തിൻെറ അതിരുകൾ വടക്ക് മൈലം ഗ്രാമ പഞ്ചായത്തും കിഴക്ക് മേലില, വെട്ടിക്കവല ഗ്രാമ പഞ്ചായത്തുകളും തെക്ക് ഉമ്മന്നൂർ വെളിയം ഗ്രാമ പഞ്ചായത്തുകളും പടിഞ്ഞാറ് നെടുവത്തൂർ ഗ്രാമ പഞ്ചായത്തുമാണ്. 1991-ലെ സെൻസസ്സു പ്രകാരം 27783 പേരുള്ള ഈ ഗ്രാമ പഞ്ചായത്തിലെ 13642 പേർ പുരുഷന്മാരും 14141 പേർ സ്ത്രീകളുമാണ്. 12 വാർഡുകൾ ഉൾപ്പെടുന്ന ഈ ഗ്രാമ പഞ്ചായത്തിൻെറ പ്രസിഡൻറ് ശ്രീമാൻ ചിറ്റയം ഗോപകുമാറും വൈസ് പ്രസിഡൻറ് ശ്രീമതി ആനി ജോർജ്ജും സ്റ്റാൻറിങ് കമ്മറ്റി ചെയർ പേഴ്സൺ സി. ശോഭനയുമാണ്. സെപെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഏറെക്കാലത്തിനു മുൻപേ തിരഞ്ഞെടുക്കപ്പെട്ട ഈ പഞ്ചായത്തിലെ ജനങ്ങൾ വികസന സാദ്ധ്യതകൾ ഏറെ മുന്നിൽ കണ്ടുകൊണ്ട് 9-ാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള കേരള സർക്കാരിൻെറ പ്രഖ്യാപനത്തിൽ പൂർണ്ണമായും വിശ്വസിച്ച് ഒട്ടനേകം പ്രതീക്ഷകളോടെ പ്രദേശത്തിൻെറ വികസന പൂർണ്ണമായും വിഭാവന ചെയ്യുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിൻെറ ഓരോ ഘട്ടങ്ങളിലും അർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നു. വികസനത്തിനു വേണ്ടി വെമ്പൽ കൊള്ളുന്ന ഇവിടുത്തെ ജനവിഭാഗം ഇന്നത്തെ പഞ്ചായത്തു ഭരണ സമിതിയെ ഉദ്വേഗത്തോടെ ഉറ്റു നോക്കുകയാണ്. പുതിയ നൂറ്റാണ്ടിലേക്ക് സന്തോഷത്തോടെയും ഐശ്വര്യത്തോടേയും തങ്ങളെ കൈപിടിച്ച് കൂട്ടിക്കൊണ്ടു പോകും എന്ന പ്രതീക്ഷയിൽ പുതിയ ഭരണ സമിതിയുടെ എല്ലാ പ്രവർത്തനങ്ങളിലും അവർ കൈയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്നു. അപ്പോഴും അവരുടെ മനസ്സിൽ 1927 ഏപ്രിൽ 26 ന് ശ്രീലങ്കയിലെ ജാഫ്നയിൽ വച്ച് ഗാന്ധിജി ചെയ്ത പ്രസംഗത്തിലെ രണ്ടു വരികൾ കടന്നു വരുന്നു. "പഞ്ചായത്ത്രാജ് വിജയിക്കുന്നത് നല്ല നിയമം കൊണ്ടല്ല നിയമം നടപ്പിലാക്കുന്ന നല്ല മനുഷ്യരെകൊണ്ടാണ്."

തദ്ദേശ ഗവൺമെൻറുകളെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. എം.എസ്. ജോസഫ് വിശേഷിപ്പിക്കുന്ന ഇൻഡ്യൻ ഭരണ ഘടനയുടെ 73- 74 ഭേദഗതികൾ വഴി നിലവിൽ വന്നിട്ടുള്ള മുൻസിപ്പൽ പഞ്ചായത്ത് സമിതികളെ ആ പേരിൻെറ അർത്ഥവ്യാപ്തി ഉൾക്കൊള്ളും വിധം അവകാശപ്പെട്ട അധികാരങ്ങൾ പിടിച്ചുപറ്റാനും കൈയ്യാളാനും ശ്രമിക്കുന്നതൊടൊപ്പം ഈ സമിതികളിലെ അംഗങ്ങൾ സ്വന്തം ചുമതലകളെപ്പറ്റി ബോധമുൾക്കൊണ്ടു കൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങൾക്കായി അധികാരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതും എന്തൊക്കെയാണ് നിമയപരമായി ലഭ്യമായിരിക്കുന്ന അധികാരങ്ങളെന്ന് അറിഞ്ഞിരിക്കേണ്ടതും ആ അധികാരങ്ങൾ വികസിപ്പിക്കുവാനും വിനിയോഗിക്കുവാനും കഴിവുണ്ടാകുകയും വേണം.

## കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥാപനങ്ങൾ :

1. താലൂക്ക് ആഫീസ്
2. വില്ലേജ് ആഫീസ്
3. താലൂക്ക് സപ്ലൈ ആഫീസ്
4. പട്ടികജാതി - പട്ടികവർഗ്ഗ വികസന ആഫീസ്
5. താലൂക്ക് വ്യവസായ ആഫീസ്
6. ജില്ലാ ലേബർ ആഫീസ്
7. അസ്സി. ലേബർ ആഫീസ്
8. എംപ്ലോയ്മെൻറ് ആഫീസ്
9. ബ്ലോക്ക് പഞ്ചായത്ത് ആഫീസ്
10. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെൻർർ
11. സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെൻറ്
12. മൈനർ ഇറിഗേഷൻ ആഫീസ്
13. കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം
14. ലീഗൽ മെട്രോളജി ആഫീസ്
15. അസി. രജിസ്ട്രാർ ആഫീസ് (സഹകരണം)
16. സബ്ബ് രജിസ്ട്രാർ ആഫീസ്
17. ജില്ലാ ട്രഷറി
18. സബ്ബ് ട്രഷറി
19. മുൻസിഫ് കോടതി
20. ഫസ്റ്റ് ക്ലാസ് കോടതി
21. സബ്ബ് കോടതി
22. പോലീസ് സ്റ്റേഷൻ
23. പോലീസ് സർക്കിൾ ആഫീസ്
24. എക്സൈസ് ആഫീസ്
25. എക്സൈസ് സർക്കിൾ ആഫീസ്
26. ഹെഡ് പോസ്റ്റാഫീസ്
27. സബ്ബ് പോസ്റ്റാഫീസ്
28. വൈദ്യുതി ഭവൻ
29. സി. റ്റി. ഒ. ആഫീസ്



000018

30. ടെലികോം ഭവൻ
31. ടെലികോം സബ്ബ് ഡിവിഷൻ ആഫീസ്
32. ടെലികോം ജൂനിയർ എൻജിനിയർ ആഫീസ്
33. പൊതുമരാമത്ത് ആഫീസ് (റോഡ്)
34. പൊതുമരാമത്ത് ആഫീസ് (ബിൽഡിംഗ്)
35. പൊതുമരാമത്ത് ആഫീസ് (പാലം)
36. ലോക്കൽ വർക്സ് എൻജിനിയർ ആഫീസ്
37. സ്റ്റാറ്റിസ്റ്റിക്സ് ആഫീസ്
38. സോയിൽ കൺസർവേഷൻ ആഫീസ്
39. ഉപജില്ലാ വിദ്യാഭ്യാസ ആഫീസ്
40. ജില്ലാ വിദ്യാഭ്യാസ ആഫീസ്
41. ദേവസ്വം ബോർഡ് ആഫീസ് - 3
42. ഡയറ്റ്
43. മൃഗസംരക്ഷണ ആഫീസ്
44. കൃഷിഭവൻ
45. പഞ്ചായത്ത് ആഫീസ്
46. അനിമൽ ഹസ്ബൻററി ആഫീസ്
47. I.C.D.P. സബ് സെൻറർ
48. E.S.I. ലോക്കൽ ആഫീസ്
49. സെയിൽടാക്സ് ആഫീസ്
50. അഗ്രിക്കംച്ചർ ഇൻകംടാക്സ് ആഫീസ്
51. വെയർ ഹൗസ്
52. റിജിയണൽ ട്രാൻസ്പോർട്ട് ആഫീസ്
53. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസ്
54. കശുവണ്ടി ക്ഷേമനിധി ആഫീസ്
55. ചുമട്ടു തൊഴിലാളി ക്ഷേമനിധി ആഫീസ്
56. റബ്ബർ ബോർഡ് ആഫീസ്
57. കെ. ഐ. പി. ആഫീസ് (രവിനഗർ)
58. താലൂക്ക് ആശുപത്രി
59. സബ്ബ് ജയിൽ
60. ഫുഡ് ഇൻസ്പെക്ടർ ആഫീസ്
61. ആയുർവ്വേദ ആശുപത്രി
62. ഹോമിയോ ആശുപത്രി
63. ഹെൽത്ത് സബ്ബ് സെൻറർ
64. ഡയറി എക്സ്റ്റൻഷൻ ആഫീസ്
65. I.C.D.S. ആഫീസ്
66. കേരളാ വാട്ടർ അതോറിറ്റി ആഫീസ്
67. കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ആഫീസ്
68. L.I.C. ആഫീസ്
69. പൊന്നുവില തഹസീൽദാർ ആഫീസ്
70. റെയിൽവേ സ്റ്റേഷൻ
71. നവോദയ സ്കൂൾ
72. സെൻറ് ഗ്രിഗോറിയോസ് കോളജ്
73. ഹൈസ്കൂൾ - 7
74. അപ്പർ പ്രൈമറി സ്കൂൾ - 6
75. ലോവർ പ്രൈമറി സ്കൂൾ - 6
76. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ - 2
77. ദേശസാൽകൃത ബാങ്കുകൾ - 9
78. ജില്ലാ ബാങ്ക്: (സായാഹ്ന ശാഖ ഉൾപ്പടെ)
    1. സഹകരണ ബാങ്ക് - 2
    2. അർബൻ ബാങ്ക് - 1
    3. പ്രൈമറി സഹകരണ സംഘം - 1
79. സർവ്വീസ് സഹകരണ സംഘങ്ങൾ - 10
80. യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെൻറർ
81. മാവേലി സ്റ്റോർ
82. കെ. എസ്. ആർ. ടി. സി. ആഫീസ്
83. യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെൻറർ
84. ഗവ. അംഗീകൃത ഐ. ടി. സി. - 2
85. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് - 7
86. കേരവികസന സമിതി
87. മഹിളാ സംഘങ്ങൾ
88. സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബുകൾ - 15
89. റോട്ടറി ക്ലബ്ബ്
90. ലയൺസ് ക്ലബ്ബ്
91. വൈ. എം. എ.
92. എം. ഇ. എസ്.

## കൊട്ടരക്കരയിൽ പ്രവർത്തിക്കുന്ന പത്രം ആഫീസുകൾ

1. മാതൃഭൂമി
2. മലയാള മനോരമ
3. മംഗളം
4. കേരളാ കൗമുദി
5. ദേശാഭിമാനി
6. രാഷ്ട്രദീപിക
7. മാധ്യമം
8. ചന്ദ്രിക



000010

# ഒറ്റനോട്ടത്തിൽ

## പഞ്ചായത്ത് പൊതു വിവരണം

| | | | | |
|---|---|---|---|---|
| പഞ്ചായത്തിൻെറ പേര് | – | കൊട്ടാരക്കര ഗ്രാമ പഞ്ചായത്ത് | | |
| ഉൾപ്പെടുന്ന വില്ലേജ് | – | കൊട്ടാരക്കര | | |
| ബ്ലോക്ക് പഞ്ചായത്ത് | – | കൊട്ടാരക്കര | | |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – | കൊട്ടാരക്കര A | കൊട്ടാരക്കര B | |
| താലൂക്ക് | – | കൊട്ടാരക്കര | | |
| ജില്ല | – | കൊല്ലം | | |
| അസംബ്ലി മംണ്ഡലം | – | കൊട്ടാരക്കര | | |
| പാർലമെൻറ് മംണ്ഡലം | – | അടൂർ | | |
| വാർഡുകൾ | – | 12 | | |
| വിസ്തീർണ്ണം | – | 17.4 ചതുരശ്ര കിലോമീറ്റർ | | |
| ജനസംഖ്യ (1991 സെൻസസ്) | – | 27783 | | |
| | | പുരുഷന്മാർ | – | 13648 |
| | | സ്ത്രികൾ | – | 14141 |
| ജനസാന്ദ്രത | – | 1587 | | |
| അക്ഷരാഭ്യാസമുള്ളവർ | – | പുരുഷന്മാർ | – | 11572 |
| | | സ്ത്രീകൾ | – | 11548 |
| പ്രസിഡൻറിൻെറ പേര് | – | ചിറ്റയം ഗോപകുമാർ | | |
| വൈസ് പ്രസിഡൻറ് | – | ആനി ജോർജ്ജ് | | |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ | – | സി. ശോഭന | | |

# വാർഡുകൾ

| | | | | | |
|---|---|---|---|---|---|
| വാർഡ് | I | കിഴക്കേക്കര വടക്ക് | വാർഡ് | II | തൃക്കണ്ണമംഗൽ |
| വാർഡ് | III | തൃക്കണ്ണമംഗൽ കിഴക്ക് | വാർഡ് | I V | തൃക്കണ്ണമഗൽ തെക്ക് |
| വാർഡ് | V | പടിഞ്ഞാറ്റിൻ കര വടക്ക് | വാർഡ് | VI | മുസ്ലിം സ്ട്രീറ്റ് |
| വാർഡ് | VII | പഴയതെരുവ് | വാർഡ് | VIII | അമ്പലപ്പുറം |
| വാർഡ് | IX | പടിഞ്ഞാറ്റിൻ കര തെക്ക് | വാർഡ് | X | ടൗൺ വടക്ക് |
| വാർഡ് | XI | ടൗൺ തെക്ക് | വാർഡ് | XII | ടൗൺ പടിഞ്ഞാറ് |



000020

# III. സാമൂഹിക സാംസ്കാരിക ചരിത്രം

ശുഭദാതാവായ ഗണപതിയുടെ ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുകയാണ് ശുഭവിശ്വാസികളായ കൊട്ടാരക്കരക്കാരുടെ ചരിത്രവും. കേരളത്തിലെ പുണ്യപുരാതനവും പ്രസിദ്ധവുമായ ഒരു ആരാധനാകേന്ദ്രമാണ് കൊട്ടാരക്കരയിലെ ശ്രീമഹാഗണപതിക്ഷേത്രം. കൊട്ടാരക്കര എന്ന സ്ഥലനാമം തന്നെ ഈ ക്ഷേത്രത്തിലെ ഉത്സവവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ക്ഷേത്രസമീപമുള്ള 12 കാൽ കൊട്ടാര മണ്ഡപത്തിൽവച്ചായിരുന്നു കരക്കാർ തമ്മിൽ ഉത്സവകാര്യവിചാരങ്ങൾ നടത്തിയിരുന്നത്. കിഴക്കേ കരയും പടിഞ്ഞാറേ കരയും ആയിരുന്നു ഈ കരകൾ. 'കൊട്ടാര'ത്തിൽ വച്ച് 'കര'ക്കാർ നടത്തിയ കാര്യവിചാരസഭയുടെ പ്രാധാന്യംമൂലമാണ് ഇളയിടത്തുസ്വരൂപം എന്ന പേരുമാറി ഈ സ്ഥലത്തിന് കൊട്ടാരക്കര എന്ന പേര് ലഭിച്ചതെന്ന് ഐതിഹ്യങ്ങൾ പറയുന്നു. വാശിയേറിയ ഉത്സവങ്ങൾ ഈ ക്ഷേത്രത്തിൽ നടന്നിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു.

ഇളയിടത്തു സ്വരൂപത്തിന്റെ ചരിത്രം സ്മരിക്കുമ്പോൾ 14ാം ശതകത്തിൽ നടന്ന വേണാട് വിഭജനവും അന്നുവരെ ഭരണം നടത്തിയിരുന്ന വേണാട് രാജാക്കന്മാരിൽനിന്നും തിരുവനന്തപുരത്തിന് വടക്ക കുറെ ഭാഗവും നെടുമങ്ങാടും കൊട്ടാരക്കരയും പത്തനാപുരത്തിന്റെയും ചെങ്കോട്ടയുടെയും ഏതാനും ഭാഗങ്ങളും ഉൾപ്പെട്ടതും കിളിമാനൂരിനടുത്തുള്ള കുന്നുമ്മേൽ ആയിരുന്നു ആദ്യകാല തലസ്ഥാനമെന്നും കാണുന്നു. അതിനാൽ കുന്നുമ്മേൽ ശാഖയെന്നും ഇളയിടത്തുസ്വരൂപത്തിന് പേരുണ്ടായിരുന്നു. 16ാം ശതകത്തിൽ വീണ്ടും വിഭജനം ഉണ്ടായി. ഈ വിഭജനത്തിൽ ഇളയിടത്തു സ്വരൂപത്തിന്റെ ഒരു ശാഖ നെടുമങ്ങാട്ടേക്ക് മാറിത്താമസിച്ചു. ഇതിന് പേരകത്താവഴി അല്ലെങ്കിൽ ഇളവന്നൂർ നാട് എന്ന് പേരു കിട്ടി. ഡച്ചുകാർ ഇതിനെ 'പെരിത്തല്ലി' എന്നാണ് പറഞ്ഞിരുന്നത്. അങ്ങനെയാണ് ഇളയിടത്തു സ്വരൂപത്തിന്റെ ആസ്ഥാനം കൊട്ടാരക്കരയിലായത്.

ചരിത്രത്തിന്റെ ഏടുകളിൽക്കൂടി കടന്നുപോകുമ്പോൾ വേണാട് രാജകുടുംബം എ.ഡി. 1345ൽ ഇളയിടത്തുസ്വരൂപം, പേരകത്താവഴി, കുന്നുമ്മേൽ ശാഖ എന്നിങ്ങനെ മൂന്ന് ശാഖകളായിരുന്നു എന്നും അവയിൽ ഇളയിടത്തുസ്വരൂപം കൊട്ടാരക്കര ആസ്ഥാനമാക്കി ഭരണം നടത്തിവന്നു എന്നും കാണുന്നു. രാജാവും കരപ്രമാണികളുംകൂടി ആറു കാലുകളുള്ള ഒരു കൊട്ടാരത്തിനുള്ളിലിരുന്നാണ് കാര്യവിചാരം നടത്തിയത് എന്നുള്ളതുകൊണ്ടായിരിക്കാം കൊട്ടാരങ്ങളുടെ സമുച്ചയമായ ഈ പ്രദേശത്തിന് (കരയ്ക്ക്) 'കൊട്ടാരക്കര' എന്ന സംജ്ഞാനാമം ലഭിച്ചത് എന്ന് മറ്റൊരു ചരിത്ര ഗ്രന്ഥത്തിൽകാണുന്നു.

ഉയർച്ചയിലും ഗാംഭീര്യത്തിലും വ്യത്യസ്തതയിലും വിസ്തൃതിയിലും നല്ല നിലവാരം പുലർത്തിയിരുന്ന കൊട്ടാരങ്ങളുടെ കര എന്ന അർത്ഥത്തിൽ കൊട്ടാരക്കര എന്ന നാമം ലഭിച്ചു എന്നും വിശ്വസിക്കുന്നവരും ധാരാളമുണ്ട്. അതോടൊപ്പം കൊല്ലവർഷം 1734ൽ തിരുവിതാംകൂർ രാജാവായിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ ഇളയിടത്ത് സ്വരൂപത്തെ ആക്രമിച്ച് കൊട്ടാരക്കര പ്രദേശം തിരുവിതാംകൂറിനൊടു ചേർത്തു എന്നും മറ്റൊരു ഗ്രന്ഥത്തിൽ പറയുന്നു.

കൊട്ടാരക്കരത്തമ്പുരാക്കന്മാർ വലിയ സഹൃദയരും ആശ്രിതവത്സലരുമായിരുന്നു. ഈ രാജപരമ്പരയിലെ വീരകേരളവർമ്മ എന്ന രാജാവാണ് വിശ്വവിഖ്യാതമായ കഥകളിയുടെ സൃഷ്ടാവും കൊട്ടാരക്കരത്തമ്പുരാനെന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെടുന്നതും.

### കഥകളിയുടെ ഉത്ഭവം കൊട്ടാരക്കരയിൽ

ക്രിസ്ത്വബ്ദം പതിനേഴാം നൂറ്റാണ്ടിലാണ്



000021

കഥകളി എന്ന കലാപ്രസ്ഥാനം രൂപംകൊണ്ടത്. കഥകളി കൊട്ടാരക്കരയിൽ രൂപംകൊണ്ടതിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട്. കോഴിക്കോട്ടു മാനവേദ നമ്പൂതിരി രൂപം നൽകിയ കൃഷ്ണ നാട്ടത്തെപ്പറ്റി കൊട്ടാരക്കരത്തമ്പുരാൻ കേട്ടറിഞ്ഞിരുന്നു എന്നും ഏതോ ഒരടിയന്തിരം പ്രമാണിച്ച് കൃഷ്ണനാട്ടക്കാരെ അയച്ചുതരണമെന്ന് കൊട്ടാരക്കരത്തമ്പുരാൻ മാനവേദ സാമൂതിരിയോട് അപേക്ഷിച്ചു. "കൃഷ്ണനാട്ടം കണ്ടു രസിക്കാനും ആസ്വദിക്കാനും തക്ക കലാബോധം തെക്കൻ ദിക്കിലുള്ളവർക്കുണ്ടോ!" ഇങ്ങനെയൊരു ആശ്ചര്യരൂപത്തിലുള്ള പരിഹാസത്തോടെ സാമൂതിരി കൊട്ടാരക്കരത്തമ്പുരാന്റെ അപേക്ഷ നിരസിച്ചു. ഇത് അദ്ദേഹത്തിന്റെ അഭിമാനത്തിന് മുറിവേൽപ്പിക്കുകയും ആ പരിഹാസത്തിന് കൊട്ടാരക്കരത്തമ്പുരാൻ മറുപടി കൊടുത്തത് ഒരു പുതിയ തരത്തിലുള്ള കലാരൂപം സൃഷ്ടിച്ചുകൊണ്ടായിരുന്നു. അതിന് അദ്ദേഹം രാമനാട്ടം എന്ന് പേരും നൽകി. അന്നത്തെ രാമനാട്ടത്തിന്റെ വികസിത രൂപമാണ് പില്ക്കാലത്ത് കഥകളിയായി രൂപാന്തരപ്പെട്ട് കേരളത്തിന്റെ തനതും അഭിമാനവുമായ കലാരൂപമായി മാറി അഖിലേന്ത്യാതലത്തിലും വിദേശങ്ങളിൽപ്പോലും പ്രശസ്തിയാർജ്ജിച്ചത്.

കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്രത്തിനുമുന്നിൽ ക്ഷേത്രക്കുളത്തിന്റെ കിഴക്കുവശത്തെ കുളിക്കടവിന്റെ ഓരം ചേർന്ന് മണികണ്ഠനാൽത്തറ സ്ഥിതിചെയ്യുന്നു. കൊട്ടരക്കരയുടെ പഴയകാല ചരിത്രത്തിന് സാക്ഷിയായി നിലകൊള്ളുന്നു ആൽത്തറ. ശാഖകളും ഉപശാഖകളുമായി പടർന്നു പന്തലിച്ച കൂറ്റൻ ആൽമരത്തിന് ചുറ്റും കരിങ്കൽത്തിട്ട കെട്ടി ഉയർത്തിയതാണ് ഈ ആൽത്തറ. വൃക്ഷമുത്തശ്ശിയുടെ പ്രായം പഴമക്കാർക്കുപോലും ഊഹിക്കാൻ കഴിയുന്നില്ല.

കൊട്ടാരക്കരയിലെ ചരിത്ര സ്മാരകങ്ങൾ ...രുത്തുമ്പോൾ മറക്കാനാവാത്ത ഒന്നാണ് ...ിളക്ക്. ചരിത്രമുഹൂർത്തമുറങ്ങുന്ന മണി...ാൽത്തറയുടെ സമീപത്തായി സ്ഥിതി...ുന്ന ഇതിന് നൂറ്റാണ്ടിന്റെ പഴക്കമുണ്ട്. ...ൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ...ാപിച്ച മൂന്നുവിളക്ക് ഇന്നും അഭിമാന...ത്തോടെ തലയുയർത്തിനിൽക്കുന്നു.

## *സാമൂഹിക സാംസ്കാരിക ചരിത്രം*

ഇളയിടത്ത് രാജവംശത്തിന്റെ കാലംമുതൽക്കുതന്നെ കൊട്ടാരക്കര മതസൗഹാർദ്ദത്തിന് കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. മതസൗഹാർദ്ദത്തിന് മകുടോദാഹരണമാണ് കൊട്ടാരക്കര ഗണപതിക്ഷേത്രം. കൊട്ടാരക്കരയിലും പരിസരത്തുമുള്ള വിവിധ മതവിശ്വാസികളുടെ വിശ്വാസകേന്ദ്രമാണ് ഈ ക്ഷേത്രം. മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണമായി ഹിന്ദു, ക്രിസ്ത്യൻ ദേവാലയങ്ങളും മുസ്ലീം പള്ളികളും ക്ഷേത്രങ്ങളും സമീപത്തായി സ്ഥിതിചെയ്യുന്നു. നാനാ ജാതിമതസ്ഥർ ഒത്തൊരുമിച്ചു താമസിക്കുന്ന ഈ പ്രദേശത്തെ സാമൂഹ്യ സാംസ്കാരിക സംഘടനകളും വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളും സൗഹാർദ്ദത്തോടെ കഴിയുന്നു. ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാസാഹിത്യ സംഘം, ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ്, വിദ്യാഭ്യാസ സുരക്ഷാസമിതി, എക്സ്-സർവ്വീസ് ലീഗ്, എം.ഇ.എസ്., മദ്യനിരോധന സമിതി, വൈ.എം.എ., വൈ.എം.സി.എ. എന്നീ സാമൂഹ്യ സാംസ്കാരിക സംഘടനകളും മറ്റ് കലാ സാംസ്കാരിക സംഘടനകളും നല്ല രീതിയിൽ പ്രവർത്തിക്കുകയും സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി തങ്ങളുടെ പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

സംസ്കൃത പണ്ഡിതനായ പ്രൊഫ. ബാലരാമപ്പണിക്കർ, വേദബന്ധു സ്വാമി, അനശ്വര കലാകാരൻ കൊട്ടാരക്കര ശ്രീധരൻ നായർ, ആർ. ശങ്കർ, കോട്ടാത്തല സുരേന്ദ്രൻ, സി.പി. കൊച്ചുകുഞ്ഞുപിള്ള വക്കീൽ എം.എൽ.സി., എ. ഈശ്വരപിള്ള വക്കീൽ എം.എൽ.സി., വെളിയം ദാമോദരൻ, അഡ്വ. അബ്ദുൾ മജീദ്, എൻ.സി. കൊട്ടാരക്കര എന്നിവർ കൊട്ടാരക്കരയുടെ സന്തതികളായിരുന്നു.

ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ, ഡി. ദാമോദരൻ പോറ്റി, വെളിയം ഭാർഗ്ഗവൻ, ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ., ബി. രാഘവൻ തുടങ്ങിയവർ രാഷ്ട്രീയ നഭോമണ്ഡലങ്ങളിൽ ഇന്നും വിലസുന്ന വ്യക്തികളാണ്.



000022

സാഹിത്യരംഗത്ത് വർഗ്ഗീസ് കാക്കനാടൻ, കുഴിതടത്തിൽ ഗോപാലകൃഷ്ണൻ നായർ, രാജൻ കാക്കനാടൻ, എം.പി. പുന്തല, കൈത്തിരി ബാലകൃഷ്ണപിള്ള, ഒഥല്ലോ അപ്പുക്കുട്ടൻ നായർ എന്നിവർ സാഹിത്യരംഗത്തും കെ.പി. കൊട്ടാരക്കര, സായികുമാർ, ഗണേശൻ, ബോബി കൊട്ടാരക്കര, ബൈജു കൊട്ടാരക്കര എന്നിവർ സിനിമാ രംഗത്തും ഗ്രന്ഥശാലാരംഗത്ത് കെ.ജി. ചെല്ലപ്പൻ പിള്ളയും ആത്മീയ മണ്ഡലത്തിൽ നിത്യ ചൈതന്യ യതിയും നാടിനുവേണ്ടി ചെയ്ത സംഭാവനകൾ കൊട്ടാരക്കരയുടെ പ്രശസ്തി അഖിലേന്ത്യാതലത്തിൽ ഉയർത്തുന്നതിന് തങ്ങളുടേതായ സംഭാവന നൽകിയിട്ടുണ്ട്.

സാമൂഹ്യ രാഷ്ട്രീയ സംഭവ വികാസങ്ങളെപ്പറ്റി പറയുമ്പോൾ 1954ലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സമരവും അതിൽ പ്രധാന പങ്കുവഹിച്ച പ്രതിഭാധനന്മാരായ ഗോപാലകൃഷ്ണൻ നായർ (പൊടിയൻ പിള്ള), വെളിയം ദാമോദരൻ, വെളിയം ഭാർഗ്ഗവൻ, മത്തായിച്ചൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങളും കോട്ടാത്തല സുരേന്ദ്രന്റെയും അഡ്വ. അബ്ദുൾ മജീദിന്റെയും അനശ്വര രക്തസാക്ഷിത്വവും നാം ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്.

വിദ്യാഭ്യാസരംഗത്തെപ്പറ്റി പറയുമ്പോൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന കാലങ്ങളിൽ ഓരോ കരയിലും ഉണ്ടായിരുന്ന എഴുത്തു പള്ളിക്കൂടങ്ങളും ആദ്യം സ്ഥാപിച്ച സബ്ജയിലിനു സമീപമുണ്ടായിരുന്ന (സത്രം സ്ക്കൂൾ) ഇന്നത്തെ പാലക്കുഴി സ്കൂളും വിദ്യാഭ്യാസരംഗത്ത് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

കൊട്ടാരക്കര പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സാക്ഷരതാ പ്രവർത്തനവും തുടർവിദ്യാഭ്യാസ പരിപാടിയും ജില്ലാ അധികൃതരുടെപോലും പ്രശംസയ്ക്ക് പാത്രമായ മഹാസംഭവമാണ്.

ഒട്ടനവധി ചരിത്രമുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച കൊട്ടാരക്കരയുടെ സാമൂഹ്യ സാംസ്കാരിക ചരിത്രം കുറിക്കുമ്പോൾ സേവന സന്നദ്ധരായി കൈയും മെയ്യും മറന്ന് തന്റെ നാടിന്റെ നന്മയ്ക്കായി സേവനമനുഷ്ഠിച്ചിട്ടുള്ള എല്ലാ മഹത്വ്യക്തികൾക്കും നമോവാകം അർപ്പിച്ചുകൊണ്ട് മൺമറഞ്ഞുപോയ നമ്മുടെ നല്ലവരുടെ ഓർമ്മയ്ക്കായി ഈ ചെറു കുറിപ്പ് കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്കായി സമർപ്പിക്കുന്നു.



000023

# IV. ഭൂപ്രകൃതി, ജലപ്രകൃതി ജനപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസനം പ്രധാനമായും അവിടുത്തെ ഭൂപ്രകൃതിയേയും, ജനശക്തിയേയും ആശ്രയിച്ചാണിരിക്കുന്നത്. ഭൂപ്രകൃതി എന്നുപറയുമ്പോൾ, ഭൂമിയുടെ കിടപ്പ് മണ്ണിന്റെഘടന അഥവാ സ്വഭാവം, ജലലഭ്യത, കാലാവസ്ഥ എന്നിവയെയാണ് അർത്ഥമാക്കുന്നത്. ജനശക്തി അഥവാ മനുഷ്യവിഭവശേഷി എന്നുപറയുമ്പോൾ ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം, വികസനത്തോടുള്ള ആഭിമുഖ്യം, തൊഴിലിനെ സംബന്ധിച്ചുള്ള അറിവ്, കഴിവ് ഇവയെ ആശ്രയിച്ചിരിക്കുന്നു. മേൽപറഞ്ഞവയെ കണക്കിലെടുക്കാതെയുള്ള വികാസം പലപ്പോഴും ലക്ഷ്യപ്രാപ്തിയിൽ എത്താറില്ല. അതായത് പ്രദേശത്തിന്റെ വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും സന്തുലിതാവസ്ഥയ്ക്ക് അനുയോജ്യമായതും ആ പ്രദേശത്തിന്റെ അഭംഗുരമായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം. വിഭവങ്ങളുടെ ശാസ്ത്രീയമായ അപഗ്രഥനവും അവലോകനവും ഇവയ്ക്ക് വഴിയൊരുക്കുന്നതുമാണ്.

കേരളത്തെ സംബന്ധിച്ചടത്തോളം ഭൂപ്രകൃതി വളരെ വൈചിത്ര്യവും വൈവിധ്യവും നിറഞ്ഞതാണ്. പൊതുവെ മലനാട്, ഇടനാട്, തീരപ്രദേശം എന്ന് വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും; തീരപ്രദേശത്തോട് ചേർന്ന് കുന്നുകളും മലംപ്രദേശങ്ങളിൽതന്നെ സമതലങ്ങളും സർവ്വസാധാരണമാണ്. കാലാവസ്ഥ, ജലസ്രോതസുകളുടെ ലഭ്യത, മണ്ണിന്റെ ഘടന ഇവയുടെ വ്യത്യാസം മൂലം കാർഷികവിളകളും വ്യത്യസ്ത സ്വഭാവത്തിലുള്ളതാകുന്നു. മേൽപറഞ്ഞ ഭൂപ്രകൃതിയിലുള്ള വ്യത്യസ്തത ഇൻഡ്യയുടെ മറ്റ് സംസ്ഥാ






000024

നങ്ങളിൽ പ്രായേണ കാണപ്പെടുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമഗ്രവികസനത്തിന് വ്യത്യസ്തമായ സമീപനം പ്രാദേശികമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

വിഭവഭൂപടങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്നു.

കൊല്ലം ജില്ലയുടെ കൊട്ടാരക്കര ബ്ലോക്കിൽ ഉൾപ്പെടുന്ന ആറ് പഞ്ചായത്തുക




ളിൽ ഒന്നായ കൊട്ടാരക്കര പഞ്ചായത്ത് മലംപ്രദേശത്തോടുചേർന്ന ഒരു ഇടനാടൻ ഉൾഗ്രാമമാണ്. കൊല്ലം ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിലുമായി 1740 ഹെക്ടറോളം വ്യാപിച്ചുകിടക്കുന്ന ഈ പഞ്ചായത്ത് വൈവിദ്ധ്യമാർന്ന ഭൂപ്രകൃതി ഉൾക്കൊള്ളുന്നു. കൊട്ടാരക്കര ബ്ലോക്കിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന കൊട്ടാരക്കര പഞ്ചായത്തിനെ പന്ത്രണ്ട് വാർഡുകളായി വിഭജിച്ചിരിക്കുന്നു. വടക്ക് മൈലം പഞ്ചായത്തും വടക്കുകിഴക്ക് മേലില പഞ്ചായത്തും തെക്കുകിഴക്ക് വെട്ടിക്കവല പഞ്ചായത്തും

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെ കണക്കിലെടുത്താണ് പ്രാദേശിക വിഭവ ഭൂപടം നിർമ്മിച്ചിട്ടുള്ളതും നിർമ്മിച്ചുവരുന്നതും എന്ന് ആമുഖമായി പറഞ്ഞുകൊള്ളട്ടേ. എന്നിരുന്നാലും ഒരു ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിവരുമ്പോൾ, പഞ്ചായത്ത്തല വിഭവങ്ങളെ കഴിയുന്നത്ര ക്രോഡീകരിച്ച് ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട്. കൊല്ലം ജില്ലയിൽ ഇത് പ്രാവർത്തികമാക്കാനുള്ള മുന്നോടിയായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേയും വികസനറിപ്പോർട്ടുകൾ



000025

തെക്ക് ഉമ്മന്നൂർ പഞ്ചായത്തും തെക്കുപടിഞ്ഞാറ് വെളിയം പഞ്ചായത്തും പടിഞ്ഞാറ് നെടുവത്തൂർ പഞ്ചായത്തും സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ ഹൃദയഭാഗത്തുള്ള പുലമൺ ജംഗ്ഷന് സമീപം കൊല്ലം ചെങ്കോട്ട റോഡിന്റെ വടക്കുഭാഗത്തായി പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നു.

കൊട്ടാരക്കര പഞ്ചായത്ത്, ഇടനാട് കാർഷിക കാലാവസ്ഥാ മേഖലയിൽ ഉൾപ്പെടുന്നു. അക്ഷാംശം 8° 57' 9° 01' Nനും രേഖാംശം 76° 45'നും 76° 50' E യിലുമായി ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

നിമ്നോന്നതി അടിസ്ഥാനമാക്കി കൊട്ടാരക്കര പഞ്ചായത്തിനെ സമുദ്ര നിരപ്പിൽനിന്ന് 20 മീറ്ററിന് താഴെ, 20 മീറ്ററിനും 40 മീറ്ററിനും ഇടയ്ക്ക്, 40 മീറ്ററിനും 80 മീറ്ററിനും ഇടയ്ക്ക്, 80 മീറ്ററിനു മുകളിൽ എന്നിങ്ങനെ നാലായി തരംതിരിക്കാം. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് അമ്പലപ്പുറം ഭാഗത്ത് 80 മീറ്റർ മുകളിലുള്ള ഭാഗങ്ങൾ ദൃശ്യമാണ്. നിമ്നോന്നതിപ്രകാരമുള്ള പ്രദേശങ്ങളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

| നിമ്നോന്നതി (മീറ്ററിൽ) | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 20ന് താഴെ | 37.40 |
| 20നും 40നുമിടയ്ക്ക് | 591.24 |
| 40നും 80നും ഇടയ്ക്ക് | 908.56 |
| 80നുമുകളിൽ | 202.80 |

അവലംബം: (വിഭവഭൂപടം സെസ്സ്)

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും 20 മീറ്ററിനും 80 മീറ്ററിനും ഇടയിലായി കാണപ്പെടുന്നു. നിമ്നോന്നതി അവലംബിച്ച് പഞ്ചാ






000026

യത്തിലെ ഭൂരൂപങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചതിന്റെ പശ്ചാത്തലത്തിൽ പൊതുവെ ആറായി തരംതിരിക്കാം.

മായും എല്ലാ വാർഡുകളേയും സംയോജിപ്പിച്ച് കാണുന്നു. താഴ്‌വരകളാൽ ചുറ്റപ്പെട്ട ചെറു ചരിവുകൾ, ഇടത്തരം ചരിവുകൾ എന്നിവ കൂടുത




വ്യത്യസ്ത പ്രകൃതി വിഭവങ്ങളാൽ സമ്പുഷ്ടമായ ഈ പ്രദേശങ്ങൾ യഥാക്രമം താഴ്‌വര, ചെറു ചരിവ്, ഇടത്തരം ചരിവ്, മിതമായ ചരിവ്, മലമുകൾ, കുന്നിൻപ്രദേശം എന്നിവയാണ്. ഇവയുടെ ഭൂവിസ്തൃതി ചുവടെ ചേർക്കുന്നു.

| ഭൂരൂപം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| താഴ്‌വര | 269.88 |
| ചെറുചരിവ് | 393.26 |
| ഇടത്തരംചരിവ് | 669.70 |
| മിതമായചരിവ് | 115.44 |
| മലമുകൾ | 291.62 |
| കുന്നിൻപ്രദേശം | 9.36 |

അവലംബം: (വിഭവഭൂപടം സെസ്സ്)

പഞ്ചായത്തിലെ താഴ്‌വരകൾ പ്രധാനലായും പഞ്ചായത്തിന്റെ വടക്ക്, കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. മിതമായ ചരിവ് പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള അമ്പലപ്പുറം പ്രദേശങ്ങൾ ഉൾപ്പെടുന്നു. വിശദാംശങ്ങൾക്ക് ഭൂരൂപ ഭൂപടം നോക്കുക. കുന്നിൻ പ്രദേശങ്ങളും അവയുമായിച്ചേർന്ന് മലമുകൾ പ്രദേശങ്ങളും പഞ്ചായത്തിന്റെ മൊത്ത വിസ്തൃതിയുടെ 27% ഉൾക്കൊള്ളുന്നു. തെക്കുപടിഞ്ഞാറ്, തെക്കുകിഴക്ക് ഭാഗങ്ങളിലുള്ള മലമ്പ്രദേശങ്ങൾ മണ്ണൊലിപ്പ് ഭീഷണി നേരിടുന്നു. പാറകൾ ഉൾക്കൊള്ളുന്ന മലമ്പ്രദേശങ്ങൾ, ഉഗ്രൻകുന്ന്, മീൻപിടിപ്പാറ, അമ്പലപ്പുറം, വേലംകോണം ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. പഞ്ചായത്തിലെ ഏറ്റവും പൊക്കംകൂടിയ സ്ഥലം 100 മീറ്ററിനു മുകളിൽ സ്ഥിതിചെയ്യുന്ന അമ്പലപ്പുറം ജംഗ്ഷനാണ്.

### മണ്ണ്

കൊട്ടാരക്കര പഞ്ചായത്തിൽ പൊതുവെ



000027

മൂന്നുതരം മണ്ണുകളാണ് കാണപ്പെടുന്നത്. പാറ പൊടിഞ്ഞുണ്ടാകുന്ന ചരൽ കലർന്ന മണ്ണ്, ലാറ്ററൈറ്റ് മണ്ണ്, എക്കൽ മണ്ണ് മുതലായവ. പാറ പൊടിഞ്ഞുണ്ടാകുന്ന മണ്ണ് പൊതുവേ നീർവാഴ്ച കൂടിയതും കനം കുറഞ്ഞതുമാണ്. ഇവ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് അമ്പലപ്പുറം ഭാഗങ്ങളിൽ കൂടുതലായി കാണുന്നു. റബ്ബർ കൃഷിയ്ക്ക് യോജിച്ചതായതിനാൽ ഇവ വളരെയേറെ വിസ്തൃതി ഉൾക്കൊള്ളുന്നു. നീർവാഴ്ച കൂടിയ ലാറ്ററൈറ്റ് മണ്ണ് പഞ്ചായത്തിൽ പൊതുവായി കാണപ്പെട്ടുവരുന്നു. ഇവ കൂടുതലായും പാർപ്പിട സൗകര്യത്തിനും മിശ്രിത കൃഷിക്കുമായി ഇവിടുത്തെ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നു. താഴ്വരകളിൽ കാണപ്പെടുന്ന എക്കൽമണ്ണ് കാർഷികവിളകൾക്ക് വളക്കൂറുള്ളതും പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ ഗണ്യമായ അളവിൽ കാണപ്പെടുന്നതുമാണ്.

### *ജലപ്രകൃതി*

ഒരു പ്രദേശത്തിന്റെ ജലപ്രകൃതി പൊതുവെ അവിടുത്തെ ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ മുതലായവയുമായി ബന്ധപ്പെടുത്തി പറയാവുന്നതാണ്. ജലപ്രകൃതി സ്വാഭാവികമായും അവിടുത്തെ ജലസ്രോതസുകളുടെ പര്യാപ്തതയെ മാനദണ്ഡപ്പെടുത്തി നിർവ്വചിക്കാവുന്നതാണ്. ജലസ്രോതസുകളെ രണ്ടായി തരംതിരിക്കാം. ഉപരിതലസ്രോതസുകളെന്നും ഭൂഗർഭ ജല സ്രോതസുകളെന്നും. ഉപരിതലജലസ്രോതസുകൾ പൊതുവെ നദി, തോടുകൾ, കുളങ്ങൾ, നീരുറവകൾ എന്നിവയാണ്. ഭൂഗർഭ ജലസ്രോതസുകളിൽ കിണറുകൾ, കുഴൽകിണറുകൾ എന്നിവ ഉൾപ്പെടുന്നു.

കൊട്ടാരക്കര പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകളിലെ പ്രധാനപ്പെട്ടതായ തോടുകൾ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽക്കൂടിയാണ് ഒഴുകുന്നത്. വടക്കുകിഴക്കുഭാഗത്തുള്ള പുലമൺ തോടും തെക്കുഭാഗത്തുള്ള കാലായിക്കുന്ന് തോടും ആയല്ലൂർ, ചെന്തറ, പുളിവിള, കറ്റുവട്ടി തോടുകൾ ഉൾക്കൊള്ളുന്ന പടിഞ്ഞാറതിർത്തിപ്രദേശങ്ങളിൽക്കൂടി ഒഴു






000028

കുന്ന മാങ്ങാട് തോട് പ്രധാനപ്പെട്ടവയാണ്. പൊതുവേ വറ്റാത്ത മേൽപ്പറഞ്ഞ തോടുകളിലെ ജലലഭ്യത പരമാവധി പ്രയോജനപ്പെടുത്തി കൃഷിയാവശ്യങ്ങൾക്കായി ജനങ്ങൾ ഉപയോഗിച്ചുവരുന്നു. തോടുകളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലെ നീർമറി പ്രദേശങ്ങളെ പ്രധാനമായി മൂന്ന് ഭാഗങ്ങളായി തിരിക്കാം. ഇവയുടെ നീളം, വിസ്തീർണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| നീർമറിപ്രദേശം | നീളം (കി.മീറ്ററിൽ) | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| പുലമൺ തോട് | 2.20 | 549.10 |
| കാലായിക്കുന്ന് തോട് | 3.10 | 213.00 |
| മങ്ങാട് തോട് | 7.5 | 829.7 |
| ആകെ | 12.8 | 1591.80 |

(അവലംബം : വിഭവഭൂപടം സെസ്സ്)

മേൽപ്പറഞ്ഞവയിൽ ഉൾപ്പെടുന്ന കറ്റുവട്ടി തോട്, ETC തോട്, പുളിവിളതോട്, തൃക്കണ്ണമംഗൽതോട് എന്നിവ പൊതുവെ വറ്റുന്നവയാണ്. നീർമറി പ്രദേശങ്ങളുടെ സ്ഥായിയായ സംരക്ഷണ നടപടികൾ കാലാനുസൃതമായി സ്വീകരിച്ച് കാർഷികവിളകളുടെ ഉല്പാദന മേഖല കാര്യക്ഷമമാക്കാം.

പഞ്ചായത്തിൽ പൊതുവേ വലുതും ചെറുതുമായ 14 കുളങ്ങളുണ്ട്. പൗരാണിക ക്ഷേത്രത്തിനോടു ചേർന്നുള്ള ഗണപതി ക്ഷേത്രക്കുളം, മഹാദേവക്ഷേത്രത്തിന്റെ പടിഞ്ഞാറ്റിൻകര ക്ഷേത്രക്കുളം, തൃക്കണ്ണമംഗൽക്ഷേത്രക്കുളം ഇവയിൽ വളരെ പ്രധാനപ്പെട്ടവയാണ്. ഏറിയ പങ്ക് കുളങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കപ്പെട്ട നിലയിലാണ്.

കുളങ്ങളുടെ വിസ്തൃതി, അവ ഉൾക്കൊള്ളുന്ന വാർഡ് ഇവ താഴെച്ചേർക്കുന്നു.

| വാർഡ് | പേര് | വിസ്തൃതി നീളംxവീതി മീറ്ററിൽ |
|---|---|---|
| 2 | തൊണ്ടൻകുളം | 10 X 7 |
| | കാലായികുന്ന്ചരിവ് കളം | 4X3 |
| 3 | തൃക്കണ്ണമംഗലകുളം | 70X30 |
| 4 | ETC കുളം (1) | 35X20 |
| | ETC കുളം (2) | 7X4 |
| 8 | വലിയവീട്ടിൽ കിഴക്കേക്കര | 4X4 |
| | ഇളവൂർ കുളം | 3X3 |
| | പൊട്ടൻ കുളം | 2X2 |
| 9 | തൂപ്രകുളം | 30X20 |
| | ചേരിയിൽ കുളം | 70X35 |
| 10 | ഗണപതിക്ഷേത്രകുളം | 175X100 |
| | പടിഞ്ഞാറ്റിൻകരക്ഷേത്രകുളം | 70X35 |
| | പാൽകുളം | 175X100 |
| 11 | കുലശേഖരനെല്ലൂർകുളം | 50X50 |
| 12 | കോഴികുളം | 70X30 |
| | ജമായത്ത് വക കുളം | 35X20 |

പഞ്ചായത്തിലെ വാർഡ് 1, 5, 6, 7, 11 എന്നിവ താരതമ്യേന കുളങ്ങൾ ഇല്ലാത്ത മേഖലയാണ്. മേൽപ്പറഞ്ഞ കുളങ്ങളിൽ ഏറിയപങ്കും ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾക്കും കാർഷിക ഉപയോഗങ്ങൾക്കുമായി പ്രായേണ പ്രയോജനപ്പെടുത്തിവരുന്നു.

ഭൂഗർഭജല സ്രോതസ്സുകളിൽ പ്രധാനമായ കിണറുകളിൽ ഏറിയ പങ്കും വറ്റാത്തവയാണ്. മലപ്രദേങ്ങളോടുചേർന്ന മിതമായതും ഇടത്തരമായ ചരിവുകളിൽ കിണറുകൾ പൊതുവേ വറ്റുന്ന പ്രകൃതമാണ്. ഭൂഗർഭ ജലസ്രോതസ്സ് പഞ്ചായത്തിൽ പൊതുവെ പര്യാപ്തമാണ്. വറ്റുന്ന കിണറുകളിൽ ഏറിയപങ്കും അമ്പലപ്പുറം, ഈയംകുന്ന്, പടിഞ്ഞാറ്റിൻകര, കരുമുറ്റം പ്രദേശങ്ങളിലാണ് കാണപ്പെടുന്നത്. കിണറുകളുടെ അടിഭാഗം കരിങ്കൽ പാറകളാൽ നിക്ഷേപിതമാണ്. ലാറ്ററൈറ്റ് കലർന്ന എക്കൽമണ്ണുള്ള ഭാഗങ്ങളിൽ ജലദൗർലഭ്യം താരതമ്യേന കുറവാണ്.



000029

പഞ്ചായത്തിലുള്ള ആകെയുള്ള 2087 കിണറുകളിൽ 1744 എണ്ണം വറ്റാത്തവയും 343 എണ്ണം വറ്റുന്നവയുമാണ്. (അവലംബം: വിഭവ ഭൂപട നിർമ്മാണം)

ഉപരിതല ജലസ്രോതസ്സുകളിൽ മുഖ്യപങ്കുവഹിക്കുന്ന KIP കനാൽ ഏകദേശം 11.36 കി.മീറ്റർ ദൂരം ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു.

ത്തിൽ പഞ്ചായത്തിന്റെ ഏറിയ പങ്കും മിശ്രിത കൃഷിയാണ് നടന്നുവരുന്നത്. ജനബാഹുല്യം കണക്കിലെടുക്കുമ്പോൾ ഏറിയപങ്കും നിവസിക്കുന്ന പ്രദേശങ്ങളിൽ ജനങ്ങൾ മിശ്രിത കൃഷിയായ തെങ്ങ്, മാവ്, പ്ലാവ്, മറ്റ് ഇതര കായ്ഫലമുള്ള കൃഷിയിൽ തല്പരരാണ്. നെൽകൃഷി ഏറിയ പങ്കും പഞ്ചായത്തിന്റെ മദ്ധ്യഭാഗം കേന്ദ്രീകരിച്ച് വടക്ക് തെക്കായിട്ടും പുലമൺ




പഞ്ചായത്തിൽ മൊത്തം 28 കുഴൽ കിണറുകളും ഭൂഗർഭജലസ്രോതസ്സുകളിൽ പ്രധാനമായ പങ്കുവഹിക്കുന്നു.

ജലലഭ്യതയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ പൊതുവെ മൂന്നായി തരംതിരിക്കാം. ജലലഭ്യത കുറഞ്ഞത്, മിതം, പൊതു കൂടുതൽ.

## *ഭൂവിനിയോഗം*

ഭൂവിനിയോഗ ഭൂപടത്തിന്റെ അടിസ്ഥാന

ഭഗം കേന്ദ്രീകരിച്ച് കാണപ്പെടുന്നു. തൃക്കണ്ണമംഗൽ (4) വാർഡിന്റെ വടക്കുഭാഗത്ത് പുലിയെണ്ണിക്കുഴി പ്രദേശം പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇരുപ്പൂകൃഷി സമ്പ്രദായം ഫലപ്രദമായ രീതിയിൽ നടക്കുന്നില്ല. റബ്ബർ കൃഷി ഏറിയ പങ്ക് മലപ്രദേശങ്ങളിലും മിതമായ ചരിവുകളിലും കാണപ്പെടുന്നു. മണ്ണൊലിപ്പ് ഭീഷണിയെ അതിജീവിക്കാനുള്ള പ്രാദേശിക മണ്ണു സംരക്ഷണം ഈ ഭൂപ്രദേശങ്ങളിൽ നടത്തേണ്ടതുണ്ട്.



000030

പഞ്ചായത്തിലെ വിവിധതരത്തിലുള്ള നിലവിലുള്ള ഭൂവിനിയോഗം, അവയുടെ വിസ്തൃതി എന്നിവ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ഭൂവിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| മിശ്രിതകൃഷി | 1295.1 |
| നെല്ല് (മുണ്ടകൻ + ഇരുപ്പ്) | 229.63 |
| റബ്ബർ | 196.52 |
| റബ്ബർ + മിശ്രിതകൃഷി | 5.88 |
| മിശ്രിതകൃഷി + തെങ്ങ് | 1.56 |
| ഉപയുക്തമായ തരിശു ഭൂമി | 9.14 |
| നികത്തിയ ഭൂമി | 1.846 |

മിശ്രിത കൃഷി - തെങ്ങ്, കമുക്, പ്ലാവ്, മാവ് തുടങ്ങിയ കായ്ഫലമുള്ള എല്ലാ വൃക്ഷങ്ങളും.

കൊട്ടാരക്കര പഞ്ചായത്തിന്റെ വികസന പദ്ധതികൾ അവിടുത്തെ ഭൂരൂപങ്ങളേയും ജല വിഭവങ്ങളുടെ ലഭ്യതയേയും മണ്ണിന്റെ ഘടനയേയും, ഭൂവിനിയോഗം, പ്രകൃതിവിഭവങ്ങളുടെ ലഭ്യത ഇവയെ ക്രോഡീകരിച്ച് ആസൂത്രണം ചെയ്യേണ്ടതാണ്. വിഭവങ്ങളുടെ ശാസ്ത്രീയമായ അപഗ്രഥനവും അവലോകനവും നടത്തി അവയിലൂടെ പരിസ്ഥിതി ബന്ധിത പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതാണ്. പരിസ്ഥിതി ബന്ധിത അവലോകനം ചുവടെ ചേർക്കുന്നു

## പരിസ്ഥിതി ബന്ധിത അവലോകനം

### കാലാവസ്ഥ

കൊട്ടാരക്കര പഞ്ചായത്ത് ഇടനാട് കാർഷിക കാലാവസ്ഥാ മേഖലയിൽ ഉൾപ്പെടുന്നു. ഇവിടുത്തെ വാർഷിക വർഷപാതം 2554 മി.മീറ്ററാണ്. കേരളത്തിന്റെ വാർഷിക വർഷപാതം 3063 മി.മീറ്ററാണ്. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസം ജൂണും ഏറ്റവും കുറവ് ജനുവരിയിലുമാണ്. വടക്കുകിഴക്കൻ മൺസൂണിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലയാണ് കൊല്ലം. കൊല്ലം ജില്ലയിൽ കൂടിയ താപനില രേഖപ്പെടുത്തുന്നത് മാർച്ച് മാസത്തിലും (36 സെൽഷ്യസ്) കുറഞ്ഞ താപനില (19.1 സെൽഷ്യസ്) രേഖപ്പെടുത്തുന്നത് ജനുവരി മാസത്തിലുമാണ്.

ശരാശരി വാർഷിക താപനില

| വർഷം | കൂടിയത് | കുറഞ്ഞത് |
|---|---|---|
| 1990 | 36.7 | 19.8 |
| 1991 | 36.6 | 20.5 |
| 1992 | 38.5 | 19.8 |
| 1993 | 36.7 | 19.6 |

199293 കാലയളവിലാണ് കൊട്ടാരക്കര പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത്

| വർഷം | വാർഷിക വർഷപാതം (മി.മീറ്ററിൽ) |
|---|---|
| 1990 | 2559 |
| 1991 | 2745 |
| 1992 | 2430 |
| 1993 | 3265 |

### ജനപ്രകൃതി

കൊട്ടാരക്കര പഞ്ചായത്തിലെ 1991ലെ കാനേഷുമാരി കണക്കുപ്രകാരം മൊത്തം ജനസംഖ്യ 27783 ആണ്. ഇതിൽ 13642 പുരുഷന്മാരും 14141 സ്ത്രീകളും ഉൾപ്പെടുന്നു. പുരുഷന്മാരെ അപേക്ഷിച്ച് 499 സ്ത്രീകൾ കൂടുതലാണ്. കേരളത്തിലെ ആൺ-പെൺ അനുപാതം 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളാണ്. കൊട്ടാരക്കര പഞ്ചായത്തിൽ ഈ അനുപാതം 1000 പുരുഷന്മാർക്ക് 1045 സ്ത്രീകളാണ്. കേരളത്തിന്റെ ജനസാന്ദ്രത ച.കി.മീ.ന് 769 ആണ്. കൊല്ലം ജില്ലയിലേത് ച.കി.മീ.ന് 967 ആണ്. പട്ടികജാതി ജനസംഖ്യ ഈ പഞ്ചായത്തിൽ 27783 ആണ്. ഇതിൽ 13642 പുരുഷന്മാരും 14141 സ്ത്രീകളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ മൊത്തം സാക്ഷരർ 23120 ആണ്. 4663 പേർ നിരക്ഷരരാണ്. സാക്ഷരരിൽ 11572 പേർ പുരുഷന്മാരും 11548 പേർ സ്ത്രീകളും ആണ്.



000031 000030

# വികസന മേഖലകൾ

# V



000032

# V.I. കൃഷിയും ജലസേചനവും

കൊട്ടാരക്കര താലൂക്കിന്റെ സിരാകേന്ദ്രം ഉൾപ്പെടുന്ന ഈ പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കഴിഞ്ഞ ദശകങ്ങളിൽ നടപ്പിലായ ഭൂപരിഷ്ക്കരണ നിയമങ്ങളിലൂടെ ഇവിടെ സ്വാധീനം ചെലുത്തിയിരുന്ന നാടുവാഴിത്തത്തിനും ജന്മിത്വത്തിനും വഴിമാറേണ്ടിവന്നു. ഈ പരിഷ്ക്കാരങ്ങൾ തലമുറകളായി നിലനിന്നിരുന്നു. കാർഷിക തൊഴിൽ ബന്ധങ്ങളിലും ഉൽപാദനരംഗത്തും വിപ്ലവാത്മകമായ പരിവർത്തനമുണ്ടാക്കി, പഴയകാലത്ത ജനങ്ങളുടെ ജീവനോപാധി നെൽകൃഷിയും അനുബന്ധ തൊഴിൽമേഖലയുമായിരുന്നു എങ്കിൽ ഇപ്പോൾ ആ സ്ഥാനം റബ്ബർകൃഷി നേടി എടുക്കുകയുണ്ടായിട്ടുണ്ട്. ഉയരമേറിയ നാലു കുന്നുകളും സമതലങ്ങളും നെൽവയലുകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം. മുഖ്യ കൃഷി നെല്ല്, തെങ്ങ്, റബ്ബർ എന്നിവയും ഇടവിളകളായി മരച്ചീനി, മറ്റു കിഴങ്ങുവർഗങ്ങൾ, വാഴ, ധാന്യങ്ങൾ എന്നിവയും കൃഷി ചെയ്തുവരുന്നു.

ഈയംകുന്ന്, ഉഗ്രൻകുന്ന്, തേയിലകുന്ന്, അമ്പലപ്പുറം എന്നീ ഉയരമേറിയ പ്രദേശങ്ങളും സമതലങ്ങളും വയലുകളും അടങ്ങിയ ഈ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 17.40 sq km (1740 ഹെക്ടർ) ആയി കണക്കാക്കിയിരിക്കുന്നു. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട 12 തോടുകൾ ഒഴുകി കല്ലടയാറ്, ഇത്തിക്കരയാറ് എന്നിവയുമായി ബന്ധപ്പെടുന്നു. പഴയകാലങ്ങളിൽ പ്രാധാന്യം നെൽകൃഷിക്ക് ആയിരുന്നു. ജൂൺ മുതൽ ആഗസ്റ്റുവരെയും സെപ്തംബർ മുതൽ ഒക്ടോബർവരെയും രണ്ടുഘട്ടങ്ങളിലായി ലഭിച്ചുവന്ന ശരാശരി 300-320 സെന്റീമീറ്റർ മഴയെ മാത്രം ആശ്രയിച്ചായിരുന്നു എല്ലാകൃഷികളും നടത്തിയിരുന്നത്. പിൽക്കാലത്ത് തോടുകളും കുളങ്ങളും സംരക്ഷിച്ച് കൃഷിക്ക് ഉപയോഗിച്ചുവരുന്നു. സാധാരണയായി ചേറാടി, മുണ്ടകൻ, തവളക്കണ്ണൻ, 19, 27, ആറാംവെള്ള എന്നീ വിത്തിനങ്ങൾ, ചാണകം, ചാമ്പൽ, ഇലത്തോൽ എന്നീ ജൈവവളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്തുവന്നു.

എന്നാൽ ജൈവവളത്തിന്റെ കുറവും ഉപയോഗക്രമത്തിനുള്ള സൗകര്യവും കാരണം കഴിഞ്ഞ ഒന്നു രണ്ടു ദശവത്സരക്കാലങ്ങളായി കൃഷിക്ക് രാസവളമാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. വർഷങ്ങളായി ഉപയോഗിച്ചുവന്ന പഴയ വിത്തിനങ്ങൾക്കു പകരം 1 R 8, ജ്യോതി, ജയ തുടങ്ങി അത്യുൽപാദനശേഷിയുള്ള പുതിയ വിത്തിനങ്ങൾ രാസവളങ്ങൾ ഉപയോഗിച്ചു കൃഷി ചെയ്യാൻ തുടങ്ങിയതോടെ ഉൽപാദനരംഗത്ത് നെൽകൃഷി ഗണ്യമായ നേട്ടമുണ്ടാക്കി. നെൽകൃഷിക്കു പുറമേ പാടങ്ങളിൽ ഇടവിളയായി മരച്ചീനി, വാഴ, ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നു.

### കൃഷി വിഭവങ്ങളുടെ ഉൽപാദനക്ഷമത
(അവലംബം-കൃഷിഭവൻ റിപ്പോർട്ട്)

| വിള | വിസ്തീർണം ഹെക്ടർ | ആകെ ഉല്പാദനം | ഉല്പാദനം ക്ഷമത ഹെക്ടറിന് |
|---|---|---|---|
| നെല്ല്-ഒന്നാംവിള | 130 | 455 MT | 3.5 MT |
| നെല്ല്-രണ്ടാംവിള | 130 | 390 MT | 3.0 MT |
| ധാന്യങ്ങൾ | 95 | 130 MT | 1.4 MT |
| തെങ്ങ് | 430 | 1307200 | 3040 |
| വാഴ | 40 | 480000 | 12000kg |
| മരച്ചീനി | 40 | 100000 | 2500 kg |
| കശുമാവ് | 50 | 200000 | 4000 kg |
| റബ്ബർ | 350 | 1575000 | 4500 kg |
| കുരുമുളക് | 50 | 125000 | 2500 kg |
| ഇഞ്ചി | 20 | 200000 | 10000 kg |
| പച്ചക്കറികൾ | 10 | - | - |
| മറ്റുള്ളവ | 70 | - | - |

ജലസേചനത്തിനായി തോടുകൾ, കുളങ്ങൾ എന്നിവ ചിറകെട്ടി സംരക്ഷിച്ച് കൃഷിക്ക് ഉപയോഗിക്കുന്നു. ജനങ്ങൾ വീടുവയ്ക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങുപോലുള്ള കാർഷികവിളകൾ നടുന്നതിനും വേണ്ടി വയലുകൾ നികത്താൻ തുടങ്ങിയതോടെ നെല്ല് ഉൽപാദനക്രമത്തിൽ ഗണ്യമായ കുറവു ഉണ്ടായിട്ടുണ്ട്. നെൽകൃഷി ലാഭകരമല്ലാതായതും കർഷക തൊഴിലാളികളുടെ പിൻതലമുറക്കാർ ആധുനിക വിദ്യാഭ്യാസം മൂലം മറ്റ് തൊഴിൽ മേഖലകളിലേക്ക് ആകർഷിക്കപ്പെട്ടതും കർഷകതൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടാക്കി. ഇതുമൂലം കർഷകർ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വാഴ, പച്ചക്കറികൾ, മറ്റു ഉടവിളകർ എന്നിവയുടെ ഉല്പാദനത്തിലും ഗണ്യമായ കുറവുണ്ടാക്കി.

വയലുകൾ നികത്തിയത് പാടശേഖരങ്ങളിൽ നീർക്കെട്ടിനു കാരണമായി. ഇതുമൂലം നിലം തരിശായി മാറിയത് ഭക്ഷ്യോല്പാദനരംഗത്ത് കുറവു വന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. റയിൽവേസ്റ്റേഷനു സമീപമുള്ള ഏലയും പുലമൺ ഏലയും ഇതിന് ഉദാഹരണങ്ങളാണ്. കൃഷിമായി ബന്ധപ്പെട്ട് സംരക്ഷിച്ചുപോന്ന തോടുകൾ, കുളങ്ങൾ എന്നിവയും മണ്ണിടിഞ്ഞുവീണ് നികന്ന് ഉപയോഗശൂന്യമായിരിക്കയാണ്. ഇവകൾ ശരിയായരീതിയിൽ പരിരക്ഷിക്കപ്പെടുന്നില്ല.



000033

## വളം

FACT സെൻട്രൽ ഡിപ്പോ, Madras ഫെർട്ടിലൈസിന് വെയർ ഹൗസ്, E.D. Parry Water House എന്നിവയും സഹകരണമേഖലയിലെ ഒരെണ്ണവും സ്വകാര്യമേഖലയിലെ 12 എണ്ണവും ഉൾപ്പടെ 16 വളം വിതരണകേന്ദ്രങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇപ്പോൾ ഉപയോഗത്തിലുള്ള വളപ്രയോഗരീതിയിൽ 75% രാസവളമാണ് ഉപയോഗിക്കുന്നത്..

ഇത് ശാസ്ത്രീയമായ രീതിയിലല്ല നടത്തുന്നത്. ഈ അശാസ്ത്രീയ വളപ്രയോഗം കൃഷി ചെലവിൽ അനാവശ്യമായ വർദ്ധന ഉണ്ടാക്കുന്നു. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളക്കുറവ് പരിഹരിക്കാനാവശ്യമായ ശാസ്ത്രീയ വളപ്രയോഗം നടക്കുന്നില്ല. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതുകൊണ്ട് ജൈവവളത്തിന്റെ ഉപയോഗക്രമം വളരെ കുറവാണ്. എന്നാൽ ഈ അടുത്തകാലത്ത് ആയി രാസവളപ്രയോഗം കുറച്ച് ജൈവവളം കൂടുതൽ ഉപയോഗിക്കുന്ന പ്രവണത കർഷകരിൽ കണ്ടുവരുന്നുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലത്തെ വളത്തിന്റെ ഉപയോഗം താഴെ കാണാം.

| | 93-94 | 94-95 | 95-96 |
|---|---|---|---|
| രാസവളം | 2880 MT | 3020 MT | 3300 MT |
| കീടനാശിനി ദ്രവം | 190 Lit | 230 Lit | 400 Lit |
| കീടനാശിനി ഖരം | 220 kg | 250 kg | 475 kg |

(അവലംബം. കൃഷിഭവൻ റിപ്പോർട്ട്)

## കാർഷികോപകരണങ്ങൾ

പാടശേഖര കമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നൽകിയ ട്രാക്ടർ 2 എണ്ണം, 4 റോക്ക് സ്പ്രേയർ, 21 നാപ്സ്റ്റാക്ക് സ്പ്രേയർ എന്നിവയാണ് കാർഷിക യന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. ഏകദേശം 20 ജോഡിയോളം ഉഴവുമാടുകളും ഈ പഞ്ചായത്തിൽ ഉള്ളതായി കണക്കാക്കപ്പെടുന്നു. കൂടാതെ സമീപ പഞ്ചായത്തിലെ യന്ത്രോപകരണങ്ങളും ഇവിടെ കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്. നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭ്യമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട്. ഏഴ് പാടശേഖര സമിതികൾ രൂപീകരിക്കുകയുണ്ടായി. പലതും വേണ്ടത്ര ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഇവയുടൻ തന്നെ പുനഃസംഘടിപ്പിക്കേണ്ടതാണ്.

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം വളരെ കുറഞ്ഞുവരുന്നു. പഴയരീതിയിൽ നടന്നുവരുന്നതുപോലെ കൊയ്യാനും മെതിക്കാനുമായി തൊഴിലാളികളെ കിട്ടുന്നില്ല. തൊഴിലാളികളുടെ കൂലിയായി രൂപമാത്രം വാങ്ങുന്ന പ്രവണതയും ഈയിടെയായി കണ്ടുവരുന്നുണ്ട് കര കർഷകതൊഴിലാളികളുടെ ശരാശരി കൂലിനിരക്ക് പുരുഷനെ 100/-രൂപായും സ്ത്രീകൾക്ക് 70/-രൂപയുമാണ്.

## തോടുകൾ

പഞ്ചായത്തിലെ ആകെയുള്ള തോടുകളുടെ എണ്ണം 12 ആണ് അവയുടെ ആകെ നീളം 27.55kമീറ്റർ ആയി കണക്കാക്കിയിരിക്കുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

| വാർഡ് | തോടിന്റെ പേര് | നീളം K.Meter | വീതി മീറ്റർ |
|---|---|---|---|
| 1. | മുതുയറ ഏലാത്തോട് | 5.8 | 4.00 |
| 2. | താനത്തുവാതുക്കൽ ഏലാതോട് | 1.8 | 3.50 |
| 3. | നെച്ചിറ ഏലാതോട് | 2.8 | 2.40 |
| 4. (a) | അലവമൺ തോട് | 1.9 | 2.50 |
| (b) | ആയില്ലൂർ തോട് | 2.6 | 1.80 |
| 5. | ചെന്തറ തോട് | 1.25 | 3.0 |
| 6. | അവണ്ടൂർ തലകൂട്ടതോട് | 0.10 | 2.0 |
| 7. (a) | പുലമൺ തോട് | | |
| (b) | മീൻ പടിപ്പാറ തോട് | 1.50 | 2.0 |
| 9. (a) | പാണ്ടിവയൽ തോട് | 1.80 | 1.8 |
| (b) | പെരുവം കുഴി തോട് | 2.00 | 2.4 |
| 10. | കുലശേഖരനല്ലൂർ തോട് | 3.50 | 3.0 |
| | | 27.55 | |

അവലംബം പഞ്ചായത്ത് രേഖ

ഈ തോടുകളെല്ലാം രണ്ടു ഭാഗങ്ങളിലൂടെ ഒഴുകി കല്ലടയാറ്റിലും ഇത്തിക്കരയാറ്റിലും എത്തിചേരുന്നു.

## കുളങ്ങൾ കിണറുകൾ

ചെറുതും വലുതുമായ 8 കുളങ്ങളും, പഞ്ചായത്ത് വിവിധ വാർഡുകളിൽ നിർമ്മിച്ചിട്ടുള്ള 48 കിണറുകളും ഈ പഞ്ചായത്തിലുണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കപ്പെടുകയോ കൃഷിക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. വേണ്ടവിധത്തിൽ സംരക്ഷിച്ചാൽ വേനൽക്കാലങ്ങളിലെ ജലദൗർലഭ്യം ഒഴിവാക്കുന്നതിനും കൃഷിക്ക് ഉപയോഗിക്കുന്നതിനും പ്രത്യേകിച്ച് പച്ചക്കറികൃഷിക്ക് ഉപയോഗിക്കുന്നതിനു സഹായകമായിരിക്കും.

## നഴ്സറികൾ

നല്ല രീതിയിൽ പ്രവർത്തിക്കുന്ന നഴ്സറികൾക്കുവേണ്ടി ഇതര പഞ്ചായത്തുകളിലെ നഴ്സറികളെ ആശ്രയിക്കേണ്ടി വരുന്നു. കൃഷിഭവൻ വഴി വസ്തുക്കൾ വിതരണം ചെയ്യാറുണ്ടെങ്കിലും യഥാസമയം കിട്ടാറില്ല എന്നു പറയാതെ വയ്യ. കൂടാതെ പുതിയ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ പ്രതികൂല അവസരങ്ങളിൽ വിതരണത്തിനും വരാറുണ്ട് എന്നതും ഒരു വലിയ പ്രവർത്തന ന്യൂനതയായി പരിഗണിക്കുന്നു. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന പ്രധാന നടിൽ വസ്തുക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു.



000034

### 3.5 നടീൽ വസ്തു വിതരണം

| ഇനം | | എണ്ണം 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| തെങ്ങ് | WCT | 300 | 200 | 400 |
| | TXD | 25 | 75 | 50 |
| | DXT | 25 | 30 | 40 |
| | CDB | 283 | - | - |
| കശുമാവ് | | - | 160 എണ്ണം | - |
| കുരുമുളക് | | 1600 | - | 3000m |
| കവുങ്ങ് | | - | - | 180 |
| പച്ചക്കറി | | - | 5പാക്കറ്റ് | - |
| പച്ചക്കറി സ്കൂൾ കുട്ടികൾക്ക് | | 2000പാക്കറ്റ് | 500പാക്കറ്റ് | 750പാക്കറ്റ് |
| പച്ചക്കറി സ്കൂൾതോട്ടം | | 1കിറ്റ് | - | 600പാക്കറ്റ് |
| കുരുമുളക് | | 1650 | - | 3000 |
| നെൽവിത്ത് | ജ്യോതി | 300 | - | 680 |
| | ജയ | 50 | - | - |
| | ഓണം | 200 | - | - |
| പയർ | | - | 200Kg | 240Kg |
| ഗ്രാമ്പു | | - | 50 | 90 |
| ജാതി | | - | 25 | 180 |
| ഇഞ്ചിവിത്ത് | | - | 1254Kg | - |

(അവലംബം കൃഷിഭവൻ റിപ്പോർട്ട്)

## പ്രശ്നങ്ങൾ

പുലമൺതോടിന്റെ വശങ്ങൾകെട്ടി സമീപപ്രദേശങ്ങളും ഏലയും വെള്ളപ്പൊക്കത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ഉദ്ദേശിച്ച് 1.89 ലക്ഷംരൂപ അടങ്കൽ തുകയിൽ ടെൻഡർ ചെയ്ത പണി ഇതുവരെ തുടങ്ങിയിട്ടില്ല. പാൽക്കുളത്തിലെ വെള്ളക്കെട്ടിൽനിന്നും പുലമൺകോയിക്കൽ ഏലയെ സംരക്ഷിക്കുന്നതിനുവേണ്ടി നടപ്പാക്കാനുദ്ദേശിക്കുന്ന 3.3 ലക്ഷം അടങ്കൽ തുകയുള്ള പദ്ധതികളും ആരംഭിക്കാനിരിക്കുന്നതേ ഉള്ളൂ. ഈ പദ്ധതികൾ 96 ഡിസംബറിൽ ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു തൊഴിലാളികളുടെ കുറവ്, ഉല്പാന്നത്തിന്റെ വിലക്കുറവ് പ്രകൃതി ക്ഷോഭങ്ങൾ എന്നിവ. നെൽകൃഷി ഉല്പാദനം കുറയുന്നതിനു കാരണമായി. മുഖ്യകൃഷിയായ തെങ്ങാകട്ടെ വിവിധ രോഗങ്ങളാൽ നശിച്ചുകൊണ്ടിരിക്കുന്നു. നാളീകേരത്തിന്റെ വിലക്കുറവുമൂലം തെങ്ങുകൃഷി ഗണ്യമായി കുറച്ച് റബ്ബർ കൃഷി വർദ്ധിപ്പിച്ചുവരുന്നു. ജൈവവളത്തിന്റെ അഭാവം, രാസവളത്തിന്റെ അശാസ്ത്രീയ ഉപയോഗം ഇവ ഉൽപ്പാദനക്ഷമതകുറയാൻ കാരണമായിട്ടുണ്ട്. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പരിശോധനയ്ക്കു റിപ്പോർട്ട് കിട്ടാത്തതുകൊണ്ട് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ജലസേചനക്കുറവുമൂലം ഇടവിളയായി ചെയ്യുന്ന കൃഷികൾ പ്രായേണ കുറഞ്ഞുവരുന്നു. ആധുനികകൃഷി ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി കൃഷിഭവന്റെ പ്രവർത്തനം ചില വാർഡുകളിലൊഴികെ പല സ്ഥലത്തും എന്നതില്ല. പുതിയഇനം നടീൽ വസ്തുക്കൾ കിട്ടാനില്ലാത്തതും വിദഗ്ദരുടെ സേവനം ആവശ്യസമയങ്ങളിൽ കിട്ടാതിരിക്കുന്നതും, സർക്കാരിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങളെപ്പറ്റിയുള്ള കാര്യങ്ങൾ അറിവില്ലാത്തതുകൊണ്ടും കൃഷിയുടെ പുരോഗതി ഗണ്യമായി തടസ്സപ്പെടുന്നു.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. കൊട്ടാരക്കര പഞ്ചായത്തിലെ എല്ലാവാർഡുകളിൽക്കൂടിയും നിർമ്മിച്ചിട്ടുള്ള K.I.P കനാലുകളിൽ കൂടി കൃഷിക്ക് ഉപയുക്തമായ രീതിയിൽ ജലം ഒഴുക്കിവിടുന്നതിനും പാടശേഖരങ്ങളിൽ തക്കസമയത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനും സത്വരനടപടികൾ സ്വീകരിക്കണം.
2. നിലവിലുള്ള ഏലവികസന സമിതികൾ പുനഃസംഘടിപ്പിക്കുകയും അതുവഴി എല്ലാ കർഷകർക്കും നല്ല വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, സ്പ്രേയറുകൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ട നടപടികൾ എടുക്കണം.
3. ഏലവികസന സമിതികൾക്ക് ഓരോ വാർഡിലെയും ഉപയോഗത്തിനായി ഓരോ Teller & Traider കൊടുക്കുന്നതിനും ഈ പഞ്ചായത്തിലെ പൊതുവായ ആവശ്യത്തിനായി രണ്ടു Tractor & Trailor സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണം.
4. ഓരോ വാർഡിലും ഓരോ വിത്ത് സംഭരണകേന്ദ്രവും വിത്ത്, തൈകൾ, എന്നിവയുടെ ഓരോ Nursuryയും സ്ഥാപിക്കുന്നത് കർഷകർക്ക് ഉപയോഗപ്രദമായിരിക്കും.
5. ഈ പഞ്ചായത്തിൽ ആവശ്യത്തിനനുസരിച്ച് വളം/കീടനാശിനി ഡിപ്പോകൾ ഇല്ല. ഡിപ്പോകൾ ഇല്ലാത്ത വാർഡുകളിൽ സഹകരണ മേഖലയിൽ ഡിപ്പോകൾ തുടങ്ങുകയോ പഞ്ചായത്തിന്റെ ചുമതലയിൽ ഡിപ്പോകൾ തുടങ്ങുകയോ ചെയ്യുന്നത് കർഷകന്റെ ആവശ്യമായി കരുതി അടിയന്തരമായി നടപടികൾ സ്വീകരിക്കണം.
6. എല്ലാ വീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനു പ്രേരിപ്പിക്കുകയും വിത്തും വളവും സാങ്കേതിക നിർദ്ദേശങ്ങളും ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ 10 വീടിന്റെ ഒരു ഗ്രൂപ്പ് തിരിച്ച് വിവിധയിനം പച്ചക്കറികൾ കൃഷിചെയ്യുന്നതിന് കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ സഹായം ലഭ്യമാക്കണം.
7. ഓരോ വീട്ടിലും ഏറ്റവും കുറഞ്ഞത് 5 മൂടു വാഴ,



000035

10 മൂട് കുരുമുളക് എന്നിവ നിർബന്ധമായും കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും കർഷകർക്ക് വിത്തും കരുമുളക്‌വള്ളിയും സൗജന്യമായി വിതരണം ചെയ്ത് പ്രോൽസാഹിപ്പിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ ഉപയോഗശൂന്യവും തരിശായി കിടക്കുന്നതുമായ പൊതു സ്ഥലങ്ങൾ കശുമാവു കൃഷി ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. ഇപ്പോൾ ലഭിക്കുന്ന തുച്ഛമായ സബ്സിഡി വർദ്ധിപ്പിച്ച് കശുമാവു കർഷകരെ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

9. ഈ പഞ്ചായത്തിലെ കാറ്റു വീഴ്ച ബാധിച്ച എല്ലാ തെങ്ങുകളും വെട്ടിമാറ്റുന്നതിന് നഷ്ടപരിഹാരമായി ഓരോ തെങ്ങിനും 1000/- രൂപാ വീതം ഓരോ കർഷകനും നൽകുന്നതിനും കൂടാതെ രോഗപ്രതിരോധ ശേഷിയുള്ള നല്ലയിനം തെങ്ങിൻ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനും നടപടികൾ എടുക്കേണ്ടതാണ്.

10. തെങ്ങിനുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമെതിരെയുള്ള പ്രതിരോധ നടപടികൾ എടുക്കേണ്ടതാണ്. ഇതിനുവേണ്ടി ഓരോ വാർഡിലും spraying squard കൾ രുപീകരിക്കുകയും ആവശ്യമായി പ്രെതിരോധ മരുന്നുകൾ sprayer മറ്റുപകരണങ്ങൾ എന്നിവ സൗജന്യ നിരക്കിൽ ലഭ്യമാക്കണം. സമഗ്ര തെങ്ങു കൃഷി വികസന പരിപാടിയിൽ ഉൾപ്പെടുത്തി കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

11. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് ആദായം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ പുഷ്പ കൃഷി, കൂൺ കൃഷി, വെറ്റില കൃഷി, ഇഞ്ചി, കുരുമുളക്, തുടങ്ങിയ സുഗന്ധദ്രവ്യ കൃഷി തേനിച്ച വളർത്തൽ എന്നിവയ്ക്ക് പുതിയ തൊഴിൽ സംരഭകരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും വർദ്ധിപ്പിച്ച് സബ്സിഡിയോടു കൂടിയ ധന സഹായവും ലഭ്യമാക്കേണ്ടതാണ്.

12. എല്ലാ വാർഡിലുമുള്ള മണ്ണ് സാമ്പിൾ പരിശോധിച്ച് ഗുണമേന്മക്കനുസൃതമായ വളക്കുറവ് പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിന് കൃഷിവിദഗ്ധരുടെ സേവനം അടയന്തിരമായി ലഭ്യമാക്കണം.

13. ഓരോ വാർഡിലും മൂന്നു മാസത്തിലൊരിക്കൽ ഒരു കാർഷിക സെമിനാർ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നടത്തുകയും പ്രോൽസാഹനമെന്ന നിലയിൽ കൃഷി മത്സരം ഏർപ്പെടുത്തുകയും വിജയികൾക്ക് വാർഷിക അവാർഡ് നൽകുനതിന്‌വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

14. അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭങ്ങൾക്കു മുന്നിൽ നിസ്സഹായരായി നില്ക്കേണ്ടിവരികയും പലവിധത്തിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ച് കടബാദ്ധ്യതയിൽപ്പെട്ടുപോകുന്നവരുമായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കേണ്ടതാണ്.

15. കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനു സഹായകമായ രീതിയിൽ റയിൽവേസ്റ്റേഷൻ ജംഗ്ഷൻ. തൃക്കണ്ണമംഗൽ ജംഗ്ഷൻ എന്നീ സ്ഥങ്ങൾ കേന്ദ്രീകരിച്ച് ഓരോ റഗുലർ മാർക്കറ്റ് ആരംഭിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

16. ഈ പഞ്ചായത്തിലെ എല്ലാ പാടശേഖരങ്ങളിലും Tractor ഇറക്കാനുള്ള വഴികൾ/ ചപ്പാത്തുകൾ നിർമ്മിക്കണം. താഴെ പറയുന്നവ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

A. അമ്പലപ്പുറം ഏലായുടെ കിഴക്കേക്കരയ്ക്ക് ചപ്പാത്ത് ഉണ്ടാക്കുകയും ഇളവൂർ ഏലാ വരെയുള്ള വഴി കാരയ്ക്കൽ വയൽ വരെ നീട്ടേണ്ടതുമാണ്.

B. പാണ്ടി വയൽ പാടശേഖരത്തിലെ താഴെ മൊട്ടപ്പറ ഏലായിൽ ഇറങ്ങാൻ സൗകര്യമായി Tractor റോഡ്, ചപ്പാത്ത് എന്നിവ നവീകരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കണം.

C. എട്ടാം വാർഡിലെ പണയിൽ ഭാഗത്തും പാങ്ങോട്ടു ഭാഗത്തും Tractor റോഡ് ആവശ്യമാണ്.

ഈ പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങൾ കൃഷിക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയാക്കി പമ്പുസെറ്റ് സ്ഥാപിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റു സ്ഥാപിച്ച് കൃഷിക്ക് ആവശ്യമായ രീതിയിൽ ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

വാർഡ് 1. ആവിയോട് ഏലായിലും ഏറൻകോട് ഏലയിലും ജലലഭ്യത ഉണ്ടാകത്തക്ക വിധത്തിൽ തലയ്ക്കൽ കുളം കുഴിച്ച് പമ്പുസെറ്റു വയ്ക്കുക.

വാർഡ്2. പറയാട് ഏലയുടെ തലയ്ക്കൽ കുളം കുഴിക്കുകയും കൊന്നയ്ക്കൽ ഏലയുടെ തലയ്ക്കൽ സ്ഥിതിചെയ്യുന്ന കുളം ഉപയോഗപ്രദമായ രീതിയിൽ നവീകരിക്കകയും ചെയ്യണം. പറയാട് ഏലയുടെ മദ്ധ്യഭാഗത്തുകൂടിയുള്ള ചെറുതോട് ആയലൂർ ഏലയുടെ കിഴക്കുവശത്തുള്ള ചെറുതോട് ആയല്ലൂർ ഏലയുടെ കിഴക്കുവശത്തുള്ള ചെറുതോട് ഇവയുടെ വശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടി മഴക്കാലത്ത് ഉണ്ടാകാറുള്ള വെള്ളപ്പൊക്കവും കൃഷിനാശവും ഒഴിവാക്കണം. തെറ്റിയോടു പാലത്തിന്റെ അടിവശം തകർന്നു തോടു നികന്നു കൊണ്ടിരിക്കുന്നതിനാൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കണം.

വാർഡ്3. മടന്തക്കോണത്ത് നിലവിലുള്ള കുളം വിപുലീകരിച്ച് വൃത്തിയാക്കുകയും ഈയം കുന്നിന്റെ താഴെ പടിഞ്ഞാറ് മടന്തക്കോണം ഒരു പുതിയ കുളം കുഴിച്ച് ഉപയാഗയോഗ്യമാക്കാൻ നടപടി എടുക്കണം.

വാർഡ്4. പാണ്ടിവയൽ തോട് വൃത്തിയാക്കുകയും നിലവിലുള്ള ചീർപ്പുകൾ പുതുക്കിപ്പണിത് ഉപയോഗപ്രദമാക്കുകയും ചെയ്യണം.

വാർഡ്5. കണായാം കോണത്തു ഏലയുടെ തലയ്ക്കൽ ഒരു കുളം കുഴിച്ച് ജലസംഭരണിയും പമ്പുംവച്ച്



000036

ഉപയോഗപ്രദമായ വിധം outlet സജ്ജമാക്കേണ്ട താണ്.

വാർഡ് 6. ചെരുവൻകര ചീർപ്പ് ഉപയോഗപ്രദമാക്കി കൃഷിക്ക് ആവശ്യമായ ജല സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതാണ്.

വാർഡ് 7. പുലമൺ തോട് തോഴിക്കോണം ഏലാതോട് എന്നിവിടങ്ങളിൽ നിലവിലുള്ള ചീർപ്പുകൾ നവീകരിക്കുകയും കൃഷിക്ക് ഉപയുക്തമാകത്തക്ക വിധത്തിൽ ജലസേചനം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വാർഡ് 8. കുലശേഖര നല്ലൂർ ഏലയുടെ ഒരുവശത്തു കൂടിയുള്ള നീർച്ചാൽ യോഗ്യമല്ലാത്തതിനാൽ അവിടെ നീർക്കെട്ട് അനുഭവപ്പെടുന്നതിനു സത്വരപരിഹാരം ഉണ്ടാക്കേണ്ടതാണ്.

വാർഡ് 9. താമരശ്ശേരിഭാഗത്തുനിന്നും കളപ്പിലാഭാഗത്തു നിന്നും തുടങ്ങി ആയിലൂർ ഭാഗത്തേക്ക് ഒഴുകുന്ന തോടുകൾ മണ്ണിടിഞ്ഞുവീണ് നികന്നും വശങ്ങൾ ഇടിഞ്ഞും ജലസേചനസൗകര്യം ഇല്ലാതായിരിക്കുന്നു. തോടുകൾ വൃത്തിയാക്കിയും വശങ്ങൾ പാറകൊണ്ട് കെട്ടിയും അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. മണക്കുന്നിൽഭാഗം, പട്ടക്കുന്നിൽ ഭാഗം, മേലേ മൊട്ടപ്പാറഭാഗം, കുളങ്ങര ഭാഗം, തെങ്ങിലഴികത്തുഭാഗം എന്നിവിടങ്ങളിലുള്ള ചീർപ്പുകൾ വൃത്തിയാക്കിയും പലകയിട്ടും ജലസേചനസൗകര്യം വർദ്ധിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കേണ്ടതാണ്. കണ്ടച്ചിറയുടെ മുകൾ ഭാഗം, തൂപ്പറ ഭാഗത്തുള്ള ചാരക്കുഴി, പുളിവിള ഭാഗം, കീഴ്കൊരട്ടി ഏലയുടെ മുകൾഭാഗം എന്നിവിടങ്ങളിൽ കുളം കുഴിക്കുകയും പമ്പുസെറ്റ് സ്ഥാപിച്ച് കൃഷിക്ക് ആവശ്യമായ അവസരങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്.

ചരിഞ്ഞ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി കയ്യാലവെട്ടുകയും ബണ്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നതിനുവേണ്ടി ധനസഹായം ലഭ്യമാക്കേണ്ടതാണ്. പാടശേഖരങ്ങൾ നികത്തി കൃഷിക്ക് അനുയോജ്യമല്ലാതാക്കുന്നത് നിയമംമൂലം തടയുന്നതിനു ആവശ്യമായ നടപടികൾ എടുക്കണം.

മൂന്നാം വാർഡിന്റേയും പതിനൊന്നാം വാർഡിന്റെയും ഇടയ്ക്കുള്ള റോഡിൽ കൂടി മലിനജലം ഒഴുക്കിവിടുന്നതും റോഡിൽ കെട്ടിക്കിടക്കുന്നതും പൊതുജനാരോഗ്യത്തിന് ഹാനികരമാകയാൽ ഇവിടം ശുചിയാക്കുന്നതിനു വേണ്ട സത്വരനടപടികൾ സ്വീകരിക്കണം.

ഇതിനെല്ലാം ഉപരിയായി കൃഷി അത്യന്താധുനിക രീതിയിൽ യന്ത്രവൽക്കരിക്കുക, കൃഷി കൂടുതൽ ലാഭകരമാക്കുക, കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക തുടങ്ങി കൃഷിമേഖലയിൽ ഒരു സമൂല പരിവർത്തനം തന്നെ വരുത്തുവാനുള്ള കൂട്ടായ പ്രവർത്തനം നടത്തുവാൻ കർഷകരും കൃഷി വിദഗ്ദരും സാമ്പത്തിക സ്ഥാപനങ്ങളും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. കൊട്ടാരക്കര [illegible]ക്കിൽനിന്നും മറ്റും ഒഴുകിവരുന്ന മാലിന്യങ്ങൾ കുലശേഖ രപുരം ഇടവക ഏലായിൽ കൃഷി ചെയ്യുന്നതിന് തടസ്സം ഉണ്ടാകുന്നു. ആയതിനാൽ ഈ മലിനജലം ഒഴുകിപ്പോകുന്നതിനു ഏലായിൽ കൂടിയുള്ള ഓട പലരും കയ്യേറി യിരിക്കുന്നു. പ്രസ്തുത ഓട തുറന്ന് സൈഡ് കെട്ടി ശരിയാക്കി ഡ്രയിനേജ് സൗകര്യം മെച്ചപ്പെടുത്താൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

കേരളത്തിലെ കർഷകരുടെ ജീവിതനിലവാരം എല്ലാ അർത്ഥത്തിലും മെച്ചപ്പെടുത്താൻ കഴിയും വിധം കാർഷിക രംഗത്ത് വിപ്ലവകരമായ ഒരു സമൂലമാറ്റത്തിന് തുടക്കം കുറിക്കാൻ ഒമ്പതാം പദ്ധതി ലക്ഷ്യമിടുന്നു. മഹത്തായ ഈ യജ്ഞം സഫലീകരിക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിച്ച് ഒരു പുത്തൻ ജനകീയ സംസ്കാരത്തിന് മാതൃക കാണിക്കാൻ പ്രതിജ്ഞ എടുക്കാം.

## ചരിത്രം

1987 സെപ്തംബർ 1 നാണ് കൃഷിവകുപ്പ് പുനസംഘടിപ്പിച്ചത്. പഞ്ചായത്തുകൾ തോറും കൃഷിവകുപ്പിന്റേതായ കൃഷിഭവൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. കൊട്ടാരക്കരയിൽ പഴയ നിലയിൽ പ്രവർത്തിച്ചിരുന്ന കൃഷിവികസന യൂണിറ്റാണ് കൃഷിഭവൻ എന്ന രീതിയിൽ പുനഃസംഘടിപ്പിക്കപ്പെട്ടത്.

വിലങ്ങറയിൽ തെക്കേടത്തു കുഞ്ഞിരാമൻപിള്ള അവർകളുടെ കെട്ടിടത്തിൽ വാടകയ്ക്കു പ്രവർത്തിച്ചു വന്നിരുന്ന ഓഫീസ് 1995 നവംബർ 28 ന് കൃഷി അസി. ഡയറക്ടർ ഓഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിലേക്കുമാറ്റി. നിലവിലുണ്ടായിരുന്ന കൃഷി സബ്ഡിവിഷണൽ ഓഫീസ് നിർത്തലാക്കുകയും ടി കെട്ടിടത്തിൽ സ്ഥലസൗകര്യം ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിലാണ് കൃഷിഭവൻ ഓഫീസ് മാറ്റപ്പെട്ടത്.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിലേക്ക് കാർഷിക വികസന സമിതികൾക്ക് രൂപം കൊടുത്തത് കൃഷിഭവന്റെ പ്രവർത്തനം തുടങ്ങിയതോടൊപ്പം ആയിരുന്നു.

## 1. നെൽകൃഷി

ഉൽപ്പാദനബോണസും ഇനത്തിൽ കൊട്ടാരക്കര കൃഷിഭവൻ വഴി വിതരണം ചെയ്ത തുകയുടെ വിവരം താഴെകാണും പ്രകാരമാണ്.

| | | |
|---|---|---|
| 93-94 | 329 പേർക്ക് | Rs. 31250/ |
| 94-95 | 278 പേർക്ക് | Rs. 27409/ |
| 95-96 | 358 പേർക്ക് | Rs. 37500/ |

ആധുനിക കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിന് നെൽകൃഷിക്ക് ആവശ്യമായ ആധുനികകൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിന് അത്യുല്പാദനശേഷിയുള്ള സങ്കരയിനം വിത്തിനങ്ങളും ആധുനിക ഉപകരണങ്ങളും പ്രതിരോധ മരുന്നുകളും സൗജന്യനിരക്കിൽ നൽകുക. ഇൻസന്റീവ് ബോണസ്സ് വർദ്ധിച്ച തോതിൽ വിതരണം ചെയ്യുക. തുടങ്ങി ആകർഷകമായ രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്.



000037

## 2. സമഗ്ര തെങ്ങുകൃഷി വികസനം

ഈ പദ്ധതിയിലേക്ക് 12 വാർഡുകളിലായി 40 പമ്പു സെറ്റുകൾ സ്ഥാപിക്കുകയും 20 കിണർ കുഴിച്ച് ജലസേചനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിച്ച് 50 കിണറുകളും 50 പമ്പുസെറ്റുകളും സ്ഥാപിക്കുക. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി രോഗപ്രതിരോധശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കുക. മരുന്നു തളി ഏർപ്പെടുത്തുക തുടങ്ങി ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3. കുരുമുളക്

ഉല്പാദനം വർദ്ധിപ്പിക്കാൻ വേണ്ടി വളം, കീടനാശിനി, അത്യുല്പാദനശേഷിയുള്ള പുതിയ ഇനം വള്ളി എന്നീ ഇനങ്ങളിലായി 94-95 കാലയളവിൽ 8 പേർക്കായി 6000/ രൂപയും 95-96 കാലയളവിൽ 8 പേർക്കായി 3000/ രൂപയും കൊടുക്കുകയുണ്ടായി. സബ്സിഡി വർദ്ധിപ്പിച്ച് കുരുമുളകു തോട്ടങ്ങൾ നടപ്പിൽ വരുത്തുന്നതിനു തോട്ടവികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## 4. ഇഞ്ചി

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കുക. ഇഞ്ചികൃഷി വികസനതോട്ടങ്ങൾ അനുവദിക്കുക. വർദ്ധിപ്പിച്ച തോതിൽ സബ്സിഡി നൽകുക.

## 5. ഗ്രാമ്പു, ജാതികൃഷി

ഗ്രാമ്പു, ജാതികൃഷിയടെ വികസന തോട്ടങ്ങൾ വർദ്ധിപ്പിച്ച സബ്സിഡിയോടുകൂടി നടപ്പിലാക്കുക.

## 6. കശുമാവുകൃഷി

വളം, കീടനാശിനി, എന്നീ ഇനങ്ങളിലായി 94-95, 95-96 എന്നീ വർഷങ്ങളിൽ 69 പേർക്ക് 22500/ ഇവ വീതം കൃഷിഭവൻ വഴി വിതരണം നടത്തിയിട്ടുണ്ട്. വർദ്ധിച്ച തോതിൽ സബ്സിഡി നൽകി നിലവിലുള്ള കശുമാവ് തോട്ടങ്ങൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിലേക്ക് കശുമാവുകൃഷി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുക.

## 7. വെറ്റിലകൃഷി

സ്പെഷ്യൽതൊഴിൽ ദാനപദ്ധതിയിൽ ഉൾപ്പെടുത്തി വെറ്റിലകൃഷിയുടെ ഒരു യൂണീറ്റിന് 3000/ രൂപ സബ്സിഡി നൽകിയിട്ടുണ്ട്. വെറ്റിലകൃഷിയുടെ കൂടുതൽ യൂണീറ്റുകൾ സ്ഥാപിക്കുന്നതാണ്.

## 8. പയർവർഗ്ഗങ്ങൾ

കുറ്റിമുല്ല കൃഷി വികസിപ്പിക്കുക. ഓർക്കിഡ് ആന്തുറിയം തുടങ്ങിയ അലങ്കാരച്ചെടികൾ കയറ്റുമതി ചെയ്യാൻ സഹായകമായ രീതിയിൽ വിപുലമായ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

## 9. ഗ്രൂപ്പ് ഇൻഷുറൻസ്

പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക. പല പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളത് നാമമാത്രമായ സബ്സിഡിനിരക്കിലാണ്. ഉദാഹരണം കമ്പോസ്റ്റ് കുഴി ഒന്നിന് 25/ രൂപയാണ് സബ്സിഡി അനുവദിച്ചിരുന്നത്. ഇത് ആകർഷകമായ രീതിയിൽ വർദ്ധിപ്പിച്ച് കൂടുതൽ പ്രചരിപ്പിക്കുക. പരിപൂർണ്ണ വിജയമാകത്തക്കരീതിയിൽ പച്ചക്കറികൃഷി, വാഴകൃഷി തുടങ്ങിയവ കൂട്ടായ സംരഭത്തിലൂടെ നടപ്പിലാക്കുക. പ്രാദേശിക പ്രാധാന്യമുള്ള കൃഷി ഇനങ്ങൾ/ വിള ഇനങ്ങൾ നടപ്പിലാക്കുക. നടീൽ വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക. തുടങ്ങി കർഷകരുടെ ആദായം വർദ്ധിപ്പിക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും ഒമ്പതാം പദ്ധതി ലഭ്യമാകുന്നു.



000038

# V-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കൊല്ലം ജില്ലയിലെ വടക്കുകിഴക്കായി 17.40ച.കിലോമീറ്റർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന ഒരു സ്പെഷ്യൽ ഗ്രേഡു പഞ്ചായത്താണ് കൊട്ടാരക്കര. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും കൊട്ടാരക്കര പഞ്ചായത്തിന്റെ അധികാരതൃത്തിയിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ നാല് അതിരുകളിലേക്കും പോകുന്ന പ്രധാനപ്പെട്ട റോഡുകൾ ബന്ധിക്കുന്നത് ഇവിടെയാണ്. കൊട്ടാരക്കര-തിരുവനന്തപുരം, കന്യാകുമാരി; കൊട്ടാരക്കര-കോട്ടയം, കുമളി; കൊട്ടാരക്കര-ചെങ്കോട്ട, തമിഴ്നാട്; കൊട്ടാരക്കര- കൊല്ലം, ആലപ്പുഴ, എറണാകുളം എന്നിവ. ഭൂമിശാസ്ത്രപരമായ അനുകൂലഘടകങ്ങൾ ഈ പഞ്ചായത്തിനെ ഏതുതരം കൃഷിക്കും അനുയോജ്യമാക്കിമാറ്റുന്നു. ഭൂമിയുടെ നിഷ്മന്നോന്നതമായ കിടപ്പ് റബർ കൃഷിക്കും അനുരൂപമാക്കിത്തീർക്കുന്നു. പഞ്ചായത്തിൽ രണ്ടു തോടുകളുണ്ട്; വടക്കുഭാഗത്തുള്ള പുലമൺ തോട്ടിൽ ഏത് കാലാവസ്ഥയിലും ജലം ഉണ്ടാകും. പുലമൺ തോട് അതിന്റെ കരകളെ സജലങ്ങളാക്കി വടക്കോട്ടൊഴുക്കി ഏനാത്തുവച്ച് കല്ലടയാറ്റിൽ പതിക്കുന്നു. പടിഞ്ഞാറു ഭാഗത്തുകൂടി ഒഴുകുന്ന കറ്റുകെട്ടി പാണ്ടിവയൽതോട് ഇത്തിക്കരയാറ്റിലും പതിക്കുന്നു. കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാൽ വന്നതോടുകൂടി ഈ തോടിന്റെ ആഴം ഗണ്യമായി കുറയുകയും പല ഭാഗങ്ങളിലും തോട് നികന്നു പോകുകയും ചെയ്തതിനാൽ വേനല്ക്കാലത്ത് ഇപ്പോൾ തോട്ടിൽ ഇലം ഉണ്ടാകാറില്ല. ഒരു പട്ടണത്തിന്റെ തിക്കു തിരക്കും അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് കൊട്ടാരക്കര. ജനബാഹുല്യം പാർപ്പിടത്തിനുള്ള സ്ഥലം കണ്ടുപിടിയ്ക്കുന്നതിന് നിർബന്ധിതമാക്കിയിട്ടുണ്ട്. വാഹനങ്ങൾ നിഷ്പ്രയാസം എത്തിച്ചേരുന്ന സ്ഥലത്തെ വയലുകൾ മിക്കതും നികത്തിയെടുത്ത് വീടുകൾ നിർമ്മിച്ചു കഴിഞ്ഞു. തൊഴിലാളികൾക്ക് കൊടുക്കേണ്ട അമിതമായ കൂലികൂടുതൽ, കാർഷിക വിളകൾക്ക് ലഭിക്കുന്ന വിലക്കുറവ്, രാസവളങ്ങളുടെ വിലകൂടുതൽ, തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം എന്നിവയും നെൽകൃഷി നടത്തികൊണ്ടിരുന്ന ഒന്നാംതരം തരുപ്പ് നിലങ്ങൾ നികത്തിയെടുത്ത് കൂടിയവിലയ്ക്ക് വില്ക്കാൻ ഉടമസ്ഥരെ പ്രേരിപ്പിച്ച കാരണങ്ങളാണ്. എങ്കിൽ പോലും സർക്കാർ സ്ഥാപനങ്ങളിലൊ, സ്വകാര്യസ്ഥാപനങ്ങളിലൊ ജോലിചെയ്യുന്ന ഭൂരിപക്ഷം ജനതയുടെയും പ്രധാന തൊഴിൽ വരുമാന മാർഗ്ഗം കൃഷിയും അതിനോടനുബന്ധിച്ച മൃഗസംരക്ഷണമെഖലയുമാണ്. 10223 വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്, കുടുംബങ്ങളുടെ എണ്ണം അതിലും എത്രയോ കൂടുതലുണ്ടാകും. ഒരു വീട്ടിൽ തന്ന ഒന്നിലധികം കുടുംബങ്ങളുള്ള എത്രയെങ്കിലും കൂട്ടുകുടുംബങ്ങൾ ഇവിടെയുണ്ട്. കശുവണ്ടിവ്യവസായം, ഇഷ്ടിക നിർമ്മാണം, തടി വ്യവസായം എന്നിവയാണ് ഈ താലൂക്കിലെ പ്രധാനപ്പെട്ട വ്യവസായങ്ങൾ എങ്കിലും കൊട്ടാരക്കര പഞ്ചായത്തിലെ ചെറുതും വലുതുമായ ഒരൊറ്റ വ്യസായ സ്ഥാപനം പോലും പ്രവർത്തിക്കുന്നില്ല. അതിനാൽത്തന്നെ, മൃഗസംരക്ഷണം, കോഴിവളർത്തൽ, ക്ഷീരോല്പാദനം എന്നീ മേഖലകളിൽ അടിയന്തിര ശ്രദ്ധ പതിക്കേണ്ടതും സാദ്ധ്യമായ എല്ലാ പദ്ധതികളും പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകും വണ്ണം അവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുമാണ്. പ്രത്യേക തൊഴിലോ വരുമാനമോ ഇല്ലാത്ത അഭ്യസ്ത വിദ്യരായ യുവതിയുവാക്കളുടെ എണ്ണം, ജില്ലയിലെ മറ്റു താലൂക്കുകളെ അപേക്ഷിച്ച് ഈ താലൂക്കിൽ വളരെ കൂടുതലാണ്. വിദ്യാഭ്യാസത്തിൽ മാത്രമല്ല, അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയിലും കൊട്ടാരക്കര പഞ്ചായത്ത് ജില്ലയിലെ മറ്റു പഞ്ചായത്തുകളെ ബഹുദൂരം പിന്നിലാക്കുന്നു. മൃഗസംരക്ഷണം, കോഴി വളർത്തൽ, ക്ഷീരോല്പാദനം, ഇവയുമായി ബന്ധപ്പെട്ടു മറ്റു അനുബന്ധപദ്ധതികൾ എന്നീ മേഖലകളിൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ആകർഷിക്കാൻ കഴിഞ്ഞാൽ തൊഴിലില്ലായ്മ വലിയ ഒരളവിൽ പരിഹരിക്കാൻ കഴിയുന്നതാണ്, പരോക്ഷമായി, മറ്റു ജനങ്ങൾക്കും തൻനിമിത്തം പ്രയോജനം സിദ്ധിക്കുന്നു.

### മൃഗസംരക്ഷണം

1995-ലെ സാമ്പിൾ സർവ്വേ അനുസരിച്ച് കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ മൃഗസമ്പത്തുകളുടെ എണ്ണം പട്ടിക 1 ആയി താഴെ കൊടുക്കുന്നു.

## പട്ടിക 1

### വളർത്തു മൃഗങ്ങളും വളർത്തുപക്ഷികളും

| മൃഗങ്ങളുടെ വിവരം | മൃഗങ്ങളുടെ എണ്ണം |
|---|---|
| 1. പശു(Cow) | 3600 |
| 2. കന്നുകുട്ടികൾ (Heifer) | 1670 |
| 3. എരുമ(Buffalow) | 20 |
| 4. കാള (Ox) | 17 |
| 5. ആട്(Sheep & Goat) | 1915 |
| 6. മുയൽ (Rabbit) | 80 |
| 7. കോഴി(Fowl) | 6200 |
| 8. താറാവ് | 90 |

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. മിക്ക വീടുകളിലും മുട്ടയുടെ ആവശ്യത്തിനായി നാലും അഞ്ചും കോഴികളെ (Layers) വളർത്തുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിന്നും മറ്റു ഏജൻസികളിൽനിന്നും പണം വായ്പയായി (Loan) എടുത്ത് വ്യവസായികാടിസ്ഥാനത്തിൽ ഇറച്ചികോഴികളെ (Broiler birds) വളർത്തുന്നവരും ഉണ്ട്. പന്നിവളർത്തൽ, മുയൽ വളർത്തൽ., താറാവു വളർത്തൽ എന്നിവ ഒരു ജീവിതമാർഗ്ഗമായി സ്വീകരിച്ച് വ്യവസായികാടിസ്ഥാനത്തിൽ കൃഷിനടത്തുന്നവർ വിരളമാണ്.

വയലുകൾ നികത്തിയതു മൂലം നെൽകൃഷിയിൽ വന്ന കുറവ്, കാർഷികാവശ്യങ്ങൾക്ക് യന്ത്രങ്ങൾ ഉപയോഗിച്ചുതുടങ്ങിയത്. ജൈവവളങ്ങളേക്കാൾ രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി എന്നിവ വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ സാരമായ കുറവു വരുത്തിയിട്ടുണ്ട്. ഗതാഗതത്തിനും ഉഴവിനും യഥാക്രമം വാഹനങ്ങളും യന്ത്രങ്ങളും രംഗത്ത് എത്തിയതോടെ വണ്ടിക്കാളകളും ഉഴവുകാളകളും മിക്കവാറും ഇല്ലാതെ യായിത്തീർന്നിരിക്കുന്നു. അതിനാൽ കറവമാടുകളുടേയും മറ്റുവളർത്തുമൃഗങ്ങളുടേയും സംരക്ഷണം, ക്ഷിരവികസനം, ക്ഷീരോല്പാദന ഉൽപ്പന്നങ്ങൾ കോഴിവളർത്തൽ എന്നീ മേഖലകളിൽ ഒമ്പതാം പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ സംക്ഷിപ്തരൂപം താഴെകൊടുക്കുന്നു.

### I. മൃഗാശുപത്രി.

ഈ പ്രദേശത്തെ കന്നികാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളും, കഴിഞ്ഞവർഷം കൊട്ടാരക്കര മൃഗാശുപത്രിയിൽ ചികതസ ഉരുക്കളുടെ എണ്ണവും പട്ടിക II താഴെകൊടുക്കുന്നു

## പട്ടിക II

| രോഗങ്ങുടെ വിവരം | മൃഗങ്ങളുടെ എണ്ണം | | |
|---|---|---|---|
| | പശു | എരുമ | ആട് |
| 1. ദഹനസംബന്ധം (Digestive disoreders) | 450 | 28 | 100 |
| 2. ശ്വാസകോശസംബന്ധമായ Respriratory Diseases | 304 | 3 | 104 |
| 3. ഉപാപചയ സംബന്ധം (Metabolic disease) | 275 | 6 | 165 |
| 4. ത്വക്ക് രോഗങ്ങൾ (Skindisease) | 512 | 2 | 138 |
| 5. ധാതു ലവണങ്ങലുടെ അഭാവം Digeciency diseases | 575 | | 103 |
| 6. പരാദരോഗങ്ങൾ (Parastic Diseases) | 506 | 1 | 108 |
| 7. പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 524 | 2 | 36 |
| 8. വന്ധ്യത (Infertity) | 460 | 1 | 109 |
| 9. അകിടുവീക്കം(Mastits) | 495 | | 260 |
| 10. മുടന്തൻ പനി (Ephemeral fever) | 395 | | |
| 11. പകർച്ചവ്യാധികൾ (Contagious diseases) | 450 | | 274 |
| 12. മറ്റുള്ളവ (Others) | 100 | | 25 |

മിക്കവാറും എല്ലാത്തരം രോഗങ്ങൾക്കും ഈ പഞ്ചായത്ത് അത്യത്തിയിലെ മൃഗങ്ങൾക്ക് ചികിത്സ നടത്തുന്നുവെന്ന് പട്ടിക II ൽ നിന്നും വ്യക്തമാക്കുന്നു,. കൊട്ടാരക്കര പഞ്ചായത്തിൽ പ്രവൃത്തിക്കുന്നത് താലൂക്ക്



000040

മൃഗാശുപത്രിയാണ്. ഒരു വെറ്റിനറി സർജന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നത്. പഴയ തിരുവിതാംകൂർ സംസ്ഥാനത്ത് സർക്കാർ വക മൃഗാശുപത്രികൾ ആരംഭിച്ച കാലം മുതൽ പ്രവർത്തിച്ചുതുടങ്ങിയതാണ് പ്രസ്തുത ആശുപത്രി. ആരംഭകാലം മുതൽ ഇന്നുവരെ വാടകകെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തന്മൂലം ആളുകൾക്ക് എളുപ്പത്തിൽ എത്തുന്നതിനേ, ചികിത്സക്കായി മൃഗങ്ങളെ കൊണ്ടുവരുന്നതിനോ ആശുപത്രികളിൽ നിന്നും കൊടുക്കുന്ന കുറിപ്പുകൾ അനുസരിച്ച് മരുന്നുകൾ പുറമേ നിന്നും വാങ്ങുന്നതിനോ ഒന്നും യാതൊരു സൗകര്യവുമില്ലാത്ത വാടകകെട്ടിടങ്ങളിലായിരിക്കും പലപ്പോഴും ആശുപത്രി പ്രവർത്തിക്കുക.. ഇപ്പോഴത്തെ സ്ഥിതിയും അതുതന്നെയാണ്. പഞ്ചായത്തിന്റെ അധീനതയിൽ ൗണിൽത്തന്നെ പുറമ്പോക്കു ഭൂമിയുണ്ട്. അതിൽ മൃഗാശുപത്രിക്കുവേണ്ടി ഓപ്പറേഷൻ തിയേറ്റർ, ക്ലിനിക്കൽ ലാബോറട്ടറി എന്നിവ ഉൾപ്പെടുത്തി ആധുനീക സജ്ജീകരണങ്ങളോടും സൗകര്യങ്ങളോടും കൂടി സ്വന്തമായി കെട്ടിടം നിർമ്മിച്ചു നല്കേണ്ടതാണ്.

## II. ക്ലിനിക്കൽ ലാബ്

സമൂനലക്ഷണങ്ങളോടുകൂടിയ വ്യത്യസ്തരോഗങ്ങളുള്ള മൃഗങ്ങളെ പലപ്പോഴും ചികിത്സക്കായി ആശുപത്രികളിൽ കൊണ്ടുവരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അവയുടെ രക്തം, വിസർജ്യ വസ്തുക്കൾ തൊലി എന്നിവ ലാബോറട്ടറി പരിശോധനക്കയച്ച് കൃത്യമായും രോഗനിർണ്ണയം ചെയ്യേണ്ടതാണ്. ലാബോറട്ടറി പരിശോധനാ സൗകര്യം കൊട്ടാരക്കര മൃഗാശുപത്രിയിൽ ലഭ്യമല്ലാത്തതിനാൽ സൗകര്യമുള്ള മറ്റു സ്ഥലങ്ങളിൽ സാമ്പിളുകൾ അയച്ച് ഫലത്തിനു(Result) വേണ്ടി ദിവസങ്ങളോളം കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. കഴിഞ്ഞവർഷം മൃഗാശുപത്രിയിൽ നിന്നും സാമ്പിളുകൾ അയച്ച് ഫലം അറിഞ്ഞ് കേസുകളുടെ വിവരം താഴെ ചേർക്കുന്നു.

### പട്ടിക III

| | | |
|---|---|---|
| 1. | ചാണകം (Faecies) | 38 |
| 2. | മൂത്രം (Urine) | 16 |
| 3. | രക്തണ(Blood) | 10 |
| 4. | പാല് (Milk) | 21 |
| 5. | തൊലി ചുരണ്ടിയെടുത്തത്. (Skin serpings) | 36 |

പട്ടിക III- ൽ വിവരിച്ചതുൾപ്പെടെ രോഗങ്ങളിൽ പലതും അടിയന്തിര ചികിത്സ അർഹിക്കുന്നവയാണ്. താമസിക്കുന്തോറും മൃഗങ്ങൾക്ക് ജീവഹാനി ഉണ്ടാകുന്നു. ഈ അപകടം ഒഴിവാക്കാൻ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി ഒരു ലബോററ്ററി സ്ഥാപിക്കുകയും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുകയും വേണം.

## III. ഓപ്പറേഷൻ തിയേറ്റർ

കൊട്ടാരക്കര മൃഗാശുപത്രിയിൽ ധാരാളം ശസ്ത്രക്രിയകൾ(Surgery) മൃഗങ്ങളിൽ ചെയ്യാറുണ്ട്. തീർത്തും വൃത്തിഹീനമായതും അണുവിമുക്തമല്ലാത്തതുമായ വെറും തറയിൽ മൃഗങ്ങളെ കിടത്തിയാണ് ഇപ്പോൾ ശസ്ത്രക്രീയ നടത്തുന്നത്. മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ ഇങ്ങനെ ചെയ്യാൻ നിർബന്ധിതരായിരിക്കുകയാണ് ആശുപത്രി അധികൃതർ. ഇത് പലപ്പോഴും അണുബാധയുണ്ടാക്കാൻ (Infection) കാരണമാകാറുണ്ട്. ഇതൊഴിവാക്കാൻ ആശുപത്രിയോടനുബന്ധിച്ച് ഒരു ഓപ്പറേഷൻ തിയേറ്റർ സജ്ജമാക്കേണ്ടതുണ്ട്.

## IV. ക്വാർട്ടേഴ്സ്.

മൃഗാശുപത്രിയിലെ ഡോക്ടറും ലൈവ് സ്റ്റോക്ക് അസിസ്റ്റന്റും മിക്കപ്പോഴും തദ്ദേശവാസികളായിരിക്കുകയില്ല. ആശുപത്രിയോടനുബന്ധിച്ചോ, ആശുപത്രിക്കടുത്ത സ്ഥലത്തോ ഒരിക്കലും അവർക്ക് താമസ സൗകര്യം ലഭിക്കാറില്ലാത്തതിനാൽ ദൂരെ താമസസൗകര്യം ലഭിക്കുന്നതനുസരിച്ച് താമസിക്കാൻ അവർ നിർബന്ധിതരാകുന്നു. തൽഫലമായി രാത്രികാലങ്ങളിലും ഒഴിവുദിവസങ്ങളിലും ഡോക്ടറുടേയോ, അസിസ്റ്റന്റിന്റേയോ സേവനം അത്യവശ്യമായി വരുന്ന സന്ദർഭങ്ങളിൽ മൃഗങ്ങളുടെ ഉടമയ്ക്ക് അതു ലഭിക്കാറില്ല. ഫലം മൃഗങ്ങളുടെ മരണത്തിൽ കലാശിക്കുന്നു എന്നുള്ളതാണ്. പ്രസവസംബന്ധമായ രോഗം, ശ്വാസം മുട്ടൽ, ദഹനസംബന്ധമായി പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ (പട്ടിക III) കാണുക എന്നിവയ്ക്ക് എത്രയും വേഗത്തിൽ തന്നെ ചികിത്സ നൽകേണ്ടതുണ്ട്. ചികിത്സ താമസിക്കുന്തോറും മൃഗങ്ങൾക്ക് ജീവഹാനി സംഭവിക്കുന്നു. ആ അപകടം ഒഴിവാക്കാനും കർഷകരെ സഹായിക്കുന്നതിനും വേണ്ടി മൃഗഡോക്ടറുടേയും അദ്ദേഹത്തിന്റെ അഭാവത്തിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടേയും സേവനം എല്ലായ്പ്പോഴും ലഭ്യമാക്കുന്നതിനു, മൃഗാശുപത്രിയോടനുബന്ധിച്ച് രണ്ടോ, മൂന്നോ ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.



000041

## V. വാഹനം

മൃഗാശുപത്രിക്കു സ്വന്തമായി ഒരു വാഹനം (Jeep) ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു. രാത്രികാലങ്ങളിലും ചില പ്രത്യേക ദിവസങ്ങളിലും അടിയന്തിര സേവനം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ടാക്സികളോ, ജീപ്പോ കിട്ടാറില്ല. മാത്രമല്ല ടാക്സി ഉപയോഗിക്കുന്നത് കർഷകന് ഭീമമായ സാമ്പത്തിക ക്ലേശവും ഉണ്ടാക്കുന്നു. മൃഗാശുപത്രിക്കു സ്വന്തമായി വാഹനം ഉണ്ടെങ്കിൽ എത്രയും വേഗത്തിൽ ചികത്സ എത്തിക്കാനും മൃഗങ്ങളെ രക്ഷിക്കാനും കഴിയും. ഒരു നിശ്ചിത തുകയോ, ഇന്ധനചെലവോ യുക്താനുസരണം രസിതു നല്കി ഉരുക്കളുടെ ഉടമകളിൽ നിന്നും ചാർജ്ജ് ഈടാക്കാവുന്നതാണ്.

**VI.** മൃഗ ചികത്സ രംഗത്ത് ഒഴിച്ചു കൂട്ടാൻ പാടില്ലാത്ത ഒന്നാണ് ഫോളോ അപ്പ്.(Folllow Up) വ്യവസ്ഥ. ശസ്ത്രക്രിയ നടത്തപ്പെട്ട മൃഗങ്ങൾ , പ്രസവസംബന്ധമായ അസുഖങ്ങൾ ബാധിച്ച ചികത്സിക്കപ്പെട്ട മൃഗങ്ങൾ തുടങ്ങിയവയുടെ വിവരം കൂടെ കൂടെ ഡോക്ടറെ അറിഞ്ഞിരിക്കുകയും ഉടമകൾ അറിയിച്ചിരിക്കുകയും വേണം. ഒരു ദിവസം പലപ്രാവിശ്യം ഗൃഹ സന്ദർശനം നടത്തി വിവരങ്ങൾ അറിയാനും നിർദ്ദേശങ്ങൾ നല്കാനും ഡോക്ടർക്കോ വിവരം ധരിപ്പിക്കാൻ ജന്തുക്കളുടെ ഉടമയ്ക്കോ സാധ്യമല്ല. വിദൂരസ്ഥലത്താണ് ചികിത്സ നടത്തിയതെങ്കിൽ പ്രത്യേകിച്ചും അത്തരം സന്ദർഭങ്ങളിൽ മൃഗങ്ങളുടെ ഉടമകൾക്കും ഡോക്ടർക്കും ടെലിഫോണിൽകൂടി ബന്ധപ്പെടാനും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നല്കാനും കഴിയും മാത്രമല്ല, ദൂരെ താമസിക്കുന്ന ഒരാളുടെ മൃഗത്തിന് ഡോക്ടറുടെ സഹായം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ലഭ്യത മുൻകൂട്ടി അറിയുന്നതിനും ടെലിഫോൺ അത്യാവശ്യമാണ്. അതിനാൽ മൃഗാശുപത്രിയിൽ, അത്യാവശ്യമായും ടെലിഫോൺ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

## VII. മൊബൈൽ വെറ്റനറി ഡിസ്പെൻസറി

പഞ്ചായത്തിന്റെ വിസ്തൃതിയു്, കന്നുകാലികളുടെ എണ്ണവും കണക്കാക്കുമ്പോൾ പഞ്ചായത്ത് അതൃത്തിയിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി ഒരെണ്ണം അപര്യാപ്തമാണ്. മാത്രമല്ല, തൊട്ടടുത്ത പഞ്ചായത്തുകളിലെ കന്നുകാലികളും ചികിത്സക്കായി ഇവിടെ എത്താറുണ്ട്. കന്നുകാലി ചികിത്സ, സാധാരണ കർഷകനെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത സാമ്പത്തിക ബാധ്യതയാണ് ഇപ്പോൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. വെറ്റിനറി മരുന്നുകളുടെ ഭാരിച്ച വിലവർദ്ധനവ് വാഹനങ്ങളുടെ വാടകയിൽ ഉണ്ടായിരിക്കുന്ന അമിതമായ വർദ്ധന മറ്റു ചിലവുകൾ എന്നി സാധാരണ കർഷകന് താങ്ങാനാവുന്നതിലും അധികമാണ്. പാവപ്പെട്ട കർഷകന് മൃഗചികിത്സ എളുപ്പം ലഭ്യമാക്കുന്നതിന്, താലൂക്ക് മൃഗാശുപത്രിയോടനുബന്ധിച്ച് ഒരു ജൂനിയർ വെറ്റിനറി സർജന്റെ കീഴിൽ ഒരു മൊബൈൽ വെറ്റിനറി ഡിസ്പൻസറി ആരംഭിക്കാവുന്നതാണ്. ഒരു മെറ്റഡോർവാനിന്റെ ആവശ്യമേ ഇതിനുണ്ടാകുന്നുള്ളൂ. കാർഡ് സബ്സിസിഡിസ്കിമിൽ, നിലവിലുള്ള വെറ്റിനറി സർജനെ മൊബൈൽ ഡിസ്പൻസറിയുടെ ചാർജുകൂടി ഏല്പിക്കാവുന്നതാണ്. ഒരു ദിവസം മൂന്നോ നാലോ വാർഡുകൾ "കവർ" ചെയ്യാൻ ആഴ്ചയിൽ 3 ദിവസം ക്ലിനിക്ക് നടത്താവുന്നതാണ്. ഓരോ വാർഡിലും ഒരു നിശ്ചിത ദിവസം നിശ്ചിത സ്ഥലത്തുവച്ച് മരുന്നുകൾ നല്കാവുന്നതാണ്. കർഷകനെ സംബന്ധിച്ചിടത്തോളം സമയലാഭം,സാമ്പത്തികലാഭം, അദ്ധ്വാനലാഭം എന്നിവ കിട്ടുന്നതിനാൽ വമ്പിച്ച ആശ്വാസം ലഭിക്കുന്നു.

## II. പേവിഷബാധ പ്രതിരോധവും ചികിത്സയും

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ കർശനമായും നശിപ്പിക്കേണ്ടതാണ് കൊട്ടാരക്കര പോലെ ജനബാഹുല്യമുള്ള ഒരു പ്രദേശത്ത് തീർച്ചയായും ഇത് അനിവാര്യമാണ്.

## III. മറ്റു പ്രതിരോധ കുത്തിവയ്പുകൾ

കാലികൾക്കും വളർത്തുപക്ഷികൾക്കും ഉണ്ടാകുന്ന പല രോഗങ്ങളും, ചികിത്സനടത്തി ഭെദപ്പെടുന്നതിനേക്കാൾ പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയം നടത്തി പ്രസ്തുത രോഗങ്ങളുടെ ആക്രമണത്തിൽ നിന്നും തടയുക എന്നുള്ളതാണ് ഫലപ്രദം. പലരോഗങ്ങളും ചികിത്സിച്ചു ഭേദപ്പെടുത്താൻ കഴിയാത്തവയാണ്. രോഗം ബാധിച്ചു കഴിഞ്ഞാൽ പാലുല്പാദനം കുറയും. ഗർഭസ്ഥ പശുക്കളിൽ ഗർഭം അലസുന്നു. പലപ്പോഴും ജന്തുക്കളുടെ മരണത്തിലും കലാശിക്കുന്നു. ക്ഷയം, പേവിഷം, അടപ്പൻ, ചിലതരം ത്വക്ക് രോഗങ്ങൾ, വായുണ്ണ് തുടങ്ങിയ രോഗങ്ങൾ മനുഷ്യ രിലേക്കും പകരുന്നവയാണ്. അതിനാൽ മൃഗസംരക്ഷണത്തിന്റെ, രോഗ പ്രതിരോധ കുത്തിവയ്പുകൾക്ക് വമ്പിച്ച പ്രാധാന്യ മുണ്ട്. 1995-96 വർഷങ്ങളിൽ, കൊട്ടാരക്കര താലൂക്ക് മൃഗാശുപത്രിയിൽ നടത്തിയ രോഗപ്രതിരോധ കുത്തിവയ്പുകളുടെ വിവരം പട്ടികയായി അടിയിൽ കൊടുക്കുന്നു.



000042

## പട്ടിക IV

| | രോഗവിവരം | മൃഗങ്ങളുടെ വിവരം | | |
|---|---|---|---|---|
| | | പശു | ആട് | കോഴി |
| 1. | Footd Mouth Disease (വായ്പുണ്ണ്) | 218 | — | — |
| 2. | Contagious Caprine Pleuro pneumonia (ന്യൂമോണിയ) | — | 84 | — |
| 3. | Rankhar Disease (കോഴി വസന്ത) | — | — | 7319 |

പ്രതിരോധ കുത്തിവയ്പുകൾ, മൊബൈൽ വെറ്റിനറി ഡിസ്പെൻസറി ഡോക്ടറുടെ ചുമതലയിൽ നിശ്ചിത സ്ഥലത്തുവച്ച് നടത്തുന്നത് കർഷകർക്ക് ആശ്വാസകരമായിരിക്കും.

## IV. ക്രിത്രിമ ബീജസങ്കലനം.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർതത്തിക്കുന്ന കേന്ദ്രങ്ങളിൽ മാത്രമേ, കൊട്ടാരക്കര പഞ്ചായത്തിൽ പശുക്കൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുന്നുള്ളൂ. കൊട്ടാരക്കര താലൂക്ക് മൃഗാശുപത്രിയിലും ഊർജ്ജിത കന്നുകാലി വികസനത്തിന്റെ (Intensive Cattle Development Project) കീഴിൽ പ്രവർത്തിക്കുന്ന അമ്പലപ്പുറം എ.ഇ.ഡി.പി. സബ് സെന്ററിലും കൊട്ടാരക്കര താലൂക്ക് മൃഗാശുപത്രിയിലും നടത്തിയ കൃത്രിമ ബീജസങ്കലന വിവരങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

## പട്ടിക V

### വർഷം 1995-96

| | വളർത്തുമൃഗം | ബീജസങ്കലനം | ഗർഭധാരണത്തിന് നടത്തിയവ രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടവന്നവ |
|---|---|---|---|
| 1. I.C.D.Pസബ് സെന്റർ അമ്പലപ്പുറം | പശു<br>കിടാരി | 431<br>280 | 88<br>64 |
| 2. മൃഗാശുപത്രി കൊട്ടാരക്കര | പശു<br>കിടാരി | 642<br>292 | 98<br>105 |
| | ആകെ | 1645 | 355 |

കൊട്ടാരക്കര പഞ്ചായത്തിൽ നിലവിലുള്ള രണ്ടു സ്ഥാപനങ്ങൾ കൃത്രിമ ബീജസങ്കലനപദ്ധതിയ്ക്ക് തീർത്തും അപര്യാപ്തമാണ്. ഒമ്പത്, പത്തും വാർഡുകളിൽ മാത്രമാണ് ഇപ്പോൾ ഈ സൗകര്യം ഉള്ളത് .ബാക്കിയുള്ള പത്തു വാർഡുകളിലുമുള്ള കർഷകർ കൃത്രിമ ബീജസങ്കലനത്തിനായ് പശുക്കളെ വളരെ ദൂരെ നിന്നും ഈ സ്ഥാപനങ്ങളിൽ കൊണ്ടുവരേണ്ടതുണ്ട്. ഒന്നോ രണ്ടോ വാർഡുകളിൽ കൂടി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെ നിയമിച്ച് ഉപകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ട്. കൂടാതെ മൊബൈൽ കേന്ദ്രവും കൃത്രിമ ബീജസങ്കലനത്തിനു വേണ്ടി ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയും.

## V. കന്നുകുട്ടികളുടെ പരിപാലനം
(Maintenance of Calves)

കഴിഞ്ഞവർഷം ഐ.സി.ഡി.പി ഉപകേന്ദ്രത്തിലും താലൂക്ക് മൃഗാശുപത്രിയിലും രേഖപ്പെടുത്തിയ കന്നുകുട്ടികളുടെ ജനനനിരക്ക് ഇപ്രകാരമാണ്.



000043

പട്ടിക VI

| സ്ഥാപനത്തിന്റെ പേര് | ആൺ<br>സങ്കരയിനംതിരിച്ചറിയുന്നത് | പെൺ<br>സങ്കരം തിരിച്ചറിയുന്നത്. |
|---|---|---|
| ഐ.സി.ഡി.പി<br>ഉപകേന്ദ്രം അമ്പലപ്പുറം | 67 - 28 | 74 - 23 |
| മൃഗാശുപത്രി<br>കൊട്ടാരക്കര | 89 - 40 | 95 - 39 |
| ആകെ | 156.40 | 169. 3. |

കന്നുകുട്ടികളുടെ പരിപാലനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് കാഫ് സബ്സിഡി സ്കീം പോലുള്ള പദ്ധതികൾ മൃസംരക്ഷണവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിലുള്ള സംവിധാനം അപര്യാപ്തമാണ്. ക്ഷീരകർഷകർ മിക്കപ്പോഴുംകന്നുകുട്ടിക്ക് ആവശ്യനുസരണമുള്ള പാലോ മറ്റുപരിചരണ വേണ്ടവിധം നല്കുന്നില്ല. വിരബാധ, (worm infestation) തൊലിപുറത്തുണ്ടാകുന്ന അനവധി രോഗങ്ങൾ (Dermities) ധാതുല വണങ്ങളുടെ കുറവ് (Minerd Deficiency) തുടങ്ങിയ രോഗങ്ങൾ ബാധിച്ച് മിക്കപ്പോഴും അവയുടെ പ്രകൃതിദത്തമായ വളർച്ച മുരടിക്കുകയോ, മരിക്കുകയോ ചെയ്യുന്നു. മൃഗഡോക്ടറുടെ കാലകാലങ്ങളിലുള്ള പരിശോധന, കന്നുകുട്ടി പരിപാലനത്തെ സംബന്ധിച്ച് കർഷകരിൽ ബോധവത്കരണം, യഥാസമയം വിര ഇളക്കുന്ന ഫീഡു സപ്ലിമെന്റുകളും കന്നുകുട്ടികൾക്ക് സൗജന്യനിരക്കിൽ ആവശ്യമായ കാലത്തോളം വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയും വേണം.

## VI. ആൺകന്നുകുട്ടികളുടെ പരിപാലനം
(Maintence of male calves)

ആൺകന്നുകുട്ടികൾക്ക് കർഷകർ വേണ്ടത്ര പാല് നല്കുകയോ, മറ്റുപരിചരണങ്ങൾ നല്കുകയൊ ചെയ്യാറില്ല. തന്മൂലം നല്ലൊരു ശതമാനം കന്നുകുട്ടികളും മരിച്ചുപോകുകയാണ് ചെയ്യുന്നത്. എങ്ങനെയെങ്കിലും രക്ഷപ്പെടുന്ന കന്നുകുട്ടികളെ അഞ്ചോ ആറോ മാസം പ്രായമാകുമ്പോൾ അറവുശാലക്കാർക്ക് കിട്ടുന്ന വിലയ്ക്ക് വിറ്റ് ഉപദ്രവം ഒഴിവാക്കുകയാണ് ചെയ്യാറ്. ഇതിനു പകരം മുലകുടി മാറുന്ന കന്നുകുട്ടികളെ ശേഖരിച്ച് പ്രത്യേകം വളർത്തുകയും ഒന്നൊനന്ര വയസ്സാകുമ്പോൾ മാംസത്തിനായി വിൽക്കുകയും ചെയ്യാവുന്നതാണ് സാധാരണക്കാർക്ക് ശുദ്ധമായ നല്ല മാംസം കിട്ടുന്നുവെന്നു മാത്രമല്ല ക്ഷീരകർഷകർ ആൺകന്നുകുട്ടികളെ നല്ല രീതിയിൽ പരിപാലിക്കാനും ശ്രദ്ധിക്കും. ഇതിനായി മൃസംരക്ഷണ വകുപ്പിന്റേയോ ഏതെങ്കിലും അംഗീകൃത സഹകരണസംഘത്തിന്റേയൊ ആഭിമുഖ്യത്തിൽ ഒരു കാഫ് ഫാം.(Cafg Farm) പഞ്ചായത്ത് അതൃത്തിയിൽ ആരംഭിക്കാവുന്നതാണ്. സ്വഭാവികമായും ഇതൊരു ബിഫ് ക്യാറ്റിൽ പ്രൊഡക്ഷൻ സെന്റർ (മാംസത്തിനു വേണ്ടി കന്നുകാലികളെ വളർത്തുന്ന സ്ഥലം ആയി മാറേണ്ടതാണ്

## VII 1. ഊർജ്ജിത കന്നുകാലി വളർത്തൽ വികസന കേന്ദ്രം
Intensive Cattle Development Project (I.C.D.P)

ഐ.സി.ഡിപി യുടെ കേന്ദ്ര ആഫീസ് R.A.I.C പ്രവർത്തിക്കുന്നത് കൊട്ടാരക്കര പഞ്ചായത്ത് അതൃത്തിക്കുള്ളിലാണ്. ഡെപ്യൂട്ടി ഡയറക്റുടെ ഗ്രേഡിലുള്ള പ്രൊജക്ട് ആഫീസറുടെ കീഴിലാണം ഈ ആഫീസ് പ്രവർത്തിക്കുന്നത്. പ്രോജക്ട് ആഫീസർ, അസ്സിസ്റ്റന്റ് ഡയറക്റുടെ ഗ്രേഡിൽ ഒരു അസിസസ്റ്റന്റ് പ്രൊജക്ട് പ്രൊജക്ട ആഫീസർ, വെറ്റിനറിസർജ്ജൻ, അനവധി മിനിസ്റ്റീരിയൽ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്നതാണ് കൊട്ടാരക്കരയിലെ ഹെഡ്കാർട്ടേഴ്സ്. ഇതിന്റെ കീഴിൽ കന്നുകാലികളിൽ കൃത്രിമബീജസങ്കലനത്തിനു വേണ്ടി അനവധി ഉപകേന്ദ്രങ്ങൾ (Subcenters) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയന്ത്രണത്തിൽ സമീപത്തുള്ള താലൂക്കിലും പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട്.. കൊട്ടാരക്കര പഞ്ചായത്തിൽ അമ്പലപ്പുറം വാർഡിൽ മാത്രമേ A.I സെന്റർ പ്രവർത്തിക്കുന്നുള്ളു. അസിസ്റ്റന്റ് പ്രോജക്ട് ആഫീസറുടെ കീഴിൽ അനവധി കേന്ദ്രങ്ങൾ മറ്റു താലൂക്കുകളിലും പ്രവർത്തിക്കുന്നുണ്ട്. ഇത്രയും വിപുലമായ പ്രവർത്തന പരിധിയുള്ള ഒരു പ്രാദേശിക ആഫീസിനു (Regional Office) സ്വന്തമായി ഒരു കെട്ടിടം ഇതുവരേ ഉണ്ടായിട്ടില്ല. അനവധി വർഷങ്ങളായി വാടകകെട്ടിടത്തിലാണ് ഈ ആഫീസ് പ്രവർത്തിക്കുന്നത്.

കാലാകാലങ്ങളിൽ മാറ്റി മാറ്റി സ്ഥാപിക്കുന്നു. ടെലിഫോൺ സൗകര്യം പോലും ഇതുവരെ ഈ ആഫീസിൽ ഉണ്ടായിട്ടില്ല.

ഈ ആഫീസിനു വേണ്ടി എത്രയും വേഗത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിച്ചു നല്കേണ്ടതാണ്.അതുപോലെ തന്നെ കഴിവതും വേഗത്തിൽ ടെലിഫോൺ സൗകര്യവും ഏർപ്പെടുത്തികൊടുക്കേണ്ടതാണ്.



000044

### 2. എംബ്രിയോ ട്രാൻസ്ഫർ ടെക്നോളജി യൂണിറ്റ്

ഒരു പശുവിൽ നിന്നും ഭ്രൂണം ഉല്പാദിപ്പിച്ച് ആവശ്യാനുസരണം മറ്റുപശുക്കളിൽ സ്ഥാപിച്ച് അതിനെ വളർത്തിയെടുക്കലാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. മനുഷ്യരിൽ ടെസ്റ്റ് ട്യൂബ് ബേബികളെ ഉല്പാദിപ്പിച്ചെടുക്കുന്ന അതേ സാങ്കേതിക വിദ്യതന്നെയാണിത്. ഇപ്പോൾ കോട്ടിയത്തു മാത്രമേ ഇത്തരത്തിലുള്ള ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുള്ളു.

ഒമ്പതാം പദ്ധതിക്കാലത്ത്, കൊട്ടാരക്കര പഞ്ചായത്ത് അതൃത്തിയിൽ പ്രവർത്തിച്ചിരുന്ന ഐ.സി.ഡി.പി യും പശുക്കളിൽ ഭ്രൂണം മാറ്റി സ്ഥാപിച്ച് വളർത്തിയെടുക്കുന്ന പദ്ധതി ആരംഭിക്കേണ്ടതുമാണ്. ആവശ്യയാനുസരണം സാങ്കേതിക വിദഗ്ദന്മാർ ഐ.സി.ഡി.പിയിൽ പ്രവർത്തിക്കുന്നതിനാൽ ഈ പദ്ധതിക്ക് അധികമായി പണം ചെലവാക്കേണ്ടി വരുന്നില്ല ക്ഷീരകർഷകർഖ്ക് വളരെയധികം പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണിത്.

### 3. ക്വാർട്ടേഴ്സ്

ആഫീസ് മന്ദിരത്തോടനുബന്ധിച്ച് രണ്ടോ മൂന്നോ ക്വാർട്ടേഴ്സും കൂടി നിർമ്മിക്കേണ്ടതാണ്.

## VIII. അറവുശാലയും മാംസപരിശോധനയും (Slanga HOuse of Meat Inspections.)

കോർപ്പറേഷനുകൾ മുനിസിപ്പാലിറ്റികൾ, പ്രധാനപ്പെഎട്ട പഞ്ചായത്തുകൾ എന്നിവടങ്ങളിലെല്ലാം ശാസ്ത്രീയമായ രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള അറവുസാലകളും മാംസപരിശോദന സംമ്പ്രദായവും ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാപ്പെട്ട പഞ്ചായത്തുകളിലൊന്നയ കൊട്ടാരക്കരയിൽ അറവുശാലയോ, മാംസ പരിശോധനയോ നിലവില്ല. അസംഖ്യം ആടുമാടുകളെ മാംസതച്ചിനു വേണ്ടി ഈ പഞ്ചായത്ത് അതൃത്തിയിൽ കശാപ്പു ചെയ്യുകയും വില്ക്കുകയും ചെയ്യുന്നു. വളരെ വൃത്തിഹീനമായ സ്ഥലത്ത് ഏറ്റവും ക്രൂരമായ വിധത്തിലാണ് കശാപ്പു ചെയ്യുന്നത്. പകർച്ച വ്യാധി ബാധിച്ച ആടുമാടുകളുടെ മാത്രമല്ല ചത്തുകഴിഞ്ഞ ആടുമാടുകളുടെ മാംസം വരെ പലപ്പോഴും പാവപ്പെട്ട ജനങ്ങൾ അറിയാതെ വാങ്ങി കഴിക്കാൻ നിർബന്ധിതരാകുന്നു. ഇത് മനുഷ്യരിൽ പലവിധ രാഗങ്ങളും ഉണ്ടാക്കാൻ കാരണമാകുന്നതിനാൽ പഞ്ചായത്ത് അതൃത്തിയിൽ മാംസപരിശോദന നിർബന്ധമാക്കുകയും, ശാസ്ത്രീയരീതിയിലുള്ള അറവുശാല എത്രയും വേഗം നിർബന്ധമായും പണികഴിപ്പിക്കുകയും വേണം.

## IX. വർഗ്ഗ ഗുണമുള്ള മുട്ടാടുകളെ വിതരണം ചെയ്യാൻ.
( Distribution of Peteegree Bucks.)

ആടുകൃഷിക്കു (Goat Farming) വളരെയേറെ അനുകൂല സാഹചര്യങ്ങളുള്ള പ്രദേശമാണ് കൊട്ടാരക്കര പഞ്ചായത്ത്. 1995-ലെ സാമ്പിൾ സർവ്വേ അനുസരിച്ച് (പട്ടിക I കാണുക) 1915 ആടുകളാണ് ഈ പഞ്ചായത്തിലുള്ളത് അവയിൽ മിക്കതും നാടൻ (Indegenious) ആടുകളാണ്. പശുക്കളിലെന്നപോലെ കൃത്രിമബീജസങ്കലനം (Artificial Insemination) നടത്തി ആടുകളിൽ മേൽത്തരം ജനസ്സുകളിലുള്ള കുട്ടികളെ ഉല്പാദിപ്പിക്കുന്ന പദ്ധതി പ്രായോഗികമല്ല. അതിനാൽ പാലുല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിക്കുന്നതിന് മേൽത്തരം മുട്ടാടുകളുമായി നാടൻ പെണ്ണാടുകളെ ഇണചേർത്ത് നല്ല ഇനത്തിൽപ്പെട്ട ആട്ടിൻകുട്ടികളെ ഉല്പാദിപ്പിക്കാവുന്നതാണ്. ഇതിനു വേണ്ടി ഒരു വാർഡിൽ രണ്ടോ മൂന്നോ മുട്ടാടുകളെ താല്പര്യമുള്ള ഒരാൾക്കു വീതം ലോൺ വ്യവസ്ഥയിൽ വിതരണം ചെയ്യാവുന്നതാണ്. അവയുടെ പരിശോധന, ചികിത്സ എന്നിവ താലൂക്ക് മൃഗാശുപത്രി ഡോക്ടറുടെ പൂർണ്ണ നിയന്ത്രണത്തിൽ ആയിരിക്കണം.

## X. കോഴിവളർത്തൽ

ഏതാനും വർഷം മുമ്പു വരെ കേരളത്തിന്റെ അയൽസംസ്ഥാനങ്ങളിലും സിലോൺ തുടങ്ങി മറ്റു സംസ്ഥാനങ്ങളിലും ആവശ്യമുള്ള മുട്ട കേരളത്തിൽ നിന്നുമാണ് കയറ്റി അയച്ചുകൊണ്ടിരുന്നത്. കേരളത്തിൽ തന്നെ, കൊട്ടാരക്കര താലൂക്ക് മുട്ട വിപണനം വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നായിരുന്നു. എന്നാൽ വിരോധാഭാസമെന്നുതന്നെ പറയാം, കേരളത്തിന് ആവശ്യമുള്ള മുട്ടയും കോഴി ഇറച്ചിയും കൂടുതലും ഇപ്പോൾ തമിഴ്നാട് പോലുള്ള അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. കോഴിതീറ്റയുടെ വിലയിലുണ്ടായ അമിതമായ വർദ്ധന, രോഗം വിമുക്തമായതും രോഗപ്രതിരോധ ശക്തിയുള്ളതുമായ മേൽത്തരം കോഴികുഞ്ഞുങ്ങളെ ലഭിയ്ക്കാനുള്ള പ്രയാസം, അമിത മുട്ടയുല്പാദനശേഷിയുള്ള സങ്കരയിനം കോഴിക്കുഞ്ഞുങ്ങളുടെ ദുർലഭത, വ്യാവസായടിസ്ഥാനത്തിലാകുമ്പോൾ തൊഴിലാളികൾക്ക് നല്കേണ്ട ഉയർന്ന കൂലി നിരക്ക്, രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ചികിത്സയിലും ഉണ്ടാകുന്ന കാലതാമസം എന്നിവയാണ് കോഴികൃഷിയെ ബാധിച്ചിട്ടുള്ള സുപ്രധാനഘടകങ്ങൾ.

ഈ പ്രതികൂലഘടകങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒമ്പതാം പദ്ധതിക്കാലത്ത്, കോഴിവളർത്തൽ മേഖലയിൽ കൊട്ടാരക്കര പഞ്ചായത്തിൽ നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ഇവയാണ്:



000045

### 1. മുട്ടക്കോഴി വളർത്തൽ

ഓരോ വാർഡിലും തെരെഞ്ഞെടുക്കപ്പെടുന്ന 50 കുടുംബങ്ങൾക്ക് 10 പിടക്കോഴിക്കുഞ്ഞുങ്ങളെയും 2 പൂവൻകോഴിക്കുഞ്ഞുങ്ങളെയും വീതം സബ്സിഡിറേറ്റിൽ വിതരണം ചെയ്യുക. കോഴികുഞ്ഞുങ്ങൾ മുട്ടയുല്പാദനത്തിന് കൊള്ളാവുന്ന മേൽത്തരം വർഗ്ഗത്തിൽപ്പെട്ടതായിരിക്കണം. (വൈറ്റ്ലഗോൺ, ആസ്റ്റർ ലോപ്സ്, ആസ്ടോവൈറ്റ്, ഗിരിരാജൻ തുടങ്ങിയ വർഗ്ഗം) രണ്ടുമുതൽ മൂന്നു മാസംവരെ പ്രയമുള്ള കോഴികളെ പ്രതിരോധകുത്തിവയ്പുകൾ എല്ലാം നടത്തിയതിനുശേഷമേ വിതരണ ചെയ്യാൻ പാടുള്ളൂ (മാരക്സ്, F1, കോഴിവസന്ത, ഫൗൾ കോളറ തുടങ്ങിയ പ്രതിരോധ കുത്തിവയ്പുകൾ) രോഗപ്രതിരോധ കത്തിവയ്പുകൾ നടത്തുന്നുവെങ്കിലും അതേരോഗം കോഴികൾക്ക് ഉണ്ടാകുന്നതിന്റെ പ്രധാനകാരണം വാക്സിന്റെ ഗുണനാലവാരം (potency) മോശമായതിനാലാണ്. വാക്സിനേഷൻ നടത്തുന്നതിനു മുമ്പ് വാക്സിന്റെ ഗുണനാലവാരം വെറ്റനറി സർജൻ ഉറപ്പുവരുത്തേണ്ടതാണ്.

### 2. പൗൾട്ട്രിക്ലബ്

നാമ്പിൾ സർവ്വേ അനുസരിച്ച് പട്ടിക 1 കാണുക

കൊട്ടാരക്കര പഞ്ചായത്തിൽ ഇപ്പോൾ 6200 കോഴികളാണുള്ളത് ഓരോസർവ്വേയിലും വളർത്തുമൃഗങ്ങളുടെയും വളർത്തുപക്ഷികളുടേയും എണ്ണത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാം. പ്രൈമരി-മിഡിൽ സ്കൂളുകളിലെ തെരെഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി ഒന്നിന് 3 പിടകോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യമായി വിതരണം ചെയ്യുക. മുമ്പു സൂചിപ്പിച്ച അതേ പ്രായത്തിലും രീതിയിലുമുള്ള കോഴികളേയാണ് വിതരണം ചെയ്യേണ്ടത്. ഒരു വിനോദവും വിദ്യാർത്ഥികൾക്ക് ആദായവും ആയിത്തീരുന്നതാണ് ഈ പദ്ധതി. കുട്ടികളെ ചേർത്ത് ഓരോ സ്കൂളുകളിലും ഓരോ പൌൾട്രിക്ലബ് രൂപീകരിക്കാവുന്നതാണ്. കോഴിവളർത്തലിനെപ്പറ്റി കുട്ടികൾക്ക് രസകരമായി ക്ലാസുകൾ നടത്തുകയുമാവാം.

### 3. കോഴിവളർത്തൽ ഒരു വ്യവസായവും

#### a. ആദായവും എന്ന നിലയിൽ

(Intensive povetry Units)

കോഴികളെ പുറത്ത് തുറന്നുവിടാതെ കൂട്ടിനുള്ളിൽത്തന്നെ അടച്ച് വളർത്തുന്ന സംമ്പ്രദായമാണിത്. തോഴിൽ രഹിതര അഭ്യസ്തവിധ്യരുമായ യൂവതീയുവാക്കളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും ഈ രംഗത്തേക്ക് ...ര ആകർഷിച്ച് സ്വയം തൊഴിൽ കണ്ടെത്താനും സഹായിക്കുന്ന ഒരു പദ്ധതിയാണ്. അത്യുല്പാദനശേഷിയുള്ള ...00 കോഴിക്കുഞ്ഞുങ്ങൾ ഉള്ളതായിരിക്കണം ഒരു യൂണിറ്റ്, കോഴിക്കൂട് നിർമ്മാണം, തീറ്റ പാത്രങ്ങളും വെള്ളം നല്കുന്നതിനുള്ള പാത്രങ്ങളും, മരുന്ന് മുട്ടയുല്പാദനം ആരംഭിക്കുന്നതുവരെയുള്ള തീറ്റയുടെ ചെലവ്, കോഴികുഞ്ഞിന്റെ വില എന്നിവയ്ക്കുവേണ്ടി ഒരാൾക്ക് 40,000/-വരെ ലോൺ കൊടുക്കാവുന്നതാണ്. രണ്ടു സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ആൾജാമ്യത്തിൽ ലോൺ അനുവദിക്കാവുന്നതാണ്. ലോൺ 4 ഗഡുക്കളായി വിതരണം ചെയ്യാവുന്നതാണ്. കോഴിക്കൂടു നിർമ്മാണത്തിന്, ഉപകരണങ്ങൾ വാങ്ങുന്നതിന്, കോഴികുഞ്ഞുങ്ങളെ വാങ്ങുന്നതാന്, തീറ്റ വാങ്ങുന്നതിന് എന്നാ ക്രമത്തിൽ. 5 മാസം കഴിയുമ്പോൾ മുട്ട ഉല്പാദനം ആരംഭിക്കും. ആറാം മാസം മുതൽ ലോൺ തിരിച്ചടയ്ക്കാൻ തുടങ്ങേണ്ടതും 36 മാസംകൊണ്ട് മുഴുവൻ തുകയും തിരിച്ചടച്ചിരിക്കേണ്ടതുമാണ്. കോഴികൂടിന്റെ മാതൃകയും മറ്റ് ഉപദേശങ്ങൾ അടങ്ങിയ പുസ്തകങ്ങളും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഫാം ഇൻഫർമേഷൻ ബ്യൂറോയിൽനിന്നും ലഭിക്കുന്നതാണ്.

#### ഇറച്ചിക്കോഴിവളർത്തൽ (Broiler Units)

ഇറച്ചിക്കോഴി വളർത്തലും ഒരു സ്വയം തൊഴിൽ മാർഗ്ഗമായി അഭ്യസ്തവിദ്യർക്കും മറ്റുതൊഴിൽ രഹിതർക്കും സ്വീകരിക്കാ...ന്നതാണ്. ഇറച്ചിക്കോഴിയ്ക്കു ധാരാളം വിപണന സാദ്ധ്യതകളുണ്ട്. മുട്ടക്കോഴി വളർത്തൽ ധനസഹായം ...ാലെ അതേവ്യവസ്ഥയിലും രീതിയിലും ഇറച്ചികോഴിവളർത്തലിനും ലോൺ വ്യവസ്ഥയിൽ ധനസഹായം ...ണ്. എട്ട് ആഴ്ച പ്രയമാകുമ്പോൾ ഇറച്ചിക്കോഴികളെ വിറ്റു തുടങ്ങാവുന്നതാണ്. മൂന്നാമത്തെ ... ലോൺ 36 ഗഡുക്കളായി തിരിച്ചുപിടിയ്ക്കാൻ തുടങ്ങേണ്ടതാണ്.

#### കാൾഡ് സ്റ്റോറേജ് (ഡിപ്പാർട്ടുമെന്റൽ സ്റ്റോർ)

...ൺ എടുത്ത് മുട്ടക്കോഴികളെയും ഇറച്ചിക്കോഴികളെയും വളർത്തുന്ന കർഷകർക്ക് ചിലപ്പോൾ അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റ് കിട്ടാതെ വരാറുണ്ട്. തത്ഫലമായി അവർക്ക് വമ്പിച്ച നഷ്ടം ഉണ്ടാകുകയും



000046

ലോൺ തിരിച്ചടയ്ക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. അതിന്റെ ആത്യന്തികഫലം അനുഭവിക്കുന്നത് ജാമ്യക്കാരായ സർക്കാർ ഉദ്യോഗസ്ഥന്മാരായിരിക്കും. ഈ വിഷമസന്ധിയിൽനിന്നും കൃഷിക്കാരെ രക്ഷിക്കാൻ മൃഗസംരക്ഷണ വകുപ്പിന് നേരിട്ട് ഒന്നോ രണ്ടോ കോൾഡ് സ്റ്റോറേജുകൾ പുലമൺ ജംഗഷനിലും ചന്തമുക്കിലും ആരംഭിക്കാവുന്നതാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന മുട്ട, ഇറച്ചിക്കോഴി എന്നിവ അവർ അടച്ചുതീർക്കാനുള്ള ലോൺ ബാദ്ധ്യതയിൽ കുറവുവരുത്തുകയും ചെയ്യാവുന്നതാണ്.

### 5. മത്സ്യബന്ധനം

കടലോരമോ കായൽവാരമോ ഇല്ലാത്ത ഒരു പ്രദേശമാണ് കൊട്ടാരക്കര. അതുകൊണ്ടുതന്നെ പാരമ്പര്യരീതിയിലുള്ള മത്സ്യബന്ധനം ഈ പഞ്ചായത്തിൽ നടക്കുന്നില്ല. എങ്കിലും മത്സ്യങ്ങൾ നിത്യവും കൊട്ടാരക്കര മാർക്കറ്റിൽ വിറ്റഴിക്കുന്നുണ്ട്. ഇത് വാഹന സൗകര്യങ്ങൾ ഉപയോഗിച്ച് നമ്മുടെ പടിഞ്ഞാറൻ കടലോരങ്ങളിൽ നിന്നും വിലയ്ക്കു വാങ്ങിക്കൊണ്ടുവരുന്നതാണ്. എങ്കിൽപ്പോലും പലപ്പോഴും ആവശ്യത്തിന് ഉപഭോക്താക്കൾക്ക് മത്സ്യം ലഭിക്കാറില്ല.

ഈ പഞ്ചായത്തിലെ മത്സ്യക്ഷാമം ഒരളവുവരെ പരിഹരിക്കാൻ മത്സ്യം വളർത്തൽ ഒരു പദ്ധതിയായി അംഗീകരിച്ചുകൊണ്ട് പരിശ്രമം നടത്താവുന്നതാണ്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും കുളങ്ങൾ കുഴിയ്ക്കാനും അവിടെ മത്സ്യകൃഷി നടത്താനും കഴിയുന്നതാണ്. എളുപ്പം വളർന്നു വലുതാകുന്ന പുതിയ ഇനം മത്സ്യങ്ങൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് സഹകരണാടിസ്ഥാനത്തിൽ കുളങ്ങളിൽ വളർത്താവുന്നതാണ്.

### പൊതു നിർദ്ദേശങ്ങൾ

1. കാലിതീറ്റയുടെ വില ന്യായമാണെന്നുറപ്പുവരുത്തും വിധം സഹകരണസംഘങ്ങൾ മുഖേന വിതരണ് ചെയ്യണം.
2. കറവുമാടുകളെ വളർത്തുന്നതിനു ധനസഹായം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുവാൻ പഞ്ചായത്ത് വാർഡ് മെമ്പർ, പഞ്ചായത്ത് ഗ്രഹസമിതി അംഗങ്ങളുടെയും ബന്ധപ്പെട്ട മൃഗഡാക്ടറുമടങ്ങുന്ന ഒരു വെറ്ററിനറി സർജനും ഉണ്ടായിരിക്കണം.
3. 10 പിടക്കോഴിയും 2 പൂവനും ഉൾപ്പെടുന്ന ഒരു യൂണിറ്റ് ഓരോ വീട്ടിലും തുടങ്ങണം. ഇങ്ങനെ ആയാൽ മുട്ടയുടേയും മാംസത്തിന്റെയും അപര്യാപ്തത പൂർണ്ണമായും പരിഹരിക്കുവാൻ കഴിയും.
4. ഇറച്ചിക്കോഴി, മൂരിക്കുട്ടി, പന്നി, മുയൽ എന്നിവയെ മാസം വില്പനയ്ക്കായി വളർത്തുന്നതിനുള്ള സഹകരണസംഘങ്ങൾ രൂപപ്പെടുത്തണം.
5. ഹാച്ചറി, ഹെഗ്ഗറി എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കക.
6. കുട്ടാക്കാലത്തെ സ്വയം പര്യാപ്തതയ്ക്കായി പൗൾട്രി ക്ലബുകൾ സ്ഥാപിക്കുക. ഇതിലേക്കു ഒരു അദ്ധ്യാപകനെ വെയ്ക്കുക.
7. വിദ്യാർത്ഥികൾക്ക്, ആട്ടിൻകുട്ടികൾ കോഴികുഞ്ഞുങ്ങൾ, എന്നിവ നല്കുക. ഇവയുടെ സംരക്ഷണം ഇൻഷ്വറൻസൂലൂടെ നടപ്പാക്കണം.
8. കുട്ടികൾ ഉൽപാദിപ്പിക്കുന്ന കോഴിക്കുഞ്ഞുങ്ങളേയും, ആട്ടിൽകുട്ടിയേയും തിരിച്ച് വാങ്ങി മറ്റു സ്കൂളുകളിലെ കുട്ടികൾക്ക് നൽകി പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്.
9. ബയോഗ്യാസ്സ് പ്ലാന്റുകൾ പ്രോൽസാഹിപ്പിക്കുന്നതിന് സാമ്പത്തികസഹായം നല്കേണ്ടതാണ്.
10. വാർഡുകൾക്കുള്ളിലെ കുളങ്ങളിൽ മത്സ്യകൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം.

പന്നി വളർത്തൽ കേന്ദ്രം

ഈ ഗ്രാമ പഞ്ചായത്തിൽ 5-ാം വാർഡിലും 7-ാം വാർഡിലുമായി രണ്ട് പന്നിവളർത്തൽ കേന്ദ്രങ്ങൾ രണ്ട് സ്വകാര്യ വ്യക്തികൾ നടത്തിവരുന്നു. ഇതുപോലെ എത്രയെങ്കിലും സ്ഥാപനങ്ങൾ ഈ ഗ്രാമപഞ്ചായത്തിന്റെ മിക്ക വാർഡുകളിലും പ്രാവർത്തികമാക്കുവാൻ കഴിയേണ്ടതാണ്.

### ക്ഷീരവികസനം

രോഗപ്രതിരോധ ശക്തിയുള്ളതും, പ്രകതിയിൽനിന്ന് കിട്ടാവുന്നതിൽവച്ചേറ്റവും ഉത്തമവുമായ ഒരു സമ്പൂർണ്ണ ആഹാരമാണ് പാൽ. പാൽ ഉല്പാദിപ്പിക്കുന്നില്ലെങ്കിൽപോലും വിദ്യാസമ്പന്നരായ പട്ടണവാസി കുടുംബങ്ങൾ ശരാശരി 500 ഗ്രാം പാലോ, പാലുല്പന്നങ്ങളോ ഉപയോഗിക്കുമ്പോൾ, നിരക്ഷരായ ഗ്രാമീണ കുടുംബങ്ങൾ ശരാശരി 200 ഗ്രാം പാലുപോലും ഉപയാഗിക്കുന്നില്ല. പ്രധാനമായും ഗ്രാമത്തിലെ തൊഴിലില്ലായ്മയും സാമ്പത്തികമായ പിന്നോക്കാവസ്ഥയുമാണ് ഇതിനു കാരണം. ശാസ്ത്രീയമായ മൃഗസംരക്ഷണവും ക്ഷീരോല്പാദനവും നിശ്ചിത വരുമാനമുള്ള ഒരു തൊഴിലായി സ്വീകരിക്കുകയും, അഭ്യസ്ഥവിദ്യരായ തൊഴിൽരഹിതരും ഈ രംഗത്തേക്ക് ആകർഷിക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്.

കൊട്ടാരക്കര പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ പ്രവർത്തിക്കുന്ന ഡയറിഫോമുകൾ



000047

ഇല്ല. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഗൃഹാവശ്യങ്ങൾക്കും മറ്റുമായി 6000 ലിറ്ററിൽ കൂടുതൽ പാൽ നിത്യവും മിൽമ ഏജൻസി വഴി വിതരണം നടക്കുന്നുണ്ട്. സ്വകാര്യ വ്യക്തികൾ, സ്വന്തം വീടുകളിൽ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന പാല് വേറെയും. ഈ പഞ്ചായത്തിൽ ഒരു ക്ഷീരോല്പാദന സഹകരണസംഘം (QNo: 311) മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ശരാശരി 4000 ലിറ്റർ പാല് സഹകരണസംഘം കർഷകരിൽ നിന്ന് ശേഖരിച്ച് വിതരണം നടത്തുന്നുണ്ട്. പ്രസ്തുത ക്ഷീരവികസന സഹകരണസംഘത്തിന്, അമ്പലപ്പുറം, കല്ലുവാതുക്കൽ, നീലേശ്വരം, വല്ലം, കിഴക്കേക്കര, കൊട്ടാരക്കര ടൗൺ എന്നിവിടങ്ങളിൽ സംഘങ്ങളും പ്രവർത്തിക്കുന്നു. തമിഴ്നാട്ടിൽ നിന്നും 1500 ലിറ്ററോളം പാൽ, ഇതിനുപുറമേ ഈ പഞ്ചായത്തിൽ കൊണ്ടുവന്ന് അവർ തന്നെ വില്പന നടത്തുന്നുവരും ക്ഷീരോല്പാദനത്തിനും വിപണനത്തിനും അനന്തസാദ്ധ്യതകളുള്ള ഒരു പ്രദേശമാണ് കൊട്ടാരക്കര പഞ്ചായത്ത്. നാനൂറോളം 452 ക്ഷീരകർഷകർ ഈ പഞ്ചായത്തിൽ ക്ഷീരോല്പാദനവും അതിന്റെ വിതരണ വുമായി ഇവിടെ ബന്ധപ്പെട്ടു കഴിയുന്നു.

മൃഗസംരക്ഷണവകുപ്പിന്റെയും (Department of Animal Hunbandry) ക്ഷീരവികസനവകുപ്പിന്റെയും (Department of Dairy Development) സംയുക്തമായ പ്രവർത്തനംകൊണ്ടു മാത്രമേ സംസ്ഥാനത്തെ ക്ഷീരോല്പാദനരംഗം അഭിവൃത്തിപ്പെടുകയുള്ളൂ. 9-ാം പദ്ധതിക്കാലത്ത് സംസ്ഥാനത്തെ ക്ഷീരോല്പാദനം 38 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 1962 ൽ 2 ലക്ഷം മെട്രിക്ടണ്ണായിരുന്ന പാലുല്പാദനം 1995ൽ 21.5 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. കേരളത്തിലുള്ള 8 ലക്ഷത്തോളം ക്ഷീരകർഷകരാണ് സഹകരണ പ്രസ്ഥാനത്തിനു കീഴിൽ ഇപ്പോഴുള്ള്

താഴെ പറയുന്ന പദ്ധതികളായിരുന്നു എട്ടാം പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽ, ഡയറി ഡിപ്പാർട്ടുമെന്റിൽ കൂടി നടപ്പാക്കിയിരുന്നത്.

1. ഒരു ബ്ളോക്ക് അതൃത്തിയിൽ ഒരു ക്ഷീരവികസന ആഫീസ് എന്ന രീതിയിൽ കൊട്ടാരക്കര N.E.S. ബ്ളോക്കിലെ ക്ഷീരവികസന ആഫീസ്, കൊട്ടാരക്കര പഞ്ചായത്ത് കൊട്ടാരക്കര പഞ്ചായത്ത് മേഖലയിൽ സ്ഥിതി ചെയ്യുന്നു. ഒരു ക്ഷീര വികസന ഓഫീസർ (Dairy Extension Officer) രണ്ടു ഇൻസ്ട്രക്റ്റർമാർ (Instructors) എന്നിവരടങ്ങുന്നതാണ് സ്റ്റാഫ് പാറ്റേൺ. ഈ ബോളോക്കിന്റെ അധികാരതൃത്തിയിലുള്ള 6 പഞ്ചായത്തുകളിലും ക്ഷീരവികസന പദ്ധതികളുടെ പ്രവർത്തനം നയിക്കുന്നത് മേല്പറയപ്പെട്ട ഉദ്യോഗസ്ഥരാണ്.

2. കർഷക സമ്പർക്ക പരിപാടി

ക്ഷീര വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശാസ്ത്രീയമായ അറിവുകൾ കർഷകർക്ക് പകർന്നു കൊടുക്കേണ്ട ആവശ്യത്തിലേക്കായി പഞ്ചായത്തുകൾ തോറും ക്ലാസുകളും സെമിനാറുകളും നടത്തുന്നുത് അതതു പഞ്ചായത്തുകളിലെ സഹകരണ ഉപസംഘങ്ങളുടെ സഹകരണത്തോടും സഹായത്തോടുംകൂടിയാണ് ചർച്ചാക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുന്നത്.

3. ക്ഷീരോല്പാദനം നിർമ്മിക്കുന്നതിനുള്ള ക്ലാസ്സുകളും, പ്രവർത്തനങ്ങളും

പാൽ കേടുകൂടാത് സൂക്ഷിക്കുക, പാലിന്റെ ഉപഭോഗം കൂട്ടുക, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന എന്നീ ഉദ്ദേശലക്ഷ്യങ്ങളോടുകൂടി ക്ഷീരോല്പന്ന നിർമ്മാണ രീതികൾ പഠിപ്പിക്കുന്നു. മുഖ്യമായും വനിതകളെ ഉദ്ദേശിച്ചാണ് ഈ പദ്ധതി ആസുത്രണം ചെയ്തിരിക്കുന്നത്. ഡമോൺസ്ട്രേഷൻ നടത്തുന്നതിനുവേണ്ടി വാങ്ങുന്ന സാധനങ്ങൾക്കു വിലയായി 100/- രൂപാ ധനസാഹയം നല്കുന്നു.

4. കന്നുകാലി പ്രദർശനം, ക്ഷീരവികസന സെമിനാർ

കറവമാടുകളെ ശാസ്ത്രീയമായി പരിപാലിക്കുക, മൃഗസംരക്ഷണത്തിൽ ജനങ്ങൾക്ക് താല്പര്യം ജനിപ്പിക്കുക, എന്നീ ലക്ഷ്യങ്ങളോടുകൂടി ബ്ളോക്കുതലത്തിൽ ക്ഷീരോത്സവം നടത്താറുണ്ട്. കന്നുകാലി-കന്നുകുട്ടി പ്രദർശനം, ക്ഷീരവികസന സെമിനാർ, ചർച്ചാക്ലാസ്സുകൾ, പ്രോത്സാഹനമായി സമ്മാനദാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെയാണ് ഇവ നടത്തുന്നതെങ്കിലും സർക്കാർ വിഹിതമായി 900/-രൂപാ ധനസഹായം നല്കാറുണ്ട്.

5. കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം.

ശാസ്ത്രീയാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാലിത്തൊഴുത്തിന് ധനസഹായമായി 1250/-രൂപാ നല്കാറുണ്ട്. ഈ തൊഴുത്തിൽ രണ്ടു കറവമാടുകളെ സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

**1. പുൽകൃഷി** (Greengrass cultivation)

പശുക്കൾക്ക്, പ്രത്യേകിച്ചും കറവമാടുകൾക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത പോഷകാഹാരമാണ് പച്ചപ്പുല്ല്. കർഷകർ, ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശാനുസരണം ശാസ്ത്രീയമായ രീതിയിൽ പുൽകൃഷി നടത്തേണ്ടതുണ്ട്. സ്വന്തം കൃഷി സ്ഥലത്തോ, അതെല്ലങ്കിൽ സ്ഥലം പാട്ടത്തിനെടുത്തോ കൃഷി ചെയ്യാവുന്നതാണ്. പ്രാഥമിക ചെലവിനും അടിസ്ഥാന ആവശ്യങ്ങൾക്കുമായി ഒരു ഹെക്ടർ സ്ഥലത്തെ കൃഷിയ്ക്ക് 15,000/-വരെ സാമ്പത്തിക സഹായം നല്കുന്നു. വ്യക്തിക്കോ സംഘങ്ങൾക്കോ5 ഹെക്ടർ സ്ഥലത്തുവരെ മേല്പ്പറയപ്പെട്ട രീതിയിൽ ശാസ്ത്രീയടിസ്ഥാനത്തിൽ പുൽകൃഷി നടത്താവുന്നതാണ്. കർഷകൻ /ചെലവഴിക്കുന്ന തുകയുടെ 50% സബ്സിഡിയായി



000048

നല്കുന്നു. ചെലവാക്കുന്ന തുകയുടെ അനേകമടങ്ങ് ചെലവഴിച്ചതായി വ്യാജരേഖകൾ ഹാജരാക്കി സ്ബ്സിഡി തുക കൈപ്പറ്റാനുള്ള പ്രവണത ഈ പദ്ധതിയിലുൾക്കൊള്ളുന്നു എന്നി പോരായ്മ ഇതിൽ അടങ്ങിയിരിക്കുന്നു. ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരും പലപ്പോഴും ഈ അവിഹിത ഇടപാടിൽ കക്ഷികളായിത്തീരാൻ സാദ്ധ്യത ഉണ്ട്.

**2. പുൽകൃഷി വികസന പദ്ധതി**

ശരിയായ ജനസേചനവും ശാസ്ത്രീയമായ വളപ്രയോഗവും നടത്തിയാൽ ഒരു ഹെക്റ്റർ സ്ഥലത്തുനിന്നും ശരാശരി 60 മുതൽ80 ടൺ പച്ചപ്പുല്ല് ലഭിക്കുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലടിസ്ഥാനത്തിലും പുൽകൃഷി നടത്താവുന്നതാണ്. തരിശുഭൂമിയിൽ തനിവിളയായും, തെങ്ങിൽ തോപ്പുകളിലും മറ്റും ഇടവിളയായും കൃഷി ചെയ്യാം. ഇതിനുവേണ്ടി മേൽത്തരം വിത്തിനങ്ങൾ (seeds) വിതരണം ചെയ്യുന്നുണ്ട്. കറവമാടുകളിൽ പാൽ ഉല്പാദനം വർദ്ധിക്കുന്ന എന്നു മാത്രമല്ല, മണ്ണിൽ ജലാംശം നിലനിർത്താനും, മണ്ണൊലിപ്പ് തടയാനും ഇത് സഹായമാകുന്നു.

ഗിനിപ്പുല്ല് (guiner grass) കോംഗോസിഗ്നൽ (Congo Signal), നേപ്പിയർ (Napier) എന്നിവയാണ് ദീർഘ കാലാടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന പുല്ലിനങ്ങൾ

മക്കച്ചോളം, വർപയർ എന്നിവയാണ് ഹ്രസ്വകാലാടിസ്ഥാനത്തിൽ കൃഷി ചെയ്യാവുന്ന ഇനങ്ങൾ. വിത്തും വളവും സബ്സിഡി നിരക്കിൽ നല്കുന്നുണ്ട്. വൻപയർ കൃഷിയ്ക്ക് ഹെക്ട്ടറിന് 300/-രൂപയും, മക്കച്ചോളം കൃഷി ചെയ്യുന്നതിന് ഹെക്ട്ടറിന്700/രൂപയും സബ്സിഡി നല്കുന്നു.

3. പൂൽ-പയർ മിശ്രിതം

പോഷക പ്രധാനമായ ഒരു കാലിത്തീറ്റയാണ് പുല്ലും പയറുവർഗ്ഗങ്ങളും ചേർന്ന തീറ്റ ദീർഘകാല പുൽകൃഷി ആയതിനാൽ കാലിത്തീറ്റ സുലഭമായിരിക്കും. പുൽവിത്ത് ആഫീസിൽ നിന്ന് പാക്കറ്റിന് 9/- രൂപാ നിരക്കിൽ വിതരണം നടത്തുന്നു. രൂപാ10/- സബ്സിഡിയായും നല്കുന്നുണ്ട്.

**1. തീറ്റപ്പുൽകൃഷി വികസന പരിപാടി**

യൂറിയ (Urea) തളിച്ച് വയ്ക്കോൽ സംപുഷ്ടികരിച്ച് കാലത്തീറ്റയായി ഉപയോഗിക്കുന്ന പദ്ധതിയാണിത്. ഇതുമൂലം മറ്റു കാലിത്തീറ്റകളുടെ അളവു കുറയ്ക്കുന്നതിനും തൻനിമിത്തം ചെലവിനത്തിൽ ഗണ്യമായ ലാഭം ഉണ്ടാക്കുന്നതിനു കഴിയുന്നു. സാധനങ്ങൾ വാങ്ങുന്നതിന് ധനസഹായമായി 500/-രൂപാ സബ്സിഡിയായി നല്കി വരുന്നു.

**2. സൈലേജ് (Silage)**

അധികമുള്ള പച്ചപ്പുല്ല് സൈലേജാക്കി മാറ്റി വരൾച്ചക്കാലത്ത് കന്നുകാലികൾക്ക് നല്കാവുന്ന പദ്ധതിയാണിത്. പച്ചപ്പുല്ലിലെ പോഷകമൂല്യം അല്പംപോലും നഷ്ടപ്പെടാതെ സൂക്ഷിക്കാനും കഴിയും പുറ്റു നിർമ്മാണത്തിന് 500/-രൂപാ ധനസഹായം നല്കുന്നു.

**3. ഹെ നിർമ്മാണം**

അധികമുള്ള പച്ചപ്പുല്ല് ഉണക്കി സൂക്ഷിച്ച് ആവശ്യമുള്ളപ്പോൾ ഉപയോഗയോഗ്യമാക്കുന്ന സംമ്പ്രദായമാണ് "ഹെ"നിർമ്മാണം. ഒരു ടൺ "ഹെ" നിർമ്മിക്കുന്ന ക്ഷീരകർഷകന്200/-രൂപാ ധനസഹായമായി നല്കിവരുന്നു.

**4. പീലിവാക സാമ്പാബ്ബുൾ**

പയർ വർഗ്ഗത്തിൽപ്പെട്ട വൃക്ഷകാലിത്തീറ്റയാണ് പാലിവാകയ രണ്ടു മീറ്റർ ഉയരത്തിൽ വച്ചു മുറിച്ച് കാലിത്തീറ്റയാക്കുന്നുയ 20% പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്. മണ്ണൊലിപ്പു തടയുന്നതിനും വേലിപ്പത്തലായും ഉപയോഗിക്കാം. കുരുമുളക് വളർത്താനുള്ള താങ്ങുമരമായും ഉപയോഗിക്കാവുന്നതാണ്. വിത്തുകൾ നഴ്സറികൾ വഴി വിതരണം നടത്തുന്നു.

**IV വിറ്റാമിൻ മിനറൽ മിക്സച്ചർ**

(Vitamin, Mineral Mixture)

കന്നുകാലികളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും വിറ്റാമിൻ, ധാതുലവണങ്ങൾ എന്നിവയുടെ കുറവ് പരിഹരിക്കുന്നതിനും ക്ഷീര കർഷകർക്ക് സൗജന്യനിരക്കിൽ വിറ്റാമിൻ ഫീഡ് സപ്ലിമെന്റ്, മിനറൽ മിക്സച്ചർ എന്നിവ വിതരണം ചെയ്യുന്നുണ്ട്.

**V. കിറ്റ് വിതരണം**

കയർ ബ്രഷ്, ലോഷൻ, പൊട്ടാസിയം പെർമാംഗനേറ്റ് എന്നിവ അടക്കം ചെയ്ത കിറ്റുകൾ 10/-രൂപാ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു.

**VI ക്ഷീരോല്പന്ന നിർമ്മാണ വിപണന യൂണിറ്റുകൾ**

ക്ഷീരവികസനവകുപ്പിന്റെസാമ്പത്തികസഹായത്തോടെ 1993 മുതൽ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടുവരുന്ന ഒരു പദ്ധതിയാണിത്. പതിനഞ്ചിന പരിപാടിയുടെ ഭാഗമാക്കി 95-96 അനേകം യൂണിറ്റുകൾ സംസ്ഥാനത്ത്



000049

സ്ഥാപിക്കുവാൻ കഴിഞ്ഞു. രണ്ടോ അധിലധികമോ യൂണിറ്റുകൾ ഓരോ പഞ്ചായത്തിലും ഉണ്ടാകും. മിച്ചം വരുന്ന പാൽ ഉപയോഗശൂന്യമാകാതെ ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും ഉപഭോഗം കൂട്ടുന്നതിനും കഴിയുന്നു. അഭ്യസ്ത വിദ്യരായ 4 സ്ത്രീകൾക്ക് ഓരോ യൂണിറ്റിലും തൊഴിൽ നല്കുവാൻ കഴിയുന്നു. യൂണിറ്റ് ഒന്നിന് 20250/-രൂപയും 4 പേരുടെ പരിശീലന ചെലനിനത്തിൽ 1500/- രൂപയും ധനസഹായമായി നല്കിവരുന്നു.

## VII കൃത്രിമ ബീജധാനപരിപാടി

(Artificial Insenination Programme)

ക്ഷീരോല്പാദനം ഗണ്യമായതോതിൽ വർദ്ധിപ്പിക്കുന്നതിന് മേൽത്തരം ജനസ്സുകളിൽപെട്ട കറവമാടുകൾ ഉണ്ടായിരിക്കണം. കൃത്രിമ ബീജാധാനപദ്ധതിയിൽകൂടിയാണ് സംസ്ഥാനത്ത് മേൽത്തരം വർഗ്ഗത്തിൽപ്പെട്ട കറവമാടുകൾ സുലഭമായത്

ഒരു സ്വയം തൊഴിൽ എന്ന രീതിയിൽ ക്യാറ്റിൽ ഇംപ്രൂവ്മെന്റ അസിസ്റ്റന്റൻമാർ (Caffle Improvement Assistant) ഈ രംഗത്ത് അനുഷ്ഠിച്ച സേവനം വളരെ വലുതാണ്. വീടുകൾ സന്ദർശിച്ച്, കർഷകന് ഏറ്റവും കുറഞ്ഞ ചെലവിൽ അവരുടെ പശുക്കൾക്ക് ബീജധാനംനടത്തിക്കൊടുക്കുവാൻ സി.ഐ.എ മാർക്ക് കഴിഞ്ഞിരുന്നുവെന്നതാണ് ഈ പദ്ധതി വമ്പിച്ച വിജയമാക്കിത്തീർത്തത്. മൃഗസംരക്ഷണവകുപ്പിന്റെ ഉടമസ്ഥതയിലുള്ള കേന്ദ്രങ്ങളിൽ നിന്നും സാങ്കേതിക വിദഗ്ധന്മാരെ (മൃഗഡോക്ടറെയോ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരെയോ) വീടുകളിൽ കൊണ്ടുപോയി പശുക്കൾക്ക് കൃത്രിമ ബീജധാനം നിർവ്വഹിക്കുന്നത് ഭൂരിപക്ഷം കർഷകർക്കും സാമ്പത്തി കാരണങ്ങളാൽ എഴുപ്പമല്ല. നിർഭാഗ്യവശാൽ, ഭൂരിപക്ഷം ക്യാറ്റിൽ ഇംപ്രൂവ്മെന്റ അസിസ്റ്റന്റുമാരെയും മൃഗസംരക്ഷണവകുപ്പിൽ ലൈവ്സ്റ്റോക്ക് അസിസ്റ്റന്റുമാരായി പരിശീലനം ഒകടുത്തു നിയമിച്ചു കഴിഞ്ഞിരുന്നതിനാൽ അവരുടെ നേവനം പാവപ്പെട്ട കർഷകർക്ക് ഇന്ന് ലഭ്യമല്ല.

## VIII ക്ഷീരസഹകരണസംഘങ്ങളും ക്ഷീരവികസന വകുപ്പ് അവയ്ക്കു നല്കുന്ന ധനസഹായവും.

ക്ഷീരോല്പാദനം, സംഭരണം, വിതരണം, ഗുണ നിയന്ത്രണം. പരിശീലനം തുടങ്ങിയ അഭിവൃത്തിപ്പെടുന്നതിനായി വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പലാക്കിക്കൊണ്ടിരുന്നു. പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം റജിസ്ട്രേഷൻ എന്നിവയും ക്ഷീരവികസന വകുപ്പ് നടത്തുന്നു. പുതുതായി ആരംഭിക്കുന്ന സംഘത്തിന് ക്ഷീര വികസനവകുപ്പും ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്ന ധനസഹായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ഫർണിച്ചർ വാങ്ങുന്നതിന് | രൂ 5000/- |
| 2. | ഫ്രീസർ /കൂളർ | രൂ15,000/- |
| 3. | പാൾ പരിശോധനയ്ക്ക് മിൽകോ ടെസ്റ്റർ | രൂ 15,000/- |
| 4. | പ്രവർത്തന മൂലധനം | രൂ10,000/- |
| 5. | സംഘം സെക്രട്ടറിയ്ക്ക് ശംബളം നല്കുന്നനതിന് മാനേജരിയൽ സബ്സിഡി | രൂ 10,000 |
| 6. | കാലിത്തീറ്റസൂക്ഷിക്കുന്നതിന് ഫോഡർ ബാങ്കു നിർമ്മാണം | രൂ 15,000/- |
| 7. | പാൽപാത്രം വാങ്ങുന്നതിന് | രൂ 15,000/- |
| 8. | കെട്ടിട നിർമ്മാണം | രൂ 25,000/- |

## IX പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് പ്രത്യേക പദ്ധതി

പട്ടികജാതി വർഗ്ഗക്കാർക്ക് ചെറിയ ഡയറിയൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത് രൂ 7000/-വരെധനസഹായം നല്കുന്ന ഈ പദ്ധതിയിൽ, മാതൃകാ കാലിത്തൊഴുത്ത്, ഒരു പശു, പരിശീലനം, കാലിത്തീറ്റയ്ക്ക് സബ്സിഡി എന്നിവ ഉൾപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട I.H.D.P കോളനിയിലുള്ളവർക്കു മുൻഗണന നല്കുന്നു.

## X പ്രത്യേക കേന്ദ്രസഹായ പദ്ധതി (Special central Aid Programme)

ഏതു പദ്ധതി നടപ്പിലാക്കുമ്പോഴും 20 ശതമാനം പട്ടികജാതി -വർഗ്ഗക്കാർക്ക് നല്കുന്നു.

## XI മിനി മിൽക്ക് പ്രോഡക്റ്റ് ഫാക്ടറി (Mini Milk Product Factory)

ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണത്തിന് മിനിമിൽക്ക് പ്രോഡക്റ്റ് ഫാക്റ്ററി ആരംഭിക്കുന്നവർക്ക് ധനസഹായം നല്കുന്നു.

## XII മിനി കാലിത്തീറ്റ ഫാക്റ്ററി (Mini Cattlefeed Factory)

ചെറിയ തോതിൽ കാലിത്തീറ്റ നിർമ്മാണ ഫാക്റ്ററി ആരംഭിക്കുന്നതിന് സഹകരണസംഘങ്ങൾക്ക്, ക്ഷീര വികസനവകുപ്പ് ധനസഹായം നല്കുന്നു.

ഒമ്പതാം പദ്ധതിക്കാലത്ത് ക്ഷൂരോല്പാദന മേഖലയിൽ കൊട്ടാരക്കര പഞ്ചായത്തിൽ നടപ്പിലാക്കേണ്ട ഏതാനും പദ്ധതികൾ താഴെ വിവരിക്കുന്നു.

കൊട്ടാരക്കര പഞ്ചായത്ത് തീർത്തും ഒരു കാർഷിക മേഖലയാണ്. മണ്ണിന്റെ ഗുണനിലവാരം, ഭൂമിയുടെ



000058

കിടപ്പ്, ആവശ്യത്തിനനുസരണമുള്ള ജലലഭ്യത, കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണക്കൂടുതൽ എന്നിവ പരിഗണിക്കുമ്പോൾ, കാർഷികവൃത്തിക്കും അതിനോടനുബന്ധിച്ചുള്ള മൃഗസംരക്ഷണം, ക്ഷീരോല്പാദനം, കോഴിവളർത്തൽ എന്നിവയ്ക്കാണ് ഒമ്പതാം പദ്ധതിക്കാലത്ത് ഈ പഞ്ചായത്തിൽഅഗ്രിമസ്ഥാനം നല്കേണ്ട പദ്ധതികൾ. കാർഷികമേഖലയും മൃഗസംരക്ഷണവും പരസ്പര പൂരകങ്ങളായി വിഷയങ്ങളാകയാൽ അവയിൽ ഏതെങ്കിലും ഒരു വിഷയത്തെ മാത്രം ആസ്പദമാക്കി ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയുകയില്ല. കാലാവസ്ഥയുടെ പ്രത്യേകത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, ഭൂമിശാസ്ത്രപരമായ സവിശേഷത, ജനബാഹുല്യം, അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ തൊഴിലില്ലായ്മ, ശേഖരണത്തിനും വിപണത്തിനുമുള്ള സൗകര്യം, ഗതാഗത സൗകര്യം എന്നിവ കണക്കിലെടുത്താൽ ക്ഷീരോല്പാദനരംഗത്ത് ആത്ഭുതാവഹമായപുരോഗതി കൈവരിക്കാൻ ഈ പഞ്ചായത്തിനും കഴിയും. എട്ടാം പദ്ധതിക്കാലത്ത്, ക്ഷീരവികസന വകുപ്പ്, കൊട്ടാരക്കര ബ്ളോക്കിന്റെ അധികാരാതൃത്തിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രയോജന പ്രദമായ ഏതാനും പദ്ധതികളുടെ വിവരം മുകളിൽ സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുണ്ട്. അഭ്യസ്ത വിദ്യരായ യുവതീയുവാക്കളെ കാർഷികസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ, തൊഴിലില്ലായ്മ ഗണ്യമായി കുറയ്ക്കാൻ കഴിയുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസനരംഗത്ത് ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട ഏതാനും പദ്ധതികൾ താഴെ വിവരിക്കുന്നു.

## 1. പാസ്ച്യൂറൈസേഷൻ യൂണിറ്റ് (Pasteurisation Unit)

കൊട്ടാരക്കര പഞ്ചായത്തിൽ ഒരു ക്ഷീരവികസനസംഘം പ്രവർത്തിക്കുന്നുണ്ട് ഏകദേശം 4,00,000 ലിറ്റർ പാൽ, സംഘം ശേഖരിക്കുകയും വിറ്റിഴിക്കുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾ, ക്ഷീരകർഷകർ, വ്യക്തികൾ, ചെറിയ ചെറിയ ഡയറി യൂണിറ്റുകൾ എന്നിവയിൽകൂടെ ആയിരിക്കണക്കിനു ലിറ്റർ പാൽ ദിവസവും ഈ പഞ്ചായത്ത് അതൃത്തിയിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. നിലവിലുള്ള ഒരു സംഘത്തിന് ഇത്രയും അളവിൽ പാൽ ശേഖരിക്കാനും കേടുകൂടാതെ സൂക്ഷിക്കാനും സാദ്ധ്യമാകുകയില്ല പാസ്ച്യൂറൈസേഷൻ സൗകര്യം ഉണ്ടെങ്കിൽ, സ്വകാര്യ വ്യക്തികൾ, പാൽ സഹകരണസംഘങ്ങൾ, സ്വകാര്യ ഡയറി യൂണിറ്റികൾ, പാൽ വിറ്റ് നിത്യവൃത്തി കഴിക്കുന്ന ക്ഷീരകർഷകർ, മറ്റ് ഏജസികൾ എന്നിവരിൽ നിന്നും പാൽ ശേഖരിച്ച് കേടുകൂടാതെ സൂക്ഷിക്കാനും വിറ്റഴിക്കാനും കഴിയും. ഡയറിയൂണിറ്റ്, സഹകരണസംഘങ്ങൾ, സ്വകാര്യ വ്യക്തികൾ പാൽ വ്യവസായവുമായി ബന്ധപ്പെട്ടു കഴിയുന്ന മറ്റു ഏജൻസികൾ എന്നിവയിൽകൂടി ശേഖരിക്കുന്ന പാൽ വിറ്റഴിയ്ക്കാൻ യാതൊരു പ്രയാസവും ഉണ്ടാകയില്ല. നിലവിലുള്ള ക്ഷീരസഹകരണസംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വ്യാപിപ്പിയ്ക്കാൻ കഴിയുന്നില്ല. അതിനാൽ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്ത് അതൃത്തിയിലുള്ള മറ്റു സ്ഥലങ്ങളിൽകൂടി വ്യാപിപ്പിക്കുകയോ, സമാനസ്വഭാവമുള്ള ഒന്നോ രണ്ടോ ക്ഷീരസഹകരണസംഘങ്ങൾ പഞ്ചായത്ത് അതൃത്തിക്കുള്ളിൽ യുക്തമായ സ്ഥത്ത് സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്. അനവധിയാളുകൾക്ക് തൊഴിൽ ലഭ്യമാക്കാനും അതുവഴി നിശ്ചിതമായ വരുമാനം കണ്ടെത്താനും ഉപയുക്തമാണ് ഈ സംരംഭം.

## 2. ക്ഷീരോല്പന്ന നിർമ്മാണം ( Production of Milk Products)

മൃഗസമ്പത്തോ, ക്ഷീരോല്പാദനമോ തൂലോം കുറവായ പട്ടണവാസികൾ നിത്യവും ശരാശരി 500 ഗ്രാം വീതം പാലോ, പാൽ ഉല്പന്നങ്ങളോ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഗ്രാമപ്രദേശങ്ങളിൽ ക്ഷീരോല്പാദനം നടത്തുന്ന കുടുംബങ്ങളിലെ അംഗങ്ങൾപോലും ശരാശരി 250 ഗ്രാം പാൽ നിത്യവും ഉപയോഗിക്കുന്നില്ല. പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് ഉപയൂക്തമായ ഒരു പദ്ധതിയാണ് പാൽ ഉല്പന്ന നിർമ്മാണം ചോക്കലേറ്റ്, പീഡ, ഐസ്ക്രീം, ഗുലാബ്ജാം, രസഗുള, സിപ് അപ്, ഹൽവ, തുടങ്ങി നാല്പതോളം ഉല്പന്നങ്ങൾ പാലിൽ നിന്നും നിർമ്മിക്കാവുന്നതാണ്.ഒരു ക്ഷീരോല്പന്ന നിർമ്മാണ കേന്ദ്രത്തിൽ കുറഞ്ഞത് 40 ആളുകൾക്കെങ്കിലും പ്രത്യേകിച്ച് വനിതകൾക്ക് തൊഴിൽ ലഭിയ്ക്കാൻ സാദ്ധ്യതകളുണ്ട്. ഉല്പന്നങ്ങൾ വിറ്റഴിയ്ക്കാൻ യാതൊരു പ്രയാസവും ഉണ്ടാകയില്ല. പാൽ, കേടാകുന്നത് തടയാൻ കഴിയുന്നുവെന്നു മാത്രമല്ല, പാൽ ഉപയോഗിക്കാൻ സാധ്യത ഇല്ലാത്ത ആളുകൾക്ക് പാൽകൊണ്ട് നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഉപയോഗിക്കാനും സൗകര്യവും സാദ്ധ്യതയും ഉണ്ടാകുന്നു. താല്പര്യമുള്ള അഭ്യസ്ത വിദ്യരായ യുവതികൾക്ക് മതിയായ പരിശീലനം നല്കിയാൽ ഇതൊരു സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൂടിയായി മാറുകയും ചെയ്യുന്നു.

## 3. മാതൃകാ ഡയറി യൂണിറ്റുകൾ(Model Dairy Units)

കുറഞ്ഞപക്ഷം 25 സെന്റ് ഭൂമിയെങ്കിലും പുല്ലുനടാനും ജനസേചനം നടത്താനും സൗകര്യമുള്ള വ്യക്തികൾക്ക് ഡയറി യൂണിറ്റ് തുടങ്ങാനുള്ള സൗകര്യങ്ങൾ ക്ഷീരവികസന വകുപ്പ് ചെയ്തുകൊടുക്കണം. ഇതിനായി ഒരു വാർഡിൽ 4 വ്യക്തികളെ വീതം തെരെഞ്ഞെടുക്കാവുന്നതാണ്, ഒരു വ്യക്തിക്ക് 3 പശുക്കളെവീതം വാങ്ങാനുള്ള തുക ലോൺ വ്യവസ്ഥയിൽ അനുവദിക്കാവുന്നതാണ്. പുല്ലു വിത്തുകൾ അല്ലെങ്കിൽ സ്ളിപ്പുകൾ, സൗജന്യമായി വിതരണം നടത്താവുന്നതാണ്. പശുക്കളെ ഇൻഷ്വറൻസ് ചെയ്യാനുള്ള ഏർപ്പാട് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. അവിടെ ഉല്പാദിപ്പിക്കുന്ന പാല് ക്ഷീര സഹകരണസംഘം വഴി ശേഖരിച്ച് വിതരണം നടത്താവുന്നതാണ്. സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാല് വില്ക്കാനുള്ള അവകാശവും ക്ഷീരകർഷകന് അനുവദിച്ചു കൊടുക്കാവുന്നതാണ്.



000051

**4. വ്യാവസായികാടിസ്ഥാനത്തിൽ പച്ചപ്പുല്ലുകൃഷി**

ജലസേചന സൗകര്യം ഉള്ളതും എന്നാൽ തരിശായി (Carren) കിടക്കുന്നതുമായ ഭൂമി, ഈ പഞ്ചായത്ത് അതൃത്തിയിലും സമീപ പ്രദേശങ്ങളിലും സുലഭമാണ്. ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ, ഗുണമേന്മയുള്ള പച്ച പ്പുല്ല് അവിടെ കൃഷി ചെയ്യാവുന്നതും കർഷകർക്ക് ആവശ്യാനുസരണം സംഘം വഴിതന്നെ പുല്ല് വിറ്റഴിക്കാവുന്നതാണ്. പുൽകൃഷി നടത്തി വിളവെടുക്കാൻ സാധിക്കാത്ത കർഷകന് ഈ പദ്ധതി വളരെ അനുഗ്രഹമായിരിക്കും.

**5 തീറ്റ ഫാക്റ്ററി (Feed Factory)**

ക്ഷീര കർഷകർ, കോഴികൃഷിക്കാർ എന്നിവരെ എന്നും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു വൻ പ്രശ്നമാണ് ഗുണനിലവാരമുള്ള കന്നുകാലത്തീറ്റയുടേയും (Cattle feed) കോഴിത്തീറ്റയുടേയും (Paultry feed) ലഭ്യത. തിരുവനന്തപുരം ജില്ലയിൽ പേട്ട എ.പി.ഡി., കുടപ്പനക്കുന്ന് റീജീണണൽ പൗൾട്രി ഫാം എന്നിവിടങ്ങളിൽ മാത്രമാണ് സർക്കാർ ഉടമയിൽ തീറ്റ നിർമ്മാണം നടത്തുന്നത്, കുടപ്പനാംക്കുന്നിൽ അവിടുത്തെ ആവശ്യത്തിനു മാത്രമുള്ള കോഴിതീറ്റ നിർമ്മിക്കുമ്പോൾ പേട്ടയിൽ ഐ.പി.ഡി യുടെ കൂഴിൽ വരുന്ന സബ്സെന്ററുകളിലേക്കും, ലോൺ വ്യവസ്ഥയിൽ കോഴികൃഷി നടത്തുന്ന കർഷകർക്കും മാത്രമാണ തീറ്റ നിർമ്മിക്കുന്നത്. കൊല്ലം ജില്ലയിൽപോലും കുടപ്പനക്കുന്നിലും പേട്ടയിലും നിർമ്മിക്കുന്ന തീറ്റകൾ ലഭിയ്ക്കുകയില്ല.

ഈ രംഗത്തു പിന്നെ ആശ്രയിക്കാനുള്ളത് മൈസൂർ, തമിഴ്നാട്, ആന്ധ്ര, തുടങ്ങിയ ആയൽ സംസ്ഥാനങ്ങളിൽ ഫീഡ് ഫാക്റ്ററികൾ സ്ഥാപിച്ച് കന്നുകാലിത്തീറ്റയും കോഴിത്തീറ്റയും ഉല്പാദിപ്പിക്കുകയും ഇവിടെ കൊണ്ടുവന്ന് അമിതമായ വില ഈടാക്കി വിറ്റഴിക്കുകയും ചെയ്യുന്ന സ്വകാര്യ മുതലാളിമാരെയാണ്. മാക്കപ്പോഴും ഗുണനിലവാരം കുറഞ്ഞതും, അണുവിമുക്തമല്ലാത്തതു (ingected)മായ തീറ്റകളാണ് പാവപ്പെട്ട കർഷകർ അമിതവില കൊടുത്തു വാങ്ങുന്നത്. കന്നുകാലികളും കോഴികളും പലപ്പോഴും പലരോഗങ്ങൾക്കും അടിമയായിത്തീരുകയും, പാല്, മുട്ട എന്നിവയുടെ ഉല്പാദനം വളരെക്കുറഞ്ഞ് കർഷകർക്ക് നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു. തീറ്റ ഫാക്റ്ററിയ്ക്ക് അനുയോജ്യമായ സ്ഥലം കൊട്ടാരക്കര പഞ്ചായത്തിലുണ്ട് ഇപ്പോൾ ലഭിയ്ക്കുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റയും കോഴിത്തീറ്റയും കർഷകർക്ക് ലഭിക്കുന്നുവെന്നു മാത്രമല്ല, കുറെ യുവാക്കൾക്ക് തൊഴിൽ ലഭിക്കുവാനും കഴിയും. റോഡുവഴിയും റയിൽ വഴിയുമുള്ള ഗതാഗത സൗകര്യം മരച്ചീനി (Tapioca) തവിട് (Rice Cran) എള്ളുംപിണ്ണാക്ക്(Gingly Cake) ഉണക്ക മത്സ്യം (Dry Fish) തുടങ്ങി തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത തുടങ്ങി ഫീഡ്ഫാക്റ്ററി ആരംഭിക്കുന്നതിനുള്ള പല അനുകൂല ഘടകങ്ങളും ഈ പഞ്ചായത്തിൽ സുലഭമാണ്.

**5. ചെറുകിട പുൽകൃഷി**

മേൽത്തരം പുല്ലുവിത്ത്, സ്ലിപ്പുകൾ, വളം എന്നിവ വിലകുറച്ച് കർഷകർക്ക് നല്കി അവരെക്കൊണ്ടു തന്നെ കൃഷി ചെയ്യിപ്പിക്കാവുന്നതാണ്. വിളവെടുക്കന്ന പുല്ല് കർഷകർക്ക് നേരിട്ട് ആവശ്യക്കാർക്കു വില്ക്കുകയോ, സഹകരണസംഘം വഴി ശേഖരിച്ച് വില്ക്കുകയോ ചെയ്യാവുന്നതാണ്. പുൽകൃഷി നടത്താൻ മതിയായ സ്ഥലം സ്വന്തമായി ഇല്ലാത്ത ക്ഷീരകർഷകനെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി വളരെ ഗുണപ്രദമായിരിക്കും.

**6. മാതൃകാ കന്നുകാലിത്തൊഴുത്ത് (Model Cattle shed)**

ക്ഷീരവികസന വകുപ്പിൽ നിന്നും നിശ്ചയിക്കുന്ന മാതൃകയിൽ മാതൃകാ കാലിത്തൊഴുത്ത് നിമ്മിക്കുന്നതിന് ക്ഷീരകർഷകന് ലോൺ വ്യവസ്ഥയിൽ ധനസഹായം നല്കാവുന്നതാണ്. ശാസ്ത്രീയമായ രീതിയിൽ നിർമ്മിക്കുന്ന മാതൃകാ കാലിത്തൊഴുത്തിൽ രണ്ടു പശുക്കളെയെങ്കിലും സംരക്ഷിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കണം.

**7. പഞ്ചായത്തിൽ ഒരു ഡയറിഫാം ആരംഭിക്കുക**

ഒരു ഡയറിഫാം പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. വിശേഷിച്ചും സ്ഥല സൗകര്യം, ഡയറിഫാം ആരംഭിക്കുന്നതുമൂലം ആവശ്യാനുസരണം പാലും, പാലുല്പന്നങ്ങളും ലഭിക്കുന്നുവെന്നു മാത്രമല്ല, അനേകം ആളുകൾക്ക് തൊഴിലും ലഭിക്കാനുള്ള സാഹചര്യം ഉണ്ട്. ഇപ്പോൾ, തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ മാത്രമേ ഒരു ലൈവ്സ്റ്റോക്കുഫാം പ്രവർത്തിക്കുന്നുള്ളൂ.

**8. ഗോബർ ഗ്യാസ് പ്ലാന്റുകൾ**

പഞ്ചായത്തിലെ പല വാർഡുകളിലും കുറഞ്ഞ ചിലവിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാവുന്നതാണ്.

**10. കർഷകസമ്പർക്ക പരിപാടി**

ക്ഷീരോല്പാദനം, ക്ഷീരോല്പാദന നിർമ്മാണം ശാസ്ത്രീയമായി പച്ചപ്പുൽകൃഷി നടത്തുന്ന വിധം, സൈലേജു നിർമ്മാണം, ഹെ നിർമ്മാണം, മൃഗപരിപാലനം, കാലിത്തൊഴുത്തും പരിസരവും വൃത്തിയായും അണു വിമുക്തമായും സൂക്ഷിക്കുന്ന വിധം എന്നിവയിൽ ക്ഷീരകർഷകർക്കും, പുതുതായി ഈ മേഖലയിൽ കടന്നുവരാൻ ആഗ്രഹിക്കുന്ന അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്കും വിജ്ഞാനം ആർജ്ജിക്കുന്നതിന് വർഷത്തിൽ ഒരാഴ്ചയോളം



000052

നീണ്ടുനില്ക്കുന്ന ഹ്രസ്വകാല ക്ലാസ്സുകൾ, ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, ഫിലിം പ്രദർശനം എന്നിവ ഗ്രാമ പഞ്ചായത്തിന്റെ ഓരോ വാർഡിലും നടത്താവുന്നതാണ്. കൂടാതെ, വർഷത്തിലൊരിക്കൽ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, കന്നുകാലിപ്രദർശനം, കിടാരികളുടെ പ്രദർശനം, കറവമത്സരം എന്നിവ സംഘടിപ്പിക്കാവുന്നതാണ്. കർഷകരെ ഈ രംഗത്തേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിന്, മത്സരാന്ത്യത്തിൽ അവർക്ക് ക്യാഷ് അവാർഡുകൾ, ബഹുമതി പത്രങ്ങൾ, മറ്റു സമ്മാനങ്ങൾ എന്നിവ നല്കി അനുമോദിക്കാവുന്നതാണ്. അതുപോലെതന്നെ, കർഷകർക്ക് പരസ്പരം അടുത്തറിയാനും ആശയവിനിമയം നടത്തി അവരുടെ പ്രശ്നങ്ങൾ പരസ്പരം കൈമാറി പരിഹാരം കാണുന്നതിനുംവേണ്ടി കർഷകരുടെ "പരസ്പര വിനിമയ യോഗങ്ങൾ" (Farmers' mutual Contact Programme). ഓരോ വാർഡിലും നടത്താവുന്നതാണ്. ഇവരെ ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിലും ഉണ്ടാകാവുന്ന പരമാവധി അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുകയും വേണം. ഒരു ഗ്രൂപ്പിൽ 30 പേർവീതം അടങ്ങുന്ന 24 യൂണിറ്റുകൾ, ഇവിടുത്തെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള ഗ്രൂപ്പുകൾ, ഈ പഞ്ചായത്തിലെ ഏതാനും വാർഡുകളിൽമാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കർഷകരെ ബോധവത്കരിക്കുന്നതിന് ഹ്രസ്വകാലകോഴ്സുകൾക്കും ചർച്ചാ സെമിനാറുകൾക്കും പുറമെ, സമീപ പ്രദേശങ്ങളിൽ ശാസ്ത്രീയമായി നടത്തുന്ന സ്വകാര്യവ്യക്തികളുടേയും സഹകരണസ്ഥാപനങ്ങളുടേയും വക മോഡൽ ഡയറിഫാമുകളും സന്ദർശിച്ച് പ്രായോഗിക പരിജ്ഞാനം നേടാനുള്ള സൗകര്യങ്ങളും അവർക്ക് ചെയ്തുകൊടുക്കാവുന്നതാണ്.

## 10 ഡയറി ട്രെയിനിംഗ് സെന്റർ

കൊട്ടാരക്കര കേന്ദ്രമാക്കി ഒരു ഡയറി പരിശീലനകേന്ദ്രം(Dairy Training Centre) ആരംഭിക്കേണ്ടതാണ്. കൊട്ടാരക്കര എൻ. ഇ.എസ് ബ്ലോക്കു കോമ്പൗണ്ടിൽ അതിനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണ്. ബ്ലോക്കുകളുടെ ആരംഭകാലം മുതല്ക്കുതന്നെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററും അവിടെ പ്രവർത്തിച്ചു വരുകയാണ്. സർക്കാരിന്, അധികച്ചെലവിനത്തിൽ വലിയതുകകളൊന്നും ഇതിനുവേണ്ടി മുടക്കേണ്ടി വരുകയുമില്ല.

## 11 ഡയറി എക്സ്റ്റൻഷൻ ഓഫീസുകൾ

ഇപ്പോൾ ഒരു എൻ. ഇ എസ് ബ്ലോക്കിന്റെ അധികാരാതൃത്തിയിൽ (Jurisdiction) ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസ് എന്ന ക്രമത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു എക്സ്റ്റൻഷൻ ആഫീസർ, രണ്ട് ഇൻസ്പെക്ടറുമാർ എന്നിവരാണ് ക്ഷീരവികസനവുമായി ബന്ധപ്പെട്ട എല്ലാവിഷയങ്ങളും കൈകാര്യം ചെയ്യേണ്ടത്. ബ്ലോക്കിന്റെ അധികാരാതൃത്തി പരിഗണിക്കുമ്പോൾ ഇതി തീർത്തും അപര്യാപ്തമാണെന്ന് മനസ്സിലാക്കാം. ഒരു ബ്ലോക്ക് അതൃത്തിയിൽ അഞ്ചും ആറും പഞ്ചായത്തുകളാണ് ഉണ്ടാകുക. അതിൽത്തന്നെ വിസ്തൃതിയിലും ജനസംഖ്യയിലും മുൻപന്തിയിൽ നില്ക്കുന്ന കൊട്ടാരക്കരപോലുള്ള സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളും ഉണ്ടാകും. ഒരു പഞ്ചായത്തിൽ ഒരു ആഫീസ് എന്ന രീതിയിൽ ഇത് പുനഃക്രമീകരിക്കേണ്ടതാണ്. അതിന് സാദ്ധ്യത ഇല്ലെങ്കിൽ ഒരു ബ്ലോക്കിൽ ഏറ്റവും കുറഞ്ഞത് മൂന്ന് ഡയറി എക്സ്ടൻഷൻ ഓഫീസുകൾ എങ്കിലും പ്രവർത്തിക്കേണ്ടതാണ്.

## 12 കൊട്ടാരക്കരയിലെ ക്ഷീരോല്പാദക സഹകരണസംഘം നമ്പർ 311

കൊട്ടാരക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്ഷീരോല്പാദക സഹകരണസംഘമാണ്, Q311-ാം നമ്പർ സഹകരണസംഘം. അമ്പലപ്പുറം, കല്ലുവാതുക്കൽ, നീലേശ്വരം, വല്ലം, മൈലം, കിഴക്കേക്കര, കൊട്ടാരക്കര ടൗൺ പ്രദേശങ്ങളിൽ ഉപശാഖകളുണ്ട്. ഒരു സെക്രട്ടറി, ഒരു ക്ലാർക്ക്, 12 വില്പനക്കാർ (Salesmen) എന്നിങ്ങനെയാണ് സ്റ്റാഫ്പാറ്റേൺ. ഏകദേശം 400ൽപരം കർഷകർ ക്ഷീരശേഖരണത്തിലും വിതരണരംഗത്തും പ്രവർത്തിക്കുന്നു. 40,000 ലിറ്ററോളം പാൽ ഇവിടെ ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് പ്രസ്തുതസംഘം എങ്കിലും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാൽ എത്തിക്കുനതിനോ, ക്ഷീരകർഷകൻ ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിക്കുന്നതിനും കഴിയുന്നില്ല. അതിനാൽ നിലവിലുള്ള സൊസൈറ്റിയുടെ അധികാരാതൃത്തി നിശ്ചയിച്ച് രണ്ടോ മൂന്നോ സംഘങ്ങൾക്കൂടി രജിൻർ ചെയ്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

## 14. സബ്സിഡി, ലോൺ, ഗ്രാന്റ് എന്നിവയുടെ ഉപയോഗം

ക്ഷീരവികസനം, മൃഗസംരക്ഷണം തുടങ്ങി വികസന പ്രാധാന്യമുള്ള മേഖലകളിൽ അതതു ഡിപ്പാർട്ടുമെന്റുകളിൽനിന്നും സബ്സിഡി ഇനത്തിൽ പണമായി നല്കാതിരിക്കുന്നതാണ് നല്ലത്. സബ്സിഡി ഉദ്ദേശിച്ചു മാത്രം പദ്ധതികൾ ആരംഭിക്കുകയും പണം കൈയ്യിൽ കിട്ടുന്നതോടുകൂടി പദ്ധതി ഉപേക്ഷിക്കുകയും ചെയ്യുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. വിത്ത്, വളം തുടങ്ങി സാധനങ്ങളായിട്ടുമാത്രമേ സബ്സിഡി നല്കാവൂ. ധനസഹായം നല്കുന്നത്, രണ്ടു സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ആൾ ജാമ്യത്തിൽ തിരിച്ചടയ്ക്കാവുന്ന വ്യവസ്ഥയിൽ ലോൺ ആയിട്ടുമാത്രമേ നല്കാവൂ. സർക്കാൻ പദ്ധതികൾ പലതും പരാജയപ്പെടാനുള്ള കാരണവും സബ്സിഡി ധനമായി നല്കിയതാണ്.



000053

# V-3

# വിദ്യാഭ്യാസം

നാടിന്റെ സാമൂഹ്യ-സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാനം ശരിയും ശാസ്ത്രീയവുമായ വിദ്യാഭ്യാസത്തിന്റെ അനിവാര്യതയാണ്. ഇന്നുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം ഇതിനാവശ്യമാണ്. സ്വാതന്ത്ര്യസമ്പാദനത്തിന് മുൻപ്തന്നെ ബ്രിട്ടീഷ്കാർ അവർക്കാവശ്യമായി രൂപം കൊടുത്ത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും നിലനില്ക്കുന്നു. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തെ തുടർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിച്ചു. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിൽ നിരവധി മഹത്വ്യക്തികൾക്ക് ജന്മം നല്കിയ നമ്മുടെ പഞ്ചായത്ത് വിദ്യാഭ്യാസം പുരോഗതിയിൽ മുന്നിട്ടു നില്ക്കുന്നു

ദേശീയസമരത്തിന്റെ നാളുകളിൽതന്നെ വിദ്യാഭ്യാസരംഗത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാവർക്കും വിദ്യാഭ്യാസം അപ്രാപ്യമായിരുന്ന കാലഘട്ടം ആയിരുന്നു അത്. ഇന്നത്തെപോലെ എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസം സിന്ധിച്ചിരുന്നില്ല. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം ആയിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്. പിന്നീട് ഇംഗ്ലീഷ്കാർക്ക് തങ്ങൾക്കാവശ്യമുള്ള 'ഗുമസ്തന്മാരെ' കിട്ടുന്നതിനുവേണ്ടി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു.

ഇന്ന് അപൂർവ്വമായി തീർന്ന, നിലത്തെ പൂഴി മണൽതരികളിൽ ചൂണ്ടുവിരൽകൊണ്ട് ഹരിശ്രീ കുറിച്ച് പഠനം തുടങ്ങിയ നാം എത്തിനില്ക്കുന്നത് ആ പിഞ്ചു കൈകളിൽ പെൻസിലും, പേനയും ഭാരിച്ച സിലബസ്സും ഭാരമേറിയ പുസ്തകഭാണ്ഡവും പേറി ഉയർന്ന വിജയം മാത്രം നേടുവാൻ നെട്ടോട്ടം ഓടുന്ന പ്രത്യേക സംസ്കകാരത്തിനുടമയായ സമൂഹത്തിലാണ്.

ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കലോചിതവും സമൂലവുമായ മാറ്റം വരുത്തി ഉല്പാദന വികസനമേഖലകളെ അടിസ്ഥാനമാക്കിയ വിദ്യാഭ്യാസം സാർവ്വത്രികമാക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം 'സത്രം സ്ക്കൂൾ' എന്നറിയപ്പെടുന്ന വിദ്യാലയം ആയിരുന്നു. സബ്ജയിലിന് സമീപം ഇന്നത്തെ സബ്ബ്രജിസ്റ്റാർ ഓഫീസ് പ്രവർത്തിച്ചിരുന്നത്. പിന്നീട് പാലക്കുഴി സ്ക്കൂൾ എന്നറിയപ്പെടുന്ന ഇന്നത്തെ ടൗൺ U.P.S.- ഉം ആയി.

1894-ൽ സ്ഥാപിതമായ ഇന്നത്തെ BHS. ആയിരുന്നു രണ്ടാമത്തെ വിദ്യാഭ്യാസ സ്ഥാപനം. സർവ്വ ശ്രീ. Prof. M. കൃഷ്ണൻനായർ, M.K.കുമാരൻ, P.S. ഹബീബ് മുഹമ്മദ് IAS, C. P. കൊച്ചുകുഞ്ഞ് പിള്ള MLC, D. ദാമോധരൻ പോറ്റി, E. ചന്ദ്രശേഖരൻ നായർ, ശ്രീ. നിത്യ ചൈതന്യയതി, M.P. മന്മഥൻ, R. ശങ്കർ, ബാലചന്ദ്രമേനോൻ എന്നീ ജീവിച്ചിരിക്കുന്നവരും അല്ലാത്തവരും ആയ പ്രമുഖവ്യക്തികൾ ഇവിടെ വിദ്യാഭ്യാസം ചെയ്തവരാണ്. സമുദായികമായി ഉന്നതസ്ഥാനിയരും, സാമ്പത്തിക മുന്നോക്കം ഉള്ളവർക്കു മാത്രമേ ആദ്യകാലങ്ങളിൽ വിദ്യാഭ്യാസം സിദ്ധിച്ചിരുന്നുള്ളൂ. ഇംഗ്ലീഷ് മീഡിയം ആയിരുന്നു ആരംഭിച്ചത്. അന്നത്തെ പതിനൊന്നാംക്ലാസ്സ് ആയിരുന്നു മെട്രിക്കുലേഷൻ E.S.S.L. പിന്നീട് S.S.L.C. ആയി മാറിയത്. 1 മുതൽ 4 വരെ ക്ലാസ്സിന്ശേഷം 1 വർഷം പ്രിപ്രറ്ററി ക്ലാസ്സ് കഴിഞ്ഞ് Ist ഫാം മുതൽ 6th ഫാം വരെയുള്ള സമ്പ്രദായവും നിലനിന്നിരുന്നു. മലയാളം IX-ാം ക്ലാസ്സ്വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഹെഡ്മാസ്റ്റർമാർക്ക് മുണ്ട്, കോട്ട്, ടൈ, തലപ്പാവ് എന്നിങ്ങനെയും, അദ്ധ്യാപകർക്ക് മുണ്ട്, ജൂബ്ബ എന്ന പ്രത്യേകവേഷം നിഷ്കർഷിച്ചിരുന്നു. അന്നത്തെ സ്ക്കൂളുകളിലെ പ്രധാന ആഘോഷപരിപാടി രാജാവിന്റെ 'തിരുനാൾ' ആയിരുന്നു.

നമ്മുടെ പട്ടണത്തിൽ തലയെടുത്തു നില്ക്കുന്ന ഈ വിദ്യാഭ്യാസസ്ഥാപനം അനിഷേധ്യമായ നിരവധി സമരങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരകാലത്ത് മഹാത്മജിയുടെ ക്ലാസ്സ് ബഹിഷ്ക്കരണാഹ്വാനം അനുസരിച്ച് പട്ടാഴി കേശവൻ നായരുടെ നേതൃത്വത്തിൽ നടന്ന സമരവും കേരളത്തിലാകെ അലയടിച്ച 1965-ലെ ഭക്ഷ്യസമരവും എടുത്തുപറയേണ്ടതാണ്.

പട്ടണങ്ങളിലും പരിസര പ്രദേശങ്ങളിലും കുണുകൾപോലെ മുളച്ചുവന്ന എയിഡഡ്-അൺഎയിഡഡ്



000054

വിദ്യാലയങ്ങൾ ഈ വിദ്യാലയമുത്തശ്ശിയെ ക്ഷീണിപ്പിച്ചിട്ടുണ്ട്. വിദ്യാലയ മുത്തശ്ശിയുടെ പഴയപ്രൗഢിയും, പ്രതാപവും വീണ്ടെടുക്കുന്നതിന് നമുക്ക് കഴിയണം.

സംസ്കൃത വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നല്കിയിരുന്ന കൊട്ടാരക്കരയിലെ പുരാതന വിദ്യാലയ സ്ഥാപനമായ SKVHS തൃക്കണ്ണമംഗൻ, ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂൾ, സെന്റ് മേരീസ് ഹൈസ്ക്കൂൾ എന്നിവ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരത്തിൽ എടുത്തുപറയത്തക്ക H.S.കളാണ്. അമ്പലപ്പുറം VMMSH, സെന്റ് ഗ്രിഗോറിയോസ് ഹൈസ്ക്കൂൾ എന്നിവയും പുതിയ സ്ക്കൂളുകളുടെ പട്ടികയിലുണ്ട്.

ബോയിസ് ഹൈസ്ക്കൂൾ, ഗേൾസ് ഹൈസ്ക്കൂൾ എന്നിവടങ്ങളിൽ തൊഴിലധിഷ്ഠിത വെക്കേഷണൽ ഹയർ സെക്കന്ററി കോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ SKVHS, GHS, MTGHS, Sst. Mary's H.S എന്നി വടങ്ങളിൽ U.P.S. ഉം പ്രവർത്തിക്കുന്നുണ്ട്..

ടൗൺ U.P.S., പടിഞ്ഞാറ്റിൻകര U.P.S. മാർ ബസേലിയസ് U.P.S., പഴയതെരുവ് U.P.S. എന്നിവിടങ്ങളിൽ U.P. വിഭാഗവും L. P. വിഭാഗവും പ്രവർത്തിക്കുന്നു. സെന്റ് മേരീസ് LPS. വിമലാംബിക L.P.S. മാർത്തോമാ L.P.S. അവണൂർ Govt. L.P.S. C.V.N.M. L.P.S. തൃക്കണ്ണമംഗൽ, കോടിയാട്ട് Govt. L.P.S. തൃക്കണ്ണമംഗൽ, കടലാവിള L.P.S. നെല്ലക്കുന്നം, അമ്പലപ്പുറം വെൽഫെയർ L.P.S. എന്നിവടങ്ങളിൽ L.P. വിഭാഗത്തിലും അദ്ധ്യയനം നടക്കുന്നുണ്ട്.

ബോയ്സ് ഹൈസ്ക്കൂളിൽ 9-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് 6-മാസത്തേക്ക് കംപ്യൂട്ടറിന്റെ പ്രാഥമിക പരിശീലനും നൽകുന്നുണ്ട്.

ഉഗ്രൻകുന്ന്, പടിഞ്ഞാറ്റൻകര, പാറ്റൂർ,പഴയതെരുവ്, കിഴക്കേ തെരുവ് കടലാവിള തുടങ്ങി ചില മേഖലകളിൽ ഇന്ന് അപൂർവ്വമായ നിലെത്തെഴുത്ത് ആശാൻ പള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഗവ.ബോയ്സ് ഹൈസ്ക്കൂൾ, ഗേൾസ് ഹൈസ്ക്കൂൾ എന്നിവടങ്ങളിൽ ശ്രദ്ധേയമായ നിലയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഏക ഉന്നത വിദ്യാഭ്യാസസ്ഥാപനമാണ് (എയ്ഡഡ് മേഖല) സെന്റ് ഗ്രിഗോറിയോസ് കോളേജ് 1964-ൽ ആണ് സ്ഥാപിതമായത്. കേരളസർവ്വകലാശാലയിൽ അക്കാദമിക് നിലവാരത്തിൽ ഉന്നതസ്ഥാനം പുലർത്തുന്നുണ്ട്. എല്ലാ വിഷയങ്ങളിലും ഡിഗ്രികോഴ്സുകളും, P.G. കോഴ്സുകളും ഇവിടെ ആരംഭിക്കേണ്ടതാണ്. കോളേജിന് സമീപത്തായി സ്വകാര്യമേഖലയിൽ (അൺഎയിഡഡ്) ഒരു B.Ed കോളേജും പ്രവർത്തിക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ ലഭ്യതയ്ക്കു സഹായകരമായരീതിയിൽ N.S.S. ആർട്ട് കോളേജ്, കിംഗ്സ് കോളേജ്, കോപ്പറേറ്റീവ് ആർട്ട്സ് കോളേജ് പ്രസിഡൻസി കോളേജ്, മിനർവ്വാ കോളേജ്, പി.ജി. സ്റ്റഡിസെന്റർ എന്നീ പാരലൽ വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

നിരവധി ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്തിൽനിന്നു്, സമീപ പഞ്ചായത്തുകളിൽനിന്നും വിജയം നേടിവരുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിനായി ഗവൺമെന്റ്മേഖലയിൽ ഒരു കോളേജ് ആരംഭിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

നമ്മുടെ പഞ്ചായത്തിൽ ഗവൺമെന്റ്മേഖലയിൽ ഒരു നഴ്സറിസ്ക്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നഴ്സറി സ്ക്കൂളുകളുടെ സൗകര്യങ്ങൾ നല്കുന്നതിലും, നിലവാരം പുലർത്തുന്നതിനും കഴിയുന്നില്ല. പഞ്ചായത്ത് മുൻകൈഎടുത്ത് നല്ലരീതിയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയണം.

സ്വകാര്യ അൺഎയിഡസ് മേഖലയിൽ കൊട്ടാരക്കര തമ്പുരാൻ ഇംഗ്ലീഷ് മീഡിയം നഴ്സറിസ്ക്കൂൾ, മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയംസ്ക്കൂൾ, ശ്രീനാരായണ നഴ്സറിസ്ക്കൂൾ, ബസേലിയോസ് നഴ്സറി സ്ക്കൂൾ, മലങ്കര നഴ്സറി സ്ക്കൂൾ എന്നിങ്ങനെ വ്യത്യസ്തമായ സിലബസ്സുകളോടെ പിഞ്ചുവിദ്യാർത്ഥികളുടെ ബൗദ്ധിക ഉല്ലാസത്തിന് പലതരം ഭാരിച്ച ഫീസുകൾ ചുമത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

അൺഎയിഡഡ് വിദ്യാലയങ്ങളുടെ നടത്തിപ്പിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതുണ്ട്.

വിദ്യാർത്ഥികളുടെ ട്യൂഷൻ സൗകര്യാർത്ഥം നിരവധി ട്യൂട്ടോറിയൽ കോളേജുകൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സർക്കാർമേഖലയിൽ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ല. സ്വകാര്യമേഖലയിൽ R. ശങ്കർ മെമ്മോറിയൽ ITC മോഡേൺ ITC, ന്നീ സ്ഥാപനങ്ങളും മറ്റ് നിരവധി ഗവൺമെന്റ് കോഴ്സുകൾ നടത്തുന്ന സ്വകാര്യസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഇവിടെയെല്ലാം അപക്വമായ അറിവോടുകൂടിയാണ് കോഴ്സുകൾ പൂർത്തിയാക്കുന്നത്. ആധുനിക യുഗത്തിൽ

അനിവാര്യമായ കംപ്യൂട്ടർ പരിശീലനത്തിന് സ്വകാര്യമേഖലയിൽ 6 കംപ്യൂട്ടർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നുണ്ട്.

സർക്കാർമേഖലയിൽ ഒരു പ്രധാനപ്പെട്ട സാങ്കേതിക വിദ്യാഭ്യാസസ്ഥാപനം നമ്മുടെ പഞ്ചായത്തിന് ഒഴിച്ചുകൂടാൻ കഴിയാത്തതാണ്.

കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള നവോദയാസ്ക്കൂൾ നമ്മുടെ പഞ്ചായത്തിൽ ETC കാമ്പൗണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ETC കാമ്പൗണ്ടിൽതന്നെ സ്ഥലം അനുവദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ETC യിൽ തന്നെ ഗവൺമെന്റ് മേഖലയിൽ ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ പരിശീലിപ്പിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസരംഗത്തെ ഗുണനിലവാരക്കുറവ് പരിഹരിക്കുന്നതിന് കഴിയണം. ഭൗതിക സാഹചര്യങ്ങളും സേവനവ്യവസ്ഥയും മെച്ചപ്പെടുത്തുന്നതിനുള്ള പോരാട്ടത്തോടൊപ്പം വിദ്യാലയങ്ങളിലെ അക്കാദമിക് നിലവാരം മെച്ചപ്പെടുന്നതിനുള്ള പ്രവർത്തനങ്ങളും ഒരു സമരരീതിയായി കാണണം.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ, മുഴുവൻ വിദ്യാലയങ്ങളുടെയും പങ്കാളിത്തത്തോടുകൂടി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പൊതുസമാനമായൊരു പരിപാടി രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യണം.

ഇതിനായി പഞ്ചായത്ത്തലത്തിൽ കോംപ്ലക്സ് സമിതികൾ, ക്ലാസ്സ്തലംവരെ എത്തിനില്ക്കുന്ന മാതൃസംഘങ്ങൾ, രക്ഷാകർതൃസമിതികൾ എന്നിങ്ങനെയുള്ള സംഘടനാ സംവിധാനങ്ങൾ ശക്തമാക്കുവാൻ കഴിയണം. ഇതിനായിത്തന്നെ വാർഡുകളിൽ അയൽകൂട്ട സമിതികളും രൂപപ്പെടുത്താവുന്നതാണ്.

കോംപ്ലക്സിന്റെ വാർഷികപ്രവർത്തനപരിപാടികൾ രൂപപ്പെടുത്തുന്നതിന് അദ്ധ്യാപകരും, വിദ്യാഭ്യാസ പ്രവർത്തകരും തന്നെ, എന്തൊക്കെ പരിശീലനം, ക്ലാസ്സുകൾ, ഏതൊക്കെ ക്യാമ്പുകൾ, ഏതൊക്കെ ദിനാചരണങ്ങൾ, മത്സരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ നമ്മുടെ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽതന്നെ തീരുമാനിക്കുവാൻ കഴിയണം. ഇതൊക്കെ ആലോചിക്കാതെ തീരുമാനിക്കാനും നടപ്പിലാക്കാനും വേണ്ട ആൾ ശേഷിയും, ധനശേഷിയും ഉള്ള നമ്മുടെ പഞ്ചായത്ത് അതിന് നേതൃത്വം നല്കണം. അടുത്ത വിദ്യാഭ്യാസവർഷത്തിൽതന്നെ നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ കോംപ്ലക്സ്കൾ പ്രാവൃത്തികമാക്കുവാൻ കഴിയണം.

## നിർദ്ദേശങ്ങൾ

1. ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുക. വിദ്യാഭ്യാസകോംപ്ലക്സുകൾ പഞ്ചായത്തിൽ രൂപംകൊടുത്ത് സംഘടനാ സംവിധാനം ശക്തമാക്കുക.
2. അൺഎയിഡഡ് സ്ക്കൂൾ ഇനിയും അനുവദിക്കാതിരിക്കുക. നിലവിലുള്ളവയുടെമേൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.
3. സ്കൂളുകളിലെ വിദ്യാർത്ഥിസമരങ്ങളിൽ ചിലത് ആവശ്യമില്ലാത്തതാണ് ഒഴിവാകുവാൻ കഴിയണം.

ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുള്ള പൊതുവിവരങ്ങളുടെയും മറ്റിതര വിവരശേഖരണ മാർഗ്ഗങ്ങളിലൂടെയുമാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട് ഗ്രാമസഭകളിൽ സജീവ ചർച്ച നടന്നിരുന്നു.

അക്കാദമിക് നിലവാരതകർച്ച, വിവിധകാരണങ്ങളാലുണ്ടാകുന്ന അദ്ധ്യായന ദിവസങ്ങളുടെ നഷ്ടം പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം പാഠപുസ്തകങ്ങളുടെ വലുപ്പത്തിലുണ്ടായ വർദ്ധനവ് അശാസ്ത്രീയമായ സിലബസ്സ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം, മറ്റ് ഭൗതിക സാഹചര്യങ്ങൾ, അദ്ധ്യാപക രക്ഷാകതൃസമിതി ഉച്ചകഞ്ഞി, അദ്ധ്യാപകരുടെ പുന:പരിശീലനം അശാസ്ത്രീയമായസ്കൂൾ അനുവദിക്കൽ, അശാസ്ത്രീയമായ പരീക്ഷാസമ്പ്രദായം, പാഠ്യേതരപ്രവർത്തനങ്ങൾ വിദ്യാർത്ഥികളുടെ സമരം എന്നിവയെകുറിച്ചെല്ലാം വിവിധ ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്നു.

പ്രഥമപരിഗണനനല്കി പരിഹരിക്കപ്പെടേണ്ടതാണ് അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ. ഭാരിച്ച സിലബസ്സും, "പരീക്ഷ" സമ്പ്രദായവും അക്കാദമിക് നിലവാരത്തെ ബാധിച്ചിട്ടുണ്ട്. ലൈബ്രറി-ലബോട്ടറി സൗകര്യങ്ങൾ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ തുടങ്ങിയ ഒരു വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നമായി കണക്കാക്കപ്പെടുന്നു. മിക്ക സ്ക്കൂളുകളിലും ഈ പറയുന്ന സൗകര്യങ്ങൾ ഉള്ളതായി കാണുന്നില്ല. പ്രത്യേകിച്ച് അപ്പർ പ്രൈമറി വിദ്ധ്യാലയങ്ങൾ. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകരങ്ങൾ മിക്ക സ്കൂളുകളിലും ഇല്ല. മൂത്രപ്പുര ഇല്ലാത്ത നാലും, കക്കൂസ്സ് ഇല്ലാത്ത അഞ്ചും, വൈദ്യുതിയില്ലാത്ത രണ്ടും, വെള്ളം ലഭ്യമല്ലാത്ത അഞ്ചും സ്കൂളുകൾ പഞ്ചായത്തിലുണ്ട്.

ഗവൺമെന്റ് സ്കൂളിലെ വിജയ ശതമാനം കുറയുന്നതും പ്രത്യേകം പഠനാർഹമാണ്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളും, അദ്ധ്യാപകരും, രക്ഷിതാക്കളും പഞ്ചായത്തും ചേർന്ന് ഒരു സംയുക്ത സംരംഭം ആരംഭിക്കേണ്ടതുണ്ട്.



000056

വിദ്യർത്ഥികൾ അനാവശ്യമായി പഠിപ്പുമുടക്ക് സമരം ചെയ്യുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്.

5. സ്കൂൾ കോംപ്ലക്സ്കൾ മാസത്തിലൊരിക്കൽ ചേർന്ന് പ്രവർത്തനം അവലോകനം ചെയ്യുക.

6. വിദ്യാഭ്യാസ അധികാരികൾ മാസത്തിലൊരിക്കൽ സ്കൂൾ സന്ദർശിച്ച് പഠനനിലവാരം സംബന്ധിച്ച് പഞ്ചായത്തിനു റിപ്പോർട്ട് നൽകുക.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രസക്തിയേറിയ ഈ കാലഘട്ടത്തിൽ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഒരു ITI / Poley Techenic സ്ഥാപിക്കുക.

   നേഴ്സിംഗ്, ഫാർമസി, ഡെന്റൽ കോളേജ് അഗ്രിക്കൾച്ചറൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, X-ray Lab Technician Course കൾ തുടങ്ങുക.

8. ഒരു ഗവ: കോളേജ് സ്ഥാപിക്കുക. നിലവിലുള്ള college-ൽ പുതിയ DC, PG കോഴ്സുകൾ തുടങ്ങുക.

9. സംസ്ഥാന വ്യാപകമായി പ്രീഡിഗ്രി ഒരു പ്രത്യേക ബോർഡിന്റെ കീഴിൽ കൊണ്ടുവരുക.

10. ഓഡിയോ-വീഡിയോ മാധ്യമങ്ങൾ സ്കൂളുകളിൻ അനുവദിക്കുക.

11. സ്കൂളുകൾക്ക് ചുറ്റുമതിൽ കേട്ടുക, കളിസ്ഥലം, ലൈബ്രറി, ലാബട്ടറി, കുടിവെള്ളം, വൈദ്യുതി, പാചകപ്പുര, വെയിറ്റിംഗ് ഷെഡ്, കോപ്പറേറ്റീവ് സൊസൈറ്റി, കാന്റീൻ എന്നിവ എല്ലാം സ്കൂളുകളിലേക്കും സ്ഥാപിക്കുക.

12. വിദ്യാർത്ഥികളുടെ സാമൂഹ്യക്ഷമത വർദ്ധിപ്പിക്കുവാൻ എല്ലാ സ്കൂളുകളിലും സ്കൗട്ട്, എൻ.സി.സി, റെഡ്ക്രോസ് സൊസൈറ്റി, സയൻസ് ക്ലബ് ഒഎന്നിവ രൂപീകരിക്കേണ്ടതാണ്.

13. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുകയും, കലാകായിക മത്സരങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും വേണം. കഴിവുള്ള കുട്ടികളെ കണ്ടെത്തി സാമ്പത്തികമായും, സ്കോളർഷിപ്പുകൾ നല്കിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

14. അംഗൻവാടികളുടെ പ്രവർത്തനം പഞ്ചായത്ത് വിലയിരുത്തുകയും, ഇല്ലാത്ത സ്ഥലങ്ങളിൽ തുടങ്ങുകയും വേണം.

15. പ്രീ-പ്രൈമറി വിദ്യാഭ്യാസം ജനകീയമാക്കുവാൻ കഴിയണം.

16. സാക്ഷരതാസമിതിയും, തുടർ വിദ്യാഭ്യസവും പുനരാരംഭിക്കണ്.

17. എല്ലാ അദ്ധ്യാപർക്കും വർഷത്തിലൊരിക്കൽ ഇൻ സർവ്വീസ് കോഴ്സ് നടത്തണം.

18. സ്കൂളികളിൽ പാഠ്യതര പ്രവർത്തനങ്ങൾ സജീവമാക്കണം. പാർലമെന്റുകൾ, ക്ലബുകൾ, സാഹിത്യസമാജങ്ങൾ, കൈയെഴുത്ത് - ചിത്രമാസികൾ, പൂന്തോട്ടം, പച്ചക്കറി തോട്ടം, കായിക പരിശീലനം, ദിനാചരണങ്ങൾ പഠന വിനോദയാത്രകൾ എന്നവ സംഘടിപ്പിക്കണം.

19. സിലബസ്സ് കാലോചിതമായി പരിഷ്ക്കരിക്കുക.

20. അൺ എയിഡഡ് സ്കൂളുകളിലെ സിലബസ്സ് മറ്റ് സ്കൂളുകളുമായി താരതമ്യപ്പെടുത്തി ഏകീകരിക്കുക, ഫീസ് ഏകീകരിക്കുക.

21. സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപക നിയമനം PSC ക്ക് വിടുക.

22. ക്ലാസ്സ് തലത്തിൽ PTA രൂപീകരിച്ച് പാഠ്യ - പാഠ്യേതര വിഷയങ്ങൾ മാസം തോറും സംഘടിപ്പിക്കുക.

23. UP. LP. സ്കൂളുകളിൽ മാതൃസംഗമം നിർബന്ധമാക്കണം. മതിയായ അദ്ധ്യാപകരെ നിയമിക്കുക.

24. വേക്കൻസിയുടെ അടിസ്ഥാനത്തിൽ താത്ക്കാലിക അദ്ധ്യാപകരെ നിയമിക്കുവാനുള്ള അധികാലം പഞ്ചായത്തിന് നല്കുക.

26. അമ്പലപ്പുറത്ത് LPS - ഉം, H.S. ഉം ഉണ്ട് എന്നാൽ UPS ഇല്ലാത്തതിനാൻ വളരെയേറെ ദൂരെയുള്ള സ്കൂളുകളെ ഇടക്കാലത്ത് ആശ്രയിക്കേണ്ടിവരുന്നു. അതിനാൽ നിലവിലുള്ള LPS അപ്പർഗ്രേഡ് ചെയ്ത് UPS അടിയന്തിരമായി ആക്കേണ്ടതാണ്, അവണർ LPS ഉം അപ്ഗ്രേഡ് ചെയ്തു UPS ആയി ഉയർത്തേണ്ടതാണ്.



000057

## കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയത്ത് കുട്ടികൾക്കുപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനമുണ്ട്/ഇല്ല കിണർ (A) പൈപ്പ് (B) | വൈദ്യുതീകരണം ഉണ്ട് / ഇല്ല (A) (B) | പാചകപ്പുരി ഉണ്ട് ഇല്ല (A) (B) | സ്റ്റോഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുന്നു മതിയാകും/ഇല്ല (A) (B) | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ അലമാര |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ഗവ. LPS അമ്പലപ്പുറം | 8 | 1 | - | - | 2 | - | - | ഇല്ല | - | ഉണ്ട് | 20 | 2 | ഇല്ല | - | A | B | A | | B | - | 10 | 4 | 4 | 2 |
| ഗവ. LPSതൃക്കണ്ണമംഗൽ | 5 | 1 | 1 | - | 2 | - | - | - | - | 1 | 2 | - | 1 | - | A | B | B | | B | - | - | 2 | 4 | 2 |
| കടലാവിള LMSLPS തൃക്കണ്ണമംഗൽ | 5 | 1 | 1 | - | 2 | - | - | - | - | 1 | 2 | - | 1 | - | A | B | ഷെഡ് | | B | 1 | 4 | 1 | 2 | - |
| CVNMLPS തൃക്കണ്ണമംഗൽ | 4 | 1 | - | - | 2 | - | - | - | ഉണ്ട് | 1 | 4 | 1 | - | - | കിണർ പൈപ്പ് (A) (B) | A | B | | B | - | 10 | 4 | 6 | 2 |
| ഗവ. LPS അവണൂർ | 4 | 2 | - | - | 3 | - | - | - | ഇല്ല | | 1 | 10 | 1 | ഇല്ല | | A | B | A | B | - | 15 | 4 | 8 | 2 |
| MTLPS പുലമൺ | 4 | 2 | - | - | 3 | - | - | - | ഇല്ല | 1 | 5 | 1 | - | - | A | A | B | | B | - | 15 | 3 | 3 | 1 |
| വിമലാംബിക LPS പുലമൺ | 12 | 12 | - | - | 14 | - | - | - | ഉണ്ട് | 2 | 1 | - | 2 | - | B | A | A | | B | 50 | - | 2 | 5 | 1 |
| സെന്റ് മേരീസ് LPS കിഴക്കേത്തെരുവ് | 10 | 2 | - | - | 9 | - | -2 | ഇല്ല | 2 | 8 | 1 | 1 | - | A | A | A | | B | - | - | - | - | - | |
| ബസേലിയോസ് UPS കോട്ടപ്പുറം | 6 | 1 | - | - | 1 | - | - | - | ഉണ്ട് | 2 | 10 | 1 | 1 | - | A | B | A | | B | 10 | 10 | 2 | 3 | 2 |
| Govt. LPS പഴയതെരുവ് | 7 | 1 | 1 | - | 5 | - | - | - | ഉണ്ട് | 1 | 2 | 1 | 1 | - | B | B | B | | B | 10 | - | 3 | 5 | 1 |
| ടൗൺUPS കൊട്ടാരക്കര | 15 | 3 | 1 | 1 | 3 | - | - | - | ഇല്ല | 2 | 16 | 1 | 1 | - | A | A | A | B | 10 | 15 | 3 | 4 | 2 | |
| UPSപടിഞ്ഞാറ്റിൻകര | 12 | 3 | 1 | 1 | 8 | - | - | 3 | ഉണ്ട് | 1 | 5 | 2 | ഇല്ല | 1 | B | A | B | | B | 15 | 7 | 4 | 5 | 2 |

000058

പട്ടിക1

സ്കൂളുകളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| Sl. No. | സ്കൂളിന്റെ പേര് | ഉടമസ്ഥത | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു. | സ്ത്രീ. | ആകെ |
| 1. | B.H.S, കൊട്ടാരക്കര | ഗവണ്മെന്റ് | 326 | - | 326 | 6 | 9 | 15 |
| 2. | G.H.S.കൊട്ടാരക്കര | ” | - | 391 | 391 | 9 | 13 | 22 |
| 3. | M.T.G.H.S ” | എയിഡഡ് | - | 945 | 945 | 6 | 26 | 32 |
| 4. | സെന്റ് മേരീസ് എച്ച്. എസ്, കിഴക്കേക്കര | ” | 818 | 614 | 1432 | 11 | 40 | 51 |
| 5. | സെന്റ് ഗ്രിഗോറിയോസ് എച്ച്. എസ് | ” | 117 | 78 | 195 | 5 | 6 | 11 |
| 6. | SKVHS തൃക്കണ്ണമംഗൽ | ” | 452 | 330 | 782 | 13 | 9 | 22 |
| 7. | VMHSഅമ്പലപ്പുറം | ” | 192 | 112 | 304 | 12 | 6 | 18 |
| 8. | ടൗൺ യു.പി.എസ് കൊട്ടാരക്കര | ഗവ. | 326 | 204 | 530 | 7 | 21 | 28 |
| 9. | UPSപടിഞ്ഞാറ്റിൻകര | ” | 245 | 191 | 436 | 2 | 18 | 20 |
| 10. | UPS പഴയതെരുവ് | ” | 61 | 50 | 111 | 4 | 6 | 10 |
| 11. | മാർബസേലിയോസ് സ്കൂൾ, പുലമൺ | എയിഡഡ് | 128 | 79 | 207 | 6 | 2 | 8 |
| 12. | L.P.S അവണൂർ | ഗവ. | 89 | 99 | 188 | 6 | 2 | 8 |
| 13. | L.P.S തൃക്കണ്ണമംഗൽ (കോടിയാട്ട് സ്കൂൾ) | ” | 55 | 59 | 114 | - | 5 | 5 |
| 14. | W.L.P.S അമ്പലപ്പുറം | ” | 125 | 119 | 244 | 2 | 6 | 8 |
| 15. | M.T.L.P.S കിഴക്കേക്കര | എയിഡഡ് | 75 | 79 | 154 | 2 | 3 | 5 |
| 16. | കിഴക്കേക്കര സെന്റ്മേരീസ് എം.എസ്.സി.എൽ.പി.എസ് | ” | 173 | 189 | 362 | 2 | 5 | 7 |
| 17. | C.V.N.M.L.P.Sതൃക്കണ്ണമംഗൽ | ” | 65 | 47 | 112 | 1 | 3 | 4 |
| 18. | L.M.S.LPS കടലാവിള നെല്ലിക്കുന്നം | ” | 82 | 73 | 155 | 2 | 3 | 5 |
| 19. | ഗവ. മോഡൽ നേഴ്സറി കൊട്ടാരക്കര | ഗവ. | 30 | 25 | 55 | - | 2 | 2 |
| | | | | | | | | |
| | ആകെ | | 3359 | 3684 | 7043 | 94 | 187 | 281 |
| | ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറിസ്കൂൾ(GHS) | ഗവ. | | 100 | 100 | 1 | 5 | 6 |
| | ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറിസ്കൂൾ(BHS) | ഗവ. | 79 | 108 | 187 | 4 | 10 | 14 |
| | സെന്റ് ഗ്രിഗോറിയോസ് കോളജ് കൊട്ടാരക്കര | എയിഡഡ് | 1042 | 1461 | 2503 | 71 | 34 | 105 |
| | Non Teaching Staff | | | | | 62 | 5 | 67 |

വൊക്കേഷണൽ ഹയർസെക്കന്ററിസ്കൂളിൽ സ്ഥിരം അദ്ധ്യാപകരല്ല.

**പട്ടിക 2**

## അക്കാദമിക് നിലവാരം

(S.S.L.C. വിജയശതമാനം)

| | സ്കൂളിന്റെ പേര് | '92-'93 | '93-'94 | '94-'95 | '95-'96 |
|---|---|---|---|---|---|
| 1. | V.M.H.S അമ്പലപ്പുറം കൊട്ടാരക്കര | 49 | 48 | 47 | 48.5 |
| 2. | SKVHS തൃക്കണ്ണമംഗൽ | 51 | 48 | 39 | 29 |
| 3. | Govt.B.H.S. കൊട്ടാരക്കര | 60 | 63 | 67 | 68 |
| 4. | Govt. G.H.S കൊട്ടാരക്കര | 36 | 44 | 52 | 54 |
| 5. | MTGHS കൊട്ടാരക്കര | 99.4 | 100 | 99.4 | 99.4 |
| 6. | SGHS പുലമൺ | 37 | 48 | 57 | 54 |
| 7. | St.Mary's H.S. കിഴക്കേക്കര | 90 | 84 | 87 | 75 |

## കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു ഷിഫ്റ്റ് സമയത്ത് കുട്ടികൾക്കുപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനമുണ്ട്/ഇല്ല കിണർ പൈപ്പ് (A) (B) | വൈദ്യുതീകരണം ഉണ്ട് / ഇല്ല (A) (B) | പാചകപ്പുര ഉണ്ട് ഇല്ല (A) (B) | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകും/ഇല്ല (A) (B) | ഇനി ആവശ്യമായവയുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് / ബെഞ്ച് | മേശ | കസേര | | ഓഫീസ് ഫർണിച്ചർ | അലമാര |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | |
| SKVHS തൃക്കണ്ണമംഗൽ | 21 | 4 | 1 | - | 40 | - | - | ഇല്ല | ഇല്ല | 4 | 40 | ഇല്ല | 3 | ഇല്ല | ഉണ്ട് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | ആവശ്യത്തിന് ഉണ്ട് | | | | | |
| വേലുത്തമ്പി മെമ്മോറിയൽ H.S | 8 | 4 | 1 | - | 12 | 1 | - | ഇല്ല | ഇല്ല | 3 | 30 | ഇല്ല | 1 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകും | ആവശ്യത്തിന് ഉണ്ട് | | | | | |
| MTGHS കൊട്ടാരക്കര | 20 | 4 | - | - | 25 | - | - | ഉണ്ട് | ഉണ്ട് | 1 | 10 | 4 | 2 | ഇല്ല | ഉണ്ട് പൈപ്പ് KWA | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | ആവശ്യത്തിന് ഉണ്ട് | | | | | |
| Govt.BHS കൊട്ടാരക്കര | 8 | 10 | - | - | | - | - | ഇല്ല | ഇല്ല | 10 | 10 | ഇല്ല | 3 | ഇല്ല | ഉണ്ട് പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകും | 50 | 50 | 10 | 20 | 10 | |
| Govt. G.H.Sകൊട്ടാരക്കര | 12 | 5 | - | 1 | 21 | - | 5 | 5 | ഉണ്ട് | 2 | 4 | 1 | 1 | - | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല | - | - | 16 | 40 | 43 | 27 |
| S.G.H.S പുലമൺ | 6 | 3 | 1 | - | 13 | 3 | - | ഇല്ല | ഉണ്ട് | 2 | 10 | ഇല്ല | 1 | ഇല്ല | കിണർ | ഇല്ല | ഇല്ല | ഉണ്ട് | മതിയാകും | - | - | - | 5 | - | |
| St.MHS കിഴക്കേക്കര | 31 | 7 | 6 | 1 | 19 | 16 | 3 | 4 | ഉണ്ട് | 2 | 500 | 2 | 3 | ഇല്ല | കിണർ പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകും | 32 | 32 | 4 | 4 | - | |

000060

# V-4. ആരോഗ്യം

കൊട്ടാരക്കര താലൂക്ക് ആശുപത്രി ഈ നിലയിൽ പ്രവർത്തിച്ചുതുടങ്ങിയത് 1961ലാണ്. ആധുനിക ചികിത്സാരീതികളും ഉപകരണങ്ങളും സർക്കാർ ആശുപത്രികളുടെ ഉയർന്ന നിലവാരത്തിനുള്ള തെളിവുകളാണ്. നിർഭാഗ്യമെന്നു പറയട്ടെ ഇവിടെ കൊട്ടാരക്കരയിലെ സർക്കാർ ആശുപത്രി ഇന്നും ഇല്ലായ്മയുടെ നടുവിലാണ്. ബ്ലഡ് ബാങ്ക്, പ്രവർത്തനക്ഷമതയുള്ള എക്സ്-റേ യൂണിറ്റ്, വിഷ ചികിത്സ, ഐ.സി. യൂണിറ്റ്, ഇതര താലൂക്ക് ആശുപത്രികളിൽ ഇന്ന് ലഭിക്കുന്ന ആധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവയൊന്നും ഇവിടെ എത്തിച്ചേർന്നിട്ടില്ല. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഇവിടെ കിടക്കകളോ മറ്റ് സജ്ജീകരണങ്ങളോ ലഭ്യമല്ല. പേവാർഡ് റൂം ആവശ്യത്തിനനുസരിച്ച് കിട്ടുന്നില്ല. ഈ അസൗകര്യങ്ങൾക്ക് നടുവിൽ ടി.ബി. വാർഡ് ഒരു പ്രശ്നമായി ഇവിടെ നിൽക്കുകയാണ്. ഈ വാർഡ് ഇവിടെനിന്നും മാറ്റി നിലവിലുള്ള ആശുപത്രിയുടെ വികസനത്തിന് സഹായമായി പദ്ധതികൾ നടപ്പാക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയിട്ട് പരിഹാരം ഇനിയും കണ്ടിട്ടില്ല. ഇപ്പോൾ ആശുപത്ര കാമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് പുതിയ ഒരു ബഹുനില കെട്ടിടം നിർമ്മിച്ചാൽ കിടക്കകൾ വർദ്ധിപ്പിക്കാനും ആധുനിക ചികിത്സാ ഉപകരണങ്ങളും ചികിത്സാ യൂണിറ്റുകളും സ്ഥാപിക്കാനുള്ള സൗകര്യങ്ങൾ ഏറെ കിട്ടുന്നതിനും കഴിയും.

സാധാരണക്കാരുടെ ആശ്രയകേന്ദ്രമാണ് താലൂക്ക് ആശുപത്രി. ജനങ്ങൾ ഭൂരിഭാഗവും സർക്കാർ ആശുപത്രിയാണ് ചികിത്സക്ക് കൂടുതൽ ഇഷ്ടപ്പെടുന്നത്. ഈ ആവശ്യം നിറവേറ്റാൻ ഇന്നുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല. ആർ.എം.ഒ. ക്വാർട്ടേഴ്സ് ഈ കാമ്പൗണ്ടിൽ ഉണ്ടാകുന്നതും ഡോക്ടറുടെ സേവനം പൂർണ്ണ സമയം ഇവിടെ കിട്ടുന്നതും രോഗികൾക്ക് ആശ്വാസമാകും. ആവശ്യമായ ക്വാർട്ടേഴ്സ് ഉണ്ടാക്കണം. രാത്രിയും പകലും പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ സ്റ്റോർ അത്യന്താപേക്ഷിതമാണ്.

ആശുപത്രിവളപ്പിലെ ഓടകളും പരിസരവും ശുചീകരണം നിലനിർത്താൻ കഴിയുന്ന രീതിയിൽ ക്രമീകരിക്കണം. പൂന്തോട്ടങ്ങൾ പരിസരത്തുണ്ടാക്കണം.

രോഗികളുടെ കൂട്ടിരിപ്പുകാർക്കും സന്ദർശകർക്കും ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പ്രവേശനം നിയന്ത്രണമുള്ള ഒരു കംഫർട്ട് സ്റ്റേഷൻ ആശുപത്രിവളപ്പിൽ സ്ഥാപിക്കണം.

ഇന്നത്തെ ആശുപത്രിവളപ്പിലെ മോർച്ചറി പലതരത്തിലുള്ള ആക്ഷേപങ്ങൾക്കും ഇട നൽകുന്നുണ്ട്. പുതിയ ഒരു കെട്ടിടം നിർമ്മിച്ച് സുരക്ഷിതമായും ശുചിയായും ഉപയോഗിക്കുന്ന തരത്തിൽ അകത്തും പുറത്തും ക്രമീകരണങ്ങളുള്ള ഒരു മോർച്ചറിയുണ്ടാവണം.

ഈ ആശുപത്രിയിൽ ചികിത്സക്കായി വരുന്നവരിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരും ഇടത്തരക്കാരുമാണ്. പരിഷ്കൃത സമൂഹമെന്ന നിലയിൽ അവർക്ക് ലഭിക്കേണ്ട ചികിത്സാരീതികളും ആശ്വാസവും ലഭ്യമാക്കുന്നതിന് ജീവനക്കാരിൽ പ്രേരണയുണ്ടാക്കാൻ പഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ഉണ്ടാകണം; സഹായം ഉണ്ടാകണം.

കൊട്ടാരക്കരയിൽ പ്രവർത്തിപ്പിക്കുന്ന ഒരു ഹോമിയോ ഡിസ്പെൻസറിയുണ്ട്. അമ്പലപ്പുറത്ത് ഇത് സ്ഥാപിതമായത് 1994ലാണ്. വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു കെട്ടിടവും രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ വാർഡുകളും ഉണ്ടാകണം. പ്രതിദിനം 200 രോഗികൾ ഈ ചികിത്സാകേന്ദ്രത്തിലെത്തുന്നുണ്ട്. ഗ്രാമീണ മേഖലയിൽ ഈ സ്ഥാപനം നാട്ടുകാർക്ക് ഏറ്റവും പ്രയോജനകരമാണ്. താലൂക്ക് ആശുപത്രിയായി ഈ സ്ഥാപനം ഉയർത്തുന്നത് നല്ലതാണ്. അലോപ്പതി ചികിത്സകൊണ്ട് ഫലമുണ്ടാകാത്ത പല രോഗങ്ങൾക്കും ഹോമിയോ ചികിത്സ ഫലപ്രദമാകുന്നുണ്ട്. എത്തുന്ന രോഗികളുടെ എണ്ണ അനുദിനം വർദ്ധിക്കുന്നു. ആശുപത്രിയുടെ വികസനം ഒരാവശ്യമാണ്.



000061

| പൊതുചികിത്സാകേന്ദ്രങ്ങൾ | എണ്ണം | ജീവനക്കാർ |
|---|---|---|
| പ്രാഥമികാരോഗ്യകേന്ദ്രം | 1 | 105 |
| ആയുർവ്വേദാശുപത്രി | 1 | 7 |
| ഹോമിയോ ആശുപത്രി | 1 | 4 |
| ആരോഗ്യ ഉപകേന്ദ്രം | 3 | 3 |

പഞ്ചായത്തിൽ ആകെ 6 പൊതുജനാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 119 ജീവനക്കാർ ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നു. ആതുര ശുശ്രൂഷാരംഗത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ തൃപ്തികരമല്ല. എന്നിട്ടും ഈ സ്ഥാപനങ്ങളെ ജനങ്ങൾ ആശാകേന്ദ്രങ്ങളായി കാണുന്നു. മൊത്തത്തിൽ ആശുപത്രികളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയും ജനസേവനത്തിന്റെ മാതൃകയായി ഈ രംഗം മാറ്റണം.

ജനസാന്ദ്രതയ്ക്ക് ആനുപാതികമായി ചികിത്സാവശ്യങ്ങൾ നിറവേറ്റാൻ പൊതുമേഖലാ സ്ഥാപനങ്ങൾ പര്യാപ്തമല്ലാത്തതിനാൽ ഇവിടെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്നുണ്ട്. കെ.എൻ.എസ്. ക്രിസ്തുരാജ്, ജോർജ്ജ് മെമ്മോറിയൽ എന്നീ സ്വകാര്യ അലോപ്പതി ആശുപത്രികളും നാട്ടുചികിത്സാരീതിയിലുള്ള ആയുർവ്വേദ സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളും ഹോമിയോ ഡിസ്പെൻസറികളും നിരവധി ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ചെറുതും വലുതുമായി ക്ലിനിക്കുകൾ വഴി പ്രഗത്ഭ ഡോക്ടർമാരുടെ സേവനം ലഭിക്കാൻ സ്വകാര്യ മേഖലയിൽ സൗകര്യമുണ്ട്.

അമിതമായ സാമ്പത്തിക ഭാരത്താൽ സ്വകാര്യ ആശുപത്രിയെ സമീപിക്കുവാൻ ഭയപ്പെടുന്ന സാധാരണ രോഗികൾ താലൂക്ക് ആശുപത്രിയിൽ ചികിത്സിച്ച് തിരിച്ചുപോവുമ്പോൾ പ്രൈവറ്റ് ആശുപത്രിയെക്കാൾ സാമ്പത്തിക ചെലവ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാൻ നമുക്ക് മുൻകൈയെടുക്കാം.

## *കക്കൂസ്*

പൊതുജനാരോഗ്യരംഗത്തെ മറ്റൊരു പ്രധാന സംവിധാനമാണ് കക്കൂസുകളുടെ എണ്ണവും പ്രവർത്തനക്ഷമതയും. ഗ്രാമവാസികളിൽ ദുർബ്ബലവിഭാഗങ്ങളിൽപ്പെട്ട 1250 വീട്ടുകാർക്ക് സ്വന്തമായി കക്കൂസില്ല. ഉള്ളവരിൽ 250 വീടുകളിലെ കക്കൂസ് കാര്യക്ഷമമല്ല. പകർച്ച വ്യാധികൾക്കും രോഗബാധയ്ക്കും ഈ കക്കൂസുകൾ ഇടനൽകുന്നു.

| കക്കൂസുകൾ പ്രവർത്തനക്ഷമമാക്കാനും നിർമ്മിക്കാനും തടസ്സ കാരണങ്ങൾ | പരിഹാരം |
|---|---|
| സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ലയൺസ്, റോട്ടറി, മറ്റ് സന്നദ്ധ സംഘടനകൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം സമാഹരിക്കണം. |
| കോളനികൾ, സ്ഥല പരിമിതി ജനസാന്ദ്രതാ വർദ്ധനവ് | പൊതു കക്കൂസും ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ സെപ്ടിക് ടാങ്കുകളും നിർമ്മിക്കണം. |
| ആവശ്യബോധം, ശുചിത്വബോധം | ആരോഗ്യരക്ഷക്കുള്ള ബോധവൽക്കരണം, ലക്ഷം വീട്, ജനസാന്ദ്രതയുള്ള പാർപ്പിടകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ക്ലാസ്സുകൾ നടത്തിയും വീഡിയോ ചിത്രങ്ങൾ പ്രദർശിപ്പിച്ചും. |



000062

## *പരിസര ശുചിത്വം*

വ്യവസായ മേഖലയല്ലാത്തതിനാൽ ഈ പഞ്ചായത്തിന് അന്തരീക്ഷ മലിനീകണം ഒരു പ്രശ്നമല്ല. പരിസരമലിനീകരണം എല്ലാകാലത്തും ഭീഷണിയാണ്. വേനൽക്കാലത്തും വർഷകാലത്തും ടൗണിന്റെ ഹൃദയഭാഗത്തുള്ള ഓടകൾ, നിരത്തുകൾ എന്നിവ മാലിന്യസങ്കേതങ്ങളായിമാറുന്നു. റോഡുകൾ സംവിധാനം ചെയ്തിരിക്കുന്നതും ഓടകൾ ക്രമീകരിച്ചിരിക്കുന്നതും ശാസ്ത്രീയവും സാങ്കേതിവുമായ കാഴ്ചപ്പാട് ഇല്ലാതെയാണ്. റോഡുകൾ സന്ധിക്കുന്ന വശങ്ങളിലെ ഓടകൾ മണ്ണുമൂടി മലിനജല ഒഴുക്ക് തടയപ്പെട്ട സ്ഥിതിയിലാണ്. ടൗണിന്റെ ഒത്ത നടുവിൽ സ്ഥിതിചെയ്യുന്ന ചന്ത ഈ ഭാഗത്തെ മലിനമാക്കാൻ പലതരത്തിൽ ഇടയാക്കുന്നു. ചന്തയിലെ മലിനജലം ഒഴുക്കിവിടാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഓടകളുടെ ഇല്ലായ്മയാണ്. പ്രധാന പ്രശ്നം. ചന്തയിലെയും മാർക്കറ്റ് ജംഗ്ഷനിലുള്ള മലക്കറിക്കടകൾ, ഹോട്ടലുകൾ, ചായക്കടകൾ എന്നിവയിലെ പുറംതള്ളപ്പെടുന്ന വസ്തുക്കളും മലിനജലവും യഥാസമയം നീക്കംചെയ്യപ്പെടണം. ബസ്സ്റ്റാന്റ് മുതൽ റെയിൽവേ സ്റ്റേഷൻ, ടി.ബി. ജംഗ്ഷനും പരിസരവും വരെയുള്ള ഓടകൾ പരിരക്ഷിക്കാതെ വന്നതിനാൽ ഇവിടെ കൊതുക് ശല്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓടകൾ ശുദ്ധമാക്കിയും കൊതുകുനശീകരണ ഔഷധങ്ങൾ പ്രയോഗിച്ചും കൊതുക് പരത്താനിടയുള്ള രോഗങ്ങളിൽനിന്നും ജനങ്ങൾക്ക് പരിരക്ഷ നൽകണം.

## *പ്രശ്നങ്ങൾ*

കൊട്ടാരക്കര പഞ്ചായത്തിലെ ടൗണിൽനിന്നും മറ്റു സ്ഥലങ്ങളിൽനിന്നും നീക്കംചെയ്യപ്പെടുന്ന ചവറുകളും മറ്റു മാലിന്യങ്ങളും ഇപ്പോൾ പുലമൺ ജംഗ്ഷനിലെ കോട്ടയം റോഡിന്റെ ഭാഗത്തും ചന്തമുക്കിന്റെ പലഭാഗത്തുമാണ് നിക്ഷേപിക്കുന്നത്. ഈ മാലിന്യങ്ങൾ ആ ഭാഗത്തുള്ള ജനങ്ങൾക്ക് ആരോഗ്യ പ്രശ്നത്തിന് കാരണമാകുന്നു. ഇത് അവിടെ നിന്നും മാറ്റി ശാസ്ത്രീയമായി സംസ്കരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം.

കൊട്ടാരയുടെ ഹൃദയഭാഗത്ത് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന മത്സ്യച്ചന്ത ഇപ്പോൾ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ വേണ്ട നടപടി ഉണ്ടാകണം.

വ്യാപാരികളുടെ സഹായത്താൽ ടൗണിന്റെ പ്രധാന ഭാഗങ്ങളിൽ ഡസ്റ്റ് ബിൻ സ്ഥാപിച്ച് പരിസര മലിനീകരണം ഒഴിവാക്കാൻ ശ്രമിക്കണം.

ഹോട്ടലുകളിലും ചായക്കടകളിലും പഴക്കംചെന്ന ആഹാര പദാർത്ഥങ്ങൾ വില്ക്കുന്നത് തടയാന് കർശനമായ നടപടികൾ സ്വീകരിക്കണം.

ഹെൽത്ത് ഇൻസ്പെക്ടർ എല്ലാ മാസവും ആരോഗ്യ പ്രശ്നത്തെ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് പഞ്ചായത്തിനെ ധരിപ്പിക്കേണ്ടതാണ്.

കൊട്ടാരക്കര ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ക്ഷയരോഗാശുപത്രി അവിടെ നിന്നും മാറ്റി സ്ഥാപിക്കണം..

താലൂക്ക് ആശുപത്രിയിൽനിന്നുള്ള മാലിന്യങ്ങൾ പരിസരവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

കൊട്ടാരക്കര ചന്തമുക്കിൽ പുതുതായി നിർമ്മിക്കുന്ന കംഫർട്ട് സ്റ്റേഷന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. പുലമൺ പ്രൈവറ്റ് ബസ്സ്റ്റാന്റിൽ പൂർത്തിയാകാതെ കിടക്കുന്ന കംഫർട്ട് സ്റ്റേഷൻ അടിയന്തിരമായി പൂർത്തിയാക്കണം.

പുലമൺ തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ആരോഗ്യപ്രശ്നം ഒഴിവാക്കാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

ആതുരശുശ്രൂഷാകേന്ദ്രങ്ങളും പ്രവർത്തകരും എണ്ണത്തിൽ കുറവല്ലാതെ ഉണ്ടായിട്ടും പഞ്ചായത്തിലെ ജനങ്ങൾക്ക് ചികിത്സയിൽ ഗുണപരമായ വ്യതിയാനം അനുഭവപ്പെടുന്നില്ല. പകർച്ചവ്യാധിക്കെതിരെയും രോഗപ്രതിരോധ നടപടികൾക്കും വളലെയേറെ പ്രവർത്തിച്ചിട്ടും 1994-95ൽ പതിനയ്യായിരം പേർക്ക്



000063

ചിക്കൻപോക്സ് ചികിത്സനടത്താൻ ഹോമിയോ ഡിസ്പെൻസറികൾക്ക് അവസരമുണ്ടായി എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കൊതുക് പരത്തുന്ന മസ്തിഷ്കജ്വരത്തിന് പതിനായിരം പേർ ഹോമിയോ ചികിത്സയ്ക്ക് വിധേയരായിട്ടുണ്ട്.

ഹോമിയോ ചികിത്സാ റിപ്പോർട്ടിലെ ചില സ്ഥിതിവിവരങ്ങൾ

ജീവനക്കാർ: 4

| | | |
|---|---|---|
| വാതരോഗം | 1994-95 | 2000 |
| വാതരോഗം | 1995-96 | 2350 |
| ത്വക്ക് രോഗം | 1994-95 | 500 |
| ത്വക്ക് രോഗം | 1995-96 | 650 |
| ഗോയിറ്റർ | 1994-95 | 175 |
| ഗോയിറ്റർ | 1995-96 | 220 |

(അമ്പലപ്പുറം ഹോമിയോ ഡിസ്പെൻസറി റിക്കാർഡുകളിൽനിന്നും)

### *ആയുർവ്വേദ ചികിത്സാ റിപ്പോർട്ടിലെ ചില സ്ഥിതിവിവരങ്ങൾ*

ജീനവക്കാർ: 7

| വർഷം | കിടത്തി ചികിത്സകർ | പുറത്ത് ചികിത്സ ലഭിച്ചവർ | ത്വക്ക് | വാതം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റിനം |
|---|---|---|---|---|---|---|---|
| 1992-93 | 121 | 12411 | 1241 | 6205 | 372 | 248 | 4345 |
| 1993-94 | 109 | 25930 | 2852 | 12705 | 1037 | 777 | 8559 |
| 1994-95 | 134 | 42385 | 6357 | 23311 | 847 | 2119 | 9751 |
| 1995-96 | 148 | 53696 | 4832 | 25774 | 8054 | 3221 | 11815 |

(കൊട്ടാരക്കര റെയിൽവേ സ്റ്റേഷന് സമീപമുള്ള ഗവ: ആയുർവ്വേദ ഡിസ്പെൻസറി മെഡിക്കൽ റിപ്പോർട്ട് – സംക്ഷിപ്തം)



000064

## ഗവ: താലൂക്ക് ആശുപത്രി (അലോപ്പതി) കൊട്ടാരക്കര

സ്ഥിതിവിവരങ്ങൾ

ജീവനക്കാർ: 105

| വർഷം | കിടത്തി ചികിത്സകർ | പുറത്ത് ചികിത്സ ലഭിച്ചവർ | ത്വക്ക് | വാതം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റിനം |
|---|---|---|---|---|---|---|---|
| 1992-93 | 11283 | 110056<br>359<br>IP<br>14 | OP<br>5867<br>IP<br>172 | OP<br>15861<br>IP<br>751 | OP<br>87969<br>IP<br>10346 | NIL | OP |
| 1993-94 | 109039 | 11077 | OP<br>1659<br>IP<br>40 | OP<br>4867<br>IP<br>182 | OP<br>15697<br>IP<br>699 | NIL | OP<br>86717<br>IP<br>10156 |
| 1994-95 | 11026 | 108039 | OP<br>1659<br>IP<br>39 | OP<br>3337<br>IP<br>138 | OP<br>15796<br>IP<br>699 | NIL | OP<br>87247<br>IP<br>10150 |
| 1995-96 | 10141 | 89339 | OP<br>1151<br>IP<br>43 | OP<br>1236<br>IP<br>56 | OP<br>8313<br>IP<br>672 | NIL | OP<br>78639<br>IP<br>9370 |

(ആലംബം: ആശുപത്രി മെഡിക്കൽ റിക്കാർഡ്)

കാർഷിക മേഖലയിൽ ഭൂവിഭാഗം കൂടുതലുള്ള പഞ്ചായത്ത് പരിധിയിൽ പാമ്പ് വിഷ ചികിത്സയ്ക്ക് എത്തുന്നവർ നിരവധിയാണ്. താലൂക്ക് ആശുപത്രിയിൽ ഈ ചികിത്സയ്ക്ക് സൗകര്യമില്ലെന്നുള്ളത് ദയനീയമാണ്.

### കുട്ടികളുടെ പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.ടി. | പോളിയോ | ഡി.ടി. | മീസിൽസ് |
|---|---|---|---|---|---|
| 1 വയസ്സ് | 3596 | 1991 | 1766 | 1817 | 1991 |
| | 1766 1817NIL1736 | | | | |
| 1-3 വയസ്സ് | BD | - | -BD | - | - |
| | 1500 | 1500 | | | |
| 3-6 വയസ്സ് | 2D | - | 1261 | - | |

(കുട്ടികളുടെ ക്ലിനിക് റിപ്പോർട്ട് – താലൂക്കാശുപത്രി)



000065

***ടെറ്റനസ് ടോക്സോയിഡ് (താലൂക്കാശുപത്രി)***

| | |
|---|---|
| ഗർഭിണികൾ | ID 1367 2D 1509 3D 285 |
| വിതരണം നടന്ന ഗർഭിണികൾക്കുള്ള ഇരുമ്പ്/ഫോളിക്കാസിഡ്: | 242 |
| ഇരുമ്പ്/ഫോളിക്കാസിഡ് നൽകിയ കുട്ടികളുടെ എണ്ണം: | O/S 1349 |
| വിറ്റമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികൾ: | 2769 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ: | 3867 |

വീട്ടിൽ നടന്ന പ്രസവങ്ങൾ:
ആധികാരിക എണ്ണം കിട്ടിയിട്ടില്ല.

ഗർഭിണികൾക്ക് ആശുപത്രികളിൽ മാനസികോല്ലാസം നൽകാനുള്ള സംവിധാനങ്ങളില്ല. ഇത് പരിഹരിക്കണം. ടി.വി. എന്നീ മാദ്ധ്യമങ്ങൾ അഭിലഷണീയങ്ങളാണ്.

കുട്ടികളുടെ വാർഡ് ആകർഷകമാക്കാനുള്ള നടപടി സ്വീകരിക്കണം. ശുചിത്വവും കിടക്കകളുടെ മെച്ചപ്പെട്ട സ്ഥിതിയും ഉറപ്പാക്കണം. കളിക്കോപ്പുകളും അലങ്കാര ശില്പങ്ങളും വാർഡുകളിൽ പ്രത്യേകം ഷെൽഫുകളിൽ പ്രദർശിപ്പിക്കണം.

കുട്ടികളുടെ വാർഡിലെ കുളിമുറിക്ക് കക്കൂസ് എന്നിവ ആധുനിക സാനിട്ടറി ഉപകരണങ്ങൾകൊണ്ട് സജ്ജമാക്കണം.

## *വാർഡുകളിലെ സ്ഥിതിഗതികൾ*

### *പരിസര ശുചിത്വം*

പരിസരമലിനീകരണം ഗുരുതരമല്ല. എന്നാൽ ഗ്രാമ റോഡുകൾ, ഓടകൾ, വെയിറ്റിംഗ് ഷെഡ്ഡുകൾ, കവലകൾ, പൊതുസ്ഥാപനങ്ങളുടെ പരിസരം എന്നിവ ശുചീകരിക്കുതിന് സ്ഥിരം ഏർപ്പാടുകളില്ല. ടൗണിൽ മാത്രം ചട... ഇത് നടന്നുവരുന്നു. ശുചീകരണതൊഴി...കളെ നിയോഗിച്ചും മാലിന്യങ്ങൾ നീക്കാനുള്ള വാഹനങ്ങൾ എണ്ണം വർദ്ധിപ്പിച്ചും പഞ്ചായത്ത് തലത്തിൽ ഒരു പൊതു സംവിധാനം ഏർപ്പെടുത്തണം. എം.സി. റോഡിലെ ഒരു പ്രധാന ഗതാഗതകേന്ദ്രമായ കെ.എസ്.ആർ.ടി.സി. സ്റ്റേഷനും ഗ്യാരേജും ശുചീകരണ കാര്യത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നു. ഇവിടം അന്തരീക്ഷ മലിനീകരണത്തിനും പരിസരമലിനീകരണത്തിനും ഒരളവിൽ വിധേയമാകുന്നുണ്ട്. ഒരു പ്രത്യേക ഡ്രെയിനേജ് സമ്പ്രദായം ആവിഷ്കരിച്ച് പുലമൺ തോട്ടിൽ കൊണ്ടുവിട്ടാൽ ശ്രദ്ധേയമായ പ്രയോജനമുണ്ടാകും. പുലമൺ തോടിന്റെ ആഴം കൂട്ടി വെള്ളം തടസ്സം കൂടാതെ ഒഴുകാനുള്ള പദ്ധതി തയ്യാറാക്കണം.

കൊട്ടാരക്കരയുടെ ആസ്ഥാനമായ പഞ്ചായത്ത് മേഖല പ്രൗഢിയിലേക്ക് കൊണ്ടുവരാൻ ക്ലീൻ ടൗൺ ഗ്രീൻ ടൗൺ എന്ന ആശയവുമായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

ഇന്ന് മാർക്കറ്റിൽ വിതരണം ചെയ്യപ്പെടുന്ന മത്സ്യം, മാംസം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും രോഗവിമുക്തമാക്കപ്പെട്ടവയാണോ എന്ന് അറിയുന്നതിനും മാംസ പരിശോധന ഉൾപ്പെടുന്ന ഒരു നിയന്ത്രണ സംവിധാനം പഞ്ചായത്തിൽനിന്നും ഏർപ്പെടുത്തണം.

ഹോട്ടലുകളുടെയും ഭക്ഷണപാനീയശാലകളുടെയും പ്രവർത്തനം, അടുക്കള, പാചകക്കാർ എന്നിവയെല്ലാം ഹെൽത്ത് കാർഡിന് വിധേയമാക്കണം.

മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നതോടൊപ്പം ബോധവൽക്കരണവും നിരോധിത പ്രവൃത്തികൾ ശിക്ഷിക്കപ്പെടുകയും ചെയ്യണം. സന്നദ്ധസംഘടനകളുടെയും സ്വകാര്യ ഏജൻസികളുടെയും സേവനം ഈ രംഗത്ത് വിനിയോഗിക്കണം.

രോഗബാധയ്ക്ക് സാദ്ധ്യതയുള്ള സന്ദർഭങ്ങൾ വർഷകാലത്തും വേനൽക്കാലത്തും ഉണ്ടാകാറുണ്ട്. കിണറുകൾ ക്ലോറിനേഷൻ ചെയ്യുക. ഈച്ചകളുടെ വർദ്ധന തടയുക, വെള്ളക്കെട്ടുകൾ ഒഴിവാക്കുക എന്നിവ പരിഹാരമാർഗ്ഗങ്ങളാണ്.

പഞ്ചായത്തിൽ നടപ്പാക്കാവുന്ന പരിപാടികൾ നിർദ്ദേശം:

1. കുട്ടികളുടെ പാർക്കുകൾ, കളിസ്ഥലങ്ങൾ



000066

എന്നിവ ലഭ്യമായ സ്ഥലങ്ങൾ കണ്ടെത്തി സ്ഥാപിക്കുക.

2. നീന്തൽ ആരോഗ്യപരിപാലനത്തിന് സഹായകമായ ഒരു ഘടകമാണ്. നദികളോ ആറോ ജലാശയങ്ങളോ പഞ്ചായത്ത് മേഖലയിലില്ല. ഈ കുറവ് പരിഹരിക്കാൻ അനുയോജ്യമായ ഒരു നീന്തൽക്കുളം സ്ഥാപിക്കുന്നത് നല്ലതാണ്.

### പൊതുശ്മശാനം

പഞ്ചായത്ത് വകയായി ഉഗ്രൻകുന്ന് ഭാഗത്തുള്ള ശ്മശാനം സ്ഥിതിചെയ്യുന്നത് ഒരു കുന്നിൻപ്രദേശത്താണ്. മണ്ണിൽ കുഴിച്ചിടുന്ന രീതിയാണ് ഇവിടെ തുടരുന്നത്. ഇത് പലതരത്തിലുള്ള പരാതികൾക്കും മലിനീകരണത്തിനും ഇടയാക്കുന്നുണ്ട്. മൃതശരീരങ്ങൾ കത്തിച്ചുകളയുന്നതിനുള്ള ഒരു പദ്ധതിയും സൗകര്യവും ഉണ്ടാകണം. പരിമിത ഭൂമികളുള്ള ഗ്രാമവാസികളിൽ ശവസംസ്കാരം ഇന്ന് പ്രശ്നമാണ്. നിലവിലുള്ള ശ്മശാനം വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുകയും തുടർന്ന് ഒരു വൈദ്യുതി ശ്മശാനം സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

### വൃദ്ധഭവനവും ആരോഗ്യകേന്ദ്രവും

സമൂഹത്തിലെ ഒരു ന്യൂനപക്ഷമായ വൃദ്ധജനങ്ങൾ നമ്മുടെ പ്രത്യേക പരിരക്ഷ അർഹിക്കുന്നു. അനാഥരായവരെ പാർപ്പിക്കുന്നതിനും ആവശ്യമുള്ളവർക്ക് വിശ്രമത്തിനും ചികിത്സയ്ക്കും പ്രയോജനപ്പെടാവുന്നതുമായ ഭവനങ്ങളും കേന്ദ്രങ്ങളും ഉണ്ടാകണം. ഇതിന് വേണ്ടിവരുന്ന ചിലവുകൾ സന്നദ്ധസംഘടനകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ധനികവർഗ്ഗങ്ങളിൽനിന്നും സംഭാവനയായി സ്വരൂപിക്കാവുന്നതാണ്.

### ഹെൽത്ത് കാർഡ് സംവിധാനം

ആരോഗ്യ പരിരക്ഷയ്ക്ക് ജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന ഒരു പദ്ധതിയാണിത്. ചികിത്സ ലഭിച്ചവർ ആ വിവരങ്ങൾ രേഖപ്പെടുത്തിയ കാർഡുകൾ സൂക്ഷിക്കുന്നു. പിന്നീടുണ്ടാകുന്ന ആവശ്യങ്ങൾക്ക് റിക്കാർഡുചെയ്ത വിവരങ്ങൾ പ്രയോജനപ്പെടുത്താം. ബ്ലഡ് ഗ്രൂപ്പ്, രോഗവിവരങ്ങൾ എന്നിവ ഈ കാർഡിൽ ആധികാരികമായിത്തന്നെ രേഖപ്പെടുത്തിയിരിക്കും. ചികിത്സ ആവശ്യമായ അവസരങ്ങളിലെല്ലാം ഹെൽത്ത് കാർഡ് വിവരങ്ങൾ പ്രയോജനപ്പെടുത്താം. ഈ കാർഡിന്റെ പ്രസക്തിയും പ്രയോജനവും ജനങ്ങളെ ബോധവൽക്കരണത്തിൽക്കൂടി മനസ്സിലാക്കിക്കാൻ കഴിയണം. ആരോഗ്യപ്രവർത്തകരെയും സന്നദ്ധസംഘടനകളെയും ഹെൽത്ത് കാർഡ് വിതരണശ്രമത്തിൽ സഹകരിപ്പിക്കാം. ഈയ്യംകുന്നിൽ തട്ടം ഭാഗം ഹരിജനങ്ങളും കർഷകരും തിങ്ങിപ്പാർക്കുന്നു. ഈ സ്ഥലങ്ങളിൽ ഒരു ആയുർവ്വേദ ആശുപത്രി ആവശ്യമാണ്. 7ാം വാർഡും 12ാം വാർഡും കേന്ദ്രീകരിച്ച് ഒരു ആയുർവ്വേദ ആശുപത്രിയും ഹോമിയോ ഡിസ്പെൻസറിയും സ്ഥാപിക്കണം.

### ജീവകാരുണ്യ പ്രവർത്തനങ്ങൾ

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കണം രക്തദാനം, നേത്രദാനം, ആതുരശുശ്രൂഷ, ഫസ്റ്റ് എയ്ഡ് എന്നിവയെക്കുറിച്ചെല്ലാം ജനങ്ങൾക്ക് ബോധവൽക്കരണവും പരിശീലനവും നൽകണം. ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ ജനനന്മയ്ക്ക് ഉതകുന്ന ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ യുവതീയുവാക്കളുടെ ഒരു സംഘം പഞ്ചായത്ത് തലത്തിൽ ലഭിക്കാൻ ഇത് സഹായിക്കും.

### പ്രത്യേക പരിഗണനക്കായി നിർദ്ദേശിക്കുന്ന പദ്ധതികൾ

1. സ്വകാര്യവ്യക്തികൾ പൊതുനിരത്തിലേക്ക് മലിനജലം തുറന്നുവിടുന്നത് തടയണം. അനുയോജ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പരിഹരിക്കണം.
2. പടിഞ്ഞാറ്റിൻകര ക്ഷേത്രവളപ്പിലെ ഊട്ടുപുരയിൽനിന്നും പുറത്തേക്ക് കളയുന്ന മാലിന്യങ്ങൾ യഥാസമയം അവിടെനിന്നും നീക്കം ചെയ്യുന്നതിനും ശുചിത്വം നിലനിർത്തുന്നതിനും ശ്രദ്ധിക്കണം. സമീപത്തുള്ള തോട്ടിലേക്ക് കുഴലുകൾ സ്ഥാപിച്ച് ജലനിയന്ത്രണം എളുപ്പമാക്കണം.



000067

3. ധന്യ ആഡിറ്റോറിയത്തിലെ പുറംതള്ളപ്പെടുന്ന മാലിന്യവസ്തുക്കൾ തോട്ടിൽ വലിച്ചെറിയുന്നത് ഒഴുക്കിവിടാനുള്ള മാർഗ്ഗം കണ്ടെത്തണം. ഇവിടെ ഒരു അണ നിർമ്മിച്ചാൽ തോട്ടിലെ നീരൊഴുക്ക് തുടരുന്നതിനും മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും കഴിയും.

4. ഗണപതിക്ഷേത്ര പരിസരം, കച്ചേരി ജംഗ്ഷൻ എന്നിവിടങ്ങളിലെ ഓടകൾ പുനഃസംവിധാനം ചെയ്യണം. വൈദ്യുതിഭവൻ പരിസരം വരെ ഇവ നീട്ടിയാൽ തോട്ടിൽ ഈ വെള്ളം ഒഴുക്കിവിടാൻ കഴിയും.

## *ലെപ്രസി*

ലെപ്രസി കൺട്രോൾ യൂണിറ്റ് കൊട്ടാരക്കര താലൂക്ക് ഗവ: ആശുപത്രിയോടുചേർന്ന് പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര സ്ഥാപനമാണ്. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള ഡി.എൻ.ഒ.യുടെ മേൽനോട്ടത്തിൽ കുഷ്ഠരോഗ നിയന്ത്രണം പരിപാടി ഇവിടെ നടപ്പാകുന്നു. 1989 മാർച്ചിൽ ഇവിടെ കുഷ്ഠരോഗികൾക്കായി വിവിധ ഔഷധ പരിപാടി നടപ്പിലാക്കിത്തുടങ്ങി. ഇതേവരെ 588 കുഷ്ഠരേഗികളെ ചികിത്സിച്ചു ഭേദമാക്കി. 1996ൽ 38 പേർ ഇപ്പോൾ ചികിത്സയിലാണ്. ഈ കൺട്രോൾ യൂണിറ്റിലെ 1000ന് 4 കുഷ്ഠരോഗികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇറ്പോൾ 1000ന് 1 എന്ന തോതിൽ കുറഞ്ഞിട്ടുണ്ട്. ഒരു ഡോക്ടർ ഉൾപ്പെടെ 29 ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. ഈ കൺട്രോൾ യൂണിറ്റിലുൾപ്പെട്ട വീടുകളിൽ ഇവർ സന്ദർശിച്ചും രോഗനിർണ്ണയം നടത്തി രോഗികളെ കണ്ടെത്തി ചികിത്സ നൽകുന്നു.

കൊട്ടാരക്കര പഞ്ചായത്തിന്റെ കീഴിലുള്ള ഏക ആയുർവ്വേദ ആശുപത്രിയാണിത്. ഇതര സർക്കാർ ആയുർവ്വേദ ഡിസ്പൻസറികളോ സർക്കാർ ആയുർവ്വേദ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

1956ൽ ഡിസ്പൻസറിയായി പ്രവർത്തം ആരംഭിച്ച ഈ സ്ഥാപനം 1986ൽ 10 കിടക്കകളുടുകൂടിയ ഒരു ആയുർവ്വേദം ആശുപത്രിയായി ഉയർന്നു എന്നതല്ലാതെ നാളിതുവരെ യാതൊരുവിധ വികസനവും ഈ സ്ഥാപനത്തിൽ നടന്നിട്ടില്ല എന്നത് വ്യക്തമാണ്. ഡിസ്പൻസറിയായി പ്രവർത്തിക്കുന്ന കാലത്തും ആശുപത്രിയായി ഉയർത്തിയപ്പോഴും ഇവിടെ ഒരു മെഡിക്കൽ ഓഫീസറെ മാത്രമേ നിയമിച്ചിട്ടുള്ളു. ഇക്കാരണത്താൽ രാത്രിയിൽ ഒരിക്കലും ഇവിടെ ഡോക്ടർ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ രണ്ട് ഡോക്ടർമാരെ നിയമിച്ചാൽ നിർബ്ബന്ധമായും എല്ലാ സമയത്തും ആശുപത്രിയിൽ ഡോക്ടർ ഉണ്ടായിരിക്കും. ഇത് ഒരു ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

അതുകൊണ്ട് ഒൻപതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഇവിടെ രണ്ട് ഡോക്ടർമാരെ നിയമിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.

കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ സ്ഥാപനത്തിൽ യാതൊരു വികസനപ്രവർത്തനങ്ങളും നടന്നിട്ടില്ല. 199596 അവസാനത്തിലും 1996 97 ആദ്യവും കൂടിയ ആശുപത്രി വികസന സമിതി, ആശുപത്രി സൗഹൃദസമിതി എന്നിവയിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രിക്ക് ഒരു നെയിം ബോർഡും ഒരു ഇരുമ്പു കട്ടിലും കിട്ടിയിട്ടുണ്ട്. മറ്റു ചില വ്യക്തികൾ കട്ടിൽ, എണ്ണത്തോണി എന്നിവ സംഭാവനയായി നല്കാമെന്ന് ഏറ്റിരുന്നുവെങ്കിലും നാളിതുവരെ അത് പ്രാവർത്തികമായില്ല.

പക്ഷാഘാതം തുടങ്ങിയ വാതരോഗങ്ങൾക്കുള്ള പ്രധാന ചികിത്സാവിധികളായ കിഴി, പിഴിച്ചിൽ തുടങ്ങിയ ക്രിയാക്രമങ്ങൾ ചെയ്യുന്നതിന് അവശ്യം വേണ്ടതായ എണ്ണത്തോണി പോലും കൊട്ടാരക്കര പഞ്ചായത്തിലെ ഏക സർക്കാർ ആയുർവ്വേദ ചികിത്സാ സ്ഥാപനമായ ഈ ആശുപത്രിയിൽ ഇല്ല എന്നത് അത്യന്തം ഖേദകരമാണെന്നുള്ള വസ്തുതയും ഇത്തരുണത്തിൽ അറിയിച്ചുകൊള്ളട്ടെ. തൊട്ടടുത്ത പഞ്ചായത്തായ പത്തനാപുരം പഞ്ചായത്തിലെ ആയുർവ്വേദ സ്ഥാപനം താലൂക്കാശുപത്രിയാണെന്നും അവിടെ പ്രാഥമിക സൗകര്യങ്ങളെല്ലാം ഇതിനകം ഉണ്ടായിട്ടുണ്ട് എന്നതും പ്രത്യേകം ഓർക്കേണ്ടതാണ്.

അതുകൊണ്ട് കൊട്ടാരക്കര ആയുർവ്വേദാശുപത്രിയും താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യത്തിൽ ഒൻപതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അർഹിക്കുന്ന



000068

പ്രാധാന്യം കല്പിക്കേണ്ടതാണെന്നറിയിക്കുന്നു.

ഇക്കാര്യം ഒൻപതാം വാർഡിലെ ഗ്രാമസഭ കൂടിയപ്പോൾ ജനങ്ങൾ ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുള്ളതും ഇത് പൊതുജനാരോഗ്യവിഭാഗത്തിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രത്യേകം പരിഗണിക്കുന്നതിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

യാതൊരു സൗകര്യങ്ങളും ഇല്ലാതിരുന്നിട്ടും ദിനംപ്രതി 150ലേറെ രോഗികൾ ഇവിടെ ചികിത്സതേടി എത്തുന്നുണ്ട്. 120 പേർക്കുള്ള കഷായം ദിനംപ്രതി പാകപ്പെടുത്തിയിരുന്നിടത്ത് കഴിഞ്ഞ കുറേദിവസങ്ങളായി വെറും 20 പേർക്കുള്ള കഷായമേ ദിവസവും പാകം ചെയ്യുവാൻ കഴിയുന്നുള്ളു എന്ന കാര്യവും എടുത്തു പറയേണ്ടിയിരിക്കുന്നു. അത്രയ്ക്ക് പരിമിതിമാണ് ഇപ്പോൾ മരുന്നിന്റെ സ്റ്റോക്ക്. അതുപോലെ, ഒരു രണ്ടാഴ്ചകൂടി കഴിഞ്ഞാൽ ഇവിടെനിന്നും ഒരാൾക്കുപോലും കഷായം നല്കാൻ കഴിയില്ല എന്ന സ്ഥിതിയാണ്.

അതുകൊണ്ട് ഒൻപതാം പദ്ധതിയിൽ ആയുർവ്വേദാശുപത്രിക്ക് ആവശ്യത്തിനുള്ള മരുന്നുകൾ വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ഊന്നൽ നല്കണമെന്ന് അപേക്ഷിക്കുന്നു.

ഈ സന്ദർഭത്തിൽ പ്രത്യേകം പറയാനുള്ളത് ആയുർവ്വേദസ്ഥാപനങ്ങൾ ഔഷധത്തിനുള്ള അനുവാദത്തുക (അഹഹീോലിേ) ദശാബ്ദങ്ങളായി മാറ്റംവരാതെ തുടരുന്നു എന്നുള്ളതാണ്. ഇതാണ് ഔഷധങ്ങൾക്ക് ദൗർലഭ്യം വരുവാനുള്ള കാരണം. അതുകൊണ്ട് ഒൻപതാം പദ്ധതിയിൽ ആയുർവ്വേദാശുപത്രികൾക്ക് ഔഷധം വാങ്ങാനുള്ള അനുവാദത്തുക ഗണ്യമായി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

ഒരു വർഷത്തിലധികമായി നഴ്സിന്റെ ഒരു പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ആകെ രണ്ടു നഴ്സുമാർ ഉള്ള ഒരു സ്ഥാപനത്തിൽ ദീർഘനാളായി ഒരാളിന്റെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുന്നതിനാൽ നൈറ്റ് ഡ്യൂട്ടിക്ക് ആളിനെ നിയമിക്കുന്ന കാര്യത്തിലും വളരെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ അടിയന്തിരമായി നിയമിച്ചുകിട്ടുവാൻ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

കൂടാതെ, കഷായം പാകം ചെയ്യുന്നതിന് ഗ്യാസ് കണക്ഷൻ നല്കുക, പാകം ചെയ്ത കഷായം വിതരണത്തിനു കൊണ്ടുവയ്ക്കുവാൻ പറ്റിയ സ്റ്റീൽ ഡ്രമ്മുകൾ ലഭ്യമാക്കുക എന്നിവയും അടിയന്തിരമായിത്തന്നെ പരിഗണിക്കേണ്ട കാര്യങ്ങളാണ്.

മറ്റൊരു കാര്യം ഔഷധങ്ങൾ സൂക്ഷിച്ചു വയ്ക്കുവാനുള്ള സംവിധാനമാണ്. ഇപ്പോൾ അവ വരുന്ന പായ്ക്കറ്റുകളിൽത്തന്നെ നിലത്ത് അടുക്കിവയ്ക്കുവാനേ കഴിയുന്നുള്ളു. എലികളുടെ അമിതമായി വംശവർദ്ധനവുമൂലം ഈ ഔഷധങ്ങൾ കണക്കിലധികം എലികൾ നശിപ്പിക്കുന്നുണ്ട്. എലിപ്പനി തുടങ്ങിയ മാരകമായ രോഗങ്ങൾ ഒഴിവാക്കുന്നതിന് ഈ ഔഷധങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ പറ്റിയ ഒരു സംവിധാനമുണ്ടാകേണ്ടത് ഒരു ആശുപത്രിക്ക് അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടതില്ലല്ലോ.

ആശുപത്രിക്കെട്ടിടത്തിന്റെ സൗകര്യങ്ങളും എത്രയുംവേഗം മെച്ചപ്പെടുത്തേണ്ടതുണ്ട്. 5 കിടക്കകൾ വീതമുള്ള രണ്ടു വാർഡുകളാണുള്ളത്. മഴ പെയ്താൽ ചോർച്ച കാരണം രോഗികൾ കിടക്കുവാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുകയാണ്. കിണറ്റിൽ പമ്പ് സെറ്റ് ഘടിപ്പിക്കുകയോ വാട്ടർ കണക്ഷൻ കിട്ടുകയോ ചെയ്യാതെ വെള്ളത്തിന്റെ കാര്യത്തിൽ രോഗികൾ ഏറെ ബുദ്ധിമുട്ടുന്നു. ഒരേക്കർ നാല്പത്തിരണ്ട് സെന്റ് പുരയിടം സ്വന്തമായി ഉള്ള ഈ സ്ഥാപനത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യത്തിനുള്ള കക്കൂസ്, കുളിമുറി എന്നിവ കെട്ടുന്നതിനും ഔഷധത്തോട്ടം വച്ചുപിടിപ്പിക്കുന്നതിനും ഉള്ള സൗകര്യം പരമാവധി പ്രയോജനപ്പെടുത്തി ഈ സ്ഥാപനം ഒരു താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് വേണ്ടുന്ന അടിയന്തിര നിർദ്ദേശങ്ങൾ ഒൻതാം പദ്ധതി ആസൂത്രണത്തിന്റെ വികസനറിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും തദ്വാരാ ഭാരതീയചികിത്സാ ശാസ്ത്രമായ ആയുർവ്വേദത്തെ പുനരുദ്ധരിക്കുന്നതിനുള്ള ഭദ്രദീപത്തിന്റെ നെയ്ത്തിരി കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ടിലൂടെ കൊളുത്തപ്പെടട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ റിവ്യൂ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.



000069

# V-4

# കുടിവെള്ളവും പൊതുജന ആരോഗ്യവും

ആരോഗ്യമുള്ള ഒരു ജനതയാണ് നാടിന്റെ സമ്പത്ത്. ശുദ്ധമായ വായു, ശുദ്ധമായ വെള്ളം, ശുചിത്വമുള്ള പാർപ്പിടം ശുചിത്വമുള്ള പരിസരം ഈ ഘടകങ്ങൾ സജീവമായി സംയോജിപ്പിച്ചാൽ ആരോഗ്യകാര്യത്തിൽ സമ്പന്നമായി. ഈ പഞ്ചായത്തിലെ 95% ജനങ്ങളും കിണറുകളെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്. നമ്മുടെ 12 വാർഡുകളിൽ വീടുമുറ്റങ്ങളിൽ 6223 കിണറുകളാണുള്ളത്. ഇവയിൽ 950 കിണറുകൾ വേനൽക്കാലം വറ്റുന്നവയാണ്. പഞ്ചായത്തിന്റെ വിസ്തൃതി 17.40sQ/കിലോമീറ്ററാണ്. 55% ഭൂഭാഗവും ജലക്ഷാമത്താൽ വേനലിന്റെ കാഠിന്യം അനുഭവിയ്ക്കുന്ന ഇടമാണ്. ശാസ്ത്രീയമായ അന്വേഷണങ്ങളോ ഈ വൈഷമ്യം പരിഹരിയ്ക്കുന്നതിനുള്ള സൃഷ്ടിപരമായ പരിഹാരനടപടികളോ പഞ്ചായത്തിൽ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. വർഷങ്ങൾക്കുമുൻപ് പി.ഡബ്ലി.ഡിയുടെ ഇൻജിനീയറിംഗ് വിഭാഗം നടപ്പാക്കിയ ഒരു ജലവിതരണ പദ്ധതിയുണ്ട്. ശുചിത്വമുള്ള ജലസ്രോതസ്സുകളോ, പരിരക്ഷ നൽകുന്ന കുളങ്ങളോ അല്ല ജലസംഭരിക്കാൻ ഉപയോഗിച്ചിട്ടുള്ളത്. വെള്ളം ശുദ്ധീകരിച്ചു നൽകാനുള്ള സാങ്കേതികമാർഗ്ഗങ്ങൾ ഒന്നുംതന്നെ ഇവിടെ നടപ്പാക്കിയിട്ടില്ല. ഇപ്പോൾ ഇതിന്റെ ചുമതല വാട്ടർ അതോറിറ്റിക്കാണ്. 71/2 കിലോമീറ്റർ ദൈർഘ്യമുള്ള ഈ ജലവിതരണപദ്ധതി ഭൂനിരപ്പ് കണക്കാക്കി കുഴൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ഈ സൗകര്യം ലഭിച്ചിട്ടുള്ള വാർഡുകളിൽ ജലവിതരണം സുഗമമായി നടക്കുന്നില്ല. 54 പൊതു ടാപ്പുകളിൽ ഈ ജലം വിതരണം നടക്കുന്നുണ്ടെങ്കിലും പലതും ഉപയോഗയോഗ്യമല്ല. വീടുകളിൽ ഈ ജലം അതോറിറ്റി എത്തിയ്ക്കുന്നത് കേവലം 50 കണക്ഷൻ മാത്രമാണുള്ളത്. 28 കുഴൽകിണറുകൾ വിവിധവാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഭൂരിപക്ഷവും പ്രവർത്തനയോഗ്യമല്ല.

പഞ്ചായത്തിലെ 55% ജനവിഭാഗങ്ങൾക്കും ജലക്ഷാമം അനുഭവപ്പെടുന്നു.

പട്ടിക 1

### ശുദ്ധജലസ്രോതസ്സുകൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 40 | 8 | 5273 | 950 | 28 | 6223 |



000070

## പട്ടിക 2

## KWA പദ്ധതികൾ C.R.W.S.S

| | | |
|---|---|---|
| 1. TB ജംഗ്ഷനു അടുത്തുള്ള കിണറു പമ്പുഹൗസ് | പോതു ടാപ്പുകൾ | 54 |
| 2. വൈദ്യുതി ഭവൻ കുഴൽകിണർ | വീടുകളിൽ കണക്ഷൻ | 183 |
| 3. പടിഞ്ഞാറ്റിൻകര UPS കുഴൽകിണർ | കടകൾ സ്ഥാപനങ്ങൾ | 81 |

പഞ്ചായത്ത് അടിസ്ഥാനത്തിൽ പരിശോധിച്ചാൽ 12 വാർഡുകളിലും ഏറിയും കുറഞ്ഞും ജലക്ഷാമം അനുഭവപ്പെടുന്നു. ഉയർന്ന ഭൂപ്രകൃതിയുള്ള എട്ടാംവാർഡ് അമ്പലപ്പുറം, കുടിവെള്ളക്ഷാമത്തിൽ എന്നും ദുരിതത്തിലാണ്. ജലവിതരണപദ്ധതി ഇവിടെ നടപ്പാക്കിയിട്ടില്ല. പുതിയപദ്ധതികൾ ആവിഷ്ക്കരിച്ചോ ഉള്ളവ ഇവിടേക്കും വ്യപിപ്പിച്ചോ ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ജലവിതരണ പദ്ധതി പഴക്കംകൊണ്ടും ജലവിതരണത്തിന് ഉപയോഗിച്ചിട്ടുള്ള സിമന്റെ പൈപ്പുകളുടെ ബലക്കുറവുകൊണ്ടും കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നതല്ല. ഈവിതരണത്തിനുള്ള പൈപ്പുകൾ മാറ്റി PVC ലൈൻ ഇടുകയും ഭൂമിയുടെ ചരിപ്പ് ശാസ്ത്രീയമായി തിട്ടപ്പെടുത്തി വിതരണം കാര്യക്ഷമമാക്കാൻ നടപടികൾ എടുക്കണം.

വേനൽക്കാലത്ത് വിതരണം ചെയ്യുന്ന ജലം ശുദ്ധീകരണം നടത്തിയിട്ടുള്ളതല്ല. ഇത് രോഗങ്ങൾക്ക് കാരണമാകാൻ ഇടയുണ്ട്. ഇതൊഴിവാക്കണം.

## പട്ടിക 3

## കുടിവെള്ളം പ്രശ്നം പ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | വാർഡിന്റെ എല്ലാഭാഗത്തം | പൈപ്പ് ലൈൻനീട്ടുക. കുഴൽകിണറുകൾ. പഞ്ചായത്ത് കിണറുകൾ. |
| 2. | വാർഡിന്റെ എല്ലാഭാഗത്തും തമ്പുരാൻ കോയിക്കൽ, കോളാൻകോണം | പൈപ്പുലൈൻ നീട്ടുക. കുഴൽ കിണറുകൾ, പൊതു കിണറുകൾ |
| 3. | എല്ലാഭാഗത്തും. ഈയ്യംകുന്ന് മടന്തങ്കോണം,കുറുങ്ങേൽ | പൈപ്പ്ലൈൻ കുഴൽകിണറുകൾ |
| 4. | വോലംകോണം. ആനക്കുഴി | കുഴൽകിണറുകൾ, പൈപ്പുലൈൻ പൊതുകിണറുകൾ |
| 5. | കണിയാംകോണം, ലക്ഷംവീട് പടിഞ്ഞാറ്റിൻകര. | പൈപ്പ്ലൈൻ നീട്ടുക. നിലവിലുള്ളത് ശരിയാക്കുക, കുഴൽകിണറുകൾ |
| 6. | വാർഡിന്റെ എല്ലാഭാഗത്തും | പൈപ്പ്ലൈൻ സ്ഥാപിക്കുക. കുഴൽകിണറുകൾ കുഴിക്കുക |
| 7. | വാർഡിന്റെ എല്ലാഭാഗത്തും കുരുമുറ്റം കിഴക്കേത്തെരുവ് | പൈപ്പ്ലൈൻസ്ഥാപിക്കുക, ഉയർന്ന സ്ഥലത്ത് കുഴൽകിണറുകൾ |
| 8. | അമ്പലപ്പുറം, കല്ലുവാതുക്കൽ, എല്ലാഭാഗത്തും. | ഇവിടെ ഒരു ടാങ്ക് കെട്ടി പൈപ്പുലൈൻ സ്ഥാപിക്കുക. കുഴൽകിണറുകൾ. |
| 9. | കാടാംകുളം, മാടൻകാവും, ഉഗ്രൻകുന്ന്, നീലേശ്വരം. | പൈപ്പ്ലൈൻ സ്ഥാപിക്കുക, ഉയർന്ന പ്രദേശത്ത് കുഴൽകിണറുകൾ. |
| 10. | ടൗൺഭാഗത്ത് | പൈപ്പ്ലൈൻ ശരിയാക്കുക, എല്ലാഭാഗത്തും ലൈൻ നീട്ടുക |
| 11. | വാർഡിന്റെ എല്ലാഭാഗത്തും | പൈപ്പുലൈൻ നീട്ടുക, കുഴൽകിണറുകൾ കുഴിക്കുക. |
| 12. | വാർഡിന്റെ എല്ലാഭാഗത്തും | പൈപ്പ് ലൈൻ നീട്ടുക. കുഴൽകിണറുകൾ സ്ഥാപിക്കുക. |

## കുടിവെള്ളക്ഷാമബാധിതപ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും:

വാർഡ് 1. വാർഡിന്റെ കുറച്ച് ഭാഗത്ത് പൈപ്പ് ലൈനും ടാപ്പും ഉണ്ട്. എല്ലാ ഭാഗത്തും ജലംകിട്ടാനുള്ള ലൈൻ സ്ഥാപിക്കണം. അത്യാവശ്യം വേണ്ടുന്ന ചില ഭാഗങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കണം.

വാർഡ് 2. പൈപ്പ് ലൈനും ടാപ്പും കുറച്ച് ഭാഗത്ത് ഉണ്ട്. ഇല്ലാത്ത സ്ഥലങ്ങളിലേക്ക് ലൈനും ടാപ്പും സ്ഥാപിക്കണം. കുഴൽകിണറുകളും ഇവിടെ ആവശ്യമുണ്ട്. കിണർ ഇല്ലാത്ത വീടുകൾക്ക് അവ ലഭ്യമാക്കാൻ പദ്ധതി നടപ്പാക്കണം. ഗാന്ധിനഗർ കോളനിയിൽ മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയാൽ തൃക്കണ്ണമായാൽ എല്ലാഭാഗത്തും ജലം ലഭിക്കും.

വാർഡ് 3. ഇല്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുകയും ടാപ്പുകൾ സ്ഥാപിക്കുകയും വേണം. കിണർ ഇല്ലാത്ത കുടുംബങ്ങൾക്ക് കിണർ നൽകാനുള്ള പദ്ധതികൾ നടപ്പാക്കണം. ഭൂമി ഉയരമുള്ളഭാഗങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം, അപ്പല്ലിക്കോണം, ഈയ്യംക്കുന്ന് ഭാഗങ്ങളിൽ മിനി വാട്ടർ സപ്ലൈ സ്കീം അത്യാവശ്യമായി നടത്തണം.

വാർഡ് 4 ഇല്ലാത്തഭാഗങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. ഉയർന്ന ഭൂഭാഗങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കണം. പൊതുകിണർ സ്ഥാപിയ്ക്കുകയും, വീടുകൾക്കെല്ലാം കിണർ നിർമ്മിക്കാൻ കഴിയുന്ന പദ്ധതികൾ നടപ്പാക്കുകയും ചെയ്യണം.

വാർഡ് 5. ഇല്ലാത്ത ഭാഗങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടി ടാപ്പ് ഇടണം. ഉയർന്ന ഭൂഭാഗങ്ങൾക്ക് കുഴൽകിണറുകളും ആവശ്യമായ പൊതുകിണറുകളും വീടുകൾക്ക് കിണർ നിർമ്മിക്കാൻ കഴിയുന്ന പദ്ധതികൾ നടപ്പാക്കുകയും ചെയ്യണം.

വാർഡ് 6. പൈപ്പ്ലൈൻ ഇല്ലാത്തഭാഗങ്ങളിലേക്ക് അവ പുതിയതായി നീട്ടണം, ടാപ്പുകൾ സ്ഥാപിക്കണം. പൊതുകിണറുകൾ നിർമ്മിക്കണം. കുഴൽകിണർ വേണ്ടിവരുന്ന സ്ഥലങ്ങളിൽ അവ സ്ഥാപിക്കണം. വീടുകളിൽ കിണർ സ്ഥാപിക്കാനുള്ള പദ്ധതികൾ നടപ്പാക്കണം. പൊതുകുളം കുഴിച്ച് എല്ലാ വീടുകളിലും ടാപ്പുകൾവഴി ജലം എത്തിക്കണം.

വാർഡ് 7. പൈപ്പ്ലൈൻ ഇല്ലാത്ത ഭാഗങ്ങളിലേക്ക് അവ വ്യാപിപ്പിക്കണം, ടാപ്പുകൾ സ്ഥാപിക്കണം. ഉയർന്ന ഭാഗങ്ങളിൽ കുഴൽകിണറുകളും കഴിയുന്നത്ര പൊതുകിണറുകളും, വീടുകൾക്ക് പദ്ധതികൾ നടപ്പാക്കിയുള്ള കിണറുകളും നൽകണം.

വാർഡ് 8. ഹരിജൻകോളനി, ലക്ഷംവീടുകൊളനി എന്നിങ്ങനെ ദുർബ്ബലവിഭാഗങ്ങൾ ഏറെയുള്ള ഈ വാർഡിൽ ജലവിതരണത്തിനുള്ള ഒരു പദ്ധതിയും നടപ്പാക്കിയിട്ടില്ല. ഉയർന്ന ഭൂമിയും ജലം വാർന്ന്പോകുന്ന ചരിവും ഉള്ളതിനാൽ ജലക്ഷാമം രൂക്ഷമാണ്. ജനസാന്ദ്രത കൂടുതലുള്ള ഈ ഭാഗം ഇക്കാര്യത്തിൽ അനുഭവിയ്ക്കുന്ന പ്രയാസങ്ങൾക്ക് ശാശ്വതപരിഹാരമെന്ന നിലയിൽ ജലവിതരണത്തിനുള്ള അടിയന്തിര പദ്ധതികൾ നടപ്പാക്കാൻ പഞ്ചായത്തിന് മുൻഗണനാക്രമത്തിൽ ഈ സ്ഥലം തിരഞ്ഞെടുക്കാൻ ബാദ്ധ്യതയുണ്ട്.

വാർഡ് 9. പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടില്ലാത്ത ഒരു വാർഡാണിത്. ഭൂമിയുടെ ഉയർന്ന നിരപ്പ്, പാറക്കെട്ട്, ചരിവ് എന്നിങ്ങനെ പലകാരണങ്ങളാൽ ജലക്ഷാമം രൂക്ഷമാണ്. കാടാംകുളം, മാടൻകാവ്, ഉഗ്രൻകുന്ന്, നീലേശ്വരം ഈ ഭാഗങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചോ, പൊതുകിണറുകൾ, കുഴൽകിണറുകൾ എന്നിവ നിർമ്മിച്ചോ ജലക്ഷാമത്തിന് പരിഹാരം കാണണം. വർഷകാലത്തും കിണറുകൾ വരൾച്ച അനുഭവപ്പെടുന്ന ഭാഗമാണ്. ശാസ്ത്രീയമായ മാർഗ്ഗങ്ങൾ കണ്ടെത്തി ഇവിടുത്തെ ജലക്ഷാമത്തിന് പരിഹാരം കണ്ടെത്തണം.

വാർഡ് 10. പൊതുസ്ഥാപനങ്ങളും ആരാധനാലയങ്ങളും കൂടുതലുള്ള ഈ ഭാഗത്ത് ഇനിയും കൂടുതൽ സ്ഥാപിയ്ക്കുകയും ഇന്നുള്ളവ കാര്യക്ഷമമാക്കാനും നവീകരിക്കാനും നടപടിയുണ്ടാകണം. ഈ വാർഡിലെ ഉയർന്ന ഭാഗങ്ങളിൽ ജലവിതരണം എത്തിയിട്ടില്ല. കൊണ്ടോടിമൂലയിൽ പൊതുകിണറോ, കുഴൽകിണറോ സ്ഥാപിക്കണം. ദുർബ്ബലവിഭാഗങ്ങൾക്ക് കിണറുകൾ നൽകാനുള്ള പദ്ധതി നടപ്പാക്കണം.

വാർഡ് 11 വാട്ടർടാങ്ക് സ്ഥിതിചെയ്യുന്നഭാഗം ഉൾപ്പെടെ വാർഡിന്റെ നല്ലൊരു വിസ്തീർണ്ണം ഭൂവിഭാഗവും ജലക്ഷാമത്തിന് വിധേയമാണ്. ഉള്ളടാപ്പുകൾ കാര്യക്ഷമമാക്കിയും അത്യാവശ്യം വേണ്ടിടത്ത് പുതിയവ സ്ഥാപിച്ചും ജലവിതരണം ലഭ്യമാക്കണം. കുഴൽകിണർ നന്നാക്കി ഉള്ളവ പ്രവർത്തിപ്പിക്കാൻ നടപടികൾ എടുക്കണം.

വാർഡ് 12. പൈപ്പ്ലൈൻ ആവശ്യമുള്ളിടത്തേക്ക് നീട്ടണം. ടാപ്പുകൾ സ്ഥാപിക്കണം. പൊതുകിണറുകളും, കുഴൽകിണറുകളും നിർമ്മിച്ച് ജലദൗർലഭ്യത കൂടുതൽ കാര്യക്ഷമമാക്കണം.



000072

കൊട്ടാരക്കര പഞ്ചായത്തിലെ 12 വാർഡുകളിലായി ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിയ്ക്കുന്ന 750 വീട്ടുകാർക്ക് സ്വന്തമായി കിണറില്ല. കുടിവെള്ളത്തിന് ഇവർ അനുഭവിയ്ക്കുന്ന യാതന അവസാനിപ്പിക്കേണ്ടിയിരിയ്ക്കുന്നു. ഇവർക്ക് കിണർ നിർമ്മിച്ചു നൽകണം.

പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങളിൽ സജീവ പരിഗണനകൾ നൽകേണ്ടതാണ്. കൈവരിയില്ലാത്ത കിണറുകൾ. 650 കിണറുകൾ മാലിന്യം ഏറ്റുവാങ്ങുന്നവയായി കണ്ടെത്തി.

കിണറുകൾക്ക് കൈവരി കെട്ടി പരിരക്ഷിക്കാനുള്ള സാമ്പത്തികനിലയില്ലാത്ത കുടുംബങ്ങൾക്ക് പദ്ധതി തയ്യാറാക്കി ഈ ന്യൂനത പരിഹരിക്കണം.

KWA പഞ്ചായത്തിൽ സ്ഥാപിക്കാൻ വിവിധ വാർഡുകളിൽ നിരത്തിയിട്ടുള്ള പൈപ്പ്ലൈൻ 29792 മീറ്റർ നീളമുള്ളതാണ്.

## പട്ടിക 4

| | സ്ഥലം | മീറ്റർ | ടാപ്പ് |
|---|---|---|---|
| 1. | ഗാന്ധിനഗർ ഹരിജൻ കോളനി | 4550 | 15 |
| 2. | ഈയ്യംകുന്ന് | 2250 | 6 |
| 3. | കണിയാംകോണം | 2502 | 5 |
| 4. | കുരുമുറ്റം | 1880 | 5 |
| 5. | ശാസ്താംമുകൾ | 1700 | 4 |

ARP-പദ്ധതിയിൽ പുലമൺകോളജിന്റെ സമീപം സ്ഥാപിച്ചിട്ടുള്ള ടാങ്കിന്റെ പ്രവർത്തനം ആരംഭിച്ചാൽ പഞ്ചായത്തിലെ ജലവിതരണത്തിനുള്ള ഇന്നത്തെ കുറവ് പരിഹരിക്കാൻ കഴിയും. ഇത് എന്ന് കമ്മീഷൻ ചെയ്യുമെന്ന കാര്യത്തിൽ അധികൃതർ തീരുമാനമായിട്ടില്ല.

പഞ്ചായത്ത് തല പദ്ധതികൾ മൂന്നാണ്

1. റെസ്റ്റ്ഹൗസിന് സമീപമുള്ള കിണറും പമ്പ് ഹൗസും
2. വൈദ്യുതിഭവനിലെ കുഴൽകിണർ
3. പടിഞ്ഞാറ്റിൻകര UPS കുഴൽകിണർ

ഈ മൂന്ന് ജലവിതരണ പദ്ധതിയും മുഴുവൻ സമയ ജലലഭ്യതയ്ക്കു സഹായമല്ല. പഴയ ലൈനുകൾ മാറ്റാനുള്ള നടപടി ഉണ്ടാകണം. ആസ്ബസ്റ്റാസ് (സിമന്റ്) പൈപ്പുകൾ പഴക്കംകൊണ്ട് ദുർബ്ബലമാകുകയും പൈപ്പ് പൊട്ടി ജലം നഷ്ടപ്പെടുന്നത് നിത്യസംഭവമാണ്. PVC ലൈൻ സ്ഥാപിക്കണം. ജലം ടാങ്കുകളിൽ ശേഖരിച്ച് ശുദ്ധീകരിക്കാനുള്ള സാങ്കേതികമാർഗ്ഗങ്ങൾ നടപ്പാക്കണം. അണുവിമുക്തമാക്കപ്പെട്ട ജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കണം. കാലാകാലങ്ങളിൽ ജലം പരിശോധിക്കാനും ശുചിത്വം കാര്യക്ഷമമാക്കാനുള്ള സംവിധാനം നിലനിറുത്തണം.

പഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ ചുമതലകളിൽ ജലവിതരണ മേഖലയിലെ മാലിന്യം തടയാനുള്ള നിയമത്തിന് ഊന്നൽനൽകണം. ജലം വിതരണം ചെയ്യുന്ന ടാപ്പുകളും പരിസരവും വൃത്തിഹീനമാക്കുന്നവരുടെ പേരിൽ നടപടി എടുക്കണം.

വാർഡ് 8 അമ്പലപ്പുറം കൊട്ടാരക്കരപഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് അടിയന്തിരപരിഹാരം അർഹിക്കുന്ന ഒരു ഭൂപ്രദേശമാണ്. ഇപ്പോൾ ജില്ലാ പഞ്ചായത്ത് ഈ സ്ഥലം ഉൾപ്പെടുത്തി ഒരു ജലവിതരണ പദ്ധതിയ്ക്ക് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നതായി അറിയുന്നു. ഈ പുതിയ രൂപം കൊടുക്കുന്ന പദ്ധതികാലത്തുതന്നെ അത് നടപ്പാക്കിക്കിട്ടാൻ ഗ്രാമപഞ്ചായത്ത് സമിതിയും ശ്രമിക്കണം.

വാട്ടർ അതോറിറ്റിയുടെയും മറ്റ് സർക്കാർ ഏജൻസികളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പരിമിതിമാണ്. വാർഡുകളിലെ ജലലഭ്യത മൊത്തം നോക്കുമ്പോൾ ഇനന് നടപ്പാക്കിയിട്ടുള്ള പദ്ധതികളും തുടർന്ന് നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പുതിയപദ്ധതികളും ഇവിടുത്തെ പ്രശ്നങ്ങൾക്ക് പൂർണ്ണപരിഹാരം കണ്ടെത്താൻ കഴിയും എന്ന് വിശ്വസിക്കുന്നില്ല. ഗ്രാമം ജനസാന്ദ്രതയാൽ അത്രവേഗം വളരുകയാണ്.



000073

## ഗവ: ആയുർവേദ ഡിസ്പൻസറി

കൊട്ടാരക്കര പഞ്ചായത്തിന്റെ കീഴിലുള്ള ഏക ആയുർവേദ ആശുപത്രിയാണിത്, ഇതര സർക്കാർ ആയുർവേദ ഡിസ്പൻസറികളോ, സർക്കാർ ആയുർ വേദ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

1956-ൽ ഡിസ്പൻസറിയായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം 1986ൽ 10 കിടക്കകളോടു കൂടി യ ഒരു ആയുർവ്വേദാശുപത്രിയായി ഉയർന്നു. എന്നതല്ലാതെ നാളിതുവരെ യാതൊരു വികസനവും ഈ സ്ഥാപനത്തിൽ നടന്നിട്ടില്ല എന്നത് വ്യക്തമാണ്. ഡിസ്പൻസറിയായി പ്രവർത്തിക്കുന്ന കാലത്തും ആശുപത്രിയായി ഉയർത്തിയപ്പോഴും ഇവിടെയൊരു മെഡിക്കൽ ആഫീസറെ മാത്രമെ നിയമിച്ചിട്ടുള്ളൂ. ഇക്കാരണത്താൽ രാത്രിയിൽ ഒരിക്കലും ഇവി ടെ ഡോക്ടർ ഉണ്ടായിരിക്കുന്നതല്ല. എന്നാൽ രണ്ടു ഡോക്ടർമാരെ നിയമിച്ചാൽ നിർബന്ധമായും എല്ലാസമയത്തും ആശുപത്രിയിൽ ഡോക്ടർ ഉണ്ടായിരിക്കും. ഇത് ഒരു ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

അതുകൊണ്ട് ഒൻപതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഇവിടെ രണ്ടു ഡോക്ടർമാരെ നിയമിക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളണം.

കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഈ സ്ഥാപനത്തിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടന്നിട്ടില്ല. 1995-96 അവസാനത്തിൽ 96-97 ആദ്യവും കൂടിയ ആശുപത്രി വികസന സമിതി, ആശുപത്രി സൗഹൃദ സമിതി എന്നിവയിൽ കൈകൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രിക്ക് ഒരു നെയിം ബോർഡും ഒരു ഇരുമ്പ് കട്ടിലും കിട്ടിയിട്ടുണ്ട്. മറ്റു ചിലവ്യക്തികൾ കട്ടിൽ, എണ്ണത്തോണി എന്നിവ സംഭാവനയായി നല്കാമെന്ന് ഏറ്റിരുന്നുവെങ്കിലും അതു നാളിതുവരെ പ്രാവർത്തികമായിട്ടില്ല.

പക്ഷാഘാതം തുടങ്ങിയ വാതരോഗങ്ങൾക്കുള്ള പ്രധാന ചികിത്സാ വിധികളായ കിഴി, പിഴിച്ചിൽ തുടങ്ങിയ ക്രിയാ ക്രമങ്ങൾ ചെയ്യുന്നതിന് ആവശ്യംവേണ്ടതായ എണ്ണത്തോണി പോലും കൊട്ടാരക്കര പഞ്ചായത്തിലെ ഏക സർക്കാർ ആയുർവ്വേദ ചികിത്സാ സ്ഥാപനമായ ഈ ആശുപത്രിയിൽ ഇല്ലാ എന്നത് അത്യന്തം ഖേദക രമാണെന്നുള്ള വസ്തുതയും ഇത്തരുണത്തിൽ അറിയിച്ചുകൊള്ളട്ടെ. തൊട്ടടുത്ത പഞ്ചായത്തായ പത്തനാപുരം പഞ്ചായത്തിലെ ആയുർവ്വേദ സ്ഥാപനം താലൂക്കാശുപത്രിയാണെന്നും അവിടെ പ്രാഥമിക സൗകര്യങ്ങളെല്ലാം ഇതിനകം ഉണ്ടായിട്ടുണ്ട് എന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണ്.

അതു കൊണ്ട് കൊട്ടാരക്കര ആയുർവ്വേദ ആശുപത്രിയും താലൂക്കാശുപത്രിയായി ഉയർത്തുന്ന കാര്യത്തിൽ ഒൻപതാം പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അർഹിക്കുന്ന പ്രാധാന്യം കല്പിക്കേണ്ടതാണെന്നറിയിക്കുന്നു.

ഇക്കാര്യം ഒൻപതാം വാർഡിലെ ഗ്രാമസഭ കൂടിയപ്പോൾ ജനങ്ങൾ ഐക്യകണ്ഠേന ആവശ്യപ്പെട്ടിട്ടുള്ളതും, ഇത് പൊതു ജനാരോഗ്യവിഭാഗത്തിലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി, ഗ്രാമ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രത്യേകം സമർപ്പിച്ചുട്ടുള്ളതാണ്.

യാതൊരു സൗകര്യങ്ങളും ഇല്ലാതെയിരുന്നിട്ടും ദിനംപ്രതി 150 ലേറെ രോഗികൾ ഇവിടെ ചികിത്സ തേടി എത്തുന്നുണ്ട് 120 പേർക്കുള്ള കഷായം ദിനംപ്രതി പാകപ്പെടുത്തിയിരുന്നിടത്ത് കഴിഞ്ഞ കുറെ ദിവസങ്ങളായി വെറും 20 പേർക്കുള്ള കഷായമേ ദിവസവും പാകംചെയ്യാൻ കഴിയുന്നുള്ളൂ. എന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. അത്രക്ക് പരിമിതമാണ് ഇപ്പോൾ മരുന്നിന്റെ സ്റ്റോക്ക്. അതുപോലെ ഒരു രണ്ടാഴ്ച കൂടി കഴിഞ്ഞാൽ ഇവിടെ നിന്നും ഒരാൾക്കുപോലും കഷായം നല്കാൻകഴിയില്ല എന്ന സ്ഥിതിയാണ്.

അതു കൊണ്ട് ഒൻപതാം പദ്ധതിയിൽ ആയുർവ്വേദാശുപത്രിക്ക് ആവശ്യത്തിനുള്ള മരുന്നു വിതരണംചെയ്യുന്ന കാര്യത്തിൽ പ്രത്യേകം ഊന്നൽ നല്കണമെന്ന് അപേക്ഷിക്കുന്നു.

ഈ സന്ദർഭത്തിൽ പ്രത്യേകം പറയാനുള്ളത് ആയുർവ്വേദസ്ഥാപനങ്ങളിൽ ഔഷധത്തിനുള്ള അനുവാദത്തുക (Allotement) ദശാബ്ദങ്ങളായി മാറ്റം വരാതെ തുടരുന്നു. എന്നുള്ളതാണ് ഔഷധങ്ങൾക്ക് ദൗർലഭ്യം വരുവാനുള്ള കാരണം അതുകൊണ്ട് ഒൻപതാം പദ്ധതിയിൽ ആയുർവ്വേദാശുപത്രികൾക്ക് ഔഷധം വാങ്ങാനുള്ള അനുവാദത്തുക ഗണ്യമായി ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്

00007

ഒരു വർഷത്തിലധികമായി നഴ്സിന്റെ ഒരു പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. ആകെ രണ്ടു നേഴ്സുമാർ ഉള്ള ഒരു സ്ഥാപനത്തിൽ ദീർഘനാളായി ഒരാളിന്റെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നതിനാൽ നൈറ്റ് ഡ്യൂട്ടിക്ക് ആളിനെ നിയോഗിക്കുന്നകാര്യത്തിലും വളരെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ടു അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ അടിയന്തിരമായി നിയമിച്ചുകിട്ടുവാൻ നടപടെ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

കൂടാതെ കഷായം പാകംചെയ്യുന്നതിന് ഗ്യാസ് കണക്ഷൻ നല്കുക, പാകംചെയ്ത കഷായം വിതരണത്തിനു കൊണ്ടുവയ്ക്കുവാൻ പറ്റിയ സ്റ്റീൽ ട്രമുകൾ ലഭ്യമാക്കുക എന്നിവയും അടിയന്തരമായിത്തന്നെ പരിഗണിക്കേണ്ട കാര്യങ്ങളാണ്.

മറ്റൊരുകാര്യം ഔഷധങ്ങൾ സൂക്ഷിച്ചുവക്കുവാനുള്ള സംവിധാനമാണ് ഇപ്പോൾ അവ വരുന്ന പായ്ക്കറ്റുകളിൽതന്നെ നിലത്ത് അടുക്കി വയ്ക്കുവാനേ കഴിയുന്നുള്ളൂ. എലികളുടെ അമിതമായ വംശവർദ്ധനവുമൂലം ഈ ഔഷധങ്ങൾ കണക്കിലധികം എലികൾ നശിപ്പിക്കുന്നുണ്ട്. എലിപ്പനി തുടങ്ങിയ മാരകമായ രോഗങ്ങൾ ഒഴിവാക്കുന്നതിന് ഈ ഔഷധങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാൻ പറ്റിയ ഒരു സംവിധാനമുണ്ടാകേണ്ടത് ഒരു ആശുപത്രിക്ക് അത്യന്താപേക്ഷിതമാണെന്ന് പറയേണ്ടതില്ലല്ലോ.

ആശുപത്രി കെട്ടിടത്തിന്റെ സൗകര്യങ്ങളും എത്രയും വേഗം മെച്ചപ്പടുത്തേണ്ടതുണ്ട്. 5 കിടക്കകൾ വീതമുള്ള രണ്ടു വാർഡുകളാണുള്ളത്. മഴ പെയ്താൽ ചോർച്ചകാരണം രോഗികൾ കിടക്കുവാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുകയാണ്. കിണറ്റിൽ പമ്പുസെറ്റ് ഘടിപ്പിക്കുകയോ, വാട്ടർ കണക്ഷൻ കിട്ടുകയോ ചെയ്യാതെ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുകയില്ല. വെള്ളത്തിന്റെ കാര്യത്തിൽ രോഗികൾ ഏറെ ബുദ്ധിമുട്ടുന്നു. ഒരേക്കർ നാല്പത്തിരണ്ടു സെന്റ് പുരയിടം സ്വന്തമായി ഉള്ള ഈ സ്ഥാപനത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതിനും ആവശ്യത്തിനുള്ള കക്കൂസ്, കുളിമുറി എന്നിവ കെട്ടുന്നതിനും, ഔഷധത്തോട്ടം വച്ചും പിടിപ്പിക്കുന്നതിനും ഉള്ള സൗകര്യം പരമാവധി പ്രയോജനപ്പെടുത്തി, ഈ സ്ഥാപനം ഒരു താലൂക്കാശുപത്രിയായി ഉയർത്തുന്നതിനു വേണ്ടുന്ന അടിയന്തിര നിർദ്ദേശങ്ങൾ ഒൻപതാം പദ്ധതി ആസൂത്രണത്തിന്റെ വികസന റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും, തദ്വാര ഭാരതീയ ചികിത്സാ ശാസ്ത്രമായ ആയുർവ്വേദത്തെ പുനരുദ്ധരിക്കുന്നതിനുള്ള ഭദ്രദീപത്തിന്റെ നെയ്ത്തിരി, കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ വികസനറിപ്പോർട്ടിലൂടെ, കൊളുത്തപ്പെടട്ടെ എന്ന് പ്രതീക്ഷിച്ചുകെണ്ട് ഈ റിവ്യൂ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

# V-5

# വ്യവസായം

നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖലയിലെ പിന്നോക്കാവസ്ഥയാണ് വ്യവസായപരമായി ഒട്ടേറെ നേട്ടം കൈവരിച്ചനാം കൊട്ടാരക്കര പഞ്ചായത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി നേടിയിട്ടില്ല. കൊല്ലം പുനലൂർ എന്നീ വ്യവസായ മേഖലയ്ക്ക് മധ്യ സ്ഥിതിചെയ്യുന്ന ആ പഞ്ചായത്ത് വ്യവസായ മുന്നേറ്റത്തിനായി കാത്തിരിക്കുന്നു. ഈ പഞ്ചായത്തിൽ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ ചെറുകിട വ്യവസായ മേഖലയിലാണ് കുറച്ചുപുരോഗതി ഉണ്ടായിട്ടുള്ളത്. രജിസ്റ്റർ ചെയ്തിട്ടുള്ള 192 ചെറുകിട വ്യവസായ യൂണീറ്റുകളിൽ 60 എണ്ണമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്.

പട്ടിക 1

| | യൂണീറ്റ് | എണ്ണം | തൊഴിലാളികൾ. |
|---|---|---|---|
| 1 | [illegible]നിയറിംഗ് | 3 | 12 |
| 2 | [illegible] | 5 | 20 |
| 3 | ഭക്ഷ്യധാന്യംപൊടിക്കൽ | 14 | 28 |
| 4 | പ്ലാസ്റ്റിക് | 2 | 10 |
| 5 | കുട നിർമ്മാണം | 1 | 25 |
| 6 | കറിപൗഡർ | 1 | 7 |
| 7 | ചൂടുകട്ട | 1 | 15 |
| 8 | അച്ചടി | 10 | 50 |
| 9 | പർപ്പടകം | 1 | 10 |
| 10 | ബേക്കറി | 11 | 33 |
| 11 | തീപ്പെട്ടി | 1 | 15 |
| 12 | ഫർണിച്ചർ | 5 | 10 |



000076

## പട്ടിക 2

## ചെറുകിടവ്യവസായങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

| | വ്യവസായയൂണിറ്റ് | വാർഡുകൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ഇർജിനിയറിംഗ് | | | | | | | 2 | | | 1 | 1 | |
| 2 | ഭക്ഷ്യധാന്യംപൊടിക്കൽ | 1 | | 1 | 1 | 1 | 2 | | 1 | | 4 | 2 | |
| 3 | ഫർണിച്ചർ | 1 | | | 1 | | 1 | | 1 | 1 | 1 | | |
| 4 | തീപ്പെട്ടി നിർമ്മാണം | | | | | 1 | | | | | | | |
| 5 | കറിപൗഡർ | | | | | 1 | | | | | | | |
| 6 | അച്ചാടി | | | 1 | | | | | | | 3 | 5 | 1 |
| 7 | പ്ലാസ്റ്റിക് ഉല്പന്നം | | | | | | | 1 | | | | | |
| 8 | ബേക്കറി | | | | | | | | 2 | | 5 | 6 | 1 |
| 9 | ചൂടുകട്ട | | | | | | | | | | | 1 | |
| 10 | പർപ്പടകം | | | | | | | | | | | 1 | |
| 11 | കുട നിർമ്മാണം | | | | | | | 1 | | | | | |
| 12 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | | | | | | | | 1 | | | | |
| 13 | ഫ്രീസർ നിർമ്മാണം | | | | | 1 | | | | | | | |

അവലംബം. ഗ്രാമപഞ്ചായത്ത് രേഖ.

ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ ഒരു വ്യവസായ കേന്ദ്രം പ്രവർത്തിക്കുന്നു. കേരള ആഗ്രോ ഇൻഡസ്ട്രീസ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാർഷിക യന്ത്രോപകരണങ്ങളായി ട്രാക്ടർ, ട്രില്ലർ മെതിയന്ത്രങ്ങൾ, പമ്പുസെറ്റുകൾ നിർമ്മിച്ചു നൽകുകയും അവയുടെ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. ഇവ ആദാകരമായ വിലയ്ക്കാണ് കർഷകർക്ക് ലഭിക്കുന്നത്. കൂടാതെ സഹകരണരംഗത്ത് പ്രവർത്തിക്കുന്ന ഒരു പ്രസും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കോ ഓപ്പറേറ്റീവ് പ്രിന്റേഴ്സ് പബ്ളിഷിംഗ്.

കൊട്ടാരക്കര പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന താലൂക്ക് വ്യവസായ കേന്ദ്രമാണ് ഈ രംഗത്തെ മാർഗദർശി. അസി. ജില്ലാ വ്യവ്വസായ ഓഫീസറുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം വ്യവസായ മേഖലയിൽ എണ്ണമറ്റ സംഭാവനകൾ നൽകിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും, ഉപദേശങ്ങളും ഇവിടെ നിന്നും ലഭിക്കുന്നു. വ്യവസായം തുടങ്ങാനുള്ള ലൈസൻസ് കാലതാമസംകൂടാതെ തന്നെ ഇവിടെനിന്നും അപേക്ഷകർക്ക് നൽകുന്നു.

### വ്യവസായരംഗത്ത് വനിതകളുടെ പങ്ക്.

സേവനതുറകളിൽ മാത്രമല്ല മറ്റ് മേഖലകളിലും വനിതകളുടെ പങ്കാളിത്വവും തത്പരതയും വർദ്ധിച്ചിരിക്കുന്ന ഒരു കാലഘട്ടത്തിൽ കൂടിയാണ് കേരളം കടന്നു പോകുന്നത്. വ്യവസായ സംരംഭത്തിലുള്ള അറിവ്, കഴിവ്, പരിചയം, മുതലായവ കണക്കിലെടുത്ത് വനിതകൾ മുന്നേറുന്ന ഈ ദശകത്തിൽ വ്യവസായത്തോടുള്ള താത്പര്യം, വിപണനം, സംസ്കരണം എന്നിവയിൽ വനിതകൾ ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ട്. വനിതകളുടെ പങ്കാളിത്തത്തിൽ ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടം ആവശ്യമായിട്ടുണ്ട്. കൊട്ടാരക്കര പഞ്ചായത്തിൽ വ്യവസായ മേഖലയിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. DWCRA വഴി മൂന്ന് ചെറുകിടവ്യവസായ യൂണീറ്റുകൾ പ്രവർത്തിക്കുന്നു. കുടാതെ 40 ഓളം വനിതകൾ ജോലിചെയ്യുന്ന ഒരു യന്ത്രവൽകൃത തീപ്പട്ടി കമ്പനിയു പ്രവർത്തിക്കുന്നു.



000077

## പട്ടിക 3

| യൂണിറ്റ് | വനിതകളുടെ എണ്ണം |
|---|---|
| സൂര്യാ ഗാർമെന്റ്സ് | 10 |
| വനിതാ ഗാർമെന്റ്സ് | 10 |
| ഡയറി യൂണീറ്റ് | 10 |

അവലംബം ബ്ലോക്ക് പഞ്ചായത്ത് രേഖ.

വനിതകളുടെ വ്യവസായ പുരോഗമനത്തിനുവേണ്ടി താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ വഴി ഒട്ടേറെ സഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകുല്യങ്ങൾ

1. ഇൻവെസ്റ്റ് ഇന്റ സബ്സിഡി 15 ശതമാനം.
2. 7 വർഷംവരെ ഉല്പന്നങ്ങൾക്ക് 100ശതമാനം നികുതിയിളവ്.
3. യന്ത്രോപകരണങ്ങൾക്ക് പരമാവധി 25000 രൂപവരെ സബ്സിഡി.
4. വ്യവസായത്തിന് ആവശ്യമായ കെട്ടിടത്തിന് 25000 രൂപ വരെ ഗ്രാൻഡ്
5. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റിന് 4 വർഷംവരെ പരമാവധി 500 രൂപവരെ സബ്സിഡിയും നൽകുന്നു.

## പട്ടിക 4

| വർഷം | വാടകസബ്സിഡി ശതമാനത്തിന് |
|---|---|
| ഒന്നാം വർഷം | 100 ശതമാനം |
| രണ്ടാം വർഷം | 75 ശതമാനം |
| മൂന്നാം വർഷം | 50 ശതമാനം |
| നാലാം വർഷം | 25 ശതമാനം |

പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട വ്യവസായ സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ.

വ്യവസായവകുപ്പിൽ നിന്നും പട്ടികജാതി പട്ടിക വർഗ വ്യവസായ സംരംഭകർക്ക് വളരെയധികം ആനുകൂല്യങ്ങൾ വ്യവസായ കേന്ദ്രങ്ങൾ നൽകുന്നുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. വ്യവസായ വകുപ്പ് നേരിട്ട് 50000 രൂപാവരെ സ്വന്തം ജാമ്യത്തിൽ സാമ്പത്തിക സഹായം നൽകുന്നു.
2. 10,000 രൂപാ വരെയുള്ള വായ്പകൾക്ക് 12 വർഷംവരെ പലിശ ഇളവ് ലഭിക്കുന്നു.
3. 15000 രൂപാവരെയുള്ള വായ്പകൾക്ക് പലിശ
4. 50,000 രൂപാവരെയുള്ള വായ്പകൾക്ക് 4 ശതമാനം പലിശ ഈ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും വ്യവസായ മേഖലയിൽ ഈ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഇല്ല എന്നുതന്നെ പറയാം. പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുവാൻ വ്യവസായ കേന്ദ്രങ്ങൾ വഴിയുള്ള സഹായങ്ങൾ നേടിയെടുക്കുവാൻ ഈ വിഭാഗത്തിനു കഴിയണം.

### പരമ്പരാഗത വ്യവസായങ്ങൾ

കൊട്ടാരക്കര പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടി, ഈറ എന്നീ മേഖലകൾ തകർന്നു കൊണ്ടിരിക്കുകയാണ്. ഈ വ്യവസായങ്ങളിൽ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. കശുവണ്ടി തൊഴിലാളികൾ പ്രധാനമായും ഉള്ളത് രണ്ട്, മൂന്ന് വാർഡുകളിലാണ്. ഈ വാർഡുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന രണ്ടു സ്വകാര്യ കശുവണ്ടി ഫാക്ടറികളും അടച്ചുപൂട്ടി. ഈ ഫാക്ടറികളിൽ ഏകദേശം 446 തൊളിലാളികൾ ജോലി ചെയ്തിരുന്നതാണ്. അതിൽ 432 സ്ത്രീകളും 14 പുരുഷന്മാരും. 1995-ൽ സാമ്പത്തികവും കശുവണ്ടിയുടെ ദൗർലഭ്യവും കൊണ്ട് പൂട്ടിയ ഈ ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ ശ്രമങ്ങൾ ഒന്നും നാളിതുവരെ ഉണ്ടായിട്ടില്ല.

25 കുടുംബങ്ങളും പടിഞ്ഞാറ്റിൻ കരയിൽ 15 കുടുംബങ്ങളും പണിയെടുക്കുന്ന പരമ്പരാഗത വ്യവസായമാണ്



000078

ഈറ. അമ്പലപ്പുറം, പടിഞ്ഞാറ്റിൻകര 9-ാം വാർഡിലും 5-ാം വാർഡിലും കേന്ദ്രീകരിച്ചിരിക്കുന്ന ഈ വ്യവസായം ഒട്ടേറെ പ്രതിസന്ധികൾ നേരിടുന്നു. ഈ മേഖലയിലുണ്ടാകുന്ന പ്രധാന പ്രശനങ്ങളിലൊന്ന് ഈറ ലഭിക്കുന്നില്ല എന്നുള്ളതാണ്. ഇവിടുത്തെ തൊഴിലാളികൾ പത്തനംതിട്ടാ ജില്ലയിലെ പറക്കോട് ചന്തയിൽ നിന്നുമാണ് ഈറ വാങ്ങുന്നത്. വനിതകൾ കൂടുതൽ പണിയെടുക്കുന്ന മേഖല യായതിനാൽ അസംഘ്യത ഈറയുടെ സംഭരണം, വിപണനം, എന്നിവയിൽ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. മറ്റു പരമ്പരാഗത വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

## റബ്ബറധിഷ്ഠിതവ്യവസായം

കൊട്ടാരക്കര പഞ്ചായത്തിലെ ഹെക്ടറോളം സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നു. മറ്റു കാർഷികമേഖലകളിൽ പണിയെടുത്തിരുന്ന കർഷകർ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുവാൻ തയ്യാറാകുന്നു. റബ്ബർ മുഖ്യ അസംസ്കൃതപദാർത്ഥമായി ഉപയോഗിച്ചുകൊണ്ട് നിരവധി വൻകിട ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധ്യതയേറെയുണ്ട്. വർദ്ധിച്ചവരുന്ന റബ്ബർ ഉല്പന്നങ്ങളുടെ ഉപയോഗം ഈ വ്യവസായരംഗത്ത് കൃത്യമായി പുരോഗതി ഉണ്ടാക്കാൻ നമുക്കു കഴിയും. അസംസ്കൃതവസ്തുവായ റബ്ബർ ഇവിടെനിന്നും ലഭിക്കുന്നതിനാൽ ഈ വ്യവസായം നേട്ടം കൈവരിക്കാൻ സാധ്യതയുണ്ട്.

## റെഡിമെയ്ഡ് വസ്ത്രനിർമ്മാണം.

വനിതകൾക്ക് ഏറ്റവും കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുവാൻ കഴിയുന്ന ഒരു രംഗമാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. കാലഘട്ടത്തിനനുസരണമായി നാം മാറിക്കൊണ്ടിരിക്കയാണ്. റെഡിമെയ്ഡ്രംഗത്ത് നമുക്ക് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കാൻ കഴിയും. കേരളത്തിലും, അന്യ സംസ്ഥാനങ്ങളിലും അതുപോലെ തന്നെ വിദേ ശരാജ്യങ്ങളിലും റെഡിമെയ്ഡ് വസ്ത്രങ്ങളുടെ ആവശ്യം കൂടിവരികയാണ്. വനിതകൾക്ക് കൂടുതൽ തൊഴിൽ സാധ്യതയുള്ള ഈ വ്യവസായം ആരംഭിക്കുവാൻ സഹകരണാടിസ്ഥാനത്തിൽ വനിതകൾ സംഘടിച്ച് ഈ രംഗ ത്ത് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ആവശ്യമാണ്.

## ടൂറിസം വികസനം

ഒട്ടേറെ ചരിത്രങ്ങൾക്ക് സാക്ഷ്യം വഹിച്ച കൊട്ടാരക്കരയിൽ ടൂറിസത്തിന് വൻസാധ്യതകളാണ് ഉള്ളത്. പന്തിരകുലത്തിൽപിറന്ന പെരുന്തച്ചൻ നിർമ്മിച്ച മഹാ ഗണപതി ക്ഷേത്രം, കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കരതമ്പുരാൻ നാടുവാണ കൊട്ടാരക്കര പ്രദേശം മഹാരാജാക്കന്മാരുടെ കൊട്ടാരംങ്ങൾ പ്രകൃതി രമണീയമായ മീൻപിടിപാറ എന്നീ സ്ഥലങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കരീതിയിൽ വികസിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

സാമൂഹ്യപരമായും, സാംസ്കാരികപരമായും സാക്ഷരതയിലും മുന്നിൽ നിൽക്കുന്ന കൊട്ടാരക്കര പഞ്ചായത്ത് വ്യവസായപരമായി ഒരുതരം തളർച്ച ബാധിച്ചതുപോലെയാണ്. അഭ്യസ്ഥവിദ്യരും സാങ്കേതിക വിദഗ്ദരും നിറഞ്ഞ ഈ പ്രദേശം വൻകിട ചെറുകിട വ്യവസായം ആരംഭിക്കുവാൻ പറ്റിയ സാഹചര്യമാണുള്ളത്. നിത്യോപയോഗ സാധനങ്ങൾക്കുപോലും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന നമുക്ക് വ്യവസായപരമായി മുന്നേറേണ്ടിയിരിക്കുന്നു. വ്യവസായത്തിന് ആവശ്യമായ പല ഘടകങ്ങളും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഉദാഹരണമായി ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ളവർ, സാങ്കേതിക പരിജ്ഞാനം നേടിയ യുവാക്കൾ, ഗതാഗതം, വാർത്താവിനിമയം, റെയിൽവേ എന്നിവ.

## പ്രധാനപ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. മുഖ്യകൃഷികളായ റബ്ബർ, നാളീകേരം എന്നിവ വ്യവസായടിസ്ഥാനത്തിൽ ഉപയോഗിക്കുന്നില്ല.
2. വൈദ്യുതിക്ഷാമംമൂലം വ്യവസായം തുടങ്ങാൻ കാലതാമസം നേരിടുന്നു.
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കാനുള്ള കാലതാമസവും തടസവും.
4. മാർക്കറ്റിംഗ് സംവിധാനത്തിന്റെ കുറവ്
5. പരമ്പരാഗതവ്യവസായങ്ങൾ അടച്ചുപൂട്ടുന്നു.
6. പരമ്പരാഗതവ്യവസായങ്ങൾക്കുള്ള അസംസ്കൃതസാധനങ്ങൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.
7. അഭ്യസ്ഥവിദ്യരായ യുവതികൾക്ക് തൊഴിലവസരം പൊതുവേ കുറവ്.
8. സാങ്കേതിക, പരിജ്ഞാനം ലഭിച്ച യുവതി യുവാക്കൾക്ക് വ്യവസായങ്ങൾ ആരംഭിക്കുവാൻ മുന്നോട്ടു വരുന്നില്ല. (കാരണം സാങ്കേതിക തടസങ്ങൾ)



000079

## പട്ടിക 5

### ഗ്രാമസഭാ നിർദ്ദേശങ്ങൾ വാർഡടിസ്ഥാനത്തിൽ

| വാർഡ് | നിർദ്ദേശങ്ങൾ |
|---|---|
| 1. | കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക, ബുക്ക് ബൈൻഡിംഗ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം. |
| 2. | കശുവണ്ടി ഫാക്ടറി തുറപ്പിക്കുക, സഹകരണാടിസ്ഥാനത്തിൽ വ്യവസായം തുടങ്ങുന്നതിനു സഹായം നൽകുക. |
| 3. | കശുവണ്ടിഫാക്ടറി തുറപ്പിക്കുക, റെഡിമെയ്ഡ് റബ്ബർവ്യവസായം, വനിതകൾക്കുള്ള ഐ.സി.ഡി.എസ് അംഗൻവാടി,DWCR വഴി കുടിൽവ്യവസായം (കറിപൗഡർ) ആരംഭിക്കുക. |
| 4. | മെഴുകുതിരി, റൊട്ടി, ഉപ്പേരി, അച്ചാർ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. |
| 5. | വനിതാവ്യവസായ യൂണിറ്റ് ആരംഭിക്കുക (റെഡിമെയ്ഡ് അച്ചാർ, കറിപൗഡർ) |
| 6. | റെഡിമെയ്ഡ് ഗാർമെന്റ്സ്, ബുക്ക് ബൈൻഡുകൾ, വനിതാ വ്യവസായകേന്ദ്രം, കരകൗശല വസ്തുക്കൾനിർമ്മാണം. |
| 7. | റബ്ബർ വ്യവസായം, കശുവണ്ടി സംസ്കരണം, ബേബിഫുഡ്, തീപ്പെട്ടി, തടിമിൽ, മെഴുകുതിരി, |
| 8. | വനിതവ്യവസായകേന്ദ്രം തുടങ്ങണം, പരമ്പരാഗതവ്യവസായത്തെ സംരക്ഷിക്കാൻ ശ്രദ്ധിക്കണം. കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുക. |
| 9. | വനിതകളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണംDWCR വഴി വ്യവസായ യൂണിറ്റ് ആരംഭിക്കുക. |
| 10. | വനിതാവ്യവസായകേന്ദ്രം, റെഡിമെയ്ഡ് യൂണിറ്റ് |
| 11. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങണം. |
| 12. | DWCR വഴി കുടിൽവ്യവസായം ആരംഭിക്കുക. വനിതവ്യവസായ (കറിപൗഡർ,അച്ചാർ) ആരംഭിക്കുക. |

## പട്ടിക 6

### സാദ്ധ്യതയുള്ള വ്യവസായ സംരംഭങ്ങൾ

| നമ്പർ | ഇനം |
|---|---|
| 1 | വാഷിംഗ് സോപ്പ് |
| 2 | ജനറൽ ഇൻജിനിയറിംഗ് |
| 3 | സ്റ്റീൽ ആൻഡ് വുഡ് ഫർണിച്ചർ |
| 4. | മിനി ഐസ് പ്ലാന്റ് |
| 5. | ആട്ടോ മോബൈൽ |
| 6. | ഹോളോ ബ്രിക്സ് |
| 7. | ബേക്കറി നിർമ്മാണം |
| 8. | കറിപൗഡർ |
| 9. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 10. | കശുവണ്ടി സംസകരണം |
| 11 | കയർ, റബ്ബർ ഫ്രാക്ടറികൾ |
| 12 | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ |
| 13 | സിമന്റ് കൊണ്ട് വാതിൽ, ജനൽ എന്നിവ നിർമ്മിക്കാൻ. |
| 14. | കോസ്മെറ്റിക്സ് |



000080

## നിർദ്ദേശങ്ങൾ

1. വാർഡു തലങ്ങളിൽ വ്യവസായ തത്പരരുടെ സെമിനാറുകൾ സംഘടിപ്പിച്ച് വ്യവസായ ബോധവൽക്കരണം നടത്തുക. വ്യവസായവകുപ്പിലെ ഉദ്യോഗസ്ഥരെ ഈ ശില്പശാലയിൽ പങ്കെടുപ്പിച്ച് വ്യവസായ കേന്ദ്രങ്ങൾ വഴിയുള്ള സഹായങ്ങളെപ്പറ്റിയും, ആനുകൂല്യങ്ങളെപ്പറ്റിയും ക്ലാസുകൾ സംഘടിപ്പിക്കുക.
2. കുടിൽ വ്യവസായങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം.
3. വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് വനിതകൾക്ക് ഈ മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യത ഉറപ്പാക്കണം.
4. വൈദ്യുതി ക്ഷാമം പരിഹരിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിട വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക.
5. സാങ്കേതിക കാരണങ്ങളാൽ മുടങ്ങിക്കിടക്കുന്ന എസ്. എസ്. ഐ യൂണിറ്റുകൾ പുനർഇജ്ജീവിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
6. ഗ്രീൻ ചാനൽ സംവിധാനം താലൂക്ക് വ്യവസായ കേന്ദ്രത്തിലും ആരംഭിക്കുക.
7. കൊട്ടാരക്കര പഞ്ചായത്തിലെ വ്യാവസായികാവശ്യത്തിനുള്ള വൈദ്യുതിലഭിക്കാൻ നിലവിലുള്ള 66കെ. വി. ലൈൻ 110 കെ. വി. ആക്കുക.
8. താലൂക്ക് വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
9. വ്യവസായ സംരംഭകർക്കുണ്ടാകുന്ന സാങ്കേതിക തടസങ്ങൾ കാലതാമസം കൂടാതെ പരിഹരിക്കുക.
10. പഞ്ചായത്ത് ആഫീസുകളിൽ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക.
11. വ്യവസായ സംരഭകർക്കുള്ള Stage Certificate, Completion Certificate എന്നിവ പഞ്ചായത്തിൽനിന്നും നൽകുക.
12. വ്യവസായ സംരഭകർക്കുള്ള സാമ്പത്തിക സാങ്കേതിക തടസങ്ങൾ ലഘൂകരിക്കുക.
13. പരമ്പരാഗത വ്യവസായം നിലനിർത്തുവാൻ അമ്പലപ്പുറം കേന്ദ്രീകരിച്ച് ഈറ തൊഴിലാളി സഹകരണസംഘം ആരംഭിക്കുക.
14. ഈറ തൊഴിലാളികളെ സംരക്ഷിക്കുവാൻ ഈ വ്യവസായത്തിലെ തൊഴിലാളികൾക്ക് കരകൗശലവസ്തുക്കൾ നിർമ്മിക്കാനുള്ള പരിശീലനം നൽകുക.
15. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യാനുള്ള സാങ്കേതിക ഉപദേശം നൽകുക.
16. പുതുതായി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഇൻകം ടാക്സ്, സെയിൽടാക്സ്, തൊഴിൽ വകുപ്പ് എന്നീ സ്ഥാപനങ്ങളിൽനിന്ന് വ്യവസായ സംരംഭകർക്ക് സംരക്ഷണം ഉറപ്പാക്കുക.
17. അമ്പലപ്പുറം വാർഡിൽ നിലവിലുള്ള 10 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്ത് അവിടെ ഇൻഡസ്ട്രിയൽ ഏരിയാ സ്ഥാപിക്കുക.
18. റബ്ബർ, കയർ എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കുഷ്യൻ, മെത്ത തുടങ്ങിയ റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുക.
19. വ്യവസായ മേഖലയുമായി നേരിട്ടുള്ള സമ്പർക്കക്കുറവ് വ്യവസായങ്ങൾ ആരംഭിക്കുവാൻ താത്പര്യക്കുറവ് ഉണ്ടാകുന്നു.

20 വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണക്കുറവ്.

21 വ്യവസായ വികസനത്തിന് ആവശ്യമായ അനുകൂല ഘടകങ്ങൾ ചൂഷണം ചെയ്യുന്നില്ല.

22. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പൊതുമാർക്കറ്റിന്റെ ആവശ്യകത.

23 വനിതാ വ്യവസായങ്ങൾ പരാജയപ്പെടുന്നതിന്റെ പ്രധാന കാരണം മൂലധന നിക്ഷേപക്കുറവ്.



000081

## സാധ്യതകൾ.

വ്യവസായ വികസനത്തിന് ഒട്ടേറെ സാധ്യതകൾ ഉള്ള പഞ്ചായത്താണ് കൊട്ടാരക്കര. റബ്ബർ, നാളികേരം എന്നീ കാർഷിക ഉല്പന്നങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്ന മേഖലയായിതിനാൽ അതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധ്യത കൂടുതൽ. കൊല്ലം, പുനലൂർ എന്നീ വ്യവസായ കേന്ദ്രങ്ങൾ തൊട്ടടുത്തു സ്ഥിതി ചെയ്യുന്നതിനാൽ അനുബന്ധവ്യവസായങ്ങൾ ആരംഭിക്കണം. ഉദാഹരണം, റബ്ബർ, കയർ, നാളികേരം എന്നിവ വൈദ്യുതി ഉല്പാദനകുറവിലുണ്ടാകുന്ന ക്ഷാമം ഒഴിച്ചാൽ വൈദ്യുതി പഞ്ചായത്തിന്റെ എല്ലാ വാർഡിലും ലഭ്യമാണ്. കൂടാതെ 66കെ. വി സബ്സ്റ്റേഷൻ കൊട്ടാരക്കരയുടെ നേട്ടം തന്നെയാണ്. മേൽ വിവരിച്ച പട്ടിക 6 പ്രകാരം ചെറുകിട വ്യവസായങ്ങൾക്ക് സാധ്യത കൂടുതൽ.

## മാർക്കറ്റിംഗ്

ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗതവ്യവസായങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ പ്രധാനഘടകം വിപണനത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ ഉല്പാദകർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. പ്രധാന പ്രശ്നങ്ങൾ ഇവയിൽഗതാഗതം, മാർക്കറ്റിംഗ് പഞ്ചായത്തിലെ വാർഡുകളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൊത്തമായി ശേഖരിച്ച് പൊതു വിപണിയിൽ എത്തിച്ച് അവ വിറ്റഴിക്കാൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കണം. കൊട്ടാരക്കര പഞ്ചായത്തിലെ കൃഷിക്കാർ ചെറുകിട വ്യവസായികൾ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് തൊട്ടടുത്ത പഞ്ചായത്തുകളിലെ മാർക്കറ്റുകളിലാണ്. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൊട്ടാരക്കര പഞ്ചായത്തിൽ പണിതുകൊണ്ടിരിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ ഈ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വേണ്ട വിപണി തയ്യാറാക്കണം. വ്യവസായികൾ ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാൻ Trade Fair സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. പുലമൺ ജംഗ്ഷനിൽ ഒരു സസ്യ മാർക്കറ്റ് സ്ഥാപിക്കുവാൻ പഞ്ചായത്ത് ശ്രദ്ധിക്കണം



000082

# V-6

## ഊർജ്ജം ഗതാഗതം മാർക്കറ്റ്

വൈദ്യുതി ജീവിതത്തിന്റെ ഒരു ഭാഗമായി മാറിയിരിക്കുകയാണ്. വ്യവസായ വികസനത്തിനും, കാർഷിക വികസനത്തിനും, ആധുനികകാലഘട്ടത്തിൽ ദൈനംദിനജീവിതം പൂർണ്ണമാകുന്നതിന് വൈദ്യുതി ആവശ്യമാണ്. എന്നാൽ വൈദ്യുതിയുടെ കാര്യത്തിൽ മിച്ചസംസ്ഥാനമായിരുന്ന നമ്മുടെ സംസ്ഥാനം ഇന്ന് പ്രതിസന്ധിയെ നേരിടുക യാണ്. നമ്മുടെ വൈദ്യുതി ഉപയോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഉല്പാദനം നടക്കുന്നില്ല എന്നതാണ് പ്രധാനകാരണം. പരിസ്ഥിതിയുടെയും മറ്റുംപേരിൽ പദ്ധതിയുടെ പൂർത്തീകരണത്തിന് കഴിയുന്നില്ല.
ഇന്ന് കേരളം നേരിടുന്ന വൈദ്യുതി രംഗത്തെ പ്രതിസന്ധി പട്ടിക പരിശോധിച്ചാൽ മനസ്സിലാകും

| വർഷം | ഉപഭോക്താക്കളുടെ എണ്ണം | ഡാമുകളിൽ ഉല്പാദിപ്പിക്കുന്ന കറന്റ് |
|---|---|---|
| 1992 | 37 ലക്ഷം | 3554 ദശലക്ഷം യൂണിറ്റ് |
| 1993 | 39 ലക്ഷം | 2981 ദശലക്ഷം യൂണിറ്റ് |
| 1994 | 41 ലക്ഷം | 3196 ദശലക്ഷം യൂണിറ്റ് |
| 1993 | 44 ലക്ഷം | 2493 ദശലക്ഷം യൂണിറ്റ് |
| 1996 | 47 ലക്ഷം | 2428 ദശലക്ഷം യൂണിറ്റ് |

### പട്ടിക 1
### കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്
### വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 1. നിലവിലുള്ള ഉപഭോക്താക്കൾ | |
| a. ഗാർഹികം | 5012 |
| b. വ്യാപാരം | 939 |
| c. വ്യാവസായികം | 76 |
| d. കാർഷികം | 3 |
| 2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം | |
| a. Ordinary | 258 |
| b. OTP | 14 |
| c. OYEC | 38 |

അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

Ordi 10-1-94
OTP 28-8-96
OYEC 11-10-96

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 1491

a. ബൾബ് 25W 40W 60W 100W
b. ട്യൂബ് 280
c. മെർക്കുറി വേപ്പർ 22
d. സോഡിയം വേപ്പർ 28

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 8

5. തൻവർഷത്തെ കണക്ഷൻ ഓർഡിനറി 18
OTP 15
OYEC 104

6. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ 35

| | |
|---|---|
| 1. | അമ്പലപ്പുറം |
| 2. | അവണൂർ |
| 3. | ആകാശ് |
| 4. | ചെന്തറ |
| 5. | ക്രിസ്തുരാജ് |
| 6. | ETC |
| 7. | ഗാന്ധിനഗർ |
| 8. | ഗവ. ഹോസ്പിറ്റൽ |
| 9. | ഗോവിന്ദമംഗലം |
| 10. | ഈയംകുന്ന് |
| 11. | കാടാംകുളം |
| 12. | KIP |
| 13. | KIP കോളനി |
| 14. | കുറിങ്ങേൽ |
| 15. | കരിക്കം |
| 16. | കുന്നക്കര |
| 17. | കിഴക്കേത്തെരുവ് |
| 18. | മുസ്ലീംസീറ്റ് |
| 19. | KNS ഹോസ്പിറ്റൽ |
| 20. | നിലേശ്വരം |
| 21. | No.3 |
| 22. | പറയകുന്ന് |
| 23. | പാണ്ടിയാംകോണം |
| 24. | പുലമൺ |
| 25. | S.K.V |
| 26. | ക്ഷേത്രം |
| 27. | തട്ടം |
| 28. | വീനസ് |
| 29. | വേടകുഴി |
| 30. | വെസ്റ്റ് |
| 31. | മർത്തോമ ചർച്ച് |
| 32. | Telephone exchange ടെലഫോൺ എക്സേഞ്ച് |
| 33. | വല്ലം ഭാരികം |
| 34. | നെല്ലികുന്നം ഭാരികം |
| 35. | വൈദ്യുതി ഭവൻ |

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി ഗ്രാമ പഞ്ചായത്ത് പ്രതിമാസം അടയ്ക്കുന്ന തുക Rs. 33182

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ സംബന്ധിച്ച്
ഹരിജൻ കോളനി വൈദ്യുതികരണം സംബന്ധിച്ച വിവരങ്ങൾ

**പട്ടിക 2**

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ(എണ്ണം) |
|---|---|---|
| 1. | കണിയാംകോണം | 36 |
| 2. | മുസ്ലീംസ്ട്രീറ്റ് | 32 |
| 3. | ലക്ഷംവീട് | |
| 4. | കുരുമുറ്റം | 9 |
| 5. | ഈയംകുന്ന് | 8 |
| 6. | പാണ്ടിയാംകോണം(ലക്ഷംവീട്) | 21 |
| 7. | ഗാന്ധിനഗർ(ലക്ഷം വീട്) | 53 |
| 8. | വേലംകോണം | 98 |

പഞ്ചായത്ത് കമ്മിറ്റി കഴിഞ്ഞ 2 വർഷം മുമ്പ് സൗജന്യമായി വയറിംഗ് ചെയ്ത വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമാണ്. എത്രയും പെട്ടെന്ന് അതിനാവശ്യമായ നടപടി സ്വീകരിക്കണം.

പുതിയ ട്രാൻസ്ഫോർമറുകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം

കൊട്ടാരക്കര പുലമൺ ജംഗ്ഷൻ, ചന്തമുക്ക്, മാർക്കറ്റ്, റയിൽവേസ്റ്റേഷൻ ജംഗ്ഷൻ, കച്ചേരിമുക്ക്, ശാസ്ത്രി ജംഗ്ഷൻ തുടങ്ങിയ പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുകയും നിലവിലുള്ളവ പ്രവർത്തന ക്ഷമമാക്കുകയും വേണം

വഴിവിളക്കുകൾ കത്താത്ത സ്ഥലങ്ങളിൽ ബൾബുകൾ പുനഃസ്ഥാപിക്കുന്നതിനോ, മാറ്റി സ്ഥാപിക്കുന്നതിനോ വൈദ്യുതി ബോർഡ് മുൻകൈ എടുക്കണം. ഇതിനായി പഞ്ചായത്തും, ബോർഡ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു ജോയിന്റ് കമ്മിറ്റി മാസംതോറും പരിശോധന നടത്തി റിപ്പോർട്ട് നല്കുന്നതിന് കഴിയണം.

വൈദ്യുതിലൈനിൽ മരക്കമ്പുകൾ തട്ടുന്നത് ഇല്ലാതാക്കുക

നിലവിലുള്ള സിങ്കിൾ ഫേസ്സ് ലൈനുകൾ ത്രീഫേസ്സ് ആക്കി ഉയർത്തേണ്ടതാണ്.

വൈദ്യുതി ചാർജ് ഈടാക്കുന്നതിന് സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തണം

മീറ്റർ റീഡിംഗ് 3 മാസത്തിലൊരിക്കലാക്കണം

പുലമൺ ജംഗ്ഷനിൽ വൈദ്യുതി ചാർജ് ഈടാക്കുന്നതിന് കളക്ഷൻ സെന്റർ സ്ഥാപിക്കണം

വഴിവിളക്കുകൾ, ട്യൂബ്ലൈറ്റുകൾ വ്യാപകമാക്കണം

ടൗൺപ്രദേശത്ത് (ചന്തമുക്ക്, പുലമൺ ജംഗ്ക്ഷൻ) വൈദ്യുത കേബിൾ സംവിധാനം ഏർപ്പെടുത്തണം.

തകരാറിലായ പോസ്റ്റുകൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യണം

സൗരോർജ്ജം ഉപയോഗിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക(അനർട്ടിന്റെ സഹായത്തോടെ)

ചന്തമുക്കിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക

നമ്മുടെ പഞ്ചായത്തിൽ പാചകത്തിന് വിറകാണ് കൂടുതലും ഉപയോഗിക്കുന്നത്. ഗ്യാസ് ഉപയോഗിച്ചുള്ള പാചകം വ്യാപകമായിതീർന്നിട്ടുണ്ട്. മണ്ണെണ്ണയും ഉപയോഗിച്ചുവരുന്നുണ്ട്. വിറകിന് ക്ഷാമം വർദ്ധിച്ചുവരുന്ന നമ്മുടെ പഞ്ചായത്തിൽ അനർട്ടിന്റെ സഹായത്തോടെ പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വ്യാപകമാക്കണം. ബയോഗ്യാസ് ഉപയോഗത്തിനുവേണ്ട പ്രചരണം നടത്തണം. പഞ്ചായത്ത് ചുമതലയിൽ നിർമ്മാണവും വിതരണവും വ്യാപകമാക്കണം.

മണ്ണെണ്ണ ആവശ്യമുള്ളവർക്ക് പെർമിറ്റ് നല്കുന്ന കാര്യത്തിൽ സിവിൾ സപ്ലൈസ് അധികൃതർ കാട്ടുന്ന അനാസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണം. റേഷൻ കടകളിൽ എത്തുന്ന മണ്ണെണ്ണയുടെ വിതരണം നീതിപൂർവ്വകമാക്കണം. അർഹതപ്പെട്ട കാർഡുടമകൾക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്.

## ഗതാഗതം

ഗതാഗത യോഗ്യമായ റോഡുകൾ നാടിന്റെ സമ്പത്താണ്. നാടിന്റെ വികനം ഒരു പരിധിവരെ ഗതാഗതവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. പഞ്ചായത്തിന്റെ വികസനം വിലയിരുത്തുന്നത് റോഡിന്റെ വികസനത്തിൽ കൂടിയായിരിക്കും. കൊട്ടാരക്കര പഞ്ചായത്തിന്റെ ഇന്നുള്ള വളർച്ചയ്ക്ക് ഗതാഗത സൗകര്യം ഒരു സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

കൂടാതെ മറ്റുചില പ്രധാന റോഡുകളും കൊട്ടാരക്കരയിൽ കൂഇ കടന്നുപോകുന്നുണ്ട്. കൊട്ടാരക്കര പത്തൂർ കരുനാഗപ്പള്ളി റോഡ് കൊട്ടാരക്കര ആയൂർ റോഡു കോട്ടാരക്കര മണ്ണടി റോഡ് കൊട്ടാരക്കര നെടുമൺകാവ് റോഡ് എന്നിവ റോഡികൾ ഇവിടെ നിന്നുമാണം ആരംഭിക്കുന്നത്. കൊട്ടാരക്കര പഞ്ചായത്തിന്റെ ഇന്നുള്ള വികസനത്തിനുള്ള പ്രധാനകാരണം കൊട്ടാരക്കരയിലൂടെ പ്രധാനപ്പെട്ട രണ്ട് റോഡുകളാണ്.

വ്യവസായ വാണിജ്യപ്രാധാന്യമുള്ള കൊല്ലം ചെങ്കോട്ട റോഡ് പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടിയും അതിനെ ബന്ധിച്ചു കൊണ്ട് സ്റ്റേറ്റ് ഹൈവേ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടിയും കടന്നു പോകുന്നു. ഈ രണ്ടു റോഡുകൾ സന്ധിക്കുന്ന പുലമൺ ജംഗ്ഷൻ പ്രധാനപ്പെട്ട ട്രാഫിക് ജംഗ്ഷനിലുകളിലൊന്നാണ്. ജനസംഖ്യകൊണ്ടു വാഹനപ്പെരുപ്പം കൊണ്ടും വീർപ്പുമുട്ടുന്ന കൊട്ടാരക്കരയിൽ ശാസ്ത്രീയ റോഡു വികസനം അത്യന്താപേക്ഷിതമാണ്. എപ്പോഴുമുണ്ടാകുന്ന ഗതാഗതതടസം ഒഴിവാക്കുന്നതിന് വൺവേ സംവിധാനം അടിയന്തിരമായി നടത്തേണ്ടതാണ്. അശാസ്ത്രീയമായ റോഡുകളുടെ വികസനവും ശരിയായ അഴുക്കുചാൽ ഇല്ലാത്തതും റോഡുകളുടെ പെട്ടെന്നുള്ള തകരാറ് കാരണമാകുന്നു. ഇത് പരിഹരിക്കേണ്ടതാണ്.

P.W.D. യുടെയും ടാർ ചെയ്ത റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നു. റോഡിന്റെ ഇരുവശവും നിയമത്തെ മറികടന്ന് കെട്ടിടങ്ങൾ വയ്ക്കുന്നതും പുറമ്പോക്കുസ്ഥലം കൈയേറുന്നതും വികസനത്തിനു തടസമായി നിൽക്കുന്നുണ്ട്. ഗ്രാമീണ റോഡുകൾ ടാർ ചെയ്തത് ഭൂരിഭാഗവും തകർന്ന നിലയാണം. ഇവ നന്നാക്കുന്നതിനും ടാർ ചെയ്യാത്ത റോഡുകൾ അടിയന്തിരമായി ടാർ ചെയ്യുന്നതിനും സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

### പട്ടിക 1

1. റോഡ് ഗതാഗത പ്രശ്നങ്ങളും പരിഹാരങ്ങളുംവാഹനങ്ങൾക്ക് പാർക്കിംഗ് സംവിധാനവും സ്റ്റാൻഡും ഇല്ലാത്തത്.പുലമൺ ജംഗ്ഷൻ ചന്തമുക്ക് എന്നിവിടങ്ങളിൽ ടാക്സി ആവശ്യങ്ങൾക്ക് അടഅയന്തിരമായി സ്റ്റാൻഡ് നിർമ്മിച്ചു നൽകേണ്ടതാണ്. റോഡിന് ഇരുവശവും ഇപ്പോഴുള്ള പാർക്കിംഗ് രൂക്ഷമായ ഗതാഗത തടസം സൃഷ്ടിക്കുന്നു. നിശ്ചിത സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് അടിയന്തിരശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
2. ടെലിഫോൺ ഡിപ്പാർട്ട്മെന്റും വാട്ടർ അതോറിറ്റിയും കൂടെകൂടെ റോഡു കുഴിയുന്നതും പരിഹരിക്കപ്പെടേണ്ടതാണ്.
3. റോഡിൽ വീതി കൂട്ടുമ്പോൾ ഇലക്ട്രിക് ടെലിഫോൺ പോസ്റ്റുകൾ യഥാസമയം മാറ്റി സ്ഥാപിക്കേണ്ടാതാണ്.
4. റോഡിന് ഇരുവശവും വെള്ളം ഒഴുകി പോകാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത റോഡ് തകരുന്നതിന് കാരണമാകുന്നു. അഴുക്കു ചാലുകളുടെ പുനർനിർമ്മാണത്തിന് അടിയന്തിര നടപടി ഉണ്ടാകുന്നു.
5. റോഡ് ടാർ ചെയ്യുമ്പോൾ ഗുണപരിശോധന കർശനമാക്കേണ്ടതാണ്.
6. നിലവിലുള്ള ട്രാഫിക് സംവിധാനം യാത്രക്കാർക്കും വാഹനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നു. ഇത് പരിഷ്കരിക്കപ്പെടേണ്ടതാണ്.

## ബസ് സർവ്വീസ് നടത്തുന്ന റോഡുകൾ

Q.S. റോഡ് S.H. റോഡ്, കൊട്ടാരക്കര ഒയൂർ റോഡ്, കൊട്ടാരക്കര പുള്ളൂർ റോഡ്, മണ്ണടി റോഡ്, നെടുമൺ കാവുറോഡ്.

ബസ് സർവ്വീസ് നിലച്ച റോഡുകൾ

തൃക്കണ്ണമംഗൽ ഈ റ്റി. സി, നീലേശ്വരം റോഡ് കടലാവിള പ്ലാപ്പള്ളിറോഡ്.

ഈ ബസ് സർവ്വീസുകൾ അടിയന്തിരമായി പുനഃസ്ഥാപിക്കേണ്ടതാണ്.

റോഡുകൾക്കിരുവശവും തണൽ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തുകൾ

ടൗണിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കേണ്ടതാണ്. Q.S. റോഡിൽ ജനത്തിരക്കേറിയതും പഞ്ചായത്താഫീസിനു സമീപം സ്ഥിതിചെയ്യുന്ന R.T.O ഓഫീസ് വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സ്ഥലസൗകര്യം ഉള്ളിടത്തോളം മാറ്റി സ്ഥാപിക്കണം.

**9.** നമ്മുടെ പഞ്ചായത്തിൽ 2 ഗ്രാമസഭകളിൽ നിന്നും ഗതാഗതസൗകര്യമില്ലാത്ത പുതിയ റോഡുകൾക്ക് നിർദ്ദേശങ്ങൾ ഉയരുകയും തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അവ സന്നദ്ധ പ്രവർത്തനത്തിലൂടെ ജനങ്ങൾ മുൻകൈ എടുത്ത് റോഡ് നിർമ്മിക്കേണ്ടതും ആണ്. പഞ്ചായത്തിന് കൈമാറേണ്ടതാണ്. ഏതൊക്കെ പ്രദേശങ്ങളിലെ ഏതൊക്കെ റോഡുകൾ എന്ന് എടുത്തു പറയുന്നില്ല. പട്ടികയിൽ വിവരിക്കുന്ന റോഡുകളിൽ പലതും ഗതാഗത സൗകര്യത്തിനായ വീതി കൂട്ടുന്നതിനും മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കണം.

000086

10. കൊട്ടാരക്കര പുത്തൂർ റോഡിൽ മുസ്ലീംസ്ട്രീറ്റിൽ റെയിൽവേ ഓവർബ്രിഡ്ജ് തകർന്ന ഏതു സമയത്തും അപകട ഭീഷണി നേരിടുകയാണ്. പാലം നന്നാക്കുന്നതിന് അടിയന്തിര സഹായം നൽകണം.

ലഭ്യമാകുന്ന ഫണ്ടിന്റെ ഭൂരിഭാഗവും റോഡിനു വേണ്ടി ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വഴി വെക്കുകയും ചെയ്യാറുണ്ട്. റോഡിനെ സംബന്ധിച്ച് കൃത്യമായ അറിവ് നമുക്കില്ല. ചുരുങ്ങിയത് 10 അടി വീതിയെങ്കിലും ഉള്ളതിനെ റോഡ് എന്നുവിളിക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണമനുഭവിക്കുന്നത് അവയുടെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ചുകാണാം.

പഞ്ചായത്തിൽ റോഡുകളുടെ രജിസ്റ്റർ കാര്യക്ഷമമായി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററുകളിൽ താഴെപ്പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തണം.

1. വാർഡ്
2. റോഡിനു മ്പർ കൊടുക്കുക
3. റോഡിന്റെ പേര് തുടക്കം ഒടുക്കം മുതലായവ
4. ദൂരം
5. വീതി
6. ടാർ ചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം.
9. ഓവു ചാലുകൾ നിലവിലുള്ള ദൂരം
10. ഓവ്ചാല് ആവശ്യമുള്ള ദൂരം
11. പാർശ്വസംരക്ഷണ ഭിത്തി ആവശ്യമുള്ള ദൂരം
12. പാർശ്വ സംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം
14. ആവശ്യമുള്ള കലുങ്കിന്റെ എണ്ണം.
15. തന്നാണ്ടിൽ ചിലവഴിച്ച പൊതു ഫണ്ട്
16. സഞ്ചിത തുക

**ഈ പട്ടിക വർഷം തോറും പുതുക്കണം**

ഇതുപോലെ പുതുതായി നിർമ്മിക്കേണ്ട മൺറോഡുകളുടെ പട്ടികയും തയ്യാറാകേണ്ടതാണ്. മേൽപറഞ്ഞ വിവരങ്ങൾ തന്നെയാണ് രേഖപ്പെടുത്തേണ്ടത്. ആവശ്യമായ എല്ലാ സമ്മത പത്രങ്ങളും കൂടി മണ്ണ്റോഡുകൾ നിർമ്മിച്ചു കഴിഞ്ഞതിനുശേഷം ഇവ മേൽപട്ടികയിലേക്കു മാറ്റണം.

റോഡുകളുടെ വികസനത്തിന് നമുക്ക് കൈ മുതലെടുക്കേണ്ട് ജനശക്തിയാണം. ശ്രമദാനം മൂലം പുതിയറോഡുകളുടെ നിർമ്മാണം നടത്തുവാൻ കഴിയണം. പരിമിതമായ ധനശേഷിയും, ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഓർമിച്ചു പരിഗണിക്കുമ്പോൾ നമ്മുടെ മാർഗം വ്യക്തമാണ്.

## റെയിൻ ഗതാഗതം

കൊല്ലത്തുനിന്നും ചെന്നൈയിലേക്കുള്ള എളുപ്പം റയിൻമാർഗ്ഗമാണ്. നമ്മുടെ പഞ്ചായത്തിൽകൂടിയാണ് പോകുന്ന മീറ്റർ ഗേറ്റ്.

തമിഴ് നാട്യമായി കൊട്ടാരക്കരയ്ക്കുള്ള വ്യാപാരബന്ധം വർഷങ്ങളുടെ പഴക്കം ഉള്ളതാണം. മീറ്റർ ഗ്രാന്റ് ബ്രോഡ് ഗസ്റ്റ് അടുത്ത മുറവിളി ഉയരുകയും അനുവഗിച്ചുകൊണ്ട് കൂടെകൂടെ പ്രഖ്യാപനം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നില്ല. നിലവിലുള്ള ട്രെയിനുകളിൽ മാത്രം ഗതാഗതത്തിൽ വാഗൺസൗകര്യം വർദ്ധിപ്പിക്കുകയും കൂടുതൽ പാസഞ്ചർ ട്രെയിൻ അനുവദിക്കുന്നു.

കൊല്ലം കഴിഞ്ഞാൽ പ്രധാനറയിൽവേ സ്റ്റേഷനാണ്. കൊട്ടാരക്കര റയിൽവേലൈൻ കടന്നു പോകുന്ന പടിഞ്ഞാറേ ചെന്തറഭാഗത്ത് കൊട്ടാരക്കര ടൗണും 5 ാം വാർഡും തമ്മിൽ എളുപ്പത്തിൽ ബന്ധിപ്പിക്കാവുന്ന റോഡിൽ വാഹന ഗതാഗതത്തിന് ആവശ്യമായ ലൈൻ ക്രോസ് നിർമ്മിക്കേണ്ടതാണ്.

പുതിയ റെയിൽ പാതയുടെ നിർമ്മാണത്തിൽ സർവ്വേകൾ പലതും കഴിഞ്ഞെങ്കിലും ഇന്നും സ്വപ്നമായി അവശേഷിക്കുന്നു. ഇതിന് അടിയന്തിരപരിഗണന നൽകേണ്ടതാണ്.

000087

## കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ കൂടി പോകുന്ന റോഡുകൾ.

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | പഞ്ചായത്തിലെദൂരംകി.മി |
|---|---|---|---|
| 1. | പഴയകൊല്ലം ചെങ്കോട്ടുറോഡ് | PWD | 1.5 |
| 2. | M.C. റോഡ് | PWD | 2.5 |
| 3. | കൊട്ടാരക്കര ഓയൂർറോഡ് | PWD | 3.5 |
| 4. | തൃക്കണ്ണമംഗൽപ്ലാപ്പള്ളിറോഡ് | PWD | 2.5 |
| 5. | കെ. ഐ. പി. കനാൽറോഡ് | PWD | 8.00 |
| 6. | തൃക്കണ്ണമംഗൽ ഈ. റ്റി.സിറോഡ് | PWD | 1.5 |
| 7. | നെല്ലിക്കുന്നം നീലേശ്വരംമുക്കോണിമുക്ക് | PWD | 4 |
| 8. | അമ്പലപ്പുറം മുട്ടററോഡ് | PWD | 1 |
| 9. | അമ്പലപ്പുറംനീലേശ്വരംകല്ലുവാതുക്കൽ വഴി റോഡ് | PWD | 2 |
| 10 | കൊട്ടാരക്കര പുത്തൂർറോഡ് | PWD | 1.5 |
| 11. | കൊട്ടാരക്കര പള്ളിക്കൽ റോഡ് | PWD | 1 |
| 12. | കൊല്ലം ചെങ്കോട്ടറോഡ് | PWD | 5 |
| 13. | റയിൽവേസ്റ്റേഷൻ നീലേശ്വരംറോഡ് | PWD | 1.5 |
| 14. | റസ്റ്റ്ഹൗസ് 66 കെ. വി. റോഡ് | PWD | 1 |
| 15. | സി. പി. ജംഗ്ഷൻ കച്ചേരിമുക്ക് മഹാദേവൻക്ഷേത്രം റയി:സ്റ്റേഷൻറോഡ് | PWD | 1 |
| 16. | ചന്തമുക്ക് ചെന്തററോഡ് | PWD | 1 |
| 17. | മുസ്ലീംസ്ട്രീറ്റ് കൊട്ടാരം റോഡ് | PWD | 0.5 |
| 18. | റയിൽവേസ്റ്റേഷൻ ഇ. റ്റി. സി റോഡ് | PWD | 2 |
| 19. | ഹെഡ്പോസ്റ്റാഫീസ് റ്റി. ബി. റോഡ് | PWD | 0.20 |
| 20. | | | |

## പഞ്ചായത്ത് ടാർ ചെയ്ത റോഡുകൾ

വാർഡ് 1

| | | | |
|---|---|---|---|
| 1. | കുമ്മായചൂള എം. റ്റി. എൽ. പി. സ്കൂൾ | പഞ്ചായത്ത്ടാർറോഡ് | 1.00 |
| 2. | മംഗലത്ത് മുക്ക് ചന്ദ്രവിലാസം | | 0.25 |
| 3. | മേടയിൽ മുക്ക് മുത്തരമേൽകോവിൽ | | 0.12 |
| 4. | മേടയിൽ മുക്ക് പുത്തൻപുരയിൽ | | 0.12 |
| 5. | മുളമൂട്ടിൽ റോഡ് | | 0.10 |
| 6. | മുക്കിൽ മുതൽ പുത്തൂർറോഡ്തെക്കേടത്ത് | | 0.80 |
| 7. | കുന്നത്ത് മുക്ക് നടുക്കുന്നിൽ റോഡ് | | 0.60 |
| 8. | പേരൂർ മുക്ക് മേടയിൽ | | 0.20 |

000088

വാർഡ് 2

| | | |
|---|---|---|
| 1. | തൃക്കണ്ണമംഗൽ ക്ഷേത്രംമുതൽ കോടിയാട്ടുഭാഗം പത്മവിലാസംറോഡ് | 0.28 |
| 2. | എസ്. കെ. വി. എച്ച്. എസ്. തോട്ടുംകര ഏല | 0.45 |
| 3. | കടലാവിള ജംഗ്ഷൻ ചാങ്ങയിൽ | 2.00 |
| 4. | ഗാന്ധിനഗർ ഐ. എച്ച്. ഡി. പി. കോളനി | 0.49 |
| 5. | പൈനുംമൂട് മുതൽ ആയില്ലൂർ ഏല | 0.30 |
| 6. | പൈനുംമൂട് ജംഗ്ഷൻ ഐ. സി. ഇ മുക്ക് | 0.95 |
| 7. | കൊച്ചുവീട് അമ്പലം ജംഗ്ഷൻ | 0.17 |
| 8. | പുത്തൻവീട് മുതൽ ഗവ. എൽ. പി. എസ് | 0.18 |
| 9. | പുളിക്കൽമുക്ക് ചിറ്റഴികം | 0.20 |
| 10. | പുളിക്കൽമുക്ക് വലിയവിള ഏല | 1.75 |
| 11. | വൈരമൺകാവ് മുണ്ടപ്പള്ളി | 0.15 |
| 12. | ഷാപ്പ്മുക്ക് എസ്. കെ. വി. ജംഗ്ഷൻ | 0.15 |
| 13. | കനാൽ റോഡ് പറയാട്ടുഏല | 0.10 |
| 14. | ലേല ഭവൻ മന്ദിരം അയ്യപ്പ മന്ദിരം | 0.15 |
| 15. | കൊന്നക്കോട് വടക്കുവശംമുതൽ മുളമൂട്ടിൽ ഭാഗം | 0.20 |
| 16. | മണക്കാട്ട് വിളജംഗ്ഷൻ സദാനന്ദപുരംറോഡ് | 0.10 |
| 17. | തട്ടത്തു പള്ളിമുതൽമുളങ്കുന്നുറോഡ് | 0.50 |
| 18. | കോളറക്കോണം പ്ലാപ്പത്തുഏല പാത്തലഭാഗം | 0.35 |
| 19. | പറയാട്ടുകാവ് ഓയൂർ റോഡ് | 0.20 |
| 20. | കടലാവിള ജംഗ്ഷൻ മുതൽ കിഴക്കോട്ട് ചാങ്ങയിൽ ജംഗ്ഷൻവരെ | 0.15 |

വാർഡ് 3

| | | |
|---|---|---|
| 21. | ഫെയിത്ത്ഹോം റോഡുമുതൽ വാട്ടർടാങ്കുവരെ | 0.14 |
| 22. | കുറുങ്ങേൽ ഏല റോഡ് | 0.28 |
| 23. | 66 കെ. വി. വടക്കേകോണം റോഡ് | 0.20 |
| 24. | താമ്രാറത്ത് മുക്ക് കുറുങ്ങേൽ ഏല റോഡ് | 0.50 |
| 25. | കുറുങ്ങേൽമുക്ക് വടക്കേക്കോണം റോഡ് | 0.35 |
| 26. | സർവ്വീസ് സ്റ്റേഷൻ പാളക്കോണം റോഡ് | 0.75 |
| 27. | അയണിമൂട് ഈയംകുന്ന് റോഡ് | 0.75 |
| 28. | കൊച്ചു കിഴക്കേതിൽ തട്ടത്തുഭാഗം റോഡ് | 1.50 |
| 29. | ഐ. പി. സി.മുക്ക് മുക്കാട്മുക്ക് | 1.00 |
| 30. | പേരൂർമുക്ക് കല്ലൂർ കുന്നുവിള | 0.25 |
| 31. | കല്ലൂർ കുന്നുവിള ഐ. പി. സി. വരെ | 0.80 |
| 32. | അമ്പലമുക്ക് വാര്യത്ത് | 0.25 |
| 33. | കൃഷിത്തോട്ടം മുക്ക് കല്ലൂർ റോഡ് | 0.42 |
| 34. | മുളവന കിഴേക്കേതിൽ മുക്ക്- വാര്യത്ത് | 1.00 |
| 35. | മുക്കണ്ടത്തിൽ മുക്ക് കല്ലൂർ റോഡ് | 1.20 |
| 36. | വില്ല്യം കോണം ബംഗ്ലാവ് ജംഗ്ഷൻ | 0.15 |
| 37. | കൃഷിത്തോട്ടം ജംഗ്ഷൻ രമാബേക്കറി | 0.20 |



000089

വാർഡ് 1V

| | | |
|---|---|---|
| 38. | ഗാന്ധിമുക്ക് ചിറയത്തു ഭാഗം | 0.40 |
| 39. | K.I.Pക്വോർട്ടേഴ്സ്, പാണ്ടിവയൽ | 0.24 |
| 40. | പൈപ്പ് ജംഗ്ഷൻ പാണ്ടിവയൽ | 0.20 |
| 41. | ETC റോഡ് പാണ്ടിവയൽ | 0.20 |
| 42. | അമ്പലപ്പറം ജംഗ്ഷൻ K.I.P | 0.80 |
| 43. | ഉഴലോട്ടുറോഡ് | 0.80 |
| 44. | പുലൂർ കിളക്കേ വശം മുതൽ ആയിലൂർ ഏല | 0.21 |
| 45. | K.I.P കനാൽ മുതൽ കല്ലമൺ ഏല | 0.25 |
| 46. | നീലേശ്വരം റോഡ് മുതൽ ചേരൻകാവ് വരെ | 0.20 |
| 47. | K.V-മൂലയിൽ ഏല | 0.15 |
| 48. | പുലിയിലഴികം- ഏലാ വരെ | 0.11 |
| 49. | മലങ്കര ഓർത്തഡോക്സ് പണി മുതൽ കിഴക്കോട്ട് ഏലാ വരെ | 1.20 |
| 50. | മലങ്കരഓർത്തഡോക്സ് പണി മുതൽ വടക്കോട്ട്ഫെയ്ത്ത്ഹോം വരെ | 0.11 |
| 51. | K.V റോഡ് വെയിറ്റിംഗ് ഷെഡ് മുതൽ ആലുവിളതക്കു ഭാഗം വരെ | 0.11 |
| 52. | ഇലക്ട്രിസിറ്റി ആഫീസിന് വടക്ക് വശംകൂടി ആനക്കുഴി ഭാഗം വരെ പടുവത്ത് ഏലാ വരെ | 0.32 |
| 53. | ഇ.റ്റി.സി ക്വോർട്ടേഴ്സ് മുതൽ പടുവത്ത് ഏലാ വരെ | 0.15 |
| 54. | SIRD ആലയമൺ പണ റോഡ് | 0.20 |

വാർഡ് V

| | | |
|---|---|---|
| 54. | പാലമൂഡ് മുക്ക് Q.S റോഡ് | 2.20 |
| 55. | റെയിൽവേസ്റ്റേഷൻ മുതൽ ജടയിൽകാവ് | 0.20 |
| 56. | ചിറയത്തു് ഭാഗം മുതൽ പന്തുതട്ട്പിക്കുവരെ | 0.50 |
| 57. | ചെന്തറ മുക്ക് ഗവ:എൽ.പി.എസിന്പ്പടിഞ്ഞാറു വശം മുതൽ കണിയാം കോണം റോഡ് വരെ | 0.20 |
| 58. | ഗവ. യു പി എസ്........... | |
| 59. | തെരുവിൽ ജംഗ്ഷൻ-കണിയാം കോണം കോളനി | 0.45 |

വാർഡ് vi

| | | |
|---|---|---|
| 60. | റെയിൽവേബ്രിഡ്ജ് മുതൽ ലക്ഷം വീട് വരെ | 0.90 |
| 61. | കളിയിൽ വിള വടക്കുവശം മുതൽ പണിക്കർ ഏലാവരെ | 0.35 |
| 62. | റെയിൽവേ ഓവർ ബ്രിഡ്ജ് മുതൽ കുഴിയത്തുഭാഗം വരെ | 0.30 |
| 63. | വടക്കാല മുക്ക് പാലവിളഭാഗം | 0.17 |
| 64. | കുഴിയത്ത് ഭാഗം അവന്നുർകാവ് | 0.35 |
| 65. | കുറ്റിവിള ജംഗ്ഷൻ സീറാനഗർ | 0.11 |



000090

വാർഡ് VII

| | | |
|---|---|---|
| 66. | കിംഗ്സ് കോളേജ് മുതൽ ഗോവിന്ദമംഗലം | 0.35 |
| 67 | പഴയതെരുവ് മുതൽ ഗവ.ചരയൂ.പി.എൽ.പി.എസ് | 0.35 |
| 68. | കുരിശും മൂട് ജംഗ്ഷൻ മാമാരത്തുഭാഗം | 0.35 |
| 69. | കിഴക്കേ തെരുവ് ഐപ്പള്ളൂർ ജംഗ്ഷൻ | 0.11 |
| 70. | കിഴക്കേ തെരുവ് (St : Mary) | 0.20 |
| 71. | Q.S റോഡ് പറങ്കിമാംവിളഭാഗം വരെ | 0.10 |
| 72. | st :ഗ്രിഗോറിയോസ് കോളജ് മുതൽ കോൺവെന്റെ വരെ | 1.75 |
| 73. | കോളേജ് ജംഗ്ഷൻ മുതൽ കുരുമറ്റം | 1.00 |
| 74. | കോളജ് ജംഗ്ഷൻ മുതൽ തൊഴുവത്താം കോളനി | 0.35 |
| 75. | കോളജ് ജംഗ്ഷൻ മുതൽ മുതൽ പാറയ്കകൽ ഭാഗം വരെ | 0.50 |
| 76. | മുളവന ഭാഗം മുതൽ കരിങ്ങേട്ട് ഭാഗം വരെ | 0.10 |
| 77. | റെസിഡൻസി കോളജ് പണിക്കരഴികത്തു് ഭാഗം വരെ | 0.25 |

വാർഡ് VIII

| | | |
|---|---|---|
| 78. | മുക്കാലമുക്ക് കോളനി ജംഗ്ഷൻ | 0.30 |
| 79. | കുരിക്കാടു് ജംഗ്ഷൻ ആലും പാറ | 0.50 |
| 80. | അമ്പലപ്പുറം വെൺമണ്ണൂർ | 0.10 |
| 81. | പൂമൻ പൊയ്ക വാലല്ലൂർ ഏല | 0.48 |
| 82. | പുനവിള റോഡു് | 0.20 |
| 83. | പുനവിള(തെക്കേവിള പുത്തൻവീടു്) തൈപ്പണ ജംഗ്ഷൻ | 0.50 |
| 84. | തൈപ്പണജംഗ്ഷൻ ചരുവിള ജംഗ്ഷൻ<br>വറത്തിറോഡ് ഭാഗം നുതൽ ചാന്തൂർ ഏലാ ഭാഗം | 0.40<br>0.20 |

വാർഡ് IX

| | | |
|---|---|---|
| 85. | പീടികജംഗ്ഷൻ പാണ്ടിവയൽ | 0.25 |
| 86. | കാടാംകുളം ജംഗ്ഷൻ | 1.00 |
| 87. | ചന്ദ്രവിലാസംനീലേശ്വരം റോഡു് | 0.15 |
| 88. | അമ്മുമ്മ മുക്ക് കാടാംകുളം | 1.00 |
| 89. | അമ്മുമ്മമുക്കിന്റെ വലതുഭാഗം മുതൽ നീലേശ്വരം അമ്പലം വരെ | 0.65 |
| 90. | ശങ്കർ നിവാസ് മുതൽ റെയിൽവേ ലൈൻ നരെ | 0.15 |
| 91. | കൈതാകുഴി ജംഗ്ഷൻ റെയിവേ ലൈൻ | 0.15 |
| 92. | നീലേശ്വരം റോഡു് മുതൽ വടത്തോട്ടു ധന്യാ ജംഗ്ഷൻ വരെ | 0.60 |
| 93. | നീലേശ്വരം മുതൽ കിഴക്കോട്ടു് പണയിൽ ഏലാവരെ | 0.54 |
| 94. | വട്ടക്കുന്നേൽ മുതൽ ഏലാ വരെ | 0.15 |
| 95. | പ്ലാവിള പുത്തൻ വീടപ് മുതൽ ചെറുവട്ടിക്കോണം ഏലാവരെ | 0.15 |

വാർഡ് X

| | | |
|---|---|---|
| 96. | ഗണപതി ക്ഷേത്രം മുതൽ ചെന്തര മുക്ക് വരെ | 0.15 |
| 97. | പഴയ ജില്ല ട്രഷറി മുതൽനായാട്ട് കാവു് വരെ | 0.11 |
| 98. | നിരണത്ത് ഭാഗം മുതൽ മടത്തിൽ ഭാഗം വരെ | 0.12 |
| 99. | പ്രാക്കുളം മുക്ക് കീച്ചംപണി | 0.20 |
| 100. | മണികണ്ഡൻ ക്ഷേത്രം മുതൽ ആൾത്തറ ഭാഗം വരെ | 0.10 |
| 101. | പടിഞ്ഞാറ്റിൻ കര ശിവക്ഷേത്രം മുതൽ Q.S റോഡ് വരെ | 0.10 |
| 102. | അമ്മൻ കേവിൽ ക്ഷേത്രം മുതൽ ആലിയാട്ടു ബാഗം വരെ | 0.75 |
| 103. | മാർത്തോമ്മ സ്ക്കൂൾ മുതൽ പഴയ Q.S റോഡ് വരെ | 0.10 |
| 104. | മിൽക്ക് സൊസൈറ്റി മുതൽ കാർത്തിക ഭവൻ വരെ | 0.15 |
| 105. | ഓയൂർ റോഡ് മുതൽ പറയം കുന്ന് വരെ | 0.40 |

0.40

വാർഡ് XI

| | | |
|---|---|---|
| 106. | അമ്മൻ കോവിൽ മുതൽ ഗാന്ധി ജംഗ്ഷൻ വരെ | 0.10 |
| 107. | അർബൻ ബാങ്ക് മുതൽ കുത്തേത്ത് ജംഗ്ഷൻ | 0.12 |
| 108. | ഹൈസ്കൂൾ ജംഗ്ഷൻ വരിക്കോലിൽ ഭാഗം വരെ | 0.15 |
| 109. | വട്ടക്കോട്ട് ജംഗ്ഷൻ മുതൽ എം.സി.റോഡ് വരെ (ജോർഇജ്ജ് മെമ്മോറിയൽ ഹോസ്പിറ്റൽ വരെ ) | 0.50 |
| 110. | കേദരം ജംഗ്ഷൻ ജോർഇജ്ജ് മെമ്മോറിയൽ ഹോസ്പിറ്റൽ വരെ | 0.45 |
| 111. | കേദരം ജംഗ്ഷൻ പഴയ സർക്കിൾ ആഫീസ് | 0.10 |
| 112. | ഹരീശ്രീ ജംഗ്ഷൻ കോടിയാട്ടു ഭാഗം | 0.45 |
| 114. | ജോർജ് മെമ്മോറിയൽ ഹോസ്പറ്റിൽ മുതൽ പുലമൺ തോട് | -0.11 |
| 115. | പോസ്റ്റോഫീസ് ജംഗ്ഷൻ സബ് ജയിൽ | 0.25 |
| | ഗാന്ധിമുക്കു മുതൽ പടിഞ്ഞാറ്റിൻകര റോഡ് | 1.00 |

വാർഡ് XII

| | | |
|---|---|---|
| 116. | പുലിപ്പാറ മുക്ക് കാവിലഴികം | 0.10 |
| 117. | മുസ്ലീം പള്ളി കീച്ചം പള്ളി | 0.20 |
| 118. | മുസ്ലീം പള്ളി ഓവർ ബ്രിഡ്ജ് | 0.20 |
| 119. | മുസ്ലീം പള്ളി പുത്തൂർ റോഡ് | 0.10 |
| 120. | പുത്തൂർ റോഡ് മാർക്കറ്റ് ജംഗ്ഷൻ | 0.20 |

## കൊട്ടാരക്കര പഞ്ചായത്ത് അധീനതയിലുള്ള കോൺക്രീറ്റ് റോഡ്

| ക്രമമ്പർ | റോഡ് | വാർഡ് | ദൂരം |
|---|---|---|---|
| 1 | സൂര്യാഗാമെസ്സ് മുതൽ കുഴിവിള | I | 0.11 |
| 2 | ധവാൻ നഗർ മുതൽ O.LH കോളനി | IV | 0.10 |
| 3. | N.S.S കരയോഗം മുതൽ പാണ്ടിവയൽ വരെ | | 0.10 |
| 4. | N.S.S കരയോഗം മുതൽ തെക്കേട്ട് കെ.വി റോഡ് വരെ | | 0.10 |
| 5. | കെ.ഐ.പി കനാൽ മുതൽ ഇ.റ്റി. സി റോഡ് | | 0.12 |



000092

| | | | |
|---|---|---|---|
| 6. | ഇലക്ട്രിസിറ്റി ആഫീസിന് വടക്കുവശത്തുകൂടി ആനകുഴി ഭാഗം വരെ | | 0.08 |
| 7. | കെ.വി റോഡ് മുതൽ നെല്ലി വിളയിട പുരയിടം വരെ | | 0.12 |
| 8. | ഗാന്ധി നഗർ റോഡ് മുതൽ പ്ലാക്കോട്ടു വേടർ കോളനി | | 0.15 |
| 9. | തെങ്ങു വിള ജംഗ്ഷൻ മുതൽ Q.S റോഡ് | | 0.20 |
| 10. | കൊച്ചിലേഴത്ത് മുതൽ Q.S റോഡ് | 5 | 0.20 |
| 11. | പാലമൂട് മുതൽ കുറ്റിവിളജംഗ്ഷൻവരെ | 6 | 0.10 |
| 12. | മലക്കരഴികം മുതൽ മാന്നാം പള്ളിവരെ | 6 | 0.10 |
| 13. | ആകാശ് ഹോട്ടൽമുതൽ ബെസേലിയസ്‌വരെ | | |
| | (നിസാ ആഡിറ്റോറിയംവരെ) | 6 | 0.15 |
| 14. | മറവൂർ റോഡ് മുതൽ പീടികയിൽ റോഡുവരെ | 6 | 0.10 |
| 15. | കോട്ടപ്പുറം റോഡുമുതൽ ഏലാവരെ | 6 | 0.10 |
| 16. | ഗാതാഞ്ജലി ജംഗ്ഷൻ മുതൽ വാഴാപ്പള്ളിവരെ | 6 | 0.20 |
| 17. | രാജീവ് ചാരിറ്റബിൾ സൊസൈറ്റിമുതൽ | | |
| | ശ്മശാനംവരെ | 9 | 0.15 |
| 18. | Q.S. റോഡുമുതൽ വടക്കോട്ടുള്ള റോഡ് | 9 | 0.10 |
| 19. | പെട്രോൾപമ്പുമുതൽ ഗണപതി ക്ഷേത്രംവരെ | 10 | 0.12 |
| 20. | റ്റി. വി. ജംഗ്ഷൻമുതൽ ഓൾഡ് Q.S റോഡ് | 10 | 0.15 |
| 21. | ദേവന്നൂർ ജംഗ്ഷൻ മുതൽ ശ്രീകൃഷ്ണഭവൻവരെ | 11 | 0.10 |
| 22. | ഹോസ്പിറ്റൽ ജംഗ്ഷൻമുതൽ ഓൾഡ് Q.S. വരെ | 11 | 0.10 |

## മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | റോഡ് | വാർഡ് | ദൂരം |
|---|---|---|---|
| 1 | ബഥേൽജംഗ്ഷൻ ആവിയോട്ട്ഭാഗംവരെ | 1 | 0.12 |
| 2 | മുളയറ ബ്രിഡ്ജ് ആവിയോട്ട് ഭാഗം | 1 | 1.00 |
| 3 | മാർത്തോമ്മാപള്ളിമുതൽ പള്ളിവടക്കതിൽഭാഗം വരെ | 1 | 0.10 |
| 4 | കുന്നത്ത് മുക്ക് നടുക്കുന്നിൽമുക്ക് | 1 | 0.60 |
| 5 | ആവിയോട്ട് ജംഗ്ഷൻ ഏലാ ജംഗ്ഷൻ | 1 | 0.06 |
| 6 | പേരൂർമുക്ക് ആവിയോട്ട് ഗ്രീൻവില്ല | 1 | 0.35 |
| 7 | സരസ് ജംഗ്ഷൻ പനച്ചിവിള ജംഗ്ഷൻ | 1 | 0.13 |
| 8 | പനച്ചിവിളമുതൽ ഇടവക്കോണം | 1 | 0.20 |
| 9 | പഴയ പോസ്റ്റ്ഓഫീസ്മുതൽ ഐസക്നഗർവരെ | 1 | |
| 10 | എസ്.കെ.വി.എച്ച്.എസ്മുതൽ തോട്ടുംകര ഏലാവരെ | 2 | 0.10 |
| 11 | കൊന്നക്കോട്മുക്കു മുതൽ തെക്കോട്ട്കനാൽറോഡുവരെ | 2 | 0.15 |
| 12 | പെരുമനജംഗ്ഷൻമുതൽ സദാനന്ദപുരംറോഡുവരെ | 2 | 0.15 |
| 13 | ചർച്ച്ഓഫ്ഗോഡുമുതൽ കൊന്നക്കൽ ഓലാവരെ | 2 | 0.15 |
| 14 | തട്ടത്ത്കാഷ്യൂഫാക്ടറി മുതൽ കനാൽറോഡുവരെ | 2 | 0.10 |
| 15 | തുണ്ടിൽ വാതുക്കൽമുതൽ കണ്ണാടിക്കോണം | 2 | 0.20 |
| 16 | കോളറാക്കോണം മുതൽ മൂഴിയിൽ ഏലാവരെ | 2 | 0.20 |
| 17 | മുണ്ടപ്പള്ളിവാതുക്കൽ മുതൽ ആയില്ലൂർഏലാവരെ | 2 | 0.20 |
| 18 | വാഴ്‌വേലി ജംഗ്ഷൻ മുതൽ എം. സി. റോഡുവരെ | 3 | 1.28 |
| 19 | മുക്കോട് ഏലാ മുതൽ അയണിമൂടുവഴിമടന്തക്കോണംവരെ | 3 | 0.50 |

000093

| | | | |
|---|---|---|---|
| 20 | ഈയംകുന്നുമുതൽ പാളക്കോണം വരെ | 3 | 0.35 |
| 21 | തോൽക്കട ജംഗ്ഷൻമുതൽ ഈയംകുന്നുവരെ | 3 | 1.00 |
| 22 | ഈയംകുന്നു മുതൽ കോദാർകോണംവരെ | 3 | 0.15 |
| 23 | ഭഗവതികോണം മുതൽ ചാങ്ങയിൽമുക്കുവരെ | 3 | 0.50 |
| 24 | തട്ടത്തുഭാഗം മുതൽ കരിക്കംഭാഗംവരെ | 3 | 0.50 |
| 25 | മൈലാടുംകുന്ന് മുതൽ SDAH നഗർവരെ | 3 | 2.00 |
| 26 | പേരൂർകിഴക്കതിൽമുതൽ വണ്ടടി ഏലാവരെ | 3 | 0.25 |
| 27 | ഇടയിലവിളറോഡു മുതൽമാർത്തോമ്മാചർച്ചുവരെ | 3 | 0.20 |
| 28 | ഇടയിലവിളമുക്കുമുതൽ പുലിക്കോലിപൊയ്കവരെ | 3 | 0.10 |
| 29 | കൊച്ചുകിഴക്കേമുക്ക്മുതൽ ആനയഴിക്കകത്തുവരെ | 3 | 0.20 |
| 30 | കൊച്ചുകിഴക്കേമുക്ക്മുതൽ കേരളകാപ്യൂഫാക്ടറിവരെ | 3 | 0.30 |
| 31 | കുരിശ്ശടിമുക്കു റോഡുമുതൽ എൽ. ഐ. സി റോഡ് | 3 | 0.75 |
| 32 | തൃക്കണ്ണമംഗൽ ഏലാറോഡ് | 3 | 0.20 |
| 33 | ചെറുകുളത്തു ജംഗ്ഷൻമുതൽ C.V.N.M സ്കൂൾ വരെ | 3 | 0.20 |
| 34 | വടക്കടത്ത് മുക്കുമുതൽമുക്കോട്ഏലാവരെ | 3 | 1.40 |
| 35 | വില്ലാകോണം ചർച്ച്ഓഫ്ഗോഡ് മുതൽപഞ്ചായത്ത്കുളം | 3 | 0.40 |
| 36 | കോടിയാട്ടുകുറുങ്ങേൽ വയൽഭാഗംവരെ | 3 | 0.75 |
| 37 | പൊന്നംപ്പാട്ടുമുതൽ ആയില്ലൂർവരെ | 4 | 0.30 |
| 38 | കൊല്ലംപ്പാട്ടുമുതൽ സി. പി. കുന്ന് ലക്ഷംവീട് വരെ | 4 | 0.15 |
| 39 | കെ. ഐ. പി.കനാൽമുതൽ പുഷ്പമംഗലംവരെ | 4 | 0.30 |
| 40 | കെ. ഐ. പി. കനാൽമുതൽ വേലംകോണം വരെ | 4 | 0.50 |
| 41 | കാവുവിള ജംഗ്ഷൻമുതൽ ലക്ഷംവീടുവരെ | 5 | 0.20 |
| 42 | കാവുവിളമുതൽ ചെന്തറ റോഡുവരെ | 5 | 0.15 |
| 43 | പയണിമൂടു ജംഗ്ഷൻറോഡ് | 5 | 0.10 |
| 44 | പയണിമൂടു ജംഗ്ഷൻമുതൽ ശ്മശാനംവരെ | 5 | 0.60 |
| 45 | കളിയിലുവിളമുതൽപടിഞ്ഞാറോട്ട്തരകന്റെവീടുവരെ | 6 | 0.21 |
| 46 | പോളച്ചിറമുതൽമാന്നൂർവരെ | 6 | 0.55 |
| 47 | കലാനിലയം ജംഗ്ഷൻമുതൽകെ. ഐ.പി.കനാൽവരെ | 6 | 0.12 |
| 48 | ചരുവിളജംഗ്ഷൻമുതൽ കോട്ടയ്ക്കകം | 7 | 0.20 |
| 49 | നിസ ആഡിറ്റോറിയം മുതൽ വടക്കോട്ടുപുലമണ്ഏലാവരെ | 7 | 0.70 |
| 50 | ഇലവിള ജംഗ്ഷൻമുതൽ ബ്രിഡ്ജ്വരെ | 7 | 0.15 |
| 51 | സി. എസ്. ജംഗ്ഷൻമുതൽ തെങ്ങുവിളഭാഗംവരെ | 7 | 0.10 |
| 52 | Q.S. റോഡുമുതൽ കനാൽ റോഡുവരെ | 7 | 0.10 |
| 53 | സെന്റ്. മേരീസ്പള്ളിമുതൽപഴയതെരുവ്ഗവ. യു.പി.എസ് | 7 | 0.20 |
| 54 | മുട്ടവിളജംഗ്ഷൻമുതൽ പഴയതെരുവ്ഗവ. യു. പി. എസ് | 7 | 0.20 |
| 55 | പണവിളജംഗ്ഷൻ ഹരിജൻ കോളനി | 7 | 0.40 |
| 56 | പാറയ്ക്കൽഭാഗംമുതൽ മട്ടവിളതെക്കേവശംവരെ | 7 | 0.25 |
| 57 | പാറയ്ക്കൽ ഭാഗംമുതൽ കുരുമുറ്റംഭാഗംവരെ | 7 | 0.50 |
| 58 | കോളജ് ഗേറ്റുമുതൽ ഇരിങ്ങൂർഭാഗംവരെ | 7 | 0.15 |
| 59 | പുളിമൂട്ടിൽഭാഗം മുതൽ ചരുവിള ഭാഗംവരെ | 7 | 0.15 |
| 60 | പറയൂർ ഭാഗംമുതൽ ചരുവിള ഭാഗണവരെ | 7 | 0.15 |
| 61 | സസ്യമാർക്കറ്റ്മുതൽ മലയിലഴികംഭാഗംവരെ | 7 | 0.36 |
| 62 | കോട്ടപ്പുറം ജംഗ്ഷൻമുതൽ ചരുവിളഭാഗംവരെ | 7 | 0.15 |
| 63 | എം. സി.റോഡ് മുതൽകരിങ്ങോട്ട്ഭാഗംവരെ | 7 | 0.20 |
| 64 | കരിങ്ങോട്ട് പടിഞ്ഞാറേഭാഗംമുതൽ മണ്ണറ ഏലാവരെ | 7 | 0.40 |
| 65 | ഐപ്പള്ളൂർമുതൽ മൈലാടുംഭാഗംവരെ | 7 | 0.32 |
| 66 | കളിയിലിൽ പുത്തൻവീട്മുതൽ കാരയ്ക്കൽഏലാവരെ | 8 | 0.35 |
| 67 | കല്ലുവിളമുക്ക് മുക്കാലമുക്ക്മുതൽ ചാത്തൻവിളഭാഗംവരെ | 8 | 0.25 |
| 68 | അമ്പലപ്പുറം മുതൽലക്ഷംവീട്വരെ | 8 | 0.10 |
| 69 | അമ്പലപ്പുറം ലക്ഷംവീട് പടിഞ്ഞാറേഭാഗംമുതൽകൈതാക്കുഴി ഏലാവരെ | 8 | 0.11 |



000094

| | | | |
|---|---|---|---|
| 70 | കരിങ്ങോട്ടുജംഗ്ഷൻ മുതൽ വലിയവീട്‌വരെ | 8 | 0.24 |
| 71 | കോണത്തു ജംഗ്ഷൻമുതൽ വാറത്തിൽജംഗ്ഷൻവരെ | 8 | 1.00 |
| 72 | പടിഞ്ഞാറേവിള ജംഗ്ഷൻമുതൽ വലിയവീടുവരെ | 8 | 0.24 |
| 73 | മേലേവിള വടക്കേജംഗ്ഷൻമുതൽഅയ്യംപള്ളിക്ഷേത്രംവരെ | 8 | 0.30 |
| 74 | കല്ലുവിളജംഗ്ഷൻമുതൽ അമ്പലപ്പുറംഏലാവരെഗിരീഷ്ഭവൻ | 8 | 0.23 |
| 75 | പാലക്കോട്ട് വടക്കേഭാഗം മുതൽ തലകുളം ഭാഗംവരെ | 8 | 0.15 |
| 76 | പാലക്കോട്ട്വടക്കേഭാഗംമുതൽ തലകുളം വരെ | 8. | 0.15 |
| 77 | പുഷ്പമംഗലം ജംഗ്ഷൻമുതൽ ആനയിൽഭാഗംവരെ | 8 | 0.30 |
| 78 | കുന്നുംപുറത്ത് പുത്തൻവീടുമുതൽനെടുംകുളം ഏലാവരെ | 8 | 0.15 |
| 79 | തുമ്പയ്യത്ത് പാറമൂട്മുതൽ വയംകുളംഭാഗംവരെ | 8 | 0.21 |
| 80 | സെന്റ്. മേരീസ് ചർച്ചുമുതൽകളഫ്ലില ഏലാവരെ | 8 | 0.48 |
| 81 | പുനവിളറോഡ് | 8 | 0.15 |
| 82 | ചക്കവാണി ജംഗ്ഷൻമുതൽ(പാറവിള)കല്ലുവാതുക്കൽ | 8 | 0.24 |
| 83 | കല്ലുവാതുക്കൽ ഇ. റ്റി. സി. റോഡ് | 8 | 0.48 |
| 84 | കല്ലുവാതുക്കൽ മുതൽ ശങ്കരൻവൈദ്യന്റെവീടിനടുത്ത്കുന്നിവഴികംഏലാ വരെ | 8 | 0.49 |
| 85 | പാലമൂട്ജംഗ്ഷൻമുതൽ തുമ്പയ്യത്ത്ജംഗ്ഷൻവരെ | | |
| | തുമ്പേത്ത് പാറമുതൽ കല്ലുവാതുക്കൽറോഡുവരെ | 8 | 0.15 |
| 86 | രാധാമന്ദിരംജംഗ്ഷൻമുതൽ തുമ്പയ്യത്ത്ഭാഗംവരെ | 8 | 0.15 |
| 87 | ഇ.റ്റി.സി. റോഡുമുതൽ കാവുംകോണം വനക്കരവാതുക്കൽ | 9 | 0.15 |
| 88 | കാടാംകുളം ജംഗ്ഷൻമുതൽകിഴക്കോട്ട്വീഴൂർഭാഗംവരെ | 9 | 0.15 |
| 89 | ലൈൻസ്ക്ലബ് മുതൽ പടിഞ്ഞാറോട്ട്കാടാംകുളൊനീലേശ്വരം | 9 | 0.15 |
| 90 | നീലേശ്വരംറോഡുമുതൽ റെയിൽവേലൈൻ സമീപം | 9 | 0.15 |
| 91 | അജിതാ പ്രൊവിഷ്യൻസ്റ്റോർ മുതൽ റെയിൽവേലൈൻവരെ | 9 | 0.25 |
| 92 | ഗോകുലം ജംഗ്ഷൻമുതൽ റഷീദ്മൻസിൽവരെ | 9 | 0.30 |
| 93 | ഗോകുലം മുക്കുമുതൽ നീലേശ്വരംറോഡുവരെ | 9 | 0.55 |
| 94 | കൈതാക്കുഴി ജംഗ്ഷൻ മുതൽതോക്കോട്ടുകാവ്‌വരെ | 9 | 0.15 |
| 95 | നീലേശ്വരം എൽ. പി. എസ് മുതൽ കിഴക്കോട്ട്വയൽവരെ | 9 | 0.48 |
| 96 | നീലേശ്വരംമുക്കു മുതൽ കാവു വരെ | 9 | 0.30 |
| 97 | നീലേശ്വരം പള്ളിമുതൽ കിഴക്കോട്ട് ചന്തയിൽേലാവരെ | 9 | 0.46 |
| 98 | ധന്യാജംഗ്ഷൻമുതൽകിഴക്കോട്ട്പണയിൽ ഏലാവരെ | 9 | 0.46 |
| 99 | പണ?ഇൽ ഏലാറോഡ് | 9 | 0.15 |
| 100 | നീലേശ്വരം അമ്പലം മുതൽ കിഴക്കോട്ട് തുമ്പേലാവരെ | 9 | 0.35 |
| 101 | Q.S. റോഡുമുതൽ ആയൂർ വേദഹോസ്പിറ്റൽവരെ | 9 | 1.00 |
| 102 | രാജീവ് ചാരിറ്റബിൾ സൊസൈറ്റിയുടെ | | |
| | പടിഞ്ഞാറുവശംമുതൽ വടക്കോട്ടുള്ള റോഡ് | 9 | 0.25 |
| 103 | നാരായണമംഗലംമുതൽ പോലീസ് ക്വോട്ടേഴ്സ്‌വരെ | 11 | 0.80 |
| 104 | മുസ്ലീം പള്ളിമുതൽ മിനർവ ജംഗ്ഷൻവരെ | 12 | 0.20 |

000095

## കൊട്ടാരക്കര പഞ്ചായത്ത് ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ

Ref. A11H

### റോഡുകളുടെ സ്വഭാവം (നീളം)

| വാർഡ് | കച്ച | പക്ക | ടാർ റോഡുകൾ | | | ആകെ |
|---|---|---|---|---|---|---|
| | | | മെറ്റൽ | പഞ്ചായത്ത് | PWD | |
| 1 | 2.560 | 0.110 | 0.210 | 1.750 | 2.00 | 6.630 |
| 2 | 1.360 | - | - | 8.900 | 1.750 | 12.010 |
| 3 | 12.575 | - | - | 9.315 | 2.502 | 24.390 |
| 4 | 1.250 | 0.680 | - | 3.950 | 1.800 | 7.680 |
| 5 | 0.850 | 0.400 | - | 3.950 | 1.00 | 6.200 |
| 6 | 0.880 | 0.190 | - | 2.180 | 2.50 | 5.750 |
| 7 | 4.550 | 0.950 | 1.050 | 6.410 | 3.50 | 16.460 |
| 8 | 6.475 | - | 0.600 | 2.980 | 2.800 | 12.855 |
| 9 | 4.960 | 0.250 | - | 4.790 | 3.600 | 13.600 |
| 10 | - | 0.270 | - | 2.180 | 2.600 | 5.050 |
| 11 | 0.800 | 0.100 | - | 2.825 | 1.400 | 5.125 |
| 12 | 0.500 | - | - | 0.850 | 0.500 | 1.850 |
| ആകെ | **36.760KM** | **2.950KM** | **1.860KM** | **50.080KM** | **25.95KM** | **117.600KM** |

(പഞ്ചായത്താഫീസിൽനിന്നും കിട്ടിയ വിവരം)

### മാർക്കറ്റ്

കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ചന്തയുടെ ഇല്ലായ്മ നമ്മുടെ കർഷകർക്കും ന്യായമായ വില ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല. കൊട്ടാരക്കരയിൽ പുലമൺ ജംഗ്ഷനിൽ ഒരു സസ്യമാർക്കറ്റ് ആരംഭിക്കുന്നതിന്വേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ട്. എത്രയും പെട്ടെന്ന് സസ്യമാർക്കറ്റ് ആരംഭിക്കുന്നതിന് കഴിയണം. റയിൽവേസ്റ്റേഷൻ, തൃക്കണ്ണമംഗൽ, അമ്പലപ്പുറം എന്നീ സ്ഥലങ്ങളിൽ സ്ഥിരം മാർക്കറ്റുകൾ തുടങ്ങണം. പഞ്ചായത്തിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കണം.

തദ്ദേശീയ കാർഷികോല്പന്നങ്ങൾ കൃഷിക്കാരോട് നേരിട്ട് വാങ്ങുന്നതിനും വിതരണം നടത്തുന്നതിനും സഹകരണമേഖലയിൽ മാർക്കറ്റിംഗ് സൗകര്യം തുടങ്ങണം.

നിലവിൽ കൊട്ടാരക്കര ചന്തമുക്കിൽ സ്ഥിതിചെയ്യുന്ന മത്സ്യമാർക്കറ്റ് സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലം ലഭിച്ചാൽ അവിടെനിന്ന് മാറ്റിസ്ഥാപിക്കുന്ന് അഭികാമ്യമാണ്.



000096

# V–7 സാ പാർപ്പിടവും മൂഹ്യക്ഷേമവും

**പാർപ്പിടം :**

പാർപ്പിട സൗകര്യങ്ങളുടെ പ്രശ്നം ഇന്ത്യയിൽ സങ്കീർണ്ണമായ തോതിൽ വളർന്നിട്ടുണ്ട്. ജനസംഖ്യയുടെ ക്രമാതീതമായി വർദ്ധനവിൻെറ ഫലമായി പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിലും പ്രശ്നങ്ങൾ വർദ്ധിച്ചിട്ടുണ്ട്. 1971 ലെ കണക്കനുസരിച്ച് 1.45 കോടി ഭവനങ്ങളാണ് ഇന്ത്യയിൽ വേണ്ടിയിരുന്നെങ്കിൽ ഇന്ന് 3.18 കോടി ഭവനങ്ങൾ പുതിയതായി നിർമ്മിക്കേണ്ടിയിരിക്കുന്നു. 88 ലക്ഷം ഭവനങ്ങളുമാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. 1975 നു ശേഷം ഗവൺമെൻറ് ഭവനനിർമ്മാണത്തെപ്പറ്റി ആലോചിച്ച് ധാരാളം പുതിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗവൺമെൻറുകളും LICയും ഭവനനിർമ്മാണ പദ്ധതിക്കുവേണ്ട പണം വായ്പയായി നൽകി വരുന്നു. ഭവന നിർമമാണത്തിൻെറ സാങ്കേതിക കാര്യങ്ങളുടെ ചുമതല വഹിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ 1954 ൽ കേന്ദ്രഗവൺമെൻറിൻെറ ഭാഗമായി ആരംഭിച്ച നാഷണൽ ബിൽഡിംഗ് ഓർഗനൈസേഷനും സംസ്ഥാന ഗവൺമെൻറുകളുടെ കീഴിൽ ഹഡ്കോയും (HUDCO) സംസ്ഥാന ഭവനനിർമ്മാണ ബോർഡുകളും ആണ്. ഇന്ന് അഖിലേന്ത്യാ പ്രശസ്തി ആർജ്ജിച്ചു നിൽക്കുന്ന കേരളാ ഗവൺമെൻറിൻെറ കീഴിലുള്ള നിർമ്മിതി കേന്ദ്രയും ഈ രംഗത്ത് സ്തുത്യർഹമായ സേവനം നിർവ്വഹിക്കുന്നു.

മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങളിൽപ്രഥമ സ്ഥാനം അർഹിക്കുന്ന പാർപ്പിട പ്രശ്നത്തിൽ കൊട്ടാരക്കര ഗ്രാമ പഞ്ചായത്തും മറ്റു പ്രദേശങ്ങളെപ്പോലെ ഇന്നും സ്വയം പര്യാപ്തതയിൽ എത്തിയിട്ടില്ല. കൂട്ടുകുടുംബ സമ്പ്രദായം അവസാനിക്കുകയും ജനസാന്ദ്രതയിൽ കണ്ടുവരുന്ന വർധനവും അമിതമായ ജനപ്പെരുപ്പവും ആണ് കുടുംബങ്ങളോടുള്ള ജനങ്ങളുടെ ആസക്തിയും പാർപ്പിട നിർമ്മാണ രംഗത്ത് വർദ്ധിച്ച തോതിലുള്ള ആവശ്യകത എടുത്തു കാട്ടുന്നു. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്ന ഈ പ്രശ്നത്തിൻെറ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ശരിയും ശാസ്ത്രീയവുമായ രീതിയിലുള്ള പാർപ്പിട പ്രദേശങ്ങൾ തയ്യാർ ചെയ്യുന്നതിലും ചിലവു കുറഞ്ഞതും പ്രദേശങ്ങൾക്കനുസൃതമായ രീതിയിലുള്ള വീടുകൾ നിർമ്മിച്ച് പാർപ്പിട രംഗത്തെ വർദ്ധിച്ച തോതിലുള്ള ആവശ്യം നിറവേറ്റപ്പെടുന്നതിനുള്ള നടപടികൾ നാളിതു വരെ സ്വീകരിച്ചു കാണുന്നില്ല. കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 749 ആണെങ്കിൽ ഈ പ്രദേശത്തെ ഇത് 1597 ആണ്. വർഗ് വർണ്ണ വ്യത്യാസം കൂടാതെ നാനാ മതസ്ഥർ ഒത്തു ചേർന്നു താമസിക്കുന്ന ഇവിടെ കർഷക തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും മറ്റ് ഉദ്യോഗസ്ഥരോടും വ്യവസായികളൊടുമൊപ്പം ഇടതിങ്ങി പാർക്കുന്നു. ഭൂപ്രകൃതി അനുസരിച്ച് കുന്നുകളും സമതല പ്രദേശങ്ങളും നിറഞ്ഞ ഈപ്രദേശത്ത് കൂടുതലും സാധാരണക്കാരാണ്. 12 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് ഇന്ന് വികസനത്തിൻെറ പാതയിലാണ്. എങ്കിലും പൂർണ്ണമായി നിർമ്മിക്കപ്പെട്ട 10223 വീടുകളിൽ അത്യാവശ്യ സൗകര്യങ്ങളുള്ളത് ഏകദേശം 40% മാത്രവും15% ത്തിലധികം വീടുകൾ കുടിലുകളും ആണ്. അതു പോലെ ഏകദേശം 25% ത്തിലധികം കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ശുചിത്വ പരിപാലനം, ശുദ്ധജല ലഭ്യത, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം തുടങ്ങിയവ 40% കുടുംബങ്ങൾക്കുമില്ല.

ഈ ഗ്രാമപഞ്ചായത്തിലെ 10221 വീടുകളിൽ 424 എണ്ണം ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളും 3230 എണ്ണം കോൺക്രീറ്റ് കെട്ടിടങ്ങളും 5088 എണ്ണം ഓടുമേഞ്ഞ വീടുകളും 1481 എണ്ണം ഓലമേഞ്ഞ വീടുകളോ കുടിലുകളോ ആണ്. പട്ടിക 1.

ഈ ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിലായി നിർമ്മിച്ചിട്ടിള്ള വീടുകളിൽ ചിലതൊക്കെ നിർമ്മാണ രീതിയിലും നിർമ്മാണ ചിലവുകളുടെ കാര്യത്തിലും ഏറെക്കുറെ തുല്യത പുലർത്തുന്നുണ്ടെങ്കിലും ഒന്നിൽക്കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടേയും കോൺക്രീറ്റ് കെട്ടിടങ്ങളുടേയും നിർമ്മാണച്ചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. അതുപോലെ തന്നെ ഓലമേഞ്ഞ വീടുകളോ കുടിലുകളോ മാത്രം സ്ഥിതിചെയ്തിരുന്ന ചില മേഖലകളിൽ നിന്ന് ആർഭാടമായ രീതിയിൽ വലിയ വീടുകളും കോൺക്രീറ്റ് വീടുകളും കാണുന്നു.

ഗൾഫ് പണത്തിൻെറ സ്വാധീനം മറ്റു മിക്ക സ്ഥലങ്ങളിലേയും പോലെ ഈ പഞ്ചായത്തിൻെറ സാമ്പത്തിക ഘടനയുടെ നിർണ്ണായക ഘടകമായി മാറിയിട്ടുണ്ട്. അത് ഏറ്റവും അധികം പ്രതിഫലിക്കുന്നത് ഇവിടുത്തെ ഭവന നിർമ്മാണത്തിലാണ്. ഒരു കാലത്ത് ഒറ്റപ്പെട്ടതും കുടിലുകൾ നിറഞ്ഞതുമായ ചില പ്രദേശങ്ങൾ ഇന്ന് കോൺക്രീറ്റ്



000097

പട്ടിക 1

## വീടുകളുടെ തരംതിരിച്ചുള്ള പട്ടിക – വാർഡുതലത്തിൽ

### പട്ടിക No. 1

| വാർഡ് | കെട്ടിടങ്ങളുടെ ആകെ എണ്ണം | മേല്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ | കോൺക്രീറ്റ് | ഓട് | ഓല |
| 1 | 657 | 61 | 96 | 451 | 49 |
| 2 | 899 | 7 | 296 | 422 | 174 |
| 3 | 795 | 30 | 177 | 483 | 105 |
| 4 | 843 | 10 | 104 | 488 | 241 |
| 5 | 539 | 12 | 142 | 261 | 124 |
| 6 | 689 | 9 | 266 | 366 | 48 |
| 7 | 875 | 107 | 247 | 374 | 147 |
| 8 | 958 | 2 | 170 | 482 | 304 |
| 9 | 759 | 12 | 266 | 358 | 123 |
| 10 | 1167 | 54 | 626 | 456 | 31 |
| 11 | 1226 | 85 | 610 | 445 | 86 |
| 12 | 816 | 35 | 232 | 340 | 49 |
| **ആകെ** | **10223** | **424** | **3230** | **5088** | **1481** |

സൗധങ്ങളാൽ നിറഞ്ഞു നില്കുന്നു. ക്രിയാത്മകമായ ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വളരെയധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ കഴിയുമായിരുന്ന ഗൾഫ് പണം മൊത്തത്തിൽ ഇന്ന് ഒരേ ഒരു നിർമ്മാണത്തിന് മാത്രമേ കേന്ദ്രീകരിക്കുന്നുള്ളു. അതാണ് ഭവന നിർമ്മാണം. ഈ പഞ്ചായത്തിലെ 5,6,12 വാർഡുകൾ ഉദാഹരണമായി നമുക്കു ചൂണ്ടിക്കാട്ടാം. പഴമയുടെ അഴകിനോട് കമ്പമില്ലാതെ പണിതു കൂട്ടുന്ന ഈ കോൺക്രീറ്റ് കൂടാരങ്ങൾ പരിസ്ഥിതി പ്രശ്നം പോലും സൃഷ്ടിച്ചേക്കാം

ഒരേ സമയത്ത് വിദേശ പണത്തിൻെറ ഒഴുക്കിൽ ചില വാർഡുകൾ കോൺക്രീറ്റ് വനങ്ങളാകുമ്പോൾ മറ്റു ചില വാർഡുകളിൽ കൂലി പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരുടെ കൊച്ചു കുടിലുകൾ നിറഞ്ഞതാണ്. ഇതിൽ കൂടുതലും കർഷക തൊഴിലാളികളുടെയും കശുവണ്ടി,ക്വാറി , ചുമട്ടു തൊഴിലാളികളുടേതുമാണ്. ഇതിൽ പ്രധാനം അമ്പലപ്പുറം, പടിഞ്ഞാറ്റിൻ കര, ഈയം കുന്ന് നാലാംവാർഡുകളിലാണ്.

## ഓലമേഞ്ഞ വീടുകളും അതിലെ കുടുംബാംഗങ്ങളും

### പട്ടിക No. 2

| വാർഡ് | ഓലമേഞ്ഞ വീടുകളുടെ എണ്ണം | താമസിക്കുന്ന കുടുംബംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | 49 | 238 |
| 2 | 174 | 682 |
| 3 | 105 | 409 |
| 4 | 241 | 957 |
| 5 | 124 | 494 |
| 6 | 48 | 172 |
| 7 | 147 | 474 |
| 8 | 304 | 989 |
| 9 | 123 | 394 |
| 10 | 31 | 124 |
| 11 | 86 | 279 |
| 12 | 49 | 234 |
| ആകെ | 1481 | 5446 |



000098

ജനങ്ങളുടെ മനസ്സിൽ സ്വയം സ്ഥാനം നേടുന്നതിലും മറ്റുള്ളവരുടെ ഇടയിൽ സ്ഥാനം സൃഷ്ടിക്കുന്നതിലും ഒരു പ്രധാന പങ്കു വഹിക്കുന്ന ലക്ഷങ്ങാം മുടക്കിയുള്ള ഭവന നിർമ്മാണവും വയൽ നികത്തിയുള്ള കോൺക്രീറ്റ് കൂടാരങ്ങളുടെ നിർമ്മാണവും ഈ പഞ്ചായത്തിൻെറ പ്രധാന റോഡായ QS റോഡിൻെറയും MC റോഡിൻെറയും കൊട്ടാരക്കര പുത്തൂർ റോഡിൻെറയും ഇരു വശങ്ങളിലുമായി കണ്ടുവരുന്നു. 50 രൂപാ മുടക്കി പുര കെട്ടി മേയുവാൻ കഴിയാതെ അധികാരസ്ഥാനങ്ങളുടെ നേർക്ക് ആശാവഹമായി നോക്കി നില്കുന്ന അശരണരായ ആബാലവൃദ്ധം ജനങ്ങളുള്ള ഈ പഞ്ചായത്തിൽ 50 ലക്ഷത്തോളം രൂപാ വില വരുന്ന വീടുകാം നിർമ്മിച്ച് മറ്റുള്ളവർക്ക് അപ്രാപ്യമായ സ്ഥാനങ്ങളിൽ നിൽക്കുവാൻ കൊതിക്കുന്ന ഒറ്റപ്പെട്ടവരും ഉണ്ടെന്നുള്ളത് ഒരു വിരോധാഭാസമാണ്.

ഈ പഞ്ചായത്തിലെ 2164 കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണെന്നിരിക്കെ സർക്കാർ ഏജൻസികാം മുഖേനയും വീടു കിട്ടിയവരുടെ എണ്ണവും പരിമിതമാണെന്ന് കണക്കുകളുടെ എണ്ണം കാണിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികാം പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക തഴെ ചേർക്കുന്നു.

## ഭവന ലഭ്യതാ പട്ടിക

### പട്ടിക No. 3

| വർഷം | RLEGP | NREP | IAY | MWS | JRY | അൺടൈഡ് ഫണ്ട് | ആകെ |
|---|---|---|---|---|---|---|---|
| 1985 – 86 | 14 | — | — | — | — | — | 14 |
| 1986 – 87 | 31 | — | — | — | — | — | 31 |
| 1987 – 88 | 12 | 6 | — | — | — | — | 19 |
| 1988 – 89 | — | 20 | 5 | — | — | — | 25 |
| 1989 – 90 | — | — | 5 | — | 17 | — | 22 |
| 1990 – 91 | — | — | — | — | 17 | — | 17 |
| 1991 – 92 | — | — | 6 | — | 6 | 6 | 18 |
| 1992 – 93 | — | — | 2 | 14 | 9 | 5 | 30 |
| 1993 – 94 | — | — | 9 | 5 | 10 | 6 | 30 |
| 1994 – 95 | — | — | 2 | 17 | 9 | 6 | 34 |
| 1995 – 96 | — | — | 33 | — | — | 2 | 35 |
| ആകെ | 58 | 26 | 62 | 36 | 36 | 68 | 275 |

വിവിധ സ്കീമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകാം 1985-86 മുതൽ 95-96 വരെ 12 വാർഡുകളിലായി 275 എണ്ണമാണെന്ന് കണക്കുകാം കാണിക്കുന്നു.

IAY, JRY, രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി, പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ , പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ് , RLEGP, NREPമറ്റു സഹകരണ ഷെഡ്യൂാംഡ് ബാങ്കുകളുടെ വായ്പകാം, തുടങ്ങിയ പദ്ധതി കളിലൂടേ 459 കുടുംബങ്ങാംക്ക് ഭവനനിർമ്മാണത്തിനു വേണ്ട സൗജന്യങ്ങളും വായ്പകളും ലഭിച്ചിട്ടുണ്ടെങ്കിലും 1460 കുടുംബങ്ങാംക്ക് വാസയോഗ്യമായ ഭവനങ്ങാം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബ്ബല വിഭാഗക്കാർക്കു മാത്രമായും, അതുതന്നെ വളരെ കുറച്ചു ആാംക്കാർക്കു മാത്രമാണ് ഇപ്പോാം ലഭിക്കുന്നത്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കൊട്ടാരക്കര ഹൗസിംഗ് കോ—ഓപ്പറേറ്റീവ് സൊസൈറ്റി മറ്റ് ഷെഡ്യൂാംഡ് ബാങ്കുകളുടെയും സഹകരണ ബാങ്കുകളുടെയും ശാഖകളും അർബൻ ബാങ്കും ഈ പഞ്ചായത്തില ജനങ്ങാം വീട് നിർമ്മാണത്തിനുപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഭവനനിർമ്മാണത്തിനുള്ള വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

കോ—ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭവനനിർമ്മാണ വായ്പകാം സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവനാവായ്പാ വ്യവസ്ഥകാം ഉദാരമാക്കേണ്ടതും ജാമ്യവ്യവസ്ഥകാം ലഘൂകരിക്കേണ്ടതുമാണ്. ഇതിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങാം പരിഗണിക്കാം.



000093

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശനിരക്ക് 12 % ആക്കി സ്ഥിരപ്പെടുത്തുക.
3. പഞ്ചായത്ത് മുൻകൈ എടുത്ത് വസ്തുക്കൾ വാങ്ങി പ്ലോട്ടുകളായി തിരിച്ച് തവണവ്യവസ്ഥകളോട് വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ മൊത്തത്തിൽ 6 പട്ടികജാതി, പട്ടിക വർഗ്ഗകോളനികളിലായി 1117 കുടുംബങ്ങളും 3832 അംഗങ്ങളും താമസിക്കുന്നു. അവരിൽതന്നെ 758 കുടുംബങ്ങൾ ഇന്നും ഭവനരഹിതരായി കഴിയുന്നുണ്ട്.

വിവിധ സ്കീമനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 1985-86 കാലയളവു മുതൽ 1995-96 കാലയളവുവരെ കിട്ടിയിട്ടുള്ള വീടുകളുടെ എണ്ണം 146 ആണെന്ന് കണക്കുകൾ കാണിക്കുന്നു. എന്നാൽ ഭവനരഹിതരായ ഒട്ടനവധി ആളുകൾ ചെറിയചെറിയ കുടിലുകൾ കെട്ടിയും ഒരു വീട്ടീൽതന്നെ രണ്ടും മൂന്നും കുടുംബങ്ങളായും താമസിക്കുന്നതിനാൽ റേഷൻകാർഡ് ഉൾപ്പെടെ ഉള്ള പല ആനുകൂല്യങ്ങളും ഈ പഞ്ചായത്തിലെ ഹരിജൻകോളനികളായ പാങ്ങോട്, ആലുംപാറ, കുരുമുറ്റം, ഈയംകുന്ന്, പടിഞ്ഞാറ്റിൻകര, മീൻപിടിപാറ, വേലംകോണം എന്നിവിടങ്ങളിലെ കുടുംബങ്ങൾക്ക് ലഭിക്കാതെ പോകുന്നു. പഞ്ചായത്തിലെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനും ഭൂരഹിതരായ ദുർബല കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്ന കാര്യത്തിലും വിവിധ ഏജൻസികളും ധനകാര്യസ്ഥാപനങ്ങളും ട്ടെനവധി സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ കാട്ടി പരമാവധി ഒഴിഞ്ഞുനിൽക്കുന്നു. ഇതിലേക്കായി വാർഡുതലങ്ങളിൽ ഗുണഭോക്താക്കളുടെയും സന്നദ്ധസംഘടനകളുടേയും വിവിധ ഏജൻസികളുടെയും സംയുക്തയോഗങ്ങൾ വിളിച്ചുചേർത്ത് ഗുണഭോക്താക്കൾക്ക് സർക്കാർ ഫണ്ടിനു പുറമേ സമ്പത്തും സാധനങ്ങളും അദ്ധ്വാനവും സംഭാവനവഴി സമാഹരിക്കാവുന്നതുകൊണ്ട് ചിലവു കുറഞ്ഞ വീടുകൾ നിർമ്മിച്ചു കൊടുക്കാവുന്നതുമാണ്. അതോടൊപ്പം സർക്കാരിന്റെ വിവിധ ഏജൻസികളിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പദ്ധതികളുടെ സാങ്കേതികത ലഘൂകരിച്ച് പഞ്ചായത്തിലെ ഭവനരഹിതർക്ക് വീടുവയ്ക്കുന്നതിലേക്കുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും അവരുടെ കൂലികൂടുതലും കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും ഈ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങളാണ്. 1985, 86 കാലഘട്ടങ്ങളിൽ ഒരു വിദഗ്ദ്ധതൊളിലാളിയ്ക്ക് 42 രൂപയും അവിദഗ്ദ്ധ തൊഴിലാളിയ്ക്ക് 15 രൂപയും ആയിരുന്നു കൂലിനിരക്കെങ്കിൽ 1995-96ൽ അത് 150ഉം 110 ഉം ആയി മാറി. കെട്ടിടനിർമ്മാണ തൊഴിലാഴികളുടെ അഭാവം കൂലിവർദ്ധനയോടൊപ്പം ഈ പ്രദേശങ്ങളിൽ തമിഴ് വംശജരുടെ അമിതമായ കുടിയേറ്റത്തിനും കാരണമായി. 200 രൂപാവരെ കിട്ടാവുന്ന നിർമ്മാണ ജോലികൾ ഒഴിവാക്കി നമ്മുടെ ചെറുപ്പക്കാർ അലസരായും വെള്ളക്കോളർ ജോലി കാംക്ഷികളായും അലഞ്ഞുതിരിയുകയും ഇതിനേക്കാൾ മോശമായ മറ്റു പണികൾ ചെയ്യുന്നതിനായി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോവുകയും ചെയ്യുമ്പോൾ അന്യ സംസ്ഥാനക്കാരുടെ ഈ കുടിയേറ്റം വംശപരമായ ചേരിതിരിവിനേക്കാൾ വിദഗ്ദ്ധതൊഴിലാളികളെ കിട്ടാത്തതുമൂലം കെട്ടിടംപണി താമസിക്കുകയും നിർമ്മാണച്ചെലവു വർദ്ധിക്കുകയും ചെയ്യുന്നു.കെട്ടിടനിർമ്മാണ സാമഗ്രികളായ സിമൻറ് , കമ്പി, കല്ല്, ഓട് എന്നിവയുടെ വില ക്രമതീതമായി വർദ്ധിച്ചിട്ടുണ്ട്. സിമൻറിന്റെ വില 85-86 കാലഘട്ടത്തിൽ 40 രൂ ആയിരുന്നത് 95-96-ൽ180 രൂപയും കല്ലിന് 85-86-ൽ -(100 എണ്ണം) 900 രൂപ ാ ആയിരുന്നത് 95-96-ൽ 6000 രൂപവരെയായി. കമ്പിക്ക് കിലോഗ്രാമിന് 85-86 ൽ 11 രൂപ ാ ആയിരുന്നത് 95-96 ൽ 16.50 രൂപയായി. കോൺക്രീറ്റ് യൂണിറ്റിന് 85-86 ൽ 1250 രൂപ ാ ആയിരുന്നത് ഇപ്പോൾ 2500 രൂപയായി. ഓടിന് -(ഫസ്റ്റ്ക്ലാസ്) 85-86-ൽ 1000ന് 2500 രൂപ ആയിരുന്നത് 95–96-ൽ 5000 രൂപയായി വർദ്ധിച്ചു.

കൂലിനിരക്കിലേയും അതിനേക്കാൾ വെല്ലുന്ന നിർമ്മാണ സാമഗ്രികളുടേയും വിലക്കയറ്റം യഥാർത്ഥത്തിൽ പൂർണ്ണമായും ബുദ്ധിമുട്ടിക്കുന്നത് വിവിധ സർക്കാർ ഏജൻസികളുടെ സഹായങ്ങളുളോടും വായ്പകളോടുംകൂടി വീട് നിർമ്മിക്കുന്നവരേയും തുച്ഛശമ്പളക്കാരും മാസവരുമാനക്കാരുമായ സാധാരണക്കാരേയുമാണ് പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി ചിലവുകുറഞ്ഞ വീടുകളുടെ നിർമ്മാണ രീതിയ്ക്കും പ്രചാരം നൽകുകയും പഞ്ചായത്ത് മുൻകൈ എടുത്ത് തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്ക് പരിശീലനം നൽകേണ്ടതുമാണ്. കഴിയാവുന്നിടത്തോളം നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ നിർമ്മിക്കുകയും അതിനു തയ്യാറാകുന്നവർക്ക് വേണ്ടുന്ന ധനസഹായങ്ങൾ ലഭിക്കുന്നതിലേക്കായി വേണ്ടുന്ന നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## പരിഹാര നിർദ്ദേശങ്ങൾ :

1. ദാരിദ്ര്യരേഖയ്ക്കു താഴെ അധിവസിക്കുന്ന ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭവന നിർമ്മാണത്തിനു വേണ്ടി ധനസഹായവും വായ്പയും ലഭ്യമാക്കേണ്ടതാണ്. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുകയും തിരിച്ചടയ്ക്കുവാനുള്ള തവണകളുടെ കാലാവധി നീട്ടുക്യും ചെയ്യുക.



000100

2. ദുർഘടപ്രദേശങ്ങളിലെ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്ന കുടുംബങ്ങൾക്ക് നിർമ്മാണച്ചില വിലുണ്ടാകുന്ന വർദ്ധനവ് കൂടി കണക്കിലെടുത്ത് ധനസഹായത്തോത് വർദ്ധിപ്പിക്കേണ്ടതാണ്. സർക്കാർ ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

3. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.

4. ധനസഹായവും ഭവന നിർമ്മാണത്തിനുള്ള അനുമതിയും ലഭിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുക.

5. രജിസ്ട്രാർ ഓഫീസിലെ അമിതമായ ഫീസ് ഇളവു ചെയ്യുക.

6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അനുവാദം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണസഹകരണ സംഘം രൂപീകരിച്ച് എഞ്ചിനീയർ മുതൽ തൊഴിലാളികൾ വരെയുള്ളവരെ ഈ സന്നദ്ധ സംഘടനയിൽ ഉൾപ്പെടുത്തുകയും ഇത് പഞ്ചായത്തിൻെറ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്ന ഒരു ഏജൻസിയായി പ്രവർത്തിപ്പിക്കുക.

7. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി വായ്പ അനുവദിക്കുക.

8. കെട്ടിട നിർമ്മാണ സാമഗ്രികൾ സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുക. ഗ്രാമപഞ്ചായത്ത് കേന്ദ്രത്തിലും മറ്റു പ്രധാന കേന്ദ്രങ്ങളിലും ശാഖകൾ തുറക്കുക.

9. വയൽ നികത്തിയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക. കൂടാതെ പാറക്കെട്ടുകളും ചതുപ്പു പ്രദേശങ്ങളും പൊതുജനങ്ങളുടെ സാമ്പത്തിക സഹായത്തോടെ പഞ്ചായത്ത് മുൻ കൈ എടുത്ത് യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് ഗൃഹനിർമ്മാണത്തിന് യോഗ്യമാക്കുക.

10. പഞ്ചായത്ത് തലത്തിൽ ഒരു ഭവന നിർമ്മാണ സഹായനിധി രൂപികരിക്കേണ്ടതാണ്. 4 ലക്ഷം രൂപയിൽ കൂടുതൽ നിർമ്മാണച്ചിലവ് വന്നിട്ടുള്ള വീടുകൾക്ക് അധികം വരുന്ന തുകയ്ക്ക് 10% എന്ന തോതിൽ സംഭാവന സ്വീകരിച്ചും വിദേശ മലയാളികളിൽ നിന്നും സംഭാവന സ്വീകരിച്ചും ഈ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ തുക അത്യാവശ്യ ഘട്ടങ്ങളിൽ വീട് നഷ്ടപ്പെടുന്നവർക്ക് വീട് വച്ചു കൊടുക്കുന്നതിലും ഭൂരഹിതരായവർക്ക് ഭൂമി വാങ്ങിച്ചു കൊടുക്കുന്നതിലേയ്ക്കും ഉപയോഗിക്കാം.

11. എല്ലാ വാർഡുകളിലും കുറഞ്ഞത് 10 പേരെ വീതം തിരഞ്ഞെടുത്ത് ചിലവു കുറഞ്ഞ ഭവന നിർമ്മാണത്തിനുള്ള പരിശീലനം നൽകേണ്ടതാണ്.

12. ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിന് അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരുടെ സഹകരണ സംഘം രൂപീകരിക്കേണ്ടതും അതിന് വേണ്ടുന്ന ധനസഹായം നൽകേണ്ടതും ആണ്.

13. കേന്ദ്ര വിദേശ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് കോളനികൾ പുനസൃഷ്ടിക്കാവുന്നതും അവയിൽ ഫ്ളാറ്റ് സിസ്റ്റവും മറ്റും നടപ്പാക്കുന്നത് പരിശോധിക്കാവുന്നതുമാണ്.

14. വീടുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങളും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യവും പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

പാർപ്പിട സൗകര്യങ്ങളുടെ പ്രശ്നം സങ്കീർണ്ണമായ തോതിൽ വളർന്നിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ 21-ാം നൂറ്റാണ്ടിലേയ്ക്ക് കുതിക്കുന്ന നമ്മുടെ ലക്ഷ്യം എല്ലാവർക്കും പാർപ്പിടവും എല്ലാവർക്കും ക്ഷേമവുമെന്നതായിരിക്കെ അതിൻെറ വിജയത്തിലേക്കായി നമുക്ക് കൂട്ടായി പരിശ്രമിക്കാം. ഈ പഞ്ചായത്തിലെ എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ സർക്കാർ ഏജൻസികളുടെ സഹായത്തോടൊപ്പം പൊതുജനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സഹായം കൂടിയേ കഴിയൂ. അടുത്ത 5 വർഷത്തിനുള്ളിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിലേക്കായി നമുക്ക് പരമാവധി പരിശ്രമിക്കാം.

## സാമൂഹ്യക്ഷേമം :

തൊഴിലാളികളായ പുരുഷന്മാരുടേയും സ്ത്രീകളുടേയും ആരോഗ്യവും ശക്തിയും, കുട്ടികളുടെ ഇളംപ്രായവും ദുരുപയോഗപ്പെടുത്താതിരിക്കുകയും പൗരന്മാർ അവരുടെ പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത പണികളിൽ പ്രവേശിക്കുവാൻ നിർബന്ധിതരാകാതിരിക്കുകയും ചെയ്യേണ്ടത് സ്റ്റേറ്റിൻെറ കടമയാണെന്ന് ഭരണഘടന ഉത്ബോധിപ്പിക്കുന്നു. അതനുസരിച്ച് ഭരണഘടനയിലെ 4-ാം ഭാഗമായ സംസ്ഥാന നയ നിർദ്ദേശ തത്വങ്ങളിൽ സാമൂഹ്യക്ഷേമ പരിപാടികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ചൂഷണത്തിനെതിരായും സാന്മാർഗ്ഗിക പരിത്യജനത്തി



00000101

നും ഭൗതിക പരിത്യജനത്തിനും എതിരായും ബാല്യത്തേയും യൗവനത്തേയും പരിരക്ഷിക്കേണ്ടതും സ്റ്റേറ്റിൻെറ ചുമതലയാണ്. ഈ ആശയം മുൻനിർത്തിക്കൊണ്ടാണ് ഇന്ത്യ ഗവൺമെൻറ് സാമൂഹ്യ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു രാഷ്ട്രത്തിൻെറ വികസനം പൂർണ്ണമാകുന്നത് അവിടുത്തെ ഗ്രാമങ്ങളുടെ ക്ഷേമം പൂർണ്ണമാകുന്നതിലൂടെയാണ്. ഇന്ത്യ ഗ്രാമങ്ങളുടെ നാടാണ്. ഇവിടുത്തെ ഗ്രാമങ്ങളാകട്ടെ കർഷക നിബിഡങ്ങളുമാണ്. തൻമൂലം നമ്മുടെ സമ്പത് വ്യവസ്ഥയുടെ അഭിവൃദ്ധി ഗ്രാമങ്ങളുടേയും അവ ഉൾക്കൊള്ളുന്ന കാർഷിക സമൂഹത്തിൻേറയും സമഗ്രമായ ക്ഷേമത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആകെയുള്ള 62500–ഓളം ഗ്രാമങ്ങളിൽ വസിക്കുന്ന 90 കോടിയിലധികം വരുന്ന ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യം ചില സാമ്പത്തിക പരിഷ്ക്കരണങ്ങൾ കൊണ്ടു മാത്രം നേടിയെടുക്കാവുന്നതല്ല. അത്രയേറെ സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളാണ് നാം നേരിടുന്നത്. ഈ അവസരത്തിലാണ് ഗ്രാമീണരുടെ സർവതോമുഖമായ ക്ഷേമം ലക്ഷ്യമാക്കി ഗ്രാമ ജീവിതത്തിൻെറ അടിത്തട്ടിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ പര്യാപ്തമായ അധികാരം ജനങ്ങളിലേക്ക് ആവശ്യങ്ങൾ ജനങ്ങളിൽ നിന്ന് എന്നുള്ള കേരള സർക്കാരിൻെറ 9–ാം പദ്ധതിയുടെ പ്രസക്തി.

സാമൂഹ്യക്ഷേമ രംഗത്ത് ആരോഗ്യം, ശുചിത്വം എന്നീ മേഖലകളിൽ കേരളീയരായ നാം വളരെ മുൻപിലാണെങ്കിലും സാധാരണക്കാരുടെ ഇടയിൽ ഇന്നും ദരിദ്ര ജനവിഭാഗങ്ങളും പട്ടിണിപ്പാവങ്ങളും ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. രൂക്ഷമായ തൊഴിലില്ലായ്മയും സാമ്പത്തിക അസമത്വവും ഇന്നും നമ്മെ തുറിച്ചു നോക്കുന്ന ഒരു പ്രതിഭാസമാണ്. ഗവൺമെൻറ് കാലാകാലങ്ങളിൽ ആവിഷ്ക്കരിച്ചിട്ടുള്ള ചില പദ്ധതികൾ നിമിത്തം 1953–ൽ സ്ഥാപിച്ച സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ് മറ്റ് സംസ്ഥാന സോഷ്യൽ വെൽഫെയർ ബോർഡുകളിലൂടെയും മറ്റു ഏജൻസികളിലൂടെയും സാമൂഹ്യക്ഷേമ രംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ വളരെ കൂടുതലാണ്.

ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ പ്രധാനമായിട്ടുള്ളത് പൂർണ്ണമായും കേന്ദ്ര ആവിഷ്കൃതമായ IRDP തന്നെയാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും ജനങ്ങളുടെ ജീവിത നിലവാരവും മനസ്സിലാക്കുന്നതിനുള്ള ഈ അടിസ്ഥാനരേഖ ഇനി നടപ്പിലാക്കുവാൻ പോകുന്ന എല്ലാ പദ്ധതികളുടേയും അടിസ്ഥാന രേഖയാണ്.

1992–ലെ IRDP സർവ്വേയും 1995–ലെ അഡീഷണൽ സർവേയും പ്രകാരം കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിൽ – കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കുന്നു. ഒട്ടനവധി വികസന സാധ്യതകൾ പ്രതീക്ഷിക്കുന്ന ഈ ഗ്രാമപഞ്ചായത്ത് ഇതൊരു അടിസ്ഥാന രേഖയായി കണക്കാക്കി മേലിലുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് ഈ സർവേ പ്രകാരം പരിഗണന നൽകേണ്ടതാണ്.

IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വിവരം.

### പട്ടിക 1

| 1. | സോഷ്യൽ ഗ്രൂപ്പുകൾ | സർവ്വെ 1992 | (അഡീഷണൽ സർവ്വെ) |
|---|---|---|---|
| | പട്ടികജാതി | 309 | 22 |
| | മറ്റുള്ളവർ | 1401 | 136 |
| | ആകെ | 1710 | 158 |
| 2. | സ്ത്രീകൾ ഗൃഹനാഥയായുള്ള കുടുംബങ്ങൾ | 470 | 48 |
| 3. | വികലാംഗർ | 36 | 2 |
| 4. | കക്കൂസുള്ള വീടുകൾ | 548 | 73 |
| 5. | തൊഴിൽ സംബന്ധിച്ച് | | |
| | SF(Small farmers) | 1 | |
| | MF(Marginal farmers) | 227 | 2 |
| | കർഷക തൊഴിലാളി | 643 | 20 |
| | കാർഷികേതരതൊഴിലാളികൾ | 686 | 132 |
| | ഗ്രാമീണ കൈതൊഴിലുകൾ | 154 | 4 |
| 6. | വരുമാനം തിരിച്ചുള്ളത് | | |
| | 4000 രൂപാ വരെ | 880 | 69 |
| | 4000 - 6000 വരെ | 642 | 50 |
| | 6000 - 8500 | 138 | 38 |
| | 8501 - 11000 | 50 | 1 |



000103

പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്കു കിട്ടായ്ക, കിട്ടുന്നതിലേയ്ക്കുള്ള മാനദണ്ഡം, സൗകര്യപൂർവ്വം മാറ്റി മറിക്കുക, ഉദ്യോഗ സ്ഥലത്തുള്ള ബോധവൽക്കരണ കുറവ്, കക്ഷി രാഷ്ട്രീയക്കാരുടെ സ്വന്തം ആളുകാംക്ക് ലഭിക്കണമെന്നുള്ള അമിതമായ താത്പര്യം, സമയത്തിന് കിട്ടാതെ വരിക, അനാവശ്യമായ സാങ്കേതിക നൂലാമാലകാം ഇവയൊക്കെയാണ് നിലവിലുള്ള പദ്ധതികളെ അർഹിക്കുന്നവർക്ക് മുഴുവൻ പേർക്കും കിട്ടുന്നതിൽ നിന്ന് ഒഴിച്ചു നിർത്തുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം കണക്കിലെടുക്കുന്നതിലേക്കായി 1992-ലെ IRDP സർവേ പ്രകാരം VEO സർക്കിളുകാം വഴി ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ തന്നെ ക്രമക്കേടുകാം കടന്നു വരുകയും അനർഹർ ലിസ്റ്റിൽ കടന്നു കൂടുകയും അതോടൊപ്പം തന്നെ മതിയായ ബോധവൽക്കരണം ഇല്ലായ്കയാൽ അർഹർക്ക് ലിസ്റ്റിൽ കടന്നു കൂടാനും കഴിഞ്ഞില്ല. എന്നതിലും ഒരു അടിസ്ഥാന വരുമാനത്തെ ആസ്പദമാക്കി ഇങ്ങനെ ഒരു സർവ്വേ നടത്തുകയും അതിൻെറ പ്രയോജനങ്ങാം സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് ലഭിക്കുവാൻ ഇടയാക്കുകയും ചെയ്തതു ശുഭോദർക്കമാണ്.

## IRDP സഹായലഭ്യതാ കണക്ക്

| വർഷം | മൊത്തം കുടുംബങ്ങളുടെ എണ്ണം | | | | | | സബ്സിഡി | വായ്പ |
|---|---|---|---|---|---|---|---|---|
| | SC | ST | മറ്റുള്ളവ | ആകെ | സ്ത്രീകാം | PH | | |
| 1992 – 93 | 31 | — | 28 | 59 | 25 | 2 | 150368 | 217482 |
| 1993 – 94 | 36 | — | 18 | 54 | 30 | — | 183833 | 224042 |
| 1994 – 95 | 27 | — | 28 | 55 | 38 | — | 254228 | 417440 |
| 1995 – 96 | 22 | — | 31 | 53 | 36 | 1 | 245981 | 539554 |

ഈ പദ്ധതിപ്രകാരം ആകെ കുടുംബങ്ങാം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തുകയുണ്ടായി. ഇതിൽ നിന്നും 221 കുടുംബങ്ങാംക്ക് 1995 – 96 കാലയളവുവരെ 1398578 രൂപ വായ്പയായി വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ കാലോചിതമായ മാറ്റത്തിനു വിധേയമാക്കിക്കൊണ്ട് ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തേണ്ടതാണ്. ദേശസാൽകൃത ബാങ്കുകാം വായ്പ ലഭ്യമാക്കുന്നതിൽ വളരെയധികം ഉദാസീനത കാണിക്കുന്നത് നിമിത്തം സഹകരണ മേഖലയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ച് ഗുണഭോക്താക്കാംക്ക് പെട്ടെന്ന് വായ്പ തുക ലഭിക്കുന്നതിലേക്കായി നടപടികാം സ്വീകരിക്കണം. അതോടൊപ്പം ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവേ നടത്തണം.

സർക്കാരിൻെറ വികസന ബ്ലോക്കുകളിലൂടെയുള്ള സഹായ ലഭ്യതാ പദ്ധതികളായ DWCRA, DRYCBM, ടൂാംകിറ്റ്, CRSP തുടങ്ങിയ സ്കീമുകളിലൂടെയും വ്യത്യസ്ത തരത്തിലുള്ളവരുടെ ക്ഷേമം ലക്ഷ്യമാക്കി ധാരാളം പ്രവർത്തനങ്ങാം നടക്കുന്നു. എന്നാൽ ഇവയ്ക്കൊക്കെ മതിയായ രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുവാനും അർഹരായവർക്ക് മുൻഗണനാടിസ്ഥാനത്തിൽ പരമാവധി സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും പഞ്ചായത്ത് മുൻകൈ എടുത്ത് വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതുമാണ്. ഇതിലേക്കായി വാർഡടിസ്ഥാനത്തിൽ VEO മാരുടെ ഓഫീസുകാം തുറക്കേണ്ടതും മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്തു മെമ്പർമാർ റിവ്യൂ റിപ്പോർട്ട് വിലയിരുത്തേണ്ടതുമാണ്.

## വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമ പദ്ധതികൾ :

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് പെൻഷനുകളും (വിധവ, വികലാംഗ അവകാശ, കർഷക) നിർദ്ധനരായ വിധവകളുടെ പെൺമക്കാംക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് ഗ്രാമ പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. ഈ പഞ്ചായത്തിലാകെ ......... പേർക്ക് വിധവാ പെൻഷനും ......... പേർക്ക് തൊഴിലില്ലായ്മ വേതനവും വിവിധ വകുപ്പുകാം വഴി ലഭ്യമാക്കുന്നു.



000103

ട്രൈസം ട്രെയിനിംഗ് സംബന്ധിച്ച്
ട്രെയിനിംഗ് ലഭിച്ച യുവാക്കളുടെ എണ്ണം

| | | | | | |
|---|---|---|---|---|---|
| 92 -93 | 4 | 4 | 8 | - | - |
| 93-94 | 4 | 2 | 6 | 3 | - |
| 94-95 | 4 | 4 | 8 | 4 | - |
| 95-96 | 2 | 3 | 5 | 3 | - |

വിധവ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യ പെൻഷൻ, അവശ കലാകാരന്മാർക്കുള്ള പെൻഷൻ എന്നിവയാണ് വില്ലേജ് ഓഫീസുകളിൽ നിന്നും പാവപ്പെട്ടവരുടെ ക്ഷേമത്തിലേയ്ക്ക് ഈ പഞ്ചായത്തിൽ ലഭിക്കുന്ന പദ്ധതികൾ. എന്നാൽ ഇവയിൽ പലതും അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നുള്ളതും, അനർഹരായ കുറേപ്പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമ പദ്ധതികളെപ്പറ്റി വിലയിരുത്തുമ്പോൾ ബോദ്ധ്യപ്പെടുന്നു. അതുപോലെ തന്നെ വിദ്യാസമ്പന്നരുടെ ആശാവഹമായ തൊഴിലിനു വേണ്ടിയുള്ള കാത്തിരിപ്പിന് അല്പം ആശ്വാസം പ്രദാനം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെ ഏർപ്പെടുത്തിയ തൊഴിലില്ലായ്മ വേതനം കൃത്യമായി വിതരണം ചെയ്യുന്നതിലേയ്ക്കും അനർഹരായവർ കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിനും പഞ്ചായത്ത് വേണ്ടുന്ന നടപടി ക്രമങ്ങൾ സ്വീകരിക്കണം. ഒപ്പം തൊഴിലില്ലാത്ത യുവാക്കളെ വർഷാ വർഷങ്ങളിൽ സർവേ നടത്തി കണ്ടെത്തുകയും പരമാവധി തുക വർദ്ധിപ്പിച്ച് പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുകയും വേണം. അതോടൊപ്പം സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടത്തിൽ തൊഴിലില്ലാത്ത യുവാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പുവഴി വികാലാംഗർക്കുള്ള യാത്രാബത്ത, വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്, തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്കോളർഷിപ്പ്, വികലാംഗക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനയ്ക്കുള്ള സഹായം തുടങ്ങിയവ നാമമാത്രമായെങ്കിലും ലഭിക്കുന്നു. എങ്കിലും അർഹരായ പലർക്കും ഇന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുള്ളത് ഒരു വസ്തുതയാണ്.

## അംഗനവാടികൾ :

സംയോജിത ശിശു വികസന പരിപാടി നടപ്പിലാക്കിയിട്ടുള്ള ബ്ലോക്കിലുൾപ്പെട്ട പഞ്ചായത്താകയാൽ ഇവിടെ അംഗൻവാടികൾ പ്രവർത്തിച്ചിരുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS–ന്റെ ലക്ഷ്യമെങ്കിലും ഈ ഗ്രാമപഞ്ചായത്തിലെ പിന്നോക്ക പ്രദേശങ്ങളിൽപോലും അത് നടപ്പിലാക്കിയിട്ടില്ല. അംഗൻവാടികൾ വഴി ഗർഭിണികൾക്കും, കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണം, രോഗപ്രതിരോധ കുത്തിവയ്പുകൾ കുട്ടികൾക്കും ഒപ്പം സ്ത്രീകൾക്കും മാനസിക വളർച്ചയ്ക്കുതകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. എന്നാൽ ഈ പ്രദേശങ്ങളിലെ അമ്പലപ്പുറം, നീലേശ്വരം, പുലമൺ തുടങ്ങിയ പ്രദേശങ്ങളിലെ പ്രവർത്തനം പൂർണ്ണമായി നിൽക്കുകയും സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തതിനാലും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി കാലാകാലങ്ങളിൽ നടത്താത്തതിനാലും മറ്റു സ്ഥലങ്ങളിലും പ്രവർത്തനം ഭാഗികമായി മുടങ്ങിക്കിടക്കുകയാണ്. അമ്മമാർക്കും കുട്ടികൾക്കും ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയുന്ന അംഗൻവാടികൾ എല്ലാ വാർഡുകളിലും ആരംഭിക്കുകയും പ്രവർത്തനം മന്ദീഭവിച്ചു നില്ക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി ഇതിന്റെ മേൽനോട്ടം ചുമതലപ്പെടുത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് മെമ്പറും ബന്ധപ്പെട്ട സാമൂഹിക വികസന ഉദ്യോഗസ്ഥന്മാർ ശ്രമിക്കുകയും അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നലേക്കായി ഗ്രാമ പഞ്ചായത്ത് മെമ്പർ കൺവീനറായിട്ടുള്ള സന്നദ്ധ സംഘങ്ങൾ രൂപീകരിക്കാവുന്നതുമാണ്.

ഗ്രാമവികസനത്തിലൂടെ സാമൂഹ്യക്ഷേമരംഗത്ത് ഒട്ടനവധി പദ്ധതികളും പരിപാടികളും നടപ്പാക്കി വരുന്നുണ്ട്. പ്രദേശത്തിന്റേയും കുടുംബങ്ങളുടേയും വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന അത്തരം പദ്ധതികളെപ്പറ്റി നമുക്കൊന്ന് വിലയിരുത്താം.



00010

## ഗ്രാമവികസന വകുപ്പിൻെറ ക്ഷേമ പ്രവർത്തനങ്ങൾ

### 1. സംയോജിത ഗ്രാമ വികസന പരിപാടി (IRDP) :

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിലേക്കായി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ തുല്യതോതിൽ ചിലവുകൾ പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃതാ പരിപാടിയാണ് IRDP. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു കൊണ്ട് ദാരിദ്ര്യരേഖ തരണം ചെയ്യാൻ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണ കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വരുമാനക്ഷമമായ ആസ്ഥിയും നിക്ഷേപവും നൽകി വരുമാനം വർദ്ധിപ്പിക്കുകയാണ് പരിപാടിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. 11000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കി അവരിൽ ഏറ്റവും പാവപ്പെട്ടവരെ ആദ്യം സഹായിക്കുക എന്ന മാനദണ്ഡത്തിൽ അത്തരം കുടുംബങ്ങളെ തിട്ടപ്പെടുത്തുന്നതിന് 1992–ൽ വിശദമായ കുടുംബ സർവേ നടത്തുകയും അതിൽ പങ്കെടുക്കാത്തവരെ ഉൾപ്പെടുത്തി 1995–ൽ അഡീഷണൽ സർവേയും നടത്തി ഈ ഗ്രാമപഞ്ചായത്തിൽ – കുടുംബങ്ങളെ തിരഞ്ഞെടുത്ത് വായ്പയും ധനസഹായവും നൽകി പദ്ധതി നടപ്പിലാക്കിയിരുന്നു. ജീവനോപാധികൾ ആടുമാടുകളാണെങ്കിൽ അവയ്ക്ക് ഇൻഷുറൻസ് ആനുകൂല്യവും 60 വയസ് തികയാത്ത എല്ലാ ഗുണഭോക്താക്കളേയും 5 വർഷക്കാലത്തേയ്ക്ക് (വായ്പാ തിരിച്ചടവ് കാലയളവ്) ഇൻഷുറൻസ് സംരക്ഷണവും നൽകി വരുന്നു. ഗുണഭോക്താവ് സ്വാഭാവികമായി മരണപ്പെട്ടാൽ 5000 രൂപയും അപകടമരണമാണെങ്കിൽ 10000 രൂപയും ഇത്തരത്തിൽ ആശ്രിതർക്ക് നൽകി വരുന്നു. ഈ പദ്ധതി പ്രകാരം കൊട്ടാരക്കര ഗ്രാമ പഞ്ചായത്തിൽ പ്രതിവർഷം – കുടുംബങ്ങളെ സഹായിച്ചു വരുന്നു.

### 2. ഗ്രാമീണ വനിതാ ശിശു വികസന പരിപാടി (DWCRA) :

വനിതകളുടെ സ്വാശ്രയവും മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായവും നൽകി വരുന്നു ഒരു IRDP അനുബന്ധ പരിപാടിയാണിത്. വനിതകളുടെ ഗ്രൂപ്പുകൾക്കാണ് ഇതിൽ മുൻഗണന. 10 – 15 അംഗങ്ങൾ ഉണ്ടായിരിക്കണം. UNICEF – ൻെറ സഹായത്തോടു കൂടിയാണ് പരിപാടി നടപ്പിലാക്കുന്നത്. കൂട്ടായ് പ്രവർത്തനം ആയതിനാൽ മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ കഴിയും. സാമ്പത്തിക ഉന്നമനത്തോടൊപ്പം ഇത് വനിതകളെ സാമൂഹികമായ ഉയർച്ചയ്ക്കും ഇത് വഴി തെളിക്കുന്നു.

### 3. കൈത്തൊഴിൽ ഉപകരണ വിതരണ പരിപാടി (RIP) :

IRDP ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് 4500 രൂപ വരെ ഈ പരിപാടി പ്രകാരം ധനസഹായം നൽകുന്നു. ഗ്രാമീണ കൈത്തൊഴിലുകൾക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാനുതകുന്നതും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽകുന്നതുമായ പരിപാടി ആണിത്.

### 4. ജവഹർ തൊഴിൽ ദാന പദ്ധതി (JRY) :

NREP, RLEGP സ്കീമുകൾ പദ്ധതികൾ ലയിപ്പിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. തൊഴിൽ രഹിത ഗ്രാമീണ സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ മുഖ്യ ഉദ്ദേശ്യം. ഇതിനായി അടിസ്ഥാന സൗകര്യങ്ങളും പൊതു ആസ്ഥികളും സൃഷ്ടിക്കലും അതുവഴി ജീവിത നിലവാരത്തോത് ഉയർത്തുകയുമാണ് ലക്ഷ്യങ്ങൾ. പദ്ധതികളുടെ ചിലവുകൾ 80 : 20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്നു.

### 5. ഇന്ദിരാ ആവാസ് യോജനാ (IAY) :

വാസയോഗ്യമായ വീടില്ലാത്തവരും 2 സെൻറ് ഭൂമിയുള്ളവരുമാണ് ഗുണഭോക്താക്കൾ. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗത്തിനും ഭവന നിർമ്മാണത്തിനാവശ്യമായ സഹായം നൽകുന്ന പദ്ധതിയാണിത്.

### 6. മില്യൺ വെൽ സ്കീം (MWS) :

JRY യുടെ 30% വിഹിതം ഉൾപ്പെടുത്തി പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഉദ്ദേശ്യം സഹായം വീട്ടുപടിക്കലെത്തിക്കുന്ന എന്നതാണ്. മൊത്തം തുകയുടെ 33 $^{1}/_{2}$% മറ്റ് ചെറുകിട കർഷകരെ സഹായിക്കുന്നതിനായി ഉപയോഗിക്കുന്നു. പച്ചക്കറിയോ നാണ്യവിളയോ ഭക്ഷ്യവിളകളോ കൃഷി ചെയ്യുന്നതിനുള്ള ഭൂമി സ്വന്തമായുള്ളവർക്ക് ജലസേചനത്തിന് കിണറുകൾ കുഴിക്കുന്നതിന് സഹായം നൽകി വരുന്നു.



000105

## 7. കേന്ദ്രഗ്രാമ ശുചിത്വ പരിപാടി :

ഗ്രാമങ്ങളുടെ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി നടപ്പിലാക്കുന്നു പദ്ധതിയാണിത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി 2000 രൂപ വീതം ഈ പരിപാടിയിൻ കീഴിൽ നൽകി വരുന്നു.

## 8. പ്രവൃത്യുന്മു സാക്ഷരതാ പരിപാടി :

തൊഴിൽ കൂടുതൽ കാര്യക്ഷമമമായി ചെയ്യുന്നതിന് അതിനെപ്പറ്റിയുള്ള കൂടുതൽ അറിവ് നേടുന്നതിന് നിരക്ഷരരെ സാക്ഷരരാക്കുന്നതിനുള്ള പരിപാടിയാണിത്. ഇതു മൂലം പരിസര ശുചീകരണം, വ്യക്തി ശുചിത്വം എന്നീ കാര്യങ്ങളിലും ബോധനം നേടാവുന്നതാണ്. തുടർ പ്രവർത്തനം എന്ന നിലയിൽ ഈ ശിക്ഷണ നിലയങ്ങൾ വീണ്ടും പ്രവർത്തിച്ചു വരുന്നു.

## 9. ദേശീയ സമ്പാദ്യ പദ്ധതി :

വികസന പ്രക്രിയയിൽ പ്രഥമസ്ഥാനമാണുള്ളത് സമ്പാദ്യശീലത്തിന്. ധനിക ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനുള്ള ഭാരത സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ഒന്നാണ് ദേശീയ സമ്പാദ്യ പദ്ധതി.

ഇതിൻെറ പ്രവർത്തനത്തിലേയ്ക്ക് അർപ്പണ ബോധമുള്ള ഒരു കൂട്ടം വനിതകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ ഇന്ദിരാ വികാസ് പത്ര, കിസൻ വികാസ് പത്ര, ദേശീയ സമ്പാദ്യ പദ്ധതി, 8-ാം ഇഷ്യൂ, പബ്ലിക് പ്രോവിഡൻറ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി, മാസ വരുമാന പദ്ധതി, പോസ്റ്റ് ഓഫീസ് ടൈം ഡെപ്പോസിറ്റ് എന്നിവയിൽ പണം നിക്ഷേപിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു വരുന്നു. ഈ പരിപാടി അഭ്യസ്ത വിദ്യരായ വനിതകൾക്ക് ഉപജീവന മാർഗ്ഗവും രാഷ്ട്ര വികസനത്തിന് സാമ്പത്തികാടിത്തറയും നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വവും നൽകുന്നു.

ഗ്രാമവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള മുകളിൽ കാണിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനത്തിലേക്കായി കൊട്ടാരക്കര പഞ്ചായത്തിൽ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നത് പഞ്ചായത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുമാണ്. എന്നാൽ ബ്ലോക്കിൻെറ പ്രവർത്തനം ഈ പ്രദേശത്തെ സമക്രമായ പുരോഗതിയിലെത്തിക്കുന്നതിലേക്കായി പരിമിതമായ സഹായങ്ങൾ മാത്രമേ നൽകുന്നുള്ളൂ. അതുപോലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൻെറ പ്രവർത്തനം ഏറെക്കാലമായി നിലച്ചിരിക്കുകയാണ്.

## പ്രശ്നങ്ങൾ :

പരിമിതമായ തുക ഉപയോഗിപ്പെടുത്തി മാത്രം നടന്നു വരുന്ന ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ വളരെ ക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. IRDP സർവേ ലിസ്റ്റുകൾ കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാത്തതിനാൽ അനർഹർ ലിസ്റ്റിൽ കടന്നുകൂടുന്നു. പദ്ധതികളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വിരളമാണ്. രാഷ്ട്രീയ രംഗത്തും ഔദ്യോഗിക രംഗത്തും നിലനില്ക്കുന്ന സ്വജനപക്ഷപാതവും കൈക്കൂലിയും പദ്ധതികളെ വേണ്ട രീതിയിൽ നടപ്പിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. സാങ്കേതിക നൂലാമാലകൾ, ചുവപ്പുനാട മറ്റു ചില പ്രശ്നങ്ങൾ എന്നിവയും ആനുകൂല്യങ്ങൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ നിന്നും തടയുന്നു.

## സാദ്ധ്യതകൾ :

IRDP ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ യഥാസമയം സഹായം ലഭ്യമാക്കാവുന്നതാണ്. DRYCEM തുടങ്ങിയുള്ള പദ്ധതികളിൽ കൂടുതൽപേർക്ക് പരിശീലനം നൽകുകയും, കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖലകളിലേക്ക് പരിശീലിപ്പിക്കുകയും വേണം. ഗ്രാമസഭകളിലൂടെ ഗ്രാമ വികസന സാമൂഹ്യ ക്ഷേമ വകുപ്പുകളുടെ പദ്ധതികളിലേക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഉപയോഗിക്കാവുന്നതും ഇത് മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ സ്വജനപക്ഷപാതവും അഴിമതിയും ഒഴിവാക്കാൻ സഹായിക്കുന്നതുമാണ്. പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ പഞ്ചായത്തിലും മറ്റു സന്നദ്ധ സംഘടനകളുടെ ആസ്ഥാനങ്ങളിലും ഇൻഫർമേഷൻ സെൻററുകൾ തുറക്കാവുന്നതാണ്. അതുപോലെ സാമൂഹ്യക്ഷേമ വകുപ്പിൻെറ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തുന്നതിലേക്കായി പഞ്ചായത്ത് വിവിധ ഏജൻസികളെ ഏകോപിപ്പിച്ചു കൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## പൊതു നിർദ്ദേശങ്ങൾ :

1. IRDP-യിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതു മുതൽ പദ്ധതിയുടെ നടത്തിപ്പ് വരെയുള്ള അവസരങ്ങളിൽ ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിൻെറ നിർവ്വചനം കലോചിതമായ മാറ്റത്തിന് വിധേയമാകേണ്ടതും ദാരിദ്ര്യ രേഖയുടെ പരിധി 25000 രൂപയെങ്കിലുമാക്കി ഉയർത്തേണ്ടതുമാണ്. ഗുണഭോക്തൃ കമ്മിറ്റികൾ പഞ്ചായത്തു



000106

പഞ്ചായത്തു തലത്തിൽ രൂപീകരിക്കുകയും പദ്ധതികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യണം. IRDP ലിസ്റ്റിൽ അനർഹർ കടന്നു കൂടുന്നത് തടയുന്നതും, അർഹരായവർക്ക് സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് പ്രവർത്തനം സുതാര്യമാക്കുന്നതിലേക്കായി ബ്ലോക്ക് ഡിവിഷൻ മെമ്പർ, VEO, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മ സമിതി രൂപീകരിക്കാവുന്നതുമാണ്.

2. CRSP പദ്ധതികൾ ഉൾപ്പെടുത്തി അർഹരായ വീടുകൾക്കും, കക്കൂസിനുമുള്ള ധനസഹായം നൽകേണ്ടതുമാണ്.

3. കുടുംബത്തിന്റെ ഉത്തരവാദിത്വത്തിൽ സ്ത്രീകൾ കാട്ടുന്ന ശ്രദ്ധ കണക്കിലെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ എത്തിക്കുവാൻ സഹായിക്കുന്ന വിധത്തിൽ എല്ലാ വാർഡുകളിലും ഒന്നോ അതിലധികമോ മഹിളാസമാജങ്ങൾ രൂപീകരിക്കണം. അതിന്റെ കീഴിൽ അംഗൻവാടികകളും മറ്റു കർമ്മ സമിതികളും രൂപീകരിക്കണം.

4. 60 വയസ്സു കഴിഞ്ഞ ആലംബഹീനർക്കായി ഒരു സംരക്ഷണ മന്ദിരം സന്നദ്ധ സംഘടനകളുടെയും സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കാം.

5. ഒരു പൊതു വൈദ്യുത ശ്മശാനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക.

6. പെൻഷനുകൾക്ക് അർഹതയുള്ളവരെ കണ്ടെത്താൻ ഒരു സർവേ നടത്തേണ്ടതും ആയതിലേക്ക് സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കാവുന്നതുമാണ്.

## ക്ഷേമമനിധികളെ സംബന്ധിച്ച് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി :

ഈ പഞ്ചായത്തിൽ ഏകദേശം 650–ഓളം കെട്ടിട നിർമ്മാണത്തൊഴിലാളികളുണ്ട്. 5 വർഷത്തിൽകൂടുതൽ കെട്ടിട നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അംഗമാക്കണം. കഠിനാദ്ധ്വാനം ചെയ്യുന്ന ഈ മേഖലയിലെ തൊഴിലാളികൾക്കും തൊഴിലുടമാ വിഹിതം കൂടി പിരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം. അതുപോലെ ഇൻഷുറൻസ് ഏർപ്പെടുത്തണം.

## പൊതു വിതരണം :

ഈ ഗ്രാമപഞ്ചായത്തിൽ മൊത്തത്തിൽ 19 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നു. ഇതിൽ 6382 കാർഡുകളുണ്ട്. കടകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തേണ്ടതും പുന:ക്രമീകരിച്ച് ഓരോ വാർഡിലും 2 റേഷൻ കടകൾ സ്ഥാപിക്കേണ്ടതുമാണ്. കാർഡുകളുടെ എണ്ണം 200 ആയി സ്ഥിരപ്പെടുത്തേണ്ടതാണ്. പൊതുവിതരണ രംഗത്ത് ഒരു മാവേലിസ്റ്റോർ മാത്രമേയുള്ളൂ. ടൗണിന്റെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഇവിടെ നിന്ന് മാത്രം ഈ പഞ്ചായത്തിലേക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതിനാലും അമ്പലപ്പുറം, നീലേശ്വരം, തൃക്കണ്ണമംഗൽ പ്രദേശങ്ങൾക്കായി ഒരു മാവേലി സ്റ്റോർ കൂടി ഏർപ്പെടുത്തേണ്ടതും ആവശ്യ സാധനങ്ങൾ വില കുറച്ച് സാധാരണക്കാരന് നൽകേണ്ടതുമാണ്. ഓണക്കാലത്തും മറ്റ് വിശേഷാവസരങ്ങളിലും നടത്തപ്പെടുന്ന ഓണച്ചന്തകൾ ജനങ്ങൾക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ ഒക്കെ പ്രവർത്തനം പഞ്ചായത്തുകൾ വിലയിരുത്തുകയും അവശ്യസാധനങ്ങളുടെ വിലനിലവാരം ഉറപ്പു വരുത്തുന്നതിലേക്ക് മേൽ നടപടികളും സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ടൗണിൽ നിന്നും 5ഉം 6ഉം കിലോമീറ്റർ ദൂരത്തിൽ സ്ഥിചെയ്യുന്ന പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകളോ, ഉപഭോക്തൃ സഹകരണ സംഘങ്ങളും ഏർപ്പെടുത്തേണ്ടതും പഞ്ചായത്തിൽ മൊത്തത്തിലേക്കായി ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോറും സംഘടിപ്പിക്കേണ്ടതാണ്.

ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കുവാനും കുറ്റമറ്റതാക്കുവാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലെയും ആൾക്കാരെ ഉൾപ്പെടുത്തി ഉപഭോക്തൃ സംരക്ഷണ സമിതി വിപുലീകരിക്കണം. അതുപോലെതന്നെ പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരമാവധി റേഷൻകാർഡുകൾ ഉറപ്പു വരുത്തണം. റേഷൻ കടകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതോടൊപ്പം അതിലേക്കായി ഒരു പരാതി പരിഹാര സെൽ രൂപീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



000107

## സാമൂഹ്യക്ഷേമം

സമാജനശിശുവികസനലക്ഷ്യമാക്കിയിട്ടുള്ള ഒരു കേന്ദ്രാവിഷ്ക്കരണ പദ്ധതിയാണ് സംയോജിത ശിശുവികസനസേവന പദ്ധതി . ജി. ഒ എം. എസ് 22/94 എസ് ഡബ്ല്യു. സി. ഏഴുകോൺ, വെളിയം, കരിപ്ര, പൂയപ്പള്ളി എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന കൊട്ടാരക്കരബ്ലോക്കിന് ശിശുവികസന സേവന പദ്ധതിയനുവദിച്ചു. കൊട്ടാരക്കര പ്രോജക്റ്റിന്റെ ഭരണപരമായ ചിലവുകൾ നൂറുശതമാനവും കേന്ദ്രഗവണ്മെന്റു വഹിക്കുന്നു. പൂരകപോഷകാഹാരത്തിനു വേണ്ടിയുള്ള ചിലവ് സംസ്ഥാനസർക്കാരാണ് വഹിക്കുന്നത്.

## പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

1. ആറു വയസ്സുവരെയുള്ള കുട്ടികളുടെ പോഷണാരോഗ്യനിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ മാനസികവും ശാരീരികവുമായ വികസനത്തിന് ശരിയായ അടിസ്ഥാനമിടുക.
3. മരണം, രോഗം, പോഷണക്കുറവ്, സ്കൂളിൽനിന്ന് കുട്ടികൾ പൊഴിഞ്ഞുപോകൽ ഇവയുടെ തോത് കുറയ്ക്കുക.
4. ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണാവശ്യകതയും ശ്രദ്ധിക്കാൻ തക്കവിധത്തിൽ മനുഷ്യന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് മാതാവിന് പോഷണവിദ്യാഭ്യാസവും ആരോഗ്യവിദ്യാഭ്യാസവും നൽകുക.
5. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിനും നടത്തിപ്പിലും നവീകരണം വരുത്തുക.

ഈ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള സേവനങ്ങൾ ഗുണഭോക്താക്കൾക്കു ലഭ്യമാകുന്നത് അംഗൻവാടിയിൽക്കൂടിയാണ്. ഏകദേശം 1000 ജനസംഖ്യയ്ക്ക് ഒന്ന് എന്ന നിലയിൽ അംഗൻവാടി ഉണ്ടായിരിക്കുന്നതാണ്. ബ്ലോക്ക് അടിസ്ഥാനത്തിൽ പദ്ധതിയുടെ കാര്യനിർവഹണം നടത്തുന്നത് ശിശുവികസന പദ്ധതി ആഫീസറാണ്. ഓരോ അംഗൻവാടിയിലും സന്നദ്ധസേവനം നടത്തുന്ന പരിശീലനം ലഭിച്ച തദ്ദേശീയരായ ഓരോ അംഗൻവാടി വർക്കറും ഓരോ ഹെൽപ്പറും ഉണ്ടായിരിക്കും.

ഐ.സി.ഡി.എസ് പദ്ധതിയിലൂടെ ലഭ്യമാകുന്ന വിവിധ സേവനങ്ങൾ

### 1. പൂരകാഹാരം

ആവശ്യമായ പോഷകാഹാരം ലഭിയ്ക്കാത്ത കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പൂരകപോഷകാഹാരം ലഭ്യമാക്കുക. ഇതിലേക്ക് ലോകബക്ഷ്യ പരിപാടിയിൽനിന്നും സൌജന്യമായി ഈ ആഹാരസാധനങ്ങൾ ലഭിയ്ക്കുന്നുണ്ട്.

### 2. രോഗപ്രതിരോധ കുത്തിവെയ്പ്

ശിശുക്കളെ സംബന്ധിച്ചിടത്തോളം മാരകരോഗങ്ങളായ ക്ഷയം, ഡിഫ്ത്തീരിയ, വില്ലൻചുമ, ടെറ്റനസ്, പോളിയോ, മണ്ണൻപനി എന്നീ രോഗങ്ങൾക്കെതിരായി കുട്ടികൾക്ക് പൂർണ്ണമായ പ്രതിരോധശക്തി ലഭിയ്ക്കുന്നതിനുവേണ്ടത്ര പ്രതിരോധകുത്തിവെപ്പുകൾ ലഭ്യമാക്കുക.

### 3. ആരോഗ്യ പരിശോധന

ഏതെങ്കിലും രോഗമോ, പോഷണക്കുറവിന്റെ മറ്റ് ലക്ഷണങ്ങളോ, രോഗബാധയോ ഉണ്ടോ എന്ന് കണ്ടുപിടിയ്ക്കുന്നതിന് ഓരോ മൂന്ന് മാസത്തിലും അമ്മാർക്കും കുട്ടികൾക്കും ആരോഗ്യപരിശോധന നടത്തുക.

### 4. പ്രാഥമികാരോഗ്യ രക്ഷ റഫറൽ സേവനങ്ങൾ

പ്രത്യേക ചികിത്സ വേണ്ടിവരുന്നവരെ രോഗത്തിന്റെ നിലയനുസരിച്ച് പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്കോ, മറ്റ് ആരോഗ്യകേന്ദ്രത്തിലേക്കോ റഫർ ചെയ്യുന്നു.

### 5. ആരോഗ്യപോഷകാഹാര വിദ്യാഭ്യാസം

ഗർഭരക്ഷ, നവജാത ശിശുസംരക്ഷണം, പരിസര ശുചീകരണം, കുടുംബാസൂത്രണത്തിന്റെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് 14 നും 45 നും ഇടയിൽ പ്രായമുള്ള സ്ത്രീകളെ ബോധവൽക്കരിക്കുന്നതിനും കുഞ്ഞുങ്ങളെ ശരിയായ രീതിയിൽ വളർത്തുന്നതിന് അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും വേണ്ട പോഷണാരോഗ്യ വിദ്യാഭ്യാസം ലഭ്യമാക്കുക.

### 6. അനൗപചാരിക പ്രീസ്കൂൾ വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ച് പ്രീസ്കൂൾ വിദ്യാഭ്യാസത്തിനുള്ള കേന്ദ്രം അംഗൻവാടിയാണ്. കുട്ടികളുടെ വ്യക്തിത്വത്തിന്റെ ശരിയായ വളർച്ചയ്ക്ക് സഹായിക്കുന്ന തരത്തിലുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുക. പൂരകപോഷണഭക്ഷണത്തിന് പുറമേ പ്രീസ്കൂൾ കുട്ടികൾക്കായി രണ്ടാമതൊരു ഭക്ഷണം(കഞ്ഞിയും പയറും) അംഗൻവാടികളിൽക്കൂടി ലഭ്യമാക്കുന്നു.

1995 ആഗസ്റ്റ്മാസം മുതൽ കൊട്ടാരക്കര പഞ്ചായത്തിൽ പ്രവർത്തിപ്പിക്കുന്ന മൂന്ന്(3) ബാലവാടികൾ അംഗൻവാടികളാക്കി മാറ്റി പ്രവർത്തിച്ചുവരുന്നു. പുതുതായി തുടങ്ങാനുള്ള അംഗൻവാടികളിൽ വർക്കർ ഹെൽപ്പർ തെരെഞ്ഞെടുപ്പ് പൂർത്തിയായശേഷം പ്രവർത്തനം ആരംഭിക്കുന്നതാണ്. മേൽപ്പറഞ്ഞ സേവനപദ്ധതികൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് ഒരു അംഗൻവാടിക്ക് 5 സെന്റ് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ടതാണ്. കൊട്ടാരക്കര പഞ്ചായത്തിൽ അനുവദിക്കപ്പെട്ട അംഗൻവാടികളുടെ എണ്ണം 26 ആണ്. എന്നാൽ മൂന്ന് അംഗൻവാടികൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ശേഷിക്കുന്ന പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി ഉണ്ടാകണം.

ബ്ലോക്ക് പഞ്ചായത്ത് വഴി നടപ്പിലാക്കിയ പദ്ധതികൾ



000103

# V-8. സംസ്കാരം

പ്രകൃതിയുടെ വികൃതികളുമായി കൈകോർത്തുപിടിച്ച പഴയകാല മനുഷ്യനിൽനിന്നും ജീവിതത്തിന്റെ സമസ്ത മേഖലകളിലും അടിതൊട്ടു മുടിവരെ മാറിയ ജനത്തെ മനുഷ്യരെ സംബന്ധിച്ചിടത്തോളം പ്രത്യേകതകളോടുകൂടിയതാണ് അവന്റെ സംസ്കാരം. ഇതിൽ ശൈലിക്കനുസരിച്ചുള്ള ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, കല, സാഹിത്യം എന്നിവയോടൊപ്പം നിത്യജിവിതത്തിന്റെ ജീവിതചര്യകൾകൂടി ഉൾപ്പെട്ടിരിക്കുന്നു.

മനുഷ്യ സമൂഹം വളരുതോറും ആചാരങ്ങളിലും വിശ്വാസങ്ങളിലും ക്രമേണ മാറ്റം വന്നുകൊണ്ടിരിക്കും. എന്നാൽ ജീവിതക്രമത്തിന്റെ സമൂല മാറ്റം ദൃശ്യമാകുന്നത് സാംസ്കാരികമായി ഉയർച്ചയിലൂടെയാണ്.

സമന്വയാധിഷ്ഠിതമാണ് ഭാരത സംസ്കാരം. പ്രാദേശിക വിഭാഗം ഓരോന്നും ഈ ആർഷഭൂമിയുടെ സംസ്കാരത്തിന്റെ രൂപവികാസ പരിണാമങ്ങൾക്ക് അതിന്റേതായ സംഭാവനകൾ നല്കിയിട്ടുണ്ട്. നമ്മുടെ സാസ്കാരിക പാരമ്പര്യത്തെ സമ്പന്നമാക്കുന്നതിനും ദേശീയോദ്ഗ്രഥന പ്രക്രിയക്ക് ആക്കം കൂട്ടുന്നതിനും വിഭാവന നല്കിയിട്ടുള്ള ജനങ്ങളിൽ നമ്മുടെ സംസ്കാരം നല്കിയിട്ടുള്ള സ്ഥാനം വലുതാണ്. കേരള സംസ്ഥാനം ഭാരത സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്. ഭാരതത്തിന്റെയും കേരളത്തിന്റെയും ഉറവകൾ കണ്ടെത്തുവാൻ തുനിഞ്ഞാൽ ചരിത്രത്തിന്റെ ഇരുണ്ട അറയ്ക്കുള്ളിൽ കടന്നുചെല്ലേണ്ടതായിട്ടുണ്ട്. പരസ്പരം കൂടിച്ചേർന്നതും എല്ലാ ജനവിഭാഗങ്ങളിലും വേരൂന്നിയിട്ടുള്ളതുമായതാണ് കേരള സംസ്കാരം. ഇതിന്റെ രൂപീകരണത്തിൽ വിവിധ ജനങ്ങളും ജനവർഗ്ഗങ്ങളും വളരെ സുപ്രധാന സംഭാവനകൾ നല്കിയിട്ടുണ്ട്. നമ്മുടെ സംസ്കാരത്തിന്റെ ഓജസ്സാകെ അതിന്റെ സങ്കുചിത സ്വഭാവത്തിൽ അധിഷ്ഠിതമാണ്. തന്മൂലം ജീവിത കാഴ്ചപ്പാടിലും സഹിഷ്ണുതയിലും വിജയം കൈവരിക്കുന്നവാൻ കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യ ലയനത്തിലും സാംസ്കാരിക സമന്വയത്തിലും അത്ഭുതകരമായ ഒരു പ്രക്രിയ നമ്മുടെ വികാസപരമായ ചരിത്രത്തിൽ ദൃശ്യമാണ്. കേരളത്തിന് നേരിടേണ്ടിവന്ന പ്രതിസന്ധികൾ കുറച്ചൊന്നുമല്ല. ഈ നേരിടൽ ഓരൊന്നും പാരമ്പര്യങ്ങളേയും ആധുനിക ആശയങ്ങളെയും ലയിപ്പിച്ച് കൊണ്ടുപോകുന്നതിന് സാമാന്യാതീതമായ് കഴിവ് ചിന്തയിലും പ്രകിയയിലും നാം കാഴ്ചവച്ചിട്ടുണ്ട്. മഹാഭാരതത്തിലും രാമായണത്തിലും കേരളത്തെപ്പറ്റി പരാമർശമുണ്ട്. ബി.സി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാർത്തിയായനൻ, രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പതഞ്ജവി കേരളത്തിന്റെ ഭൂമിശാസ്ത്രത്തെപ്പറ്റി അറിവുള്ളവരായിരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിലുള്ള വിവിധ ജനവിഭാഗങ്ങളുടെ ആചാരനാനുഷ്ഠാനങ്ങളും ജീവിതചര്യയും ഭാരത-കേരള സംസ്കാരത്തിന്റെ സംഭാവനകളുടെ ഭാഗമാണ്. അതിപുരാതന കാരം മുതൽ അറബികളുടെ ഒരു വ്യാപാരകേന്ദ്രമായിരുന്നു നമ്മുടെ ജില്ലയുടെ ആസ്ഥാനമായ കൊല്ലം. കുരുമുളക്, ചുക്ക് തുടങ്ങിളി സുഗന്ധദ്രവ്യങ്ങൾ നമ്മുടെ വ്യാപാരമേഖലയ്ക്ക് കൂടുതൽ ആവേശം നല്കിയിരുന്നു. കാലമെത്ര മാററിമറിച്ചിലുകൾക്ക് വിധേയമായിട്ടുണ്ടങ്കിലും ആ വ്യാപാരബന്ധത്തിന്റെ വികസിത രൂപം ഇന്നും നിലനിൽക്കുന്നു. ഇതു വ്യാപാര ബന്ധങ്ങളിലൂടെ അതിരുകളില്ലാത്ത നമ്മുടെ സംസ്കാരത്തിലെ ഒരു നൻമുത്തിന്റെ തിളക്കം ദൃശ്യമാകുന്നു.

മതസൗഹാർദ്ദത്തിനും ദേശിയോദ്ഗ്രഥനത്തിനും കോട്ടം വരാത്തവിധം എന്നെന്നും സമാധാനത്തിനും രാജ്യത്തിന്റെ പുരോഗതിക്കും മാത്രമൂന്നൽ നല്കി തോളോടുതോൾ ചേർന്ന് ആപൽഘട്ടങ്ങളെ തരണം ചെയ്യുന്നവാൻ തുനിഞ്ഞിറങ്ങിയ കാഴ്ചയാണ് എന്നും കാണുന്നത്.

തൊട്ടടുത്ത സംസ്ഥാനമായ തമിഴ് നിവാസികളുടെ വ്യാപാരസംബന്ധമായ സാമിപ്യവും അവരുമായി ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങളും തമ്മിൽ കൂടുതൽ ഐക്യത്തിന് കാരണമായിട്ടുണ്ട്. പാരമ്പര്യ രീതിൽനിന്നും ആധുനിക ജിവിത ശൈലിയിലേക്കും കുതിച്ചുകൊണ്ടിരിക്കുന്ന കാഴ്ച ഉൽക്കണ്ഠാകുലമാണ്. വേഷവി



000109

ധാനത്തിലും ജീവിതചര്യയിലും ഇതു പ്രകടമാണ്. വളരെ പെട്ടെന്നുള്ള ഒരു ആധുനിക ഗതിക്രമത്തിലേക്ക് എടുത്തുചാടാൻ എല്ലാ വിഭാഗം ജനങ്ങളെയും പ്രേരിപ്പിക്കുന്നത് ഗൾഫ് പണത്തിന്റെ സ്വാധീനതയിലാണ്. തന്മൂലം പാരമ്പര്യങ്ങളായ ആചാരനാനുഷ്ഠാനങ്ങളിലും കുടുംബ ബന്ധങ്ങളിലും സാരമായ മാറ്റം ദൃശ്യമാകുന്നു. പാരമ്പര്യമായി നിലനിന്നിരുന്നതെല്ലാം പൂർണ്ണമായി നിലനിൽക്കുവാനും പുതിയവയിലെ വർജ്ജിക്കപ്പെടേണ്ടവ അനിവാര്യമായും ഉപേക്ഷിക്കുകയും ചെയ്യുവാൻ നമുക്ക കഴിയണം.

വർഗ്ഗ-വർണ്ണ വ്യത്യാസം കൂടാതെ നാനാ ജാതി മതസ്ഥർ ഒത്തുചേർന്ന് ജീവിക്കുന്ന കൊട്ടാരക്കര പഞ്ചായത്തിന്റെ പുരോഗതിയുടെ ആകെത്തുക ഇവിടുത്തെ സാസ്കാരിക ഔന്നത്യമാണ്.

വിശ്വപ്രസിദ്ധമായ കഥകളിയുടെ ജന്മഗൃഹമാണ് ഇവിടം. ചരിത്രത്താളുകളിലൂടെ കടന്നുപോകുന്നപോൾ കോഴിക്കോട് സാമൂതിരിയുടെ കൃഷ്ണനാട്ടത്തിന് പകരമായി ചമയിച്ചെടുത്ത രാമനാട്ടമെന്ന കഥാ രൂപം വളർന്ന് വികസിച്ച് കെരളത്തിന്റെ തനതും അഭിമാനവുമായ വിധത്തിൽ വളർച്ച പ്രാപിച്ച കലാരൂപമാണ് നാം ഇന്നുകാണുന്ന കഥകളി. കലാസാംസ്കാരിക രംഗത്തെ ഈ സംഭാവന മഹത്തരമാണ്.

മഹാഗണപതി ക്ഷേത്രവും ജുമാമസ്ജിദും ക്രിസ്ത്യൻ ദേവാലയവും നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് തലയുയർത്തി മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു. ഇതിലൂടെ വ്യത്യസ്ത വിശ്വാസങ്ങളുടെ സമുന്വയവും മതസഹിഷ്ണുതയുമാണ് ദൃശ്യമാകുന്നത്.

നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിലുള്ള സാമൂഹ്യ-രാഷ്ട്രീയ കലാ- സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹത്വ്യക്തികളുടെ ആദ്യകാല പഠനകേന്ദ്രങ്ങളായിരുന്ന പാലക്കുഴി സ്ക്കൂളും ബോയ്സ് ഹൈസ്ക്കൂളും ഗ്രാമപഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങളാണ്.

### ആചാരങ്ങൾ

വ്യത്യസ്ത മതവിശ്വാസികൾ അവരുടെ വിശ്വാസങ്ങൾക്കനുസൃതമായ ആചാരങ്ങൾ നിലനിറുത്തന്നതിനോടൊപ്പം മറ്റുള്ളവരെക്കൂടി തങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും ഈ വേളകളിൽ ആശംസകൾ കൈമാറുന്നതിനും താല്പര്യ കാണിക്കുന്നു. ഇതുപോലെതന്നെ വേഷവിധാനങ്ങളിലും പൊതുരംഗങ്ങളിലും ഏകതാതന കൈക്കൊള്ളുന്നതായി കാണാൻ സാധിക്കും.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും ഈ പ്രദേശത്തുനിന്നും ഉന്മൂലനം ചെയ്യുവാനായിട്ടില്ല.

പുതിയ തലമുറപോലും പ്രശ്നപരിഹാരത്തിനായി മന്ത്രവാദം തുടങ്ങിയ കാര്യങ്ങളിൽ വിശ്വസിക്കുന്നതായി കാണുന്നു.

നാനാ ജാതി മതസ്ഥർ സമാധാനമായി ജീവിക്കുന്ന ഈ പ്രദേശത്ത് അടുത്തകാലത്തായി ജാതിസ്പർദ്ധമൂലമുണ്ടാകുന്ന അസ്വാരസ്യങ്ങൾ കാണുന്നു.

### പ്രശ്നങ്ങൾ

1. പൊതു പരിപാടികൾ സംഘടിപ്പിക്കുവാൻ ഉതകുന്ന സ്റ്റേഡിയത്തന്റെ അപര്യാപ്തത.
2. പൊതു സാംസ്കാരിക നിലയത്തിന്റെ അഭാവം.
3. മിക്ക വാർഡുകളിലും ഗ്രന്ഥശാലകളില്ല.
4. കലാ-കായിക രംഗങ്ങളിൽ വിദഗ്ദ്ധ പരിശീലകരുടെയും ഉപകരണങ്ങളുടെയും കുറവ്.
5. വായനശാലയക്ക് ആവശ്യമായ പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമല്ല.
6. കലാസാംസ്കാരിക പരിപാടികൾ, വിവാഹം, മറ്റ് ആഘോഷങ്ങൾ എന്നിവ സംഘടിപ്പിക്കുവാനുള്ള കമ്മ്യൂണിറ്റി ഹാളിന്റെ അഭാവം.
7. മൊബൈൽ ലൈബ്രറി കുറവ്.
8. മഹിളാ സമാജങ്ങൾക്ക് സുഗമമായി പ്രവർത്തിക്കുവാനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവം.
9. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അമിതമായ കടന്നുകയറ്റംമൂലം സാംസ്കാരിക മേഖലയിൽ ഉണ്ടാകുന്ന അപചയം.
10. നിലവിലുള്ള ഗ്രന്ഥാലയങ്ങളിലൊന്നിലും



000110

തന്നെ പുതിയ പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും അപര്യാപ്തത.

## *പരിഹാര നിർദ്ദേശങ്ങൾ*

1. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.
2. വിവി പ്രദേശങ്ങളുടെ സാംസ്കാരികത്തനിമ നിലനിറുത്തുന്നതിനും കൊട്ടാരക്കരയുടെ ചരിത്രത്തെക്കുറിച്ച് ആധികാരിക ഗവേഷണം നടത്തുന്നതിനും ആവശ്യമായി ബഹുനിലകളുള്ള ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.
3. കൊട്ടാരക്കര തമ്പുരാൻ സ്മാരക മ്യൂസിയം ഗണപതിക്ഷേത്രത്തിനടുത്തുള്ള പഴയ കൊട്ടാരവളപ്പിനുള്ളിൽ മാറ്റി സ്ഥാപിച്ച് തനിമ നിലനിറുത്തണം.
4. സ്വന്തമായി കെട്ടിടമില്ലാത്ത വായനശാലയ്ക്കും മഹിളാസമാജങ്ങൾക്കും കെട്ടിടം നിർമ്മിക്കുക.
5. പൊതു സ്റ്റേഡിയത്തിന്റെ അഭാവം പരിഹരിക്കുന്നതിന് സർക്കാർ മോഡൽ ഹൈസ്ക്കൂൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കി മാറ്റി സംരക്ഷിക്കുക.
6. പഞ്ചായത്ത് നേരിട്ട് ഒരു കേന്ദ്ര ഗ്രന്ഥശാല സ്ഥാപിക്കുക.
7. വിവാഹം, കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൗകര്യപ്രദമായി കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.
8. പ്രധാനപ്പെട്ട റോഡുകൾക്ക് ഈ പഞ്ചായത്തിലെ സാമൂഹിക രാഷ്ട്രീയ കലാസാംസ്കാരിക രംഗങ്ങളിലെ പ്രശസ്തരുടെ പേർ നൽകി ആദരിക്കണം.
9. കായിക പരിശീലനത്തിന് വിദഗ്ദ്ധരെ നിയോഗിച്ച് പരിശീലിപ്പിക്കുകയും സ്പോർട്സ് ഉപകരണങ്ങളും നൽകുക.
10. ഗ്രാമപഞ്ചായത്തിലെ കലാസായിക സംഘടനകളുടെയും മറ്റ് സാംസ്കാരിക സംഘടനകളുടെയും വിശിഷ്യാ കൊട്ടാരക്കര ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം നാടിന്റെ സാംസ്കാരിക ഉന്നംവച്ചുകൊണ്ട് പ്രവർത്തിക്കുവാൻ വേണ്ട നിർദ്ദേശം നൽകുക.
11. പഞ്ചായത്തിലെ ക്ലബ്ബുകളേയും ഗ്രന്ഥശാലകളേയും ഏകോപിപ്പിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുക.
12. പണത്തിന്റെ ധാരാളിത്തംമൂലം ജനങ്ങളിൽ ചെലുത്തുന്ന അമിതവാഞ്ഛകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
13. കഥകളിയുടെ പിതാവായ കൊട്ടാരക്കര തമ്പുരാനെ ഓർമ്മിക്കുവാനായി ഒരു കഥകളി ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.
14. ഗ്രാമപഞ്ചായത്ത് നേതൃത്വം നൽകി ഈ പഞ്ചായത്തിനുള്ളിലെ എസ്.എസ്.എൽ.സി., പ്രീ–ഡിഗ്രി, സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും താലൂക്ക് തലത്തിൽ കലാമത്സരങ്ങളിൽ വിജയികളാവുന്നവർക്ക് ശ്രീ. കൊട്ടാരക്കര ശ്രീധരൻനായർ മെമ്മോറിയൽ ട്രോഫി വിതരണം ചെയ്യുക.
15. പഞ്ചായത്തുതലത്തിൽ സാഹിത്യ കലാമത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുക.
16. ഓരോ സാംസ്കാരിക സംഘടനയുടെയും പ്രവർത്തനം വിലയിരുത്തി വർഷംതോറും അവാർഡ് നൽകുക.
17. എല്ലാ വാർഡുകളിലും പ്രധാന വാർഡുകളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും റേഡിയോ, ടി.വി. സ്ഥാപിക്കുക.
18. ഗ്രന്ഥാലയങ്ങളിലേയും വായനശാലയിലെയും പ്രവർത്തകരെ കർമ്മമേഖല ഏകോപിപ്പിച്ച് കാര്യക്ഷമത വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.
19. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുവാൻ കലാബോധമുള്ള കുട്ടികളെ കണ്ടെടുത്ത് പ്രോത്സാഹിപ്പിക്കുകയും അവർക്ക് വേണ്ടതായ സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.
20. ഉത്സവങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കുന്ന ഇന്നത്തെ രീതിക്ക് കാലോചിതമായ മാറ്റം വരുത്തി കമ്മിറ്റികളിലും മറ്റും എല്ലാ വിധമതവിഭാഗങ്ങളിലെയും ആൾക്കാരെ പങ്കെടുപ്പിച്ച് പ്രദേശത്തിന്റെ മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുക.



000111

## അനുബന്ധം 1

### സാംസ്കാരിക സ്ഥാപനങ്ങൾ

1. പഴയതെരുവ് പൗരസമിതി
2. അക്ഷയ ജനക്ഷേമ സമിതി
3. സന്തോഷ് ക്ലബ്ബ്
4. റോയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
5. നവജീവൻ ക്ലബ്ബ്
6. ചങ്ങാതി സാംസ്കാരിക കേന്ദ്രം
7. ഈയ്യംകുന്ന് പൗരസമിതി
8. ട്രിനിറ്റി ആർട്സ് ക്ലബ്ബ്
9. റോയൽ സ്പോർട്സ് & ആർട്സ് ക്ലബ്ബ്
10. ബാലജനസംഖ്യം
11. മംഗളം കലാസാഹിത്യ വേദി
12. വൈ. എം. സി. എ
13. പയനീയർ സ്പോർട്സ് ക്ലബ്ബ്
14. പ്രതിഭാ സ്പോർട്സ് ക്ലബ്ബ്
15. ടൗൺ സ്പോർട്സ് ക്ലബ്ബ്
16. ഫിലിം സൊസൈറ്റി
17. കല്ലുവാതുക്കൽ പൗരസമിതി

## അനുബന്ധം 11

### ലൈബ്രറികൾ

1. സി. പി. കെ. പി. മെമ്മോറിയൽ പബ്ലിക് ലൈബ്രറി
2. ജ്യോതി ലൈബ്രറി, അവണൂർ
3. തൃക്കണ്ണമംഗൽ പബ്ലിക്ക് ലൈബ്രറി, തൃക്കണ്ണമംഗൽ

000112

# V-9
# വനിത

പൗരാണിക ഭാരതത്തിൽ പുരുഷനോടൊപ്പം സ്ത്രീയും തുല്യസ്ഥാനം കൈവരിച്ചിരുന്നു. പുരുഷൻ സ്ത്രീയെ ആദരിക്കുകയും സ്ത്രീ സാമൂഹത്തിൽ ബഹുമാനിതയുമായി. ബഹുമാനിതയായ സ്ത്രീയുടെ തുടക്കം ഋഗ്വേദമന്ത്രങ്ങളുടെ രചയിതാവായ സൂര്യസാവിത്രി എന്ന സന്യാസിനിയിൽ തുടങ്ങുന്നു. ഭാരതസംസ്കാരം സ്ത്രീകൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് സമൂഹത്തിൽ കല്പിച്ചു വച്ചിട്ടിള്ളത്. സതീ സാവിത്രീ സങ്കല്പങ്ങളിൽ കൂടി പുരുഷന്റെ ശക്തിയും ത്യാഗത്തിന്റെ മൂർത്തിയും അർപ്പണത്തിന്റെ സാക്ഷിയുമായി വിരാജിച്ച സ്ത്രീയ്ക്ക് അവളറിയാതെതന്നെ അസ്വാതന്ത്ര്യത്തിന്റെയും അടിമത്തത്തിന്റെയും ഒരു മുഖംമൂടി അണിയേണ്ടി വന്ന മതവിഭാഗങ്ങളിലെല്ലാം ബഹുമാന്യയായ സ്ത്രീയുടെ രൂപമുണ്ട്. ഇസ്ലാം അവർക്ക് ബഹുമാനവും ഉന്നതസ്ഥാനവും കല്പിക്കുന്നു. ചില ക്രിസ്തീയ വിഭാഗങ്ങൾ അവൾക്ക് പുരോഹിതസ്ഥാനം വരെ നൽകുമ്പോൾ ഹിന്ദുമതം അവളെ ശക്തിയുടെയും സമ്പത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതീകമായി കാണുന്നു. അങ്ങനെ സർവ്വഥാ ബഹുമാനിതയായ സ്ത്രീയെ പിൽക്കാല സമൂഹം കുടുംബനാഥയായി വാഴിച്ച് അവൾക്കു ചുറ്റും കടമകളുടെയും സഹനത്തിന്റെയും വലയ്ക്കുള്ളിലാക്കി ഞെരിച്ചു കൊല്ലുകയും പൗരാണിക ഗ്രന്ഥങ്ങൾ വളച്ചൊടിച്ച് അവളെ അച്ഛന്റെയും ഭർത്താവിന്റെയും മകന്റെയും തടങ്കലിലാക്കുവാൻ പോലും മടികാണിച്ചിട്ടില്ല. 'നസ്ത്രീ സ്വാതന്ത്രമർഹതി' മനുസ്മൃതിയിൽ ചട്ടക്കൂട്, കല്പിച്ചുക്കൂട്ടി അവളെ തടങ്കലിലാക്കുവാനുള്ള പുരുഷന്റെ അമിതമായ ആഗ്രഹത്തിന്റെ തെളിവാണ്. പടിപടിയായി ചിന്താധാരയിലും അത് പ്രവർത്തിയിലും പൂർണ്ണമാക്കിയപ്പോൾ സ്ത്രീ അടുക്കളകൾക്കുള്ളിലും, മാറു മറക്കാനാകാതെ അകത്തളങ്ങൾക്കുള്ളിലും ഒതുങ്ങി കഴിയേണ്ടി വന്നു. എന്നാൽ ഉത്പതിഷ്ണുക്കളായ പിൽക്കാല സമൂഹം അവളിലെ കാര്യക്ഷമതയും ഉത്തരവാദിത്വവും കണ്ടറിഞ്ഞ് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവളെ കൂട്ടിക്കൊണ്ടുവരുവാൻ തയ്യാറായി. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളും വനിതാ വിമോചന പ്രസ്ഥാനവും അതിലേക്കായി വളരെയേറെ സംഭാവനകൾ നൽകി.

ജനാധിപത്യക്രമത്തിൽ രാഷ്ട്രീയതീരുമാനം എടുക്കാനുള്ള അവസരം സ്ത്രീയ്ക്ക് ലഭിക്കുന്നതോടെ അവൾക്ക് സ്വയം ആർജ്ജിക്കാൻ കഴിയുന്ന കരുത്ത് എല്ലാവിധ സാമൂഹ്യ ജീർണ്ണതകളേയും സംഘം ചേർന്ന് നേരിടുവാനുള്ള ശക്തി നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമം സ്ത്രീകൾക്ക് സമൂഹത്തിന്റെ ഗതി തിരിച്ചുവിടാനും മാറ്റി മറിയ്ക്കുവാനും കഴിയുമെന്ന ഉറച്ച വിശ്വാസത്തോടെ ഭരണരംഗങ്ങളിൽ മൂന്നിലൊന്ന് സംവരണം ഉറപ്പുവരുത്തി നിർബന്ധമായി സ്ത്രീകളെ ഭരണരംഗത്ത് കൊണ്ടുവരുന്നു. അതിലൂടെ ഗ്രാമപഞ്ചായത്തുകളിൽ 3861 അംഗങ്ങളും ബ്ലോക്ക് പഞ്ചായത്തുകളിൽ 104 അംഗങ്ങളും ഉൾപ്പെടെ 4543 വനിതകൾ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു. അവർക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ഏകദേശം 20000-ൽ അധികം വനിതകൾ പൊതുരംഗത്ത് വന്നു. എന്നാൽ ഒരു കാലത്ത് സാമൂഹ്യ പ്രവർത്തനമേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. അക്കാലഘട്ടത്തിൽ സ്കൂൾ വിദ്യാഭ്യാസം പോലും അവൾക്ക് അപ്രാപ്യമായിരുന്നു. കുടിപ്പള്ളിക്കൂടങ്ങളിലൂടെയും മറ്റും ഉയർന്നജാതിയിലുള്ള ഏതാനും പെൺകുട്ടികൾ എഴുതുവാനും വായിക്കുവാനും അല്പസ്വല്പം പഠിച്ചു എന്നുള്ളതൊഴിച്ച്, താഴ്ന്ന ജാതിക്കാർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ചിന്തിക്കുവാൻ പോലും കഴിയാത്തതായിരുന്നു. അക്ഷരത്തിന്റെ തെളിച്ചത്തിലേക്ക് ആത്മനൊമ്പരങ്ങൾ മാറ്റിവച്ച് അവൾ പൂർണ്ണമായും കടന്നുവന്നത് ഒരു പക്ഷേ കഴിഞ്ഞകാല സാക്ഷരതാപ്രവർത്തനങ്ങളിലൂടെയായിരുന്നു. അതിനു മുൻപും ഏറെപേർ ഉന്നത ശ്രേണിയിൽ സ്വപരിശ്രമത്താൽ എത്തിയിരുന്നുവെങ്കിലും അദ്ധ്വാനിക്കുന്നവർക്കും പട്ടിണിപാവങ്ങൾക്കും അക്ഷരമെന്ന ദീപം കാട്ടിയത് ആ മഹാപ്രസ്ഥാനമായിരുന്നു. 1960 മുതൽ തന്നെ വനിതകൾ വിദ്യാഭ്യാസത്തിൽ താത്പര്യം കാട്ടിത്തുടങ്ങി. എന്നിരിക്കിലും സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ അവർ സജീവമാകുവാൻ പിന്നെയും വർഷങ്ങൾ ഏറെ വേണ്ടി വന്നു. ശരിക്കും പറഞ്ഞാൽ പുരുഷന്മാർ സമ്മതിക്കാത്തതുകൊണ്ടു മാത്രമാണ് പ്രാഗത്ഭ്യമുള്ള പല സ്ത്രീകളും സമൂഹത്തിൽ പിൻതള്ളപ്പെട്ടു പോകുന്നത് ഇന്ത്യയിലെ ഏറ്റവും വലിയ വോട്ടു ബാങ്കായ സ്ത്രീ ജനങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ ഉയർത്തിക്കൊണ്ടുവരുവാൻ ഇന്നും ഒരു രാഷ്ട്രീയ പാർട്ടിയും പൂർണ്ണമായും തയ്യാറെടുത്തിട്ടില്ല.



000113

രാഷ്ട്രീയവിശുദ്ധിയും ജനങ്ങളുടെ പ്രശ്നങ്ങളോടുള്ള പ്രതിബദ്ധതയും കൈമുതലായുള്ള ജനപ്രതിനിധികൾ അന്യംനിന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ രാഷ്ട്രീയകാലാവസ്ഥയിൽ ആത്മാർത്ഥതയും സത്യസന്ധതയും അർപ്പണ മനോഭാവവും കൈമുതലായുള്ള വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം വരുന്നത് നമ്മുടെ ജനാധിപത്യക്രമത്തിന് ആശ്വാസമാണ്. തദ്ദേശസ്വയംഭരണരംഗത്ത് വനിതാപ്രതിനിധികളുടെ പ്രവർത്തനങ്ങൾ സ്ത്രീകൾക്കെതിരെയുള്ള അക്രമത്തിനും അനീതികൾക്കും അവഗണനയ്ക്കും എതിരേയും ഭരണരംഗങ്ങളിൽ അവരുടെ പ്രാഗൽഭ്യത്തിന്റെ തുടക്കമായും കാട്ടുന്ന ഭാവിയിലേക്കുള്ള ഒരു ചൂണ്ടുപലകയാണ്. ലോക്സഭാചരിത്രത്തിൽ 40ൽ അധികം വനിതാ എം. പി.മാരെ എത്തിക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തു. അതിന്റെ കാരണം രാഷ്ട്രീയാധികാരം സ്ത്രീയുമായി പങ്കിടാനുള്ള പുരുഷന്റെ വിമുഖതയാണെന്ന് കണ്ടറിഞ്ഞ് അതിന് ഒരു മനശാസ്ത്രപരമായ ഉത്തരം കൂടി ഇന്ന് നിയമനിർമ്മാണത്തിന്റെ പണിപ്പുരയിലുണ്ട്. അതാണ് ലോക്സഭയിൽ വിശദമായ ചർച്ചയ്ക്കായി കാത്തിരിക്കുന്ന വിനിതാസംവരണബിൽ ഇത് ഒരുപക്ഷേ സ്ത്രീ സമൂഹത്തിന് പ്രതീക്ഷിക്കാൻ കഴിയുന്നതിലധികം ശക്തിയോടെ അധികാരസ്ഥാനങ്ങളിൽ കടന്നുചെല്ലാവുന്നതിന്റെ നിയമപരമായ പരിരക്ഷയാണ്. ആകയാൽ ഈ ബില്ലിന്റെ നിയമനിർമ്മാണത്തിനായ് നമുക്ക് കാത്തിരിക്കാം.

കേരളത്തിൽ പഞ്ചായത്ത്രാജ് നഗരപാലികാനിയമം അധികാരവികേന്ദ്രീകരണം ഉറപ്പുവരുത്തിയപ്പോൾ അത് എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പരമാവധി ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് 9-ാം പദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിച്ച് ആസൂത്രണം ഗ്രാമതലത്തിൽനിന്ന് ആരംഭിക്കുമ്പോൾ അതിന് സാമ്പത്തികഭൗതിക, തൊഴിൽ സ്രോതസ്സുകൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലേക്കായി നടന്നുകൊണ്ടിരിക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ സ്ത്രീകളായ നമ്മളുടെ പങ്ക് ഗ്രാമസഭകളിലൂടെയും വികസന സെമിനാറുകളിലൂടെയുമുള്ള ചർച്ചകളും വികസന സംവാദങ്ങളിലുമായി നാം ഇതിനകം പ്രകടിപ്പിച്ചു കഴിഞ്ഞിട്ടുണ്ടാവുമല്ലോ. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിലേക്കായി അതിലൂടെ സ്ത്രീകളായ നമുക്കുകൂടി തുല്യ പങ്കാളിത്തമുള്ള ഒരു പുതിയനൂറ്റാണ്ടിലേയ്ക്ക് ഏറെ പ്രതീക്ഷകളോടെ കടന്നുചെല്ലാം.

1991-ലെ സെൻസസ്പ്രകാരം കൊട്ടാരക്കര ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 27783 ആയിരിക്കെ സ്ത്രീകളുടെ സംഖ്യ 14141 ആണ്. ഇത് ഇവിടുത്തെ പുരുഷജനസംഖ്യയേക്കാൾ 500എണ്ണം കൂടുതലാണ്. എന്നാൽ സ്ത്രീജനസംഖ്യയുടെ എണ്ണത്തിലുള്ള ഈ കൂടുതൽ മറ്റ് ഔദ്യോഗിക അനൗദ്യോഗിക രാഷ്ട്രീയസാംസ് കാരിക മേഖലകളിൽ ലഭിക്കേണ്ടതാണെങ്കിലും നിർഭാഗ്യവശാൽ അതിന്റെ ആനുപാതികപരമായ മാറ്റം കാണുന്നില്ല. എങ്കിലും സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളും ഏകദേശം പുരുഷന്മാരോടൊപ്പം നിൽക്കുന്നു എന്നുള്ളത് ആശാവഹമാണ് 11572 പുരുഷന്മാർ സാക്ഷരരായപ്പോൾ 11548 സ്ത്രീകളും സാക്ഷരത കൈവരിക്കുകയുണ്ടായി. അതുപോലെതന്നെ മറ്റൊരുകാര്യം 6 വയസ്സിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം 1645 ആയിരിക്കെ പെൺകുട്ടികളുടെ എണ്ണം 1521 മാത്രമാണ്. അതായത് 124 എണ്ണം കുറവാണ് ഇത്. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരായ 1932 സ്ത്രീകളിൽ 1132പേരും സാക്ഷരരാണെന്നത് എടുത്തു പറയേണ്ടതാണ്.

ഈ പ്രദേശത്തെ പെൺകുട്ടികൾക്ക് 1930കളിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസത്തിന് സൗകര്യം ലഭിച്ചിരുന്നു. അതുപോലെ കൊട്ടാരക്കരയിലെ ആദ്യത്തെ സ്കൂളായ സബ്ജയിലിന് സമീപത്തുള്ള സത്രം സ്കൂളും മിഡിൽ സ്കൂളും, ഹൈസ്കൂളും ഈ പ്രദേശത്തെ പെൺകുട്ടികൾക്ക് ആദ്യകാലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിന് സഹായം ചെയ്തു കൊടുത്തിരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കായ്കയാൽ മിക്ക സ്ത്രീകളുടെയും ജോലി ഗൃഹവൃത്തിയിൽ ഒതുക്കേണ്ടിവന്നു. എങ്കിലും ചില പുരോഗമനവാദികളുടെ പ്രവർത്തനം മൂലം വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പലരും ഉന്നതമായ തൊഴിൽ മേഖലകളിൽ എത്തപ്പെടുകയും ചെയ്തു. ഈ ഗ്രാമപഞ്ചായത്തിന്റെ തുടക്കം മുതൽ മൂന്നാമത്തെ പ്രസിഡണ്ട് ഉന്നതബിരുദധാരിയും കോളജ് അധ്യാപികയുമായിരുന്ന പ്രൊഫ. ഭാഗീരഥി അമ്മയായിരുന്നു. അതുപോലെതന്നെ എണ്ണത്തിൽ കുറവായിരുന്നെങ്കിൽപോലും ബിരുദധാരിണികളും ബിരുദാനന്തരധാരികളുമായ സ്ത്രീകൾ ഈ പ്രദേശത്ത് വളരെ പണ്ടുമുതലേ ഉണ്ടായിരുന്നു.

സാമൂഹ്യപരമായ മാറ്റത്തെത്തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിനു തയ്യാറായതുമൂലം ഇവിടുത്തെ തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് ഒരുപരിധിവരെ കടന്നുചെല്ലാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അധ്യാപനരംഗത്ത് സ്ത്രീകൾ ഏതാണ്ട് 90ശതമാനത്തിലധികം പങ്കാളിത്തം കൈവരിക്കുന്നു. ഈ പഞ്ചായത്തിലെ 6 ഹൈസ്കൂളുകളിലും U.P സ്കൂളുകളിലും L.P. സ്കൂളുകളിലുമായി ആകെയുള്ള 281 അധ്യാപകരിൽ 207 എണ്ണം വനിതാ അധ്യാപകരാണ്. അതുപോലെതന്നെ ഈ പ്രദേശത്ത് ഏകകോളജിലും മറ്റു സ്കൂളുകളിലും ഭൂരിപക്ഷം പെൺകുട്ടികൾക്കാണ്. അങ്ങനെ ഭാവിയിലേക്ക് നോക്കുമ്പോൾ സ്വയംതൊഴിൽ കണ്ടെത്താൻ മേഖലകളിൽ അത്രയേറെ പ്രാതിനിധ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇവിടുത്തെ സ്ത്രീകളിൽ നല്ലൊരു ഭാഗം സ്വാശ്രയശീലരാണെന്ന് കാണാൻ കഴിയുന്നു. ഗാർമെന്റ്മേക്കിംഗ്, ബ്യൂട്ടി പാർലറുകൾ എന്നീ മേഖലകളിലൂടെ ഈ പഞ്ചായത്തിൽ ധാരാളം പെൺകുട്ടികൾ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്ക് പരിശീലനം കൊടുക്കുന്നതിലേക്കായി ഒരു വനിതാ ഇൻഡസ്ട്രിയൽ ഐ. റ്റി. സി യും കേന്ദ്രമാനവശേഷിവകുപ്പിന്റെ കീഴിൽ ഭാരത് സേവകസമാജ് നടത്തുന്ന



000114

വിമൻസ് സെന്ററുമുണ്ട്. ഇവ രണ്ടും സ്വന്തമായി തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടി പരിശീലനം നൽകുന്നു. സർക്കാർ സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. ഇങ്ങനെയൊക്കെ ആണെങ്കിലും സാധാരണക്കാരായ സ്ത്രീകൾ കുടുംബപരമായ ബാധ്യതകൾ നിമിത്തം കായികാധ്വാനം കൂടിയ തൊഴിൽ മേഖലകളായ കരിങ്കൽ, കശുവണ്ടി, കർഷകത്തൊഴിലാളി, കെട്ടിടനിർമ്മാണം എന്നിവിടങ്ങളിലും പണി ചെയ്യുന്നു. ഇവരിൽ ഭൂരിപക്ഷം വിദ്യാസമ്പന്നരാണ്.

സാധാരണക്കാരുടെ വീടുകളിലെ കുടുംബനാഥന്മാരിൽ മദ്യപാനശീലംവളരെ കൂടുതലായതിനാൽ കുടുംബിനികൾ അതുമൂലം ഒട്ടനേകം പീഠനകൾ അനുഭവിക്കുകയും കുടുംബത്തിന്റെ വരുമാനത്തിലേക്കായി കായികാധ്വാനം കൂടിയ ജോലികളിലേയ്ക്ക് പോവുകയും ചെയ്യുന്നു. അവരിൽ പലരും പരിമിതമായ കുടുംബ ബഡ്ജറ്റ് രൂപം നൽകുവാൻപോലും ക്ലേശമനുഭവിക്കുന്നവരാണ്.

ഈ ഗ്രാമപഞ്ചായത്തിൽ വനിതകളുടേത് മാത്രമായി തൊഴിൽ സ്ഥാപനങ്ങളും DWCRI യൂണിറ്റുകളും മഹിളാസമാജങ്ങളുമുണ്ട്. ഇവിടുത്തെ ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. അതുപോലെതന്നെ സന്നദ്ധപ്രവർത്തനങ്ങൾവരെ ഏറ്റെടുത്ത് നടത്തിയിരുന്ന മഹിളാസമാജങ്ങളും ഈ പഞ്ചായത്തിലുണ്ട്. എന്നാൽ അടുത്തകാലത്തായി സാമൂഹ്യക്ഷേമവകുപ്പിന്റെ ഉത്തരവാദിത്വരഹിതമായ പെരുമാറ്റവും സാമ്പത്തിക സഹകരണമില്ലായ്മയും വനിതകളുടെ താത്പര്യക്കുറവും കാരണം പല മഹിളാസമാജങ്ങളും ഇന്ന് കടലാസിൽ മാത്രമാണ് DWCRA യൂണിറ്റുകൾ പലതും നിർത്തിയിട്ട് വർഷങ്ങൾ തന്നെയായി.

കൊട്ടാരക്കര ഗ്രാമപഞ്ചായത്തിൽ സാക്ഷരതാപ്രവർത്തനം വളരെ ഊർജ്ജിതമായി നടന്നതുമൂലം ഏകദേശം 92 ശതമാനത്തോളം സ്ത്രീകൾ സാക്ഷരരാവുകയും അവർക്കിടയിൽ സ്ത്രീകളുടെ അവകാശങ്ങളേയും കടമകളേയും പറ്റി ബോധമുണ്ടാവുകയും ചെയ്തു. അതുപോലെതന്നെ ഈ പഞ്ചായത്തിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവേ, വിഭവഭൂപടസർവേ, നീരൊഴുക്ക് സർവേ, ദ്വിതീയവിവരശേഖരണം, വിദ്യാഭ്യാസ സർവേ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏകദേശം 70ശതമാനവും സ്ത്രീകളായിരുന്നു.

സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങളും നമ്മുടെ പഞ്ചായത്തിൽ പൊതുവേ കുറവാണ്. എന്നാൽ സ്ത്രീപീഠന ക്കേസുകളും സ്ത്രീധനത്തെച്ചൊല്ലിയുള്ള ബന്ധം വേർപിരിയലും മറ്റും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഗ്രാമപഞ്ചായത്തിന്റെ കേന്ദ്രത്തിൽ ഒരു കുടുംബകോടതി സ്ഥിതിചെയ്യുന്നുണ്ട്. അതിന്റെ പ്രവർത്തനം പലപ്പോഴും സ്ത്രീകൾക്ക് ആശാവഹമായ രീതിയിലാണ്.

ഈ ഗ്രാമപഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥിനികൾ പഠനനിലവാരത്തിൽ വളരെയധികം മുൻപന്തിയിലാണ്. ഡിഗ്രിതലം വരെ ഈ നില ഏകദേശം തുടർന്നുവരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസത്തിലും ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. ഉള്ളവരുടെ വിദ്യാഭ്യാസം B.Ed, HDC, Computer Diploma എന്നിവയിൽ ആണ് കൂടുതലായി കാണപ്പെടുന്നത്. എന്നാൽ പ്രൊഫഷണൽ ഡിഗ്രി നേടിയസ്ത്രീകളും പരിമിതമായെങ്കിലുമുണ്ട്.

രാഷ്ട്രീയപ്രസ്ഥാനങ്ങളിലും സാമൂഹ്യസാംസ്കാരിക മേഖലകളിലും ഇവിടുത്തെ സ്ത്രീകളുടെ എണ്ണം പരിമിതമാണ്. സ്ത്രീകൾക്ക് പുരുഷന്മാരുടെ യാത്രസഹായം ലഭിക്കായ്കയുണ്ടെങ്കിലും തന്റെ വനിതാസഹപ്രവർത്തകർ മോശക്കാരാണെന്ന് മിക്ക രാഷ്ട്രീയസാമൂഹ്യ സാംസ്കാരിക നായകന്മാർക്കും അഭിപ്രായമില്ല. ത്യാഗനിബിഡമായ രാഷ്ട്രീയപാരമ്പര്യവും മറ്റും കൈമുതലായില്ലെങ്കിലും സാധാരണക്കാരിൽ സാധാരണക്കാരായ വനിതാ അംഗങ്ങൾക്ക് ജനങ്ങളുടെ നാഡിയിടിപ്പ് നന്നായറിയാം. വീട്ടിലായാലും സമൂഹത്തിലായാലും തനിക്ക് മുമ്പേ മറ്റുള്ളവരെ സേവിക്കുക എന്ന ഈ പ്രശ്നങ്ങൾ ഇൻഡ്യൻസ്ത്രീയുടെ ധർമ്മം രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലേയ്ക്ക് പ്രചരിപ്പിക്കേണ്ട അവസരം അതിക്രമിച്ചിരിക്കുന്നു.

അഭ്യസ്തവിദ്യരായവനിതകളുടെ ഇടയിലെ രൂക്ഷമായ തൊഴിലില്ലായ്മയാണ് ഈ ഗ്രാമപഞ്ചായത്തിലെ പ്രധാന പ്രശ്നം. ചില സർക്കാർ ഓഫീസുകളും സ്കൂളുകളും ബാങ്കിംഗ് സ്ഥാപനങ്ങളുമൊഴിച്ചാൽ ഏറെക്കാലമായി സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന്റെ പദവിയും അതിലധികം സൗകര്യങ്ങളുമുള്ള ഇവിടെ വ്യവസായ യൂണിറ്റുകളോ മറ്റുതൊഴിൽ മേഖലകളോ ഇല്ലെന്ന് മാത്രമല്ല പുതിയതായി വ്യവസായ യൂണിറ്റുകൾ ഉയർന്നുവരുവാനുള്ള സാധ്യതകളും പരിമിതമാണ്.

പ്രാഥമിക വിദ്യാഭ്യാസം നേടിയവരും സാമ്പത്തിക ബാധ്യത അനുഭവിക്കുന്നവരുമായ ഇവിടുത്തെ സ്ത്രീകൾക്ക് കുറച്ചെങ്കിലും തൊഴിൽ ലഭിക്കുന്നത് കെട്ടിടനിർമ്മാണം, കശുവണ്ടി, കരിങ്കൽ മേഖലകളിലാണ് അധ്വാനഭാരം ഏറിയതാണെങ്കിലും അവിടെപോലും പരിമിതമായ കൂലിനിരക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. അതോടൊപ്പം ഇവിടെ പണിയെടുക്കുന്നവർക്ക് സ്ത്രീജന്യമായ ധാരാളം രോഗങ്ങളും ഉണ്ടാകാൻ സാധ്യത വളരെയധികമാണ്. പരിമിതമായ കൂലിനിരക്ക് മാത്രമേ ലഭിക്കുന്നതോടൊപ്പം തൊഴിൽ ദിവസങ്ങളും ഇവിടെ പരിമിതമാണ്. കഠിനാദ്ധ്വാനം ചെയ്യേണ്ടിവരുന്ന ഈ മേഖലകളിൽ പുരുഷനോടൊപ്പം തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും കൂലിനിരക്കിൽ വിവേചനം നിലനിൽക്കുന്നു.



000115

## സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്ക് പട്ടിക

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കശുവണ്ടി മേഖല | 30.40 | ഇല്ല |
| കർഷകതൊഴിലാളിമേഖല | 60.65 | 100 |
| കെട്ടിടനിർമ്മാണതൊഴിലാളി | 60.70 | 120.150 |
| കരിങ്കൽതൊഴിലാളി മേഖല | 35.40 | 80.120 |

ഇതിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നത് കശുവണ്ടി മേഖലയിലാണെങ്കിലും ഈ പ്രദേശത്ത് രണ്ട് സ്വകാര്യകശുവണ്ടി ഫാക്ടറിമാത്രമേ നിലവിലുള്ളു. കൂടുതലും സ്ത്രീകൾ തൊഴിലിനുവേണ്ടി നെടുവത്തൂർ, ഉമ്മന്നൂർ, വെട്ടിക്കവല, മേലില പഞ്ചായത്തുകളിലാണ് പോകുന്നത്. പൊതുമേഖലയിൽ തൊഴിൽ ലഭ്യത വർഷത്തിൽ വെറും 30 - 40 മാത്രമാണ്. സ്വകാര്യമേഖലയിൽ 150 ദിവസത്തിലധികം ജോലി ലഭിക്കുന്നുവെങ്കിലും സ്ത്രീകൾ ചൂഷണത്തിന് വിധേയരാവാറുണ്ട്. ESI ആനുകൂല്യങ്ങൾ വളരെ പരിമിതവും ആശു പത്രികളിൽ മരുന്നും അവരുടെ കുട്ടികൾക്കുവേണ്ടിയുള്ള ക്രഷ്, പ്രാഥമികാവശ്യത്തിനു വേണ്ടിയുള്ള സൗകര്യം എന്നിവയും പല സ്ഥലങ്ങളിലുമില്ല.

അധ്വാനഭാരം ഏറ്റവുമധികം വേണ്ടിവരുന്നതും അപകടസാധ്യതമേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ESI ആനുകൂല്യങ്ങളും അപകടസാധ്യത ഏറെയുള്ളതുമായ കരിങ്കൽ മേഖലയിലും നിർമ്മാണമേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ESI ആനുകൂല്യങ്ങളും അപകട ഇൻഷുറൻസ് സംവിധാനങ്ങളും ലഭിക്കാറില്ല. നിർമ്മാണ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധിയുടെ പ്രയോജനം പൂർണ്ണമായും ലഭ്യവുമല്ല. ഈ ഗ്രാമപഞ്ചായത്തിലെ പ്രധാനമായ മറ്റൊരു തൊഴിൽമേഖല സ്വകാര്യആശുപത്രികളാണ്. 3 സ്വകാര്യ ആശുപത്രികളും അഞ്ചിലധികം ചെറിയ ക്ലിനിക്കുകളിലുമായി 150-ൽ അധികം വനിതകൾ ജോലി നോക്കുന്നു. എന്നാൽ പലതിലും അടിസ്ഥാന ആനുകൂല്യങ്ങൾപോലും നൽകുന്നില്ല എന്ന് മാത്രമല്ല, പരിമിതമായ തുക ശമ്പളമായി മാത്രമേ ലഭിക്കുന്നുള്ളൂ.

അൺഎയ്ഡഡ് സ്ക്കൂളുകൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയും നേരിയ തോതിലെങ്കിലും തൊഴിൽ ലഭിക്കുന്നുണ്ട്. ഇവിടെയും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിമിതമാണ്. എന്ന് മാത്രമല്ല, "വീട്ടിൽ വെറുതെ നിൽക്കുകയല്ലേ ഇവിടെവന്ന് നിന്നോട്ടെ"എന്ന പഴകി ജീർണ്ണിച്ച ശൈലിയും.

സ്വാശ്രയശീലം കൈവരിക്കുന്നതിലേക്കായി സ്ത്രീകൾ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വിമുഖത ഇന്നും വളരെ ഏറെയാണ്. ഏറ്റവും കൂടിയ ഒരു തയ്യൽമിഷ്യനിലോ, ഗാർമെന്റ് മേക്കിങ്ങ് യൂണിറ്റിലോ മാത്രം അവരുടെ ആഗ്രഹങ്ങൾ പരിമിതപ്പെടുത്തുന്നു. സ്വന്തമായി സ്ത്രീകൾ ആരംഭിച്ച കറിപൗഡർ യൂണിറ്റുകളും മറ്റും ഒഴിവാക്കിക്കൊണ്ടല്ല ഇത് സൂചിപ്പിക്കുന്നത്. ഇങ്ങനെ സ്ത്രീകൾ പൊതുവെ പരിമിതമായ ചട്ടക്കൂടുകളിൽ ഒതുങ്ങി സർക്കാർ ഉദ്യോഗം മാത്രം കാംക്ഷിച്ച് കഴിയുകയാണ്.

സാമൂഹ്യരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ട് കൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും, പൊതുവേ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കാനുള്ള താത്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും. പുരുഷന്മാർക്കുള്ള അധികാര അവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതപന്ഥാവിൽ വളരെ പിന്നോക്കം തള്ളപ്പെടുന്ന ജനവിഭാഗങ്ങൾക്ക് ഏർപ്പെടുത്തുന്ന സംവരണം, അതിന്റെ നിയമപരമായ പരിരക്ഷയോടുകൂടി സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അതിലൂടെ പരമാവധി അധികാരസ്ഥാപനങ്ങളിൽ കടന്നുചെന്ന് അവസരസമത്വം നേടേണ്ടുന്നത്, അതിലൂടെ സ്വയം വളരേണ്ടുന്നതും സ്ത്രീകളുടെ കടമയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷനോടൊപ്പ് നിൽക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

### സാദ്ധ്യതകൾ

സ്ത്രീകളുടെ ഇടയിൽ ആത്മവിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും സമൂഹ്യരംഗത്തും പൊതുരംഗത്തും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവരുടെ അവകാശങ്ങളേപ്പറ്റിയും നിലവിലുള്ള പരിതസ്ഥിതികളിൽ അവർക്കു ലഭിച്ചിട്ടുള്ള നിയമപരമായ സംരക്ഷണത്തെപ്പറ്റിയും ഇനി ലഭിക്കുവാൻ പോകുന്ന നിയമരക്ഷകളെപ്പറ്റിയും അവരെ ബോധവൽക്കരിക്കുന്നതിന് ശില്പശാലകളും പരിശീലന കളരികളും സംഘടിപ്പിക്കണം. കഴിയുന്നത്ര സ്ത്രീ



000116

കളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയസാംസ്കാരിക സംഘടനകൾ തയ്യാറാകണം. പൊതുരംഗത്ത് നിറഞ്ഞുനിൽക്കുകയും സാമൂഹ്യ പ്രതിബന്ധതയോടെ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ മുൻ പിൻമുറയുമായി പങ്കുവയ്ക്കുകയും അങ്ങനെ അവരുടെ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. പുതിയ പഞ്ചായത്ത്രാജ് നിയമംമൂലം തിരഞ്ഞെടുക്കപ്പെട്ട മൂന്നിലൊന്നിലധികമുള്ള വനിതാ പ്രതിനിധികൾ തങ്ങളുടെ അവകാശങ്ങളേയും അധികാരങ്ങളേയും കുറിച്ച് മനസ്സിലാക്കി മറ്റുള്ളവരെ ബോധവൽക്കരിക്കാൻ മുൻകൈ എടുക്കണം. വനിതാ ജനപ്രതിനിധികൾ കാലകാലങ്ങളിൽ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മറ്റ് ഉദ്യോഗസ്ഥ അനുദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് വേണ്ടുന്ന പരിശീലന പരിപാടികൾ നടത്തുകയും വേണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാൻ ഉള്ള ആവശ്യമായ സഹായം ചെയ്യുകയും വേണം. ഈ ഗ്രാമപഞ്ചായത്തിൽ ഒരു കേന്ദ്രീയ വനിതാസമിതി സംഘടിപ്പിച്ച് നേതൃത്വപരിശീലനം സംഘടിപ്പിക്കണം. അയൽക്കൂട്ടങ്ങളും മാതൃസംഗമങ്ങളും വിളിച്ചുകൂട്ടി പരസ്പരം പ്രശ്നങ്ങൾ ചർച്ചചെയ്ത് സഹകരണം ഉറപ്പു വരുത്തണം. ഗ്രാമപഞ്ചായത്ത് കേന്ദ്രത്തിൽ വനിതകൾ നടത്തുന്ന ഒരു വനിതാവായനശാല ആരംഭിക്കണം. മഹിളാസമാജങ്ങളുടെ പ്രവർത്തനം പുനഃക്രമീകരിച്ച് ഒരു വാർഡിൽ രണ്ടോ അതിലധികമോ വീതം രൂപീകരിക്കണം.

സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും ആരംഭിക്കണം. സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും അവിടെ സ്വയംതൊഴിൽ കണ്ടെത്താനുതകുന്ന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പരിശീലനം ലഭിച്ച വനിതകൾക്ക് സ്വന്തമായി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശവും സഹായവും ഉറപ്പുവരുത്തണം. ധാരാളം വനിതകൾക്ക് തൊഴിൽ സാദ്ധ്യത ലഭിക്കുന്ന കമ്പ്യൂട്ടർ വിദ്യാഭ്യാസം, തയ്യൽ പരിശീലനം, ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് തുടങ്ങിയ മേഖലകളിൽ സഹകരണാടിസ്ഥാനത്തിൽ വനിതകളുടെ സ്ഥാപനങ്ങൾ ആരംഭിക്കണം. അനുബന്ധ പദ്ധതികളായ ആടുവളർത്തൽ, കാലിവളർത്തൽ, മുട്ടക്കോഴിവളർത്തൽ, അടുക്കളത്തോട്ടനിർമ്മാണം എന്നിവയ്ക്ക് നടത്തുന്നതിലേക്കു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതോടൊപ്പ് വിപണന കേന്ദ്രങ്ങളും സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കണം. പച്ചക്കറി കൃഷിക്കുള്ള വിത്തും വളവും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൃഷിഭവൻവഴി വിതരണം ചെയ്യണം. ഇതിനുവേണ്ടിയുള്ള സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തുവഴി നടപ്പിലാക്കണം. റെഡിമെയ്ഡ് വസ്ത്രമേഖലയിൽ സ്ത്രീകൾക്ക് തൊഴിൽസാദ്ധ്യത ഏറെയാണ്. ഓരോ വാർഡുകളിലും സഹകരണാടിസ്ഥാനത്തിൽ സ്ത്രീകളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുകയും പഞ്ചായത്ത് കേന്ദ്രത്തിൽ വിപണനസൗകര്യവും ഏർപ്പെടുത്താവുന്നതും ഗുണമേന്മ ഏറെയുള്ളവ തിരഞ്ഞെടുത്ത് കയറ്റുമതി ചെയ്യാവുന്നതുമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള DWCRA യൂണിറ്റുകൾ പലതും പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്നവയുടെ തന്നെ നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് അതിനുവേണ്ട പരിശീലനമോ, ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അവസരമോ ലഭിക്കുന്നില്ല.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഏറെ ഇരയാകുന്നത് സ്ത്രീകളാണ്. നിലവാരം കുറഞ്ഞ മാദ്ധ്യമങ്ങളുടെ സ്വാധീനം ഈ മേഖലയിൽ അവരെ തളച്ചിടുന്നു. ഇതോടൊപ്പം അനാവശ്യചിന്തകളും ആത്മഹത്യാ പ്രവണതപോലും ഇത്തരം പ്രസിദ്ധീകരണം സൃഷ്ടിക്കുന്നു. ആകയാൽ നിലവാരം കുറഞ്ഞ ഇത്തരം മാധ്യമങ്ങളെ നിയമംമൂലം നിർത്തലാക്കണം. പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലും മഹിളാ സമാജങ്ങളുടെ അസ്ഥാനങ്ങളിലും സ്ത്രീസംഗമങ്ങൾ സംഘടിപ്പിക്കണം. ഗ്രാമപഞ്ചായത്തിലെ വനിതാ മെമ്പർമാർ ഇതിലേക്കെല്ലാമുള്ള ചാലകശക്തിയായി പ്രവർത്തിക്കണം.

## പ്രശ്നപരിഹാരങ്ങൾ 5

1. ഉത്പാദനപരമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. വിഭവസാദ്ധ്യതയും മാർക്കറ്റിങ്ങ് സാദ്ധ്യതയും കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. തുല്യജോലിയ്ക്ക് തുല്യവേതനം ഏർപ്പെടുത്തുക.
4. അപകടമേഖലയിൽ പണിചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ആരോഗ്യ പരിപാലനവും അവരുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യവും ഉറപ്പുവരുത്തുക 100 സ്ത്രീകളിലധികം പണിചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് ഏർപ്പെടുത്തുക.
4. തൊഴിലവസരങ്ങൾ, തൊഴിൽനിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് ഇൻഫർമേഷൻ സെന്ററുകൾ തുറക്കുക.



000117

5. തൊഴിൽയൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ലഭ്യമാക്കുക.
6. വിധവാ പെൻഷൻ, അഗതി പെൻഷൻ, മതൃസഹായപദ്ധതിയിലെ വിവിധ ആനുകൂല്യങ്ങൾ, തൊഴിലില്ലായ്മ വേതനം എന്നിവ ലഭിക്കുന്നതിനുള്ള അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള സർവേ നടത്തുകയും ആനുകൂല്യങ്ങൾ പഞ്ചായത്തുവഴി വിതരണം ചെയ്യുകയും ചെയ്യുക. അവശത അനുഭവിക്കുന്ന വനിതകൾ, വിധവകൾ ഇവരുടെ സംരക്ഷണം ഉറപ്പുവരുത്തുക. കലാകായിക മത്സരങ്ങൾക്ക് പഞ്ചായത്ത് വനിത കൾക്കായി പ്രത്യേക പരിപാടികൾ നടപ്പാക്കണം. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
7. കുട്ടികളുടെ വിനോദത്തിനും വികസനത്തിനും ആരോഗ്യത്തിനും, വിശ്രമത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക എല്ലാ വാർഡുകളിലും അംഗൻവാടികൾ.
8. ആരംഭിക്കുക മഹിളാസമാജങ്ങൾ എല്ലാവാർഡിലും രണ്ടെണ്ണം വീതം ആരംഭിക്കുക. അവയെ വാർഡിലെ വനിതകളുടെ അടിസ്ഥാനബോധവൽക്കരണകേന്ദ്രമായി ഉയർത്തുക.
9. സ്ക്കൂളുകളിലെ പാഠ്യേതരമേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.
10. വനിതാ വ്യവസായ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പൊതുവായ മാർക്കറ്റിങ്ങ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
11. പുതിയതായി തൊഴിൽസംരംഭങ്ങൾ ആരംഭിക്കുവാൻ അനാവശ്യമായ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാ ക്കുന്നതിന് അപേക്ഷകൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അതിലേക്കുള്ള നടപടിക്രമങ്ങൾ നടത്തിക്കൊടുക്കേണ്ടതുമാണ്.
13. വനിതാകൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുകയും അതിന്റെ നടത്തിപ്പ് വനിതാ സഹകരണ സംഘങ്ങളെ ഏല്പിക്കുകയും ചെയ്യുക.
14. മദ്യപാനികളായ കുടുംബനാഥന്മാരിൽനിന്നും പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽ കുവാനുള്ള നടപടികൾ ആരംഭിക്കണം.
15. സ്ത്രീ പീഠനകേസുകളിലും സ്ത്രീധനക്കേസുകളിലുമായി ബുദ്ധിമുട്ടുന്ന സ്ത്രീകൾക്ക് നിയമപരമായ സഹായം നൽകുക.
16. സ്ത്രീ നിയമങ്ങളെപ്പറ്റി ബോധവതികളാക്കുവാൻ വാർഡുകൾ തോറും നിയമസാക്ഷരതാ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
17. വനിതാ വ്യവസായങ്ങൾക്ക് പലിശനിരക്ക് കുറയ്ക്കുക.
18. സ്ത്രീയെ സമൂഹത്തിലെ തുല്യ അവകാശിയാക്കി മാറ്റുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിൽ വേണ്ട നടപടികൾ സ്വീകരിക്കുക.
19. മൂലധനത്തിന്റെ അപര്യാപ്തതയാൽ വനിതാവ്യവസായ സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നമെന്തെന്ന് മനസ്സിലാക്കി അത് കണ്ടെത്തുന്നതിലേക്കായി വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായം കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുക.
20. വനിതകളുടെ നേതൃത്വത്തിൽ ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുകയും അതിന്റെ ഉപസംഘ ങ്ങൾ വാർഡുകൾതോറും തുറന്ന് ക്ഷീരവികസനം മെച്ചപ്പെടുത്തുന്നതിനും ഉപോല്പാദനങ്ങളായ നെയ്യ്, പേട, തൈര് മുതലായവയുടെ വില്പനയും സംഘടിപ്പിക്കുക.



000118

# V-10

# സഹകരണം

സമൂഹത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്കും, ഐശ്വരപ്രദവും, ശോഭനവുമായ ഒരുഭാവിയും പടുത്തുയർത്തുക എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് വളരെ വലിയ പങ്കാണ് നിർവഹിക്കുവാൻ ഉള്ളത്.

ജനാധിപത്യ അടിത്തറ ഇത്രയധികം ശക്തി പ്രാപിച്ചിട്ടുള്ള ബൃഹത്തായ ഈ രംഗം കടന്ന് കയറിയിട്ടില്ലാത്ത ശാഖകൾ ഇല്ല. വായ്പാ നിക്ഷേപസ്വരൂപണം, വ്യാപാരം, വ്യവസായം, വിദ്യാഭ്യാസം, ആതുരസേവനം, ഭവനനിർമ്മാണം, നിത്യോപയോഗസാധനങ്ങളുടെ സംഭരണം, വിതരണം, തുടങ്ങി ജനനം മുതൽ മരണം വരെയുള്ള എല്ലാ കാര്യങ്ങൾക്കും ഈ പ്രസ്ഥാനം മുൻപന്തിയിലാണ്.

എന്നാൽ, സമൂഹത്തിലെ ആവശ്യങ്ങൾക്കെല്ലാം പ്രയോജനപ്രദമായി പൂർണ്ണമായി മാറിയിട്ടില്ല എന്നത് പോരായ്മകളായി അവശേഷിക്കുന്നു.

നിക്ഷേപസമാഹരണമുൾപ്പെടെ ഈ രംഗത്ത് ഏറ്റവും ശ്രദ്ധേയമായ ഒട്ടേറെ കർമ്മ പരിപാടികൾക്ക് മാതകാപരമായി നടത്തിയിട്ടുള്ള നമ്മുടെ സംസ്ഥാനത്ത്, സഹകരണമേഖലയിലെ വിവിധ മേഖലകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ വ്യാപൃതമായിട്ടുള്ള നമ്മുടെ സഹകരണരംഗം, നാം വിഭാവനം ചെയ്യുന്ന 9ാം പദ്ധതിയിൽ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം എന്നതാണ് പ്രശ്നം.

സമൂഹത്തിന്റെ കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കനുസൃതമായി ഒരു കൂരക്കീഴിൽ നിന്നും അവർക്കാവശ്യമുള്ളതെല്ലാം ചൂഷണവിമുക്തമായി ലഭ്യമാകുവാൻ ഈ രംഗം എങ്ങനെ പ്രവർത്തിക്കണം എന്നതിന് കാതലായ വ്യവസ്ഥകൾ ഉണ്ടാകണം. അതുണ്ടാകുമ്പോൾ അതിനനുസൃതമായി ഇന്ന് നിലവിലുള്ള സഹകരണവായ്പാ രംഗത്തിന് സമൂലമായ ഒരുമാറ്റം അനുവാര്യമാണ്.

സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനസഹകരണബാങ്കും, ജില്ല ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന ജില്ലാ സഹകരണബാങ്കുകളും, പ്രൈമറി തലത്തിൽ പ്രവർത്തിച്ചുവരുന്ന പ്രൈമറി സഹകരണസംഘം ബാങ്കുകൾ ഇവ ത്രിമാന തലത്തിൽ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്നു.

### തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണബാങ്ക്

നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിലുള്ള വായ്പാരംഗത്തെ ഈ സ്ഥാപനം, ഇതിലെ അംഗങ്ങളിൽ നല്ലൊരു വിഭാഗത്തിന്റെ കാർഷിക ആവശ്യങ്ങൾക്ക് വായ്പാ ലഭ്യമാക്കിയിരിക്കുന്നു. പിൽക്കാലത്തു നിക്ഷേപം സ്വരൂപിക്കുകയും, വളം സംഭരിച്ച് കർഷകർക്ക് കൃഷിയാവശ്യത്തിനായ് കാലാകാലങ്ങളിൽ ന്യായമായ വിലക്ക് നൽകിയും വന്നിരുന്നു. കൂടാതെ റബ്ബർ കർഷകരുടെ ഒരു വിപണനസ്ഥാപനം കൂടിയായും പ്രവർത്തിച്ചിരുന്നു.

ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആവശ്യങ്ങൾക്കനുസൃതമായി ഒരത്താണിയായി പ്രവർത്തിക്കുവാൻ കഴിയുമായിരുന്നുള്ളൂ. ഈ സഹകരണസ്ഥാപനം കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ, ഒരാൾക്കുപോലും വായ്പ നൽകുവാൻ കഴിയാത്തവിധം ഒരു മുരടിപ്പിനെ അഭിമുഖീകരിക്കുകയാണ്.

പരസ്പരം സഹായിക്കുകയും സഹകരിക്കുകയും എന്ന മഹത്തായ ആശയം ഇതിന്റെ പ്രവർത്തന പരിധിക്കുള്ളിലുള്ള അംഗങ്ങൾ പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നില്ല എന്നതും ഈ ധനകാര്യസ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. ബാങ്കിന് കിട്ടുവാനുള്ള തുക അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കുവാനുള്ള ശ്രമം ഫലവത്താകുന്നില്ല. താൻ എടുത്തിട്ടുള്ള വായ്പ യഥാസമയം തിരിച്ചടച്ചാൽ മാത്രമേ മറ്റൊരാൾക്ക് പുതിയ ഒരു വായ്പ നൽകുവാൻ കഴിയൂ എന്ന ബോധം ഈ രംഗത്തു പ്രവർത്തിക്കുന്നവരിൽ ഉണ്ടാകാതിരിക്കുന്നതും സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തതൃത്തിക്കുള്ളിൽ വായ്പാ രംഗത്ത് കൂടുതൽ മേഖലകൾ കണ്ടെത്തുവാൻ കഴിയുംവിധം ഇതിന്റെ പുനരുദ്ധാരണത്തിന് അനിവാര്യമായ നീക്കം ഉണ്ടാകേണ്ടത് വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്.

തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തിൽ വന്ന മാന്ദ്യത പരിഹരിക്കുന്നതിന് ഇനി പറയുന്ന നിർദ്ദേശങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നു.

1. നിലവിലുള്ള വാഴ്ച കുടിശിഖ അംഗങ്ങളിൽ നിന്നും പിരിച്ചെടുക്കുന്നതിന് തീവ്രയത്നപ്രവർത്തനം ഒരു നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയാക്കണം.
2. ഇങ്ങനെ തിരിച്ചടയ്ക്കുന്നവർക്ക് വേറൊരു പുതിയ ലോൺ നൽകുവാൻ കഴിയുമെന്ന വിശ്വാസം ഉറപ്പുവരുത്തണം.
3. കുടിശിഖ വസൂൽ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും, ബന്ധപ്പെട്ട വകുപ്പിന്റെ എല്ലാവിധ സഹായവും ഇക്കാര്യത്തിൽ ഉണ്ടാകുന്നതിന് എല്ലാവിധ സമ്മർദ്ദങ്ങളും ഉണ്ടാകണം.
4. ഈ സ്ഥാപനത്തെ പുനരുദ്ധാരണസ്കീമിൽ ഉൾപ്പെടുത്തി പുതിയ വായ്പാ സംവിധാനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പിനേയും ധനസഹായ സ്ഥാപനങ്ങളേയും സമീപിക്കുക.
5. സെക്രട്ടറിയുടെ അഭാവം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽനിന്നും ഡെപ്യൂട്ടേഷനിലൂടെ നികത്തുവാൻ ശ്രദ്ധിക്കുകയും, അതിലൂടെ ജനങ്ങളുടെ വിശ്വാസം പൂർണ്ണമായി ആർജ്ജിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനപുരോഗതി ഉറപ്പാക്കുകയും ചെയ്യണം.
6. **പഞ്ചായത്തിലെ എക പ്രാഥമിക സഹകരണരംഗത്തുപ്രവർത്തിച്ചുവരുന്ന തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം. ക്യൂ 431 സ്ഥിതിവിവരം.**

| | രൂപ | രൂപ | രൂപ | | നൽകിയ വായ്പകളിൽ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ |
|---|---|---|---|---|---|
| പ്രവർത്തനം തുടങ്ങിയവ 1970 | | | | STMF | 1050910 |
| സ്വഭാവം ക്രഡിറ്റ് | | | | MTNA | 575884 |
| അംഗങ്ങൾ 6007 | | | | LTR | 2034 12 |
| ഒരു ഓഹരിവില | 10 | | | MTNA (IRDP) | 58373 |
| അംഗീകൃതോഹരി മൂലധനം | | 11,00000 | | L.T Pumpset | 75419 |
| പിരിഞ്ഞുകിട്ടിയ ടി | | 60070 | | | |
| സർക്കാരിൽനിന്നും ടി പരമാവധി നൽകിവന്ന | | 23000 | | | |
| വായ്പാതു ക 1 അംഗത്തിന് | | | | 11500 | |
| നിക്ഷേപം | | | | | |
| 1995 ൽ സ്ഥിരം ഹ്രസ്വകാലനിക്ഷേപം. | | 188700<br>143293 | | | |

1993-94 മുതൽ ഈ സ്ഥാപനത്തിൽ നിന്നും വായ്പ നൽകുന്നില്ല. ജീവനക്കാർ നടപടിക്ക് വിധേയമായി സസ് പെൻഷനിലാണ്. ഭരണസമിതിയിൽ നിന്നും നേരിട്ട് ഒരംഗത്തെ സെക്രട്ടറിയുടെ ചുമതല ചെയ്യുവാൻ നിയോഗിച്ചിരിക്കുന്നു.

## കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക്.

സഹകരണരംഗത്ത്, പട്ടണപ്രദേശത്തെ ജനങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും എപ്പോഴും സഹയ ഹസ്തം നീട്ടുവാൻ ബാദ്ധ്യതയുള്ള ഒരു വായ്പാ മേഖലയാണ് അർബൻ സഹകരണബാങ്കുകൾ.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ആസ്ഥാനമാക്കി താലൂക്കിലെ ഇതര ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനം വ്യാപിപ്പിച്ച് സ്തുത്യർഹമായ നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു സഹകരണസ്ഥാപനമാണ് കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക്. ഈ സ്ഥാപനത്തിന്റെ ആദ്യപ്രസിഡന്റും ശ്രീ. എ ഈശ്വരപിള്ള ആയിരുന്നു. രജതജൂബിലി ആഘോഷിക്കുന്ന ബാങ്കിന്റെ വിവിധഘട്ടങ്ങളിൽ പുതിയപടവുകൾ സൃഷ്ടിച്ച് കൂടുതൽ കരുത്തോടെ പ്രവർത്തിക്കു

000120

വാൻ കൊല്ലം ജില്ലാ സഹകരണബാങ്കും ഇന്നത്തെ സംസ്ഥാന ബഹു. ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ വഹിച്ച പങ്ക് വളരെ വലുതാണ്.

സഹകരണ വായ്പാരംഗത്ത് ഈ പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും കൂടുതൽ പ്രയോജനം ലഭ്യമാക്കുവാൻ തക്ക ശേഷിയിലേക്ക് വളർത്തിക്കൊണ്ടിരിക്കുന്നു. സ്വർണ്ണപ്പണയവായ്പ കൂടാതെ ചെറുകിട വ്യാപാരികൾക്കും, സ്വയം തൊഴിൽ വികസിപ്പിക്കുന്നതിനും, ഭവനങ്ങളുടെ റിപ്പയറിനും, ഭവന വികസനം തുടങ്ങി ഒട്ടേറെ ആവശ്യങ്ങൾക്കായി നിലകൊള്ളുന്നു. കാർഷികാവശ്യങ്ങൾക്ക് മാത്രം വായ്പാ നൽകിയിരുന്ന ബാങ്ക്, കഴിഞ്ഞ കുറേ വർഷങ്ങളിലായി ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും ലോൺ നൽകി വരുന്നു. നിക്ഷേപസ്വരൂപണത്തിലൂടെ സ്വരൂപിക്കുന്ന ധനം ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്കായി വിനിയോഗിച്ച് അമിത പലിശ ഈടാക്കുന്ന ബ്ലയ്ഡ്കാരിൽനിന്നും അംഗങ്ങളെ വിമുക്തരാക്കുവാൻ ഈ സഹകരണസ്ഥാപനം ശ്രദ്ധിച്ചുവരുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കൂടുതൽ പ്രയോജനം ലഭ്യമാക്കുവാൻ കഴിയുംവിധം ഈ സ്ഥാപനവുമായുള്ള ബന്ധം നല്ല രീതിയിൽ വളർന്നുവരുവാൻ ശ്രദ്ധിക്കേണ്ടതായുണ്ട്.

## കൊട്ടാരക്കര സഹകരണ അർബൻബാങ്ക് ലഘു വിവരണം

| | | രൂപ | എണ്ണം |
|---|---|---|---|
| 1. | അംഗങ്ങളുടെ എണ്ണം | | 10125 |
| 2. | ഓഹരിത്തുക | 19,00,000 | |
| 3. | കൊട്ടാരക്കര പഞ്ചായത്തിലുള്ള അംഗങ്ങൾ | | 2550 |
| 3. | ആകെ നിക്ഷേപം | 5,01,00,000 | |
| 4. | ആകെ നൽകിയിട്ടുള്ള വായ്പ | 40200000 | |
| 5. | ഗ്രാമപഞ്ചായത്തിനുള്ളിൽ വായ്പ എടുത്തിട്ടുള്ളവർ | | 860 |
| 6. | വായ്പയിൽ തിരിച്ചടയുവാൻ ശേഷിക്കുന്ന തുക | 11500000 | |
| **പ്രധാന വായ്പാ പ്രവർത്തനങ്ങൾ**<br>1. | സ്വർണ്ണപ്പണയവായ്പ, | | |
| 2. | ചെറുകിട കച്ചവടം, കറവമാട് വളർത്തൽ, സ്വയം തൊഴിൽ വികസനം വീടിന്റെ അറ്റകുറ്റപ്പണി വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് ഒരംഗത്തിന് നൽകിവരുന്ന പരമാവധി വായ്പാത്തുക | 2 ലക്ഷം | |
| | സ്വർണ്ണപ്പണയത്തിന് ടി | 25000.00 | |

## കൊല്ലം സഹകരണകാർഷിക വികസനബാങ്ക് കൊട്ടാരക്കര ശാഖ

കാർഷികവും, കാർഷികേതരവുമായ ഇതരവായ്പാ സംവിധാനം ദീർഘകാലപരിധിക്കുള്ളിൽ അടക്കുവാൻ കഴിയുംവിധം വായ്പ നൽകുന്ന മറ്റൊരു സഹകരണമേഖലയാണിത്. ഇതിലെ അംഗങ്ങളായുള്ളവർക്ക് കാർഷിക ആദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്, അതിരുകശാലകൾ ബലപ്പെടുത്തുവാനും, പമ്പ്സെറ്റും സ്ഥാപിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുന്നതിനും, കറവമാടുകളുടെ വളർത്തലിന് ആവശ്യമായ എരുത്തിൽ നിർമ്മിക്കുന്നതിനും, വെറ്റിലക്കൊടി കൃഷിക്കും മറ്റും വായ്പ നൽകിവരുന്നു. താരതമ്യേന കുറഞ്ഞ പലിശക്ക് വായ്പ നൽകുന്ന ഈ സഹകരണസ്ഥാപനത്തിന്റെ ബ്രാഞ്ച് കൊട്ടാരക്കര താലൂക്ക് ആസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ട് വർഷങ്ങൾ പലതുകഴിഞ്ഞു. നമ്മുടെ ഗ്രാമപഞ്ചായത്തതൃത്തിയിൽ പ്രവർത്തനം ആരംഭിച്ചതിനു ശേഷമാണ് ഇതിന്റെ പ്രയോജനത്തെക്കുറിച്ച് സാമാന്യജനങ്ങൾക്കു കൂടുതൽ അറിവ് ലഭ്യമായിട്ടുള്ളതെന്ന്. അതിന്റെ വായ്പാപ്രവർത്തനം പഞ്ചായത്തിനുമുകളിലുള്ള ഈ അംഗങ്ങളുടെ വായ്പാ ലഭ്യതയുടെ കണക്ക് സൂചിപ്പിക്കുന്നു. ഈ സഹകരണസ്ഥാപനത്തിൽനിന്നും ഈ ഗ്രാമപഞ്ചായത്തിന്റെ എല്ലാവാർഡുകളിലേയും കർഷകർക്കും കൂടുതൽ ഗുണം ലഭ്യമാക്കുവാൻ കഴിയുംവിധം ആവശ്യമായ ബോധവൽക്കരണം ഉണ്ടാകേണ്ടതായുണ്ട്. മുമ്പ് സൂചിപ്പിച്ച തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം സുഗമമാകുന്നതുവരെ ആശ്രയിക്കാവുന്ന മറ്റൊരു സാമ്പത്തിക സ്ഥാപനമാണ് ഇത്.

## കൊട്ടാരക്കര താലൂക്ക് ഭവനനിർമ്മാണ സഹകരണസംഘം.

മനുഷ്യന്റെ ഏറ്റവും പരമപ്രധാനമായ കാര്യമാണ് കേറി കിടക്കുവാനൊരു വീട്. ഈ സ്ഥാനം ഉണ്ടാക്കി എടുക്കുവാൻ വെമ്പൽ കൊള്ളുന്ന ആയിരങ്ങൾ ഇന്നീ നാടിന്റെ നാനാഭാഗത്തും ഉണ്ട് എന്നത് വസ്തുതയാണ്.

ഭവനനിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ ഏജൻസികൾ ഈ അടുത്തകാലത്തായി ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഭവനദാരിദ്ര്യം വളരെ രൂക്ഷമല്ലായിരുന്നു കാലഘട്ടത്തിലാണ് കൊട്ടാരക്കര താലൂക്കിനുള്ളിൽ പ്രവർത്തന വ്യാപ്തി നൽകി രൂപംകൊണ്ട പ്രസ്ഥാനമാണ്.

ഭവന വായ്പ തുടങ്ങുന്ന കാലഘട്ടത്തിൽ ലൈഫ് ഇൻഷുറൻസ്മായി ബന്ധപ്പെട്ട വായ്പാ ആനുകൂല്യമായിരുന്നു നൽകിയിരുന്നത്. ക്രമേണ വളരെ കൂടുതൽ തുക നൽകുവാൻ കഴിയുംവിധം HDCO തുടങ്ങിയ ധനകാര്യസ്ഥാപനങ്ങൾ സംസ്ഥാനഹൗസിംഗ് ഫെഡറേഷനിലൂടെ നൽകിവരുന്ന വായ്പാ സൗകര്യം കൂടുതൽ സ്വീകരിച്ച് ഉപഭോക്താവിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു.

ആദ്യകാലങ്ങളിലുണ്ടായിരുന്ന ലഭ്യതയ്ക്കുള്ള കാലവിളംബം ക്രമേണ കുറഞ്ഞുവരുന്നതായികാണാം.

ഭവന നിർമ്മാണരംഗത്ത് ഗ്രാമപഞ്ചായത്തിൽ ആസ്ഥാനമുറപ്പിച്ചിരിക്കുന്ന സ്ഥാപനത്തിന്റെ പ്രയോജനം കൂടുതൽ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനും, കൂടുതൽ പ്രയോജനം നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിൽ ലഭ്യമാക്കുന്നതിനും, വേണ്ട ബോധവൽക്കരണം ആവശ്യമാണ്.

## കൊല്ലം ജില്ലാ സഹകരണബാങ്ക് കൊട്ടാരക്കര പ്രധാന ശാഖ.

കൊട്ടാരക്കര താലൂക്കിലുണ്ടായിരുന്ന എല്ലാ പ്രൈമറി സഹകരണസംഘങ്ങൾക്കും, അവയിലെ അംഗങ്ങൾക്ക് ആവശ്യമായ വായ്പാ ലഭ്യമാക്കുന്നതിനുവേണ്ടി സ്ഥാപിതമായ ഒരു ബ്രാഞ്ചായിരുന്നു ഇത്.

കാലക്രമേണ താലൂക്കിന്റെ വിവിധമേഖലകളിൽ ബ്രാഞ്ചുകൾ വന്നതോടുകൂടി പ്രവർത്തനം, മൈലം, മേലില, വെട്ടിക്കവല, ഉമ്മന്നൂർ, നെടുവത്തൂർ കൊട്ടാരക്കര എന്നീ പഞ്ചായതത്തതൃത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളുടെയും എംപ്ലോയിസ് സഹകരണസംഘങ്ങളുടെയും വായ്പാ ആവശ്യങ്ങൾ നിർവഹിക്കുന്ന സ്ഥാപനമായി നിലകൊള്ളുന്നു.

സഹകരണരംഗത്ത് നിക്ഷേപത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ സ്ഥാപനം വായ്പാ മേഖലയിൽ പുതിയ കാൽവെയ്പ്പിന് വിധേയമായി.

സ്വർണ്ണപ്പണയവായ്പയോടൊപ്പം ഭവനനിർമ്മാണം, സ്വയം തൊഴിൽ, വീട്ടുപകരണം, വാഹനംവാങ്ങൽ തുടങ്ങി ജനസമൂഹത്തിന്റെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെ വായ്പ നൽകി സഹായിച്ചു വരുന്നു.

### സായാഹ്നശാഖ

നിക്ഷേപസ്വരൂപണത്തോടൊപ്പം സ്വർണ്ണപ്പണയ വായ്പ/യും നൽകിവരുന്നു. സായാഹ്നശാഖ ആരംഭിച്ചിട്ട് ഒരു വർഷം പൂർത്തിയായിട്ടില്ല. കൊട്ടാരക്കരയിൽ പ്രവർത്തിക്കുന്ന ഏക സയാഹ്ന ബാങ്ക് ഇപ്പോൾ കൊല്ലം ജില്ലാ സഹകരണ ബാങ്കാണ്.

വിവിധഭാവത്തിലും, സ്വഭാവത്തിലും നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിൽ പ്രവർത്തിച്ചുവരുന്ന സഹകരണസ്ഥാപനങ്ങളെക്കൊണ്ട് നാം വിഭാവനംചെയ്യുന്ന 9-ാം വസതിയുടെ നടത്തിപ്പിന് നമുക്ക് എങ്ങനെ അനുകൂലമാക്കി എടുക്കുവാൻ കഴിയണം എന്നതാണ് പ്രശ്നം.

ജീവിതത്തിന്റെ വിവിധമേഖലയിൽ വ്യാപരിക്കുന്ന ഗ്രാമീണജനങ്ങളുടെ ധനപരമായ ആവശ്യങ്ങൾ ചൂഷണ രഹിതമായ ഒറ്റക്കുടക്കീഴിൽനിന്നും ലഭ്യമാക്കുവാൻ തക്കവിധം സഹകരണസ്ഥാപനങ്ങളുടെ സാമീപ്യം നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് ആക്കം കൂട്ടുവാൻ സഹായകമാക്കും എന്ന് പ്രത്യാശിക്കാം.

ജീവിതത്തിന്റെ വിവിധമേഖലയിൽ വ്യാപരിക്കുന്ന ഗ്രാമീണജനങ്ങളുടെ ധനപരമായ ആവശ്യങ്ങൾ ചൂഷണ രഹിതമായ ഒറ്റക്കുടക്കീഴിൽനിന്നും ലഭ്യമാക്കുവാൻ തക്കവിധം സഹകരണസ്ഥാപനങ്ങളുടെ സാമീപ്യം നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് ആക്കം കൂട്ടുവാൻ സഹായകമാക്കും എന്ന് പ്രത്യാശിക്കാം.



000122

## കൊല്ലം ജില്ലാ സഹകരണ ബാങ്ക്
## ബ്രാഞ്ച് കൊട്ടാരക്കര

ഈ പഞ്ചായത്തതൃത്തിക്കുള്ളിൽ ചെറിയ കാലയളവിനുള്ളിൽ (1994-95, 95-96 വർഷങ്ങളിൽ) നൽകിയിട്ടുള്ള വ്യക്തിഗത വായ്പകൾ. മറ്റു വിവരങ്ങൾ

| ക്രമ നമ്പർ | വായ്പയുടെ വിവരം | തുക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഭവന നിർമ്മാണം | 1578000 | |
| 2. | വീട്ടുപകരണങ്ങൾ വാങ്ങുന്നതിന് | 140000 | |
| 3. | ബിസിനസ്സ് ചെയ്യുന്നതിന് | 2920000 | |
| 4. | വാഹനം വാങ്ങുന്നതിന് | 200000 | |
| 5. | സ്വർണ്ണപണയത്തിന്മേൽ | 41500 | |

(1996 നവംബർ മുതൽക്കേ ഈ വായ്പ ആരംഭിച്ചിരുന്നുള്ളു)

### കൊട്ടാരക്കര പഞ്ചായത്ത് വനിതാ സഹകരണസംഘം ക്ലിപ്തം നമ്പർ. Q.1007

ഈ സംഘത്തിന്റെ പ്രവർത്തനം 1990-ൽ ആരംഭിച്ചു.

ഇതിലെ അംഗങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ക്രമമായ വിലയ്ക്ക് നൽകുന്നതോടൊപ്പം, സർക്കാർ ജീവനക്കാർക്ക് അവരുടെ കൈവശം ലഭ്യമാകുന്ന തുകയുടെ 50% ൽ അധീകരിക്കാത്ത തുകക്ക് സാധനങ്ങൾ കടമായി നൽകിവരുന്നു. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു സഹകരണസ്ഥാപനമാണിത്. ഒരു മാസം ശരാശരി 40000/- രൂപയുടെ സാധനങ്ങൾ വിറ്റഴിക്കുന്നു. 25000 രൂപയുടെ 3 നമ്പർ ചിട്ടിയും നടത്തിവരുന്നു.

| | |
|---|---|
| ആരംഭിച്ചത് | 1990 |
| അംഗങ്ങൾ | 180 |
| ഓഹരി | 18000/- |
| സർക്കാർ ഓഹരി | 15000/- |

### കൊട്ടാരക്കര പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സർവീസ് സഹകരണസംഘം. ക്ലിപ്ത നമ്പർ Q 895

| | | | | |
|---|---|---|---|---|
| സ്ഥാപനം | 28-5-1985 | | | |
| അംഗങ്ങൾ | | 635 | | |
| പ്രവർത്തന മേഖല | കൊട്ടാരക്കര പഞ്ചായത്തിനുള്ളിൽ ഈ വിഭാഗത്തിന്റെ വായ്പ സംബന്ധിച്ച് | | | |
| ഓഹരി | | | 10490.00 | |
| സർക്കാർ ഓഹരി | | | 5000.00 | |
| പ്രവർത്തന മൂലധനം | | | | |
| സർക്കാർ ഗ്രാന്റ് | | | 180000.00 | |
| വായ്പ നൽകിയതിൽ ബാക്കി നിൽപ്പ് (കിട്ടാനുള്ളത്) | | | | 137894.00 |
| പലിശ | | 1987-88, 1989-ൽ 8% 90 മുതൽ 12% | | |
| ജീവനക്കാർ | | | | 1000.00 |
| പ്രതിമാസ ശമ്പളം | | | | 125.00 |
| വാടക | | (നഷ്ടത്തിലാണ് പ്രവർത്തനം) | | |

## കൊട്ടാരക്കര ഗ്രാമപഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളുടെ വിവരണം

| ക്രമനമ്പർ | പേര് വിവരം | പ്രവർത്തനരംഗം/സ്വഭാവം |
|---|---|---|
| 1 | തൃക്കണ്ണ മംഗൽ സർവ്വീസ് സഹകരണ ബാങ്ക്, തൃക്കണ്ണമംഗൽ | കൊട്ടാരക്കര ഗ്രാമപഞ്ചായത്തിനുള്ളിലുള്ള അംഗങ്ങളുടെ വായ്പാ ആവശ്യം നിറവേറ്റുക. റബ്ബർ, കൊപ്രാ എന്നിവ കർഷകരിൽനിന്നും ശേഖരിച്ച് വിപണം നടത്തുക. കർഷകർക്ക് വളം വിതരണം ചെയ്യുക. |
| 2. | കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക് കൊട്ടാരക്കര | കൊട്ടാരക്കര താലൂക്കിനുള്ളിൽ പ്രവർത്തന പരിധി. കാർഷിക, കാർഷികേതര വായ്പകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുക. |
| 3. | കൊട്ടാരക്കര പഞ്ചായത്ത് പട്ടികജാതി, സർവ്വീസ്സ് സഹകരണസംഘം ക്ലിപ്തം നമ്പർ Q. 895 (അമ്പലപ്പുറം) | കൊട്ടാരക്കര പഞ്ചായത്തിനുള്ളിലുള്ള ഇതിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ളവായ്പ നൽകി വരുന്നു. |
| 4. | കൊല്ലംജില്ല സഹകരണ ബാങ്കിന്റെ കൊട്ടാരക്കര പ്രധാന ശാഖ | മൈലം, വെട്ടിക്കവല, ഉമന്നൂർ, കൊട്ടാരക്കര, നെടുവത്തൂർ എന്നീ പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ളവായ്പ സഹകരസംഘങ്ങൾക്ക് വായ്പ നൽകുന്നു. ഇപ്പോൾ വ്യക്തിഗത വായ്പയും നൽകുന്നു. |
| 5. | കൊല്ലംജില്ലാ സഹകരണ ബാങ്കിന്റെ കൊട്ടാരക്കരയിലെ സായാഹ്ന ബ്രാഞ്ച് | |
| 6. | കൊല്ലം സഹകരണ വികസന ബാങ്കിന്റെ കൊട്ടാരക്കര ശാഖ | ചടയമംഗലം, കൊട്ടാരക്കര, വെട്ടിക്കവല എന്നീ ബ്ലോക്ക് പഞ്ചായതൃത്തിക്കുള്ളിലുള്ളവർക്ക് കാർഷികവും, കാർഷികേതരവുമായ മധ്യകാല ദീർഘകാലവായ്പകളും സ്കീം ലോണുകളും നൽകിവരുന്നു. |
| 7. | കൊട്ടാരക്കര താലൂക്ക് ഭവനനിർമ്മാണ സഹകരണസംഘം | കൊട്ടാരക്കര താലൂക്കിന്റെ എല്ലാ പഞ്ചായത്തുകളും ഈ സ്ഥാപനത്തിന്റെ പരിധിക്കുള്ളിൽ വരുന്നു.ഭവനനിർമ്മാണവും, ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും, നിലവിലുള്ള കെട്ടിത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും അംഗങ്ങൾക്ക് വായ്പ നൽകുന്നു. ആസ്ഥാനം കൊട്ടാരക്കര റയിൽവേസ്റ്റേഷന് സമീപം. |
| 8. | കൊട്ടാരക്കര ക്ഷീരോല്പാദക സഹകരണ സംഘം കൊട്ടാരക്കര | ക്ഷീരോല്പാദകരിൽനിന്നും സംഭരിക്കുന്ന പാൽ വിപണനംനടത്തുന്നതോടൊപ്പംക്ഷീരോല്പാദകരായ ഇതിലെ അംഗങ്ങളുടെ കറവമാടുകൾക്ക് ആവശ്യമായ തീറ്റയും ലഭ്യമാകുന്നു. കൂടാതെ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് കർഷകർക്ക് കാലാകാലങ്ങളിൽ വേണ്ട ശുശ്രൂഷാ പദ്ധതികളും നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുന്നു. ക്ഷീരോല്പന്നങ്ങളുടെ വിപണനവും നടത്തിവരുന്നു. |
| 9. | സർക്കാർ ജീവനക്കാരുടെ സഹകരണ സംഘം | സർക്കാർ ജീവനക്കാരുടെ മാത്രം സാമ്പത്തികാവശ്യങ്ങൾക്ക് വായ്പ നൽകുന്നു. |
| 10. | Co. op: Employer's Co-op-Society | സഹകരണസംഘം ജീവനക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. |
| 11. | മണൽ തൊഴിലാളി സഹകരണസംഘം | മണൽ കയറ്റിറക്ക്, മണൽവാരൽ എന്നീ |

| | | |
|---|---|---|
| | | ജോലിയുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ സാമ്പത്തിക ആവശ്യത്തിനായി പ്രവർത്തിച്ചു വരുന്നു. |
| 12. | ട്രാൻസ്പ്പോർട്ട് എംപ്ലോയിസ് സഹകരണസംഘം | ട്രാൻസ്പ്പോർട്ട് ജീവനക്കാരുടെ ആവശ്യങ്ങൾക്ക്വേണ്ടി പ്രവർത്തിക്കുന്ന വായ്പാസംഘം |
| 13. | കൊട്ടാരക്കര താലൂക്ക് കൗൺസ്യൂമർ സഹകരണസംഘം | റേഷൻ മൊത്തവ്യാപാരത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു പ്രവർത്തിച്ചുവരുന്നു. |
| 14. | കൊല്ലം ജില്ലാ സഹകരണകൺസ്യൂമർ സൊസൈറ്റി | ജനങ്ങളുടെ നിത്യോപയോഗസാധനങ്ങളുടെ വിതരണത്തിൽ ശ്രദ്ധിച്ചുവരുന്നു. കാലാകാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ സ്ഥാപനം ഈ സ്ഥാനം വളരെ സഹായകമായി പ്രവർത്തിക്കുന്നു. ഇവിടെ ഇതിന് രണ്ട് സ്റ്റാളുകൾ ഉണ്ട്. |
| 15. | കൺസ്രക്ഷൻ വർക്കേഴ്സ് സ്ക്കിൽഡ് വർക്കേഴ്സ് സഹകരണസംഘം | നിർമ്മാണപ്രവർത്തനങ്ങളുടെ കരാറുകൾ ഏറ്റെടുത്തു നടത്തുന്നു. |
| 16. | കൊട്ടാരക്കര പ്രിന്റിങ് സഹകരണസംഘം കൊട്ടാരക്കര | സഹകരണരംഗത്തെ അച്ചടിജോലിയിലുള്ള പഞ്ചായത്തിലെഒരു തൊഴിൽശാല |
| 17. | കൊല്ലം ജില്ലാ സഹകരണ റബ്ബർ മാർക്കറ്റിഗ് സഹകരണസംഘം | റബ്ബർ കർഷകരുടെ ജില്ലതല സഹകരണ സ്ഥാപനം പ്രവർത്തിച്ചുതുടങ്ങിയതു ഈ അടുത്തകാലത്താണ്. |
| 18. | കേരളസംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ | ഇത് സംസ്ഥാനതലത്തിൽ ഈവിഭാഗത്തിൽപ്പെടുന്ന സഹകരണസ്ഥാപനങ്ങളുടെ ഒരു Apex സ്ഥാപനമാണ്. റബ്ബർ കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങുകയും പുറംരാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കുകയും ചെയ്യുന്നതിന്റെ ചുമതല. ഈ സ്ഥാപനത്തിന്റെ ഒരു ശാഖ കഴിഞ്ഞകുറേ വർഷങ്ങളായി കൊട്ടാരക്കര പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. |
| 19. | സ്ക്കൂൾ സഹകരണസംഘങ്ങൾ | സ്ക്കൂളിലെ വിദ്യാർത്ഥികളുടെ പഠനോപകരണങ്ങളുടെ വിതരണം |
| 20. | കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ്സ് കോളേജ് സഹകരണസംഘം | കോളേജിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം |
| 21. | കേരള സംസ്ഥാന കൈത്തറി നെയ്ത്ത് സഹകരണസംഘം ഡിപ്പോ | കൈത്തറി തുണികളുടെ വില്പന |
| 22. | സഹകരണമേഖലയിലെ സഹകരണ സ്ഥാപനം Coir Fed. | കയർ ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം |

## പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വായ്പ ഇതര സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | പേരുവിവരം | ജീവനക്കാരുടെ |
|---|---|---|
| 1. | St. Gregorious College Co.op | വിദ്യാർത്ഥികൾക്കാവശ്യമുള്ള പഠനോപകരണങ്ങൾ ന്യായവിലക്ക് ലഭ്യമാകുന്നു. |
| | Society All the School Societis | |
| 2. | In the Panchayat Area | |
| 3. | ക്ഷീരോല്പാദക സഹകരണസംഘം | പാൽ സംഭരണവും വിതരണവും |
| 4. | കൊട്ടാരക്കര താലൂക്ക് പ്രിന്റിഗ് സഹകരണസംഘം | അച്ചടിയുമായി ബന്ധപ്പെട്ട എല്ലാ ജോലിയും |
| 5. | കൊട്ടാരക്കര താലൂക്ക് കൺസ്യൂമർ സഹകരണസംഘം | |

# V-11. പട്ടികജാതി പട്ടികവർഗ ക്ഷേമം

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യമാണ് സ്ഥലങ്ങളിൽ കോളിളക്കം സൃഷ്ടിച്ച അയിത്തത്തിനെതിരായുള്ള നിരവധി സമരങ്ങളും സാമൂഹികവിപ്ലവത്തിന് ചാലക ശക്തിയായിനിന്ന ഈ പരിഷ്കരണ നിയമവും മറ്റും. നമ്മുടെസംസ്ഥാനത്ത് പട്ടിക ജാതി ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് നാന്ദികുറിച്ചവയായിരുന്നു. മറ്റു സംസ്ഥാനങ്ങളിലുള്ള സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ ഇന്ന് കേരളത്തിലില്ല. എങ്കിലും വിദ്യാഭ്യാസപരമായും സാമ്പത്തികമായും അവർ പിന്നിൽ തന്നെ. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ മുഴുവൻ ആനുകൂല്യവും അവർക്ക് ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്. വിദ്യാലയങ്ങളിൽനിന്നുള്ള കൊഴിഞ്ഞുപോക്കുമൂലം തുടർന്നു പഠിക്കുന്നവരുടെ എണ്ണവും കുറഞ്ഞുവരികയാണ്. ഇതിന് ഒരു ജനകീയ മുന്നേറ്റത്തിലൂടെ പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകളിലും പട്ടികജാതിക്കാർ താമസിക്കുന്നു. പട്ടികജാതി കോളനികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗാന്ധിനഗർ | വാർഡ് II |
| ഈയം കുന്ന് | വാർഡ് III |
| വേലംകോണം | വാർഡ് IV |
| കണിയാംകോണം | വാർഡ് V |
| കുരുമുറ്റം | VII |
| അമ്പലപ്പുറം | വാർഡ് VIII |
| കാടാംകുളം | വാർഡ് IX |

സാമ്പത്തികമായ പിന്നോക്കാവസ്ഥ മെച്ചപ്പെട്ട പാർപ്പിടസൗകര്യം, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവയ്ക്കു സാമ്പത്തികാവസ്ഥ തടസമായി നിൽക്കുന്നു.

സർക്കാർ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള അറിവില്ലായ്മയും നിബന്ധനകളുടെ കാഠിന്യവും പലപ്പോഴും സർക്കാർ പദ്ധതികൾ എല്ലാവരിലും എത്തുന്നില്ല.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഇവിടെ രൂക്ഷമല്ല. ജാതിയുടെ പേരിൽ അകറ്റി നിർത്തുകയോ അകന്നു നിൽക്കുകയോ ചെയ്യുന്നില്ല. വിവാഹം, മരണം തുടങ്ങിയ ചടങ്ങുകളിലും സാംസ്കാരിക പ്രവർത്തനങ്ങളിലും സഹകരിച്ചു പ്രവർത്തിക്കാനാണ് സാമൂഹ്യമായുണ്ടായിരുന്ന അപകർഷതാ ബോധം അവനിൽനിന്നും മാറി സമൂഹത്തിൽ ഒരു മാന്യസ്ഥാനത്തുന് അർഹരാണെന്ന മനോഭാവം കൈവരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

തനതായ കലാരൂപങ്ങളും, കമ്പടികളി, കോൽകളി, കുറവരുകളി തുടങ്ങിയ കലാരൂപങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല. നാലാം വാർഡിൽ ഏതാനും ഗിരിവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. എല്ലാ അവശതകളും അനുഭവിക്കുന്നവരാണ് ഇവർ. പട്ടികവർഗക്കാരായ ഇവർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്യേണ്ടത് ദാർമികമായ കടപ്പാടാണ്.

പരമ്പരാഗത തൊഴിലായ ഈറ്റനെയ്ത് മാത്രമാണ് ഇന്ന് ഈ വിഭാഗങ്ങളിൽ അവശേഷിക്കുന്നത്.

### *പ്രശ്നങ്ങളും നിർദ്ദേശങ്ങളും*

1. എല്ലാ വാർഡുകളിലെയും ഭൂമിയും വീടുമില്ലാത്ത എല്ലാ പട്ടികജാതി/വർഗ കുടുംബങ്ങൾക്കും ഭൂമിവാങ്ങി വീടുവയ്ക്കുന്നതിനുള്ള ധനസഹായം നൽകുക.
2. സ്വന്തമായി ഭൂമിയുള്ളവർക്ക് താമസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
3. നിലവിൽ താമസയോഗ്യമായ വീടുള്ളവർക്ക് കക്കൂസ്, കുളിമുറി, വൈദ്യുതീകരണം എന്നിവ ലഭ്യമാക്കുന്നതിന് ധനസഹായം നൽകുക.
4. പട്ടികജാതി സങ്കേതങ്ങളിൽ നിലവിലുള്ള ശുദ്ധജലക്ഷാമം പരിഹരിക്കുക.
5. പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാനസൗ



000176

കര്യങ്ങൾ (റോഡ്, വൈദ്യുതി, കുടിവെള്ളം) ലഭ്യമാക്കുക.

6. പത്തോ അതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങൾ അംഗീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

7. പട്ടികജാതി സെങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികജാതി കുടുംബങ്ങളിലെ കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി അംഗൻവാടികൾ സ്ഥാപിക്കുക.

8. ഈറ്റപ്പണി, തയ്യൽ, നെയ്ത്, അലക്ക് മുതലായവ ചെയ്യുന്നവർക്ക് അവ തുടർന്ന് ചെയ്ത് ഉപജീവനം കഴിക്കുന്നതിന് വേണ്ട ധനസഹായമോ സൗകര്യങ്ങളോ ലഭ്യമാക്കുക.

9. അഭ്യസ്തവിദ്യരായ പട്ടികജാതി/വർഗ്ഗക്കാർക്ക് സ്വയംതൊഴിൽ ചെയ്ത് ഉപജീവനം തേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. പാറപ്പണി മുതലായ കൈത്തൊഴിൽ ചെയ്ത് ജീവിക്കുന്നവരുടെ ജോലിസ്ഥിരതയും ജോലി സൗകര്യവും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക. (ഖാദി വില്ലേജ് ഇൻഡസ്ട്രീസിൽ നിന്നും വായ്പ ലഭ്യമാക്കുക.)

11. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലമായ അമ്പലപ്പുറം കേന്ദ്രമാക്കി നിലവിലുള്ള സബ്സെന്റർ (അലോപ്പതി) പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തി ആധുനികസൗകര്യങ്ങൾ ഏർപ്പെടുത്തുക. കൂടാതെ അമ്പലപ്പുറം ഹോമിയോപ്പതി ഡിസ്പെൻസറി ഹോമിയോ ആശുപത്രിയായി ഉയർത്തുക. ഗോയിറ്റർ രോഗികളുടെ ആധിക്യം ഉള്ള സ്ഥലമാകയാൽ ഇവിടം കേന്ദ്രമാക്കി ഒരു ഗോയിറ്റർ ഗവേഷണകേന്ദ്രം (ഹോമിയോപ്പതി) തുടങ്ങണം.

12. വിവിധ പട്ടികജാതി കുടുംബങ്ങളിൽനിന്നും സ്ക്കൂളുകളിൽ പഠിച്ചുവരുന്നതും, ജീവിത സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ പിരിഞ്ഞുപോയവരുമായ കുട്ടികളെ തിരികെ സ്ക്കൂളുകളിലെത്തിച്ച് വിദ്യാഭ്യാസം തുടരുന്നതിന് നടപടി സ്വീകരിക്കുക. (ഇവരെ കണ്ടെത്തി സ്ക്കൂളിൽ എത്തിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുക.)

13. സ്ക്കൂൾ സമീപത്തില്ലാത്തതിനാലും യാത്രാ സൗകര്യം ഇല്ലാത്തതിനാലും സ്ക്കൂളിൽപോകാത്ത പട്ടികജാതികുട്ടികൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുണ്ട്. ഇവരുടെ വിദ്യാഭ്യാസം തുടരുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രസ്തുത അസൗകര്യങ്ങൾ, ഒഴിവാക്കി സുഗമമായ വിദ്യാഭ്യാസം ചെയ്യുന്നതിനുവേണ്ട സൗകര്യങ്ങൾ നടപ്പിലാക്കുക.

    ഉദാ: അമ്പലപ്പുറം L.P.S. - U.P.S. ആക്കി അപ്ഗ്രേഡ് ചെയ്യുക. (സ്ഥലത്ത് L.P.S. Dw High Schoolഉം ഉണ്ട്. U.P.S. ഇല്ല.)

14. രണ്ടാം വാർഡിലെ ഗാന്ധിനഗർ കോളനിവഴി മുൻപ് ഉണ്ടായിരുന്ന ബസ്സ് സർവ്വീസ് പുനഃസ്ഥാപിക്കുക.

15. നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളിൽ തുടർ വിദ്യാഭ്യാസത്തനും സാംസ്കാരിക പ്രവർത്തനങ്ങൾക്കുമായി റേഡിയോ/ടെലിവിഷൻ സ്ഥാപിക്കുക. ഗ്രന്ഥശാലകൾ/വായനശാലകൾ സ്ഥാപിക്കുക.

16. സർക്കാർ ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കുന്നുണ്ടോ എന്നുറപ്പുവരുത്തണം. ആനുകൂല്യങ്ങളെ സംബന്ധിച്ച് ബോധകൽക്കരണം നടത്തണം.

17. കോളനികളിൽ മെച്ചപ്പെട്ട വഴിസൗകര്യം ഉണ്ടാക്കണം.

18. വീടുകൾക്കും മറ്റും നൽകുന്ന ധനസഹായം തികച്ചും അപന്യാപനമാകയാൽ പ്രായോഗികമായി വർദ്ധിപ്പിക്കാൻ കഴിയണം.

19. ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൈമാറണം.

20. ആനുകൂല്യങ്ങളുടെ വിതരണത്തിൽ മദ്ധ്യവർത്തികളുടെ ഇടപെടൽ ഒഴിവാക്കണം.

21. മദ്യാശക്തിക്കെതിരെ വ്യാപകമായ ബോധവൽക്കരണം വരവ് ചെലവ് നിയന്ത്രിച്ചുകൊണ്ടുള്ള സാമ്പത്തിക ആസൂത്രണത്തിനുള്ള ബോധവൽക്കരണവും നടത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

22. വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ജാമ്യ



000127

ത്തിന്റെ സങ്കീർണനത ഒഴിവാക്കാൻ കഴിയണം.

## *പട്ടികജാതി വികസന പ്രവർത്തനങ്ങൾ*

സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന പട്ടികജാതിക്കാരുടെ പരിരക്ഷയ്ക്ക് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും പ്രാധാന്യം നൽകി ബഹുമുഖ വികസന പരിപാടികൾ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ പ്രധാനമായും

1. വിദ്യാഭ്യാസ പരിപാടികൾ
2. സാമ്പത്തിക വികസന പരിപാടികൾ
2. സാമൂഹ്യ ഉന്നമന പരിപാടികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു.

1994ൽ നിലവിൽവന്ന ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൻ പ്രകാരം വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I. ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1. ഓലമേയുന്നതിനുള്ള ധനസഹായം.

ഓലമേഞ്ഞ വീടുകളുടെ മേൽക്കൂര കെട്ടിമേയുന്നതിന് ഒരു വീടിന് രൂ :500/ നിരക്കിൽ ധനസഹായം നൽകുന്നു. 4000 രൂപാ വരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

2. ഓടുമേയാനുള്ള ധനസഹായം.

മേൽക്കൂര ബലപ്പെടുത്തി വീട് ഓടുമേയുന്നതിന് രൂ: 3000/- ധനസഹായമായി നൽകിവരുന്നു. 8000 രൂപ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാം.

3. വിവാഹ ധനസഹായം.

നിർദ്ധനരായ പട്ടികജാതി രക്ഷകർത്താക്കൾക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കാൻ രൂ: 2000/- ധനസഹായമായി നൽകുന്നു. 8000 രൂപാ വരെ വാർഷികവരുമാനം ഉള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാം.

4. ചികിത്സാ ധനസഹായം

ഏറ്റവും നിർദ്ധനരായ പട്ടികജാതിക്കാർക്ക് ഗുരുതരമായ രോഗങ്ങൾക്ക് ദീർഘകാല ചികിത്സയ്ക്കായി ഒരു വ്യക്തിയ്ക്ക് രൂ:1000/- ധനസഹായമായി നൽകുന്നു. 8000/- രൂപാവരെ വാർഷിക വരുമാനമുള്ളവർക്ക് ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

5. എഴുത്തു പരീക്ഷ / ഇന്റർവ്യൂവിന് ഹാജരാകാൻ ധനസഹായം.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നീ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്യുന്ന ഉദ്യോഗ ഒഴിവിലേയ്ക്ക് എഴുത്തു പരീക്ഷ/ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്ന സ്ഥലംവരെ പോയി മടങ്ങിവരുവാൻ യാത്രാബത്ത നൽകിവരുന്നു. ഫാസ്റ്റ് പാസഞ്ചർ/റെയിൽവേ രണ്ടാംക്ലാസ്സ് നിരക്കുകളാണ് നൽകുന്നത്.

6. നഴ്സറി സ്ക്കൂളുകൾ.

പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്ക്കൂളുകളിൽ ഒരു കുട്ടിയ്ക്ക് 5 രൂപാ വീതം പ്രതിദിനം ഭക്ഷണ ച്ചെലവിനായും, 200 രൂപ ർണ്ട്ജോഡി വസ്ത്രങ്ങൾക്കും നല്കിവരുന്നു.

ആധുനിക രീതിയിലുള്ള എൽ.കെ.ജി./ യു.കെ.ജി. വിദ്യാഭ്യാസവും നൽകിവുരുന്നു.

7. പ്രൈവറ്റ് നഴ്സറി സ്ക്കൂളുകൾ.

മെച്ചപ്പെട്ട അദ്ധ്യയന നിലവാരമുള്ള പ്രൈവറ്റ് നഴ്സറി സ്ക്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് എൽ.കെ.ജി./യു.കെ.ജി. സംവിധനത്തിൽ പഠിക്കുന്നതിന് ഒരു വർഷം 2200/-രൂപായിൽ (ഒരു കുട്ടിയ്ക്ക്) അധികരിയ്ക്കാതെ ചെലവ് സർക്കാർ വഹിക്കുന്നു. അഡ്മിഷൻ രൂപ 12000/- വാർഷിക വരുമാന പരിധിയിൽപ്പെടുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്ക് മാത്രമാണ്.

II. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

1. സംയോജിത ഭവനനിർമ്മാണ ധനസഹായം.

എ. ഭവനനിർമ്മാണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമായി 15000 രൂപ ധനസഹായം നൽകുന്നു.



000128

ബി. പട്ടികജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, കരിമ്പാലൻ, മാവിലൻ തുടങ്ങിയ ജാതിയിൽപ്പെട്ടവർക്കായി 1995-96 മുതല്ക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. ധനസഹായതുക രൂപ.15000/-

മേൽ വ്യക്തമാക്കിയ രണ്ട് പദ്ധതികൾക്കും വരുമാനപരിധി 8000 രൂപയാണ്.

2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി.

എ. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭൂമിവാങ്ങുന്നതിന് രൂപ.10000/- ഭവനനിർമ്മാണത്തിന് രൂപ.15000/- ഉൾപ്പടെ ആകെ രൂപ. 25000/- ധനസഹായമായി നൽകുന്നു. ധനസഹായതുക ഉപയോഗിച്ച് മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ഏറ്റവും കുറഞ്ഞത് 3സെന്റ് ഭൂമിയും, ഗ്രാമപ്രദേശങ്ങളിൽ 4 സെന്റ് ഭൂമിയും വാങ്ങിയിരിക്കണം. വരുമാനപരിധി രൂപ.8000/-ൽ അധികരിക്കരുത്.

ബി. പട്ടിതജാതിയിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, നായാടി, മാവിലൻ, കരിംപാലൻ തുടങ്ങിയ ജാതിക്കാർക്കായിട്ട് 199596 മുതൽ പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു. ഭൂമി വാങ്ങുന്നതിന് രൂപ.15000/- ഭവനനിർമ്മാണത്തിന് രൂപ.15000/-ഉൾപ്പടെ രൂപ.30000/- ധനസഹായമായി നൽകുന്നു. 'എ' ഖണ്ഡികയിൽ വ്യക്തമാക്കിയിരിക്കുന്ന നിയമങ്ങൾ ഈ പദ്ധതിയ്ക്കും ബാധകമാണ്.

3. പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ധനസഹായം.

പട്ടികജാതിക്കാരുടെ വീട് വൈദ്യുതീകരിക്കുന്നതിന് രൂപ.400/-, കക്കൂസ് നിർമ്മാണത്തിന് രൂപ.1000/-, കുളിമുറി നിർമ്മാണത്തിന് രൂപ.800/-, അഴുക്കുചാലുകൾ നിർമ്മാണത്തിന് രൂപ.300/-, പൈപ്പിടുന്നതിന് രൂപ.500/-, വെള്ളം കെട്ടുന്ന പ്രദേശങ്ങളിൽ വീടുകളുടെ അട്ടുറപ്പുള്ളതാക്കുന്നതിന് സാങ്കേതിക വിദഗ്ദ്ധന്റെ അഭിപ്രായപ്രകാരമുള്ള തുക എന്നിവ ധനസഹായമായി നൽകുന്നു. വരുമാനപരിധി രൂപ.8000/ൽ അധികരിക്കരുത്.

4. തീവ്രസങ്കേത വികസന പദ്ധതി (ഐ. എച്ച്.ഡി.പി.)

പട്ടികജാതി സങ്കേതങ്ങളിൽ വികസന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമല്ലാത്തവയുടെ സർവതോന്മുഖമായ വികസനത്തിനായി സംസ്ഥാന സർക്കാർ തീവ്രസങ്കേത വികസന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗാതഗതം, ശുദ്ധജലം, വൈദ്യുതി, ആരോഗ്യസംരക്ഷണം, കൃഷിവികസനം, ഭവനനിർമ്മാണം. സാമ്പത്തികോന്നമന പരിപാടികൾ മുതലായ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കി പട്ടികജാതി സങ്കേതങ്ങളുടെ സമ്പൂർണ്ണവികസനം കൈവരിക്കുകയാണ് ലക്ഷ്യം. പ്രത്യേക ഘടകപദ്ധതി, ഗിരിവർഗ്ഗഉപപദ്ധതി, ജവഹർ റോസ്ഗാർ യോജന എന്നിവയിൽനിന്നുള്ള വിഹിതം ഇതിനായി ഉപയോഗപ്പെടുത്തുന്നു.

ഈ പദ്ധതിയനുസരിച്ച് പട്ടികജാതി അധിവാസ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ.
2. കുടിവെള്ളം, വെളിച്ചം, വീട് എന്നിവ എല്ലാമോ ഏതെങ്കിലുമോ ഇല്ലാത്ത അധിവാസകേന്ദ്രങ്ങൾ
3. സങ്കേതങ്ങളിലേക്ക് സഞ്ചാരയോഗ്യമായ പാതകൾ ഉണ്ടായിരിക്കണം.
4. പ്രത്യേക കോളനൈസേഷൻ പരിപാടികൾ നടപ്പിലാക്കിയിട്ടുള്ള വലിയ കോളനികൾ ഒഴിവാക്കും.
5. ഇതുവരെ യാതൊരു വികസനപരിപാടികളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്ത പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങൾക്ക് മുൻഗണന നൽകും.
6. തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ കുറഞ്ഞത് 15 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉണ്ടായിരിക്കണം.



000129

7. പട്ടികജാതി ജനസംഖ്യ കൂടുതലായുള്ള പഞ്ചായത്ത്/വാർഡ് എന്നിവയ്ക്ക് മുൻഗണന നൽകും.

III ജില്ലാപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

1. മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി.

മെച്ചപ്പെട്ട അദ്ധ്യായന നിലവാരമുള്ള സ്ക്കൂളുകളിൽ പട്ടികജാതിയിൽപ്പെട്ട 50ൽപ്പരം വിദ്യാർത്ഥികൾക്ക് 5-ാം സ്റ്റാൻഡേർഡ് മുതൽ 12ാം സ്റ്റാൻഡേർഡുവരെ സ്ക്കൂളുകളിലെ എല്ലാ ചെലവും വഹിച്ച് സംസ്ഥാനത്തൊട്ടാകെയായി നടപ്പിലാക്കി വരുന്നു.

VI താലൂക്ക് പട്ടികജാതി വികസന ആഫീസുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ.

1. പ്രീമെട്രിക് വിദ്യാഭ്യാസം.

പ്രീമെട്രിക് വിദ്യാഭ്യാസം (1 മുതൽ 20 ക്ലാസ്സുകൾ വരെ) നടത്തുന്ന പട്ടികജാതി/മറ്റർഹ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികൾ

5. പ്രീ-മെട്രിക് ഹോസ്റ്റലുകൾ

സ്ക്കൂൾ തലത്തിൽ പഠിക്കുന്ന പട്ടികജാതിവിഭാഗത്തിൽപ്പട്ട വിദ്യാർത്ഥികൾക്കായി താമസിച്ച് പഠിക്കുന്നതിനുവേണ്ടി ഹോസ്റ്റലുകൾ നടത്തിവരുന്നു. ഒരു കുട്ടിക്ക് പ്രതിമാസം രൂപ.300/ ആഹാരച്ചെലവിനും രൂപ.35/ പോക്കറ്റ് മണിയായും നൽകിവരുന്നു. വർഷത്തിൽ രണ്ട് ജോഡി വസ്ത്രംവാങ്ങിനൽകുന്നു.

## *ലംപ്സം ഗ്രാന്റ് നിരക്കുകൾ*

| | | |
|---|---|---|
| നഴ്സറി സ്ക്കൂളുകൾ | : | രൂപ.50/- |
| I to III Std. | : | രൂപ.70/- |
| IV Std. | : | രൂപ.75/- |
| V Std. | : | രൂപ.110/- |
| VI, VII Std. | : | രൂപ.125/- |
| VIII to X | : | രൂപ.175/- |

മേൽ നിരക്കിലുള്ള തുക സ്ക്കൂൾ വർഷാരംഭത്തിൽതന്നെ ബന്ധപ്പെട്ട സ്ക്കൂളുകൾ മുഖേന നൽകുന്നു. കൂടാതെ വേടൻ. നായാടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതാമാസ സ്റ്റൈപൻഡും നൽകിവരുന്നു.

## *സ്റ്റൈപൻഡ് നിരക്ക്.*

| | | |
|---|---|---|
| I to IV Std. | : | രൂപ.25 |
| V to VII Std. | : | രൂപ.30 |
| VIII to X Std. | : | രൂപ.35 |

2. ട്യൂഷൻ സമ്പ്രദായം.

പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ഇംഗ്ലീഷ്, കണക്ക്, ഹിന്ദി, സയൻസ് എന്നീ വിഷയങ്ങളിലുള്ള നിലവാരം മെച്ചപ്പടുത്തുന്നതിനായി ട്യൂഷൻ നൽകിവരുന്നു. 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാകുക.

3.എസ്.എസ്.എൽ.സി./പി.ഡി.സി. പരീക്ഷയിൽതോറ്റ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം തുടരുന്നതിന് ധനസഹായം. എസ്.എസ്.എൽ.സി./പി.ഡി.സി. പരീക്ഷകളിൽ പരാജിതരായ 30% മാർക്കെങ്കിലും വാങ്ങിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂട്ടോറിയൽ കോളേജിൽ ചേർന്ന് പഠിച്ച് പരീക്ഷയെഴുതി വിജയിക്കുന്നതിന്
എസ്.എസ്.എൽ.സി.യ്ക്ക് രൂപ.800/- ക്രമത്തിലും, പി.ഡി.സി. യ്ക്ക് അവർ എഴുതുന്ന വിഷയങ്ങൾ കണക്കിലെടുത്തും ധനസഹായം നൽകുന്നു.

4. മിശ്രവിവാഹ ധനസഹായം.

മിശ്രവിവാഹം ചെയ്തതുമൂലം കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് രൂപ.2000/ ധനസഹായമായി നൽകുന്നു. ദമ്പതിമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നയാൾ ആയിരിക്കണം. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷമെ അപേക്ഷ സമർപ്പിക്കാൻ പാടുള്ളു. വരു[illegible] പരിധി രൂപ.8000/ൽ അധികരിക്കരുത്.

V ജി[illegible] പട്ടികജാതി വികസന ആഫീസുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.



000130

1. പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസം.

എ. പട്ടികജാതി വിഭാഗം/മറ്റർഹ സമുദായ വിഭാഗം.

കോളേജ് തലത്തിലും ഉപരിപഠനത്തിനുമായി ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് രൂപ.140/- മുതൽ രൂപ.1100/- വരെ ക്രമത്തിൽ ലംപ്സം ഗ്രാന്റും രൂപ.175/-മുതൽ രൂപ.250/-വരെ നിരക്കിൽ പ്രതിമാസ സ്റ്റൈപൻഡും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു.

ബി. പിന്നോക്ക/മുന്നോക്ക വിഭാഗം.

പട്ടികജാകതിക്കാരല്ലാത്ത പിന്നോക്ക/മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് തലത്തൽ ബന്ധപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

2. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (കോളേജ് തലം) വേണ്ടി ഹോസ്റ്റലുകൾ നടത്തിവരുന്നു. ഭക്ഷണച്ചെലവിന്നയിന്നു വിദ്യാർത്ഥിക്ക് ഒരു മാസത്തേക്ക് രൂപ.400/ഉം പോക്കറ്റ് മണിയായി രൂപ.50/- പ്രതിമാസം നൽകുന്നു.

3. പ്രോത്സാഹന സമ്മാനം.

എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് രൂപ.500/-മുതൽ രൂപ.1500/-വരെ ക്രമത്തിൽ പ്രോത്സാഹന സമ്മാനം നൽകിവരുന്നു.

4. ബുക്ക് ബാങ്ക് പദ്ധതി.

സംസ്ഥാനത്തെ മെഡിക്കൽ, എഞ്ചിനീയറിംഗ്, വെറ്റിനറി, അഗ്രികൾച്ചർ, പോളിടെക്നിക് എന്നീ കോഴ്സുകൾക്കായി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു സെറ്റ് പുസ്തകം വാങ്ങുന്നതിന് രൂപ.2400/- മുതൽ രൂപ.7500/-വരെയും , അലമാര വാങ്ങുന്നതിന് രൂപ.2000/-ഉം ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിയുടെ ആവശ്യപ്രകാരം അനുവദിച്ചുവരുന്നു.

5. പലിശരഹിത വ്യവസായ വായപ.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി രൂപ.15000/വരെ പലിശരഹിത വായപയായി നൽകിവരുന്നു.

6. പലിശരഹിത ഭവനനിർമ്മാണ വായ്പ.

പലിശയില്ലാത്ത ഈ വായ്പ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു.

രൂപ. 4000/-ഉം അതിനുതാഴെയും രൂപ.7500/ വായ്പ.

രൂപ 4001/-മുതൽ രൂപ.6000/- രൂപ.10000/-വായ്പ.

രൂപ 6000/-മുതൽ രൂപ.10000/ രൂപ.15000/-വായ്പ.

VI പട്ടികജാതി വികസന ഡയറക്ടർ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന പദ്ധതികൾ.

1. പരിശീലന പദ്ധതി.

വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബി.എസ്.ആർ.ബി., പി.എസ്.സി., യു.പി.എസ്.സി. മുതലായവ നടത്തുന്ന മത്സരപരീക്ഷകൾ എഴുതി വിജയിക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

കൂടാതെ ഇവരെ ഐ.ഏ.എസ്., സെൻട്രൽ സർവീസ് തുടങ്ങിയ പരീക്ഷകൾ എഴുതി ജയിക്കുന്നിന് പ്രാപ്തരാക്കുന്നതിനായി ഒരു സിവിൽ സർവ്വീസ് പരീക്ഷ പരിശീലന കേന്ദ്രം തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു.

മേൽ വ്യക്തമാക്കിയ രണ്ട് പരിശീലനപരിപാടികൾക്ക് പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കും പ്രതിമാസ സ്റ്റൈപൻഡും താമസസൗകര്യവും നൽകുന്നുണ്ട്.

2.ഭാരതദർശൻ/ദക്ഷിണേന്ത്യൻ പഠനപരി



0000131

പാടികൾ.

രാജ്യത്തിന്റെ വിവിധമേഖലകളിലെ വികസന പ്രവർത്തനങ്ങളെപ്പറ്റി പട്ടികജാതി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് കോളേജ് തലത്തിൽ ആൺകുട്ടികൾക്കായി 'ഭാരതദർശൻ' എന്ന പരിപാടിയും, പെൺകുട്ടികൾക്ക് ദക്ഷിണേന്ത്യൻ പര്യടന പരിപാടിയും നടത്തിവരുന്നു. ഇതിലേക്കാവശ്യമായ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നു.

3. മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകൾ.

സമർത്ഥരായ പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്കായി പബ്ലിക്ക് സ്ക്കൂൾ മാതൃകയിൽ പെൺകുട്ടികൾക്കായി തിരുവനന്തപുരത്തും, ആൺകുട്ടികൾക്കായി വയനാട്ടിലും ഓരോ റസിഡൻഷ്യൽ സ്ക്കൂൾ നടത്തിവരുന്നു. കുട്ടികളുടെ എല്ലാചെലവുകളും സർക്കാർ വഹിക്കുന്നു.

4. ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ്.

വർഷംതോറും ആഘോഷിക്കുന്ന ക്ഷേത്രപ്രവേശന വിളംബര സ്മാരകദിനത്തോടനുബന്ധിച്ച് എസ്.എസ്.എൽ.സി., പ്രീഡിഗ്രി, ഡിഗ്രി, മെഡിസിൻ, എഞ്ചിനിയറിംഗ് തുടങ്ങിയ വിവിധ പരീക്ഷകളിൽ ഒന്നാം ക്ലാസ്സോടെ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ബഹു: മുഖ്യമന്ത്രിയുടേതുൾപ്പടെ അഞ്ചിൽപ്പരം സ്കോളർഷിപ്പുകൾ ഈ ഇനത്തിൽ നൽകുന്നുണ്ട്.

5. സ്പോർട്ട്സ് ഹോസ്റ്റലുകൾ.

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കായികരംഗത്ത് അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം തിരുവനന്തപുരത്ത് ആൺകുട്ടികൾക്കായും പെൺകുട്ടികൾക്കായും ഓരോ സ്പോർട്ട്സ് ഹോസ്റ്റലുകൾ നടത്തുവരുന്നു. ഇവർക്ക് അവരവർക്ക് പ്രാവീണ്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം നൽകുവാനുള്ള ഏർപ്പാടുകളും നിലവിലുണ്ട്.

6. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ.

വകുപ്പിന്റെ നിയന്ത്രണത്തിൽ 41 ഐ.റ്റി.സി.കൾ പ്രവർത്തിച്ചുവരുന്നു. എൻ.സി.വി.റ്റി. അംഗീകാരമുള്ള മെക്കാനിക് റേഡിയോ, ടെലിവിഷൻ, ഇലക്ട്രോണിക് മെക്കാനിക്, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പെയിന്റിംഗ്, പ്ലംബർ, വെൽഡർ, കാർപന്റർ, കട്ടിംഗ് അൻഡ് ടെയിലറിംഗ് തുടങ്ങിയ പരിശീലന പരിപാടികൾ നടത്തിവരുന്നു. വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപൻഡും യൂണിഫോമും നൽകിവരുന്നു.

7. കമ്മ്യൂണിറ്റിഹാൾ.

പട്ടികജാതിക്കാർ ഒരുമിച്ച് തമസിക്കുന്ന സ്ഥലങ്ങളിൽ പൊതുസൗകര്യങ്ങളായ കമ്മ്യൂണിറ്റിഹാൾ, റേഡിയോ/ടെലിവിഷൻ കിയോസ്ക് എന്നിവ നിർമ്മിക്കുന്നതിന് ഈ പദ്ധതി സഹായിക്കുന്നു.

VII. ജില്ലാകളക്ടർമാർ മുഖേന നടത്തുന്ന പദ്ധികൾ.

1. പ്രത്യേക ഘടക പദ്ധതി.

സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതത്തിന്റെ 10% തുക പട്ടികജാതിക്കാരുടെ വികസനപ്രവർത്തനങ്ങൾക്കായി മാത്രം നീക്കിവച്ചിരിക്കുന്നു. വിവിധ വികസന വകുപ്പുകളിൽനിന്നും ലഭിക്കുന്ന തുകകൊണ്ട് റോഡ്, വൈദ്യുതി, കുടിവെള്ളം, മണ്ണ്സംരക്ഷണം, കൃഷി, വ്യവസായം, സഹകരണസംഘങ്ങൾ, ചെറുകിട ജലസേചനം, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭവനനിർമ്മാണം തുടങ്ങി വിവിധ വികസനപ്രവർത്തനങ്ങൾ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സങ്കേതങ്ങളിൽ നടത്തിവരുന്നു. ജില്ലാകലക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് ഇത്തരം വികസനപദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്നത്.

VIII. മേൽ വ്യക്തമാക്കിയ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുപുറമെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കായി

1. പൗരാവകാശ സംരക്ഷണനിയമം 1955.
2. പാവപ്പെട്ടവർക്ക് നിയമസഹായ പദ്ധതി.
3. അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം



000132